വാല്യം 48

കടുത്തുരുത്തി ബ്ലോക്ക്
(കോട്ടയം ജില്ല)

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

# കടുത്തുരുത്തി ഗ്രാമപഞ്ചായത്ത









# വികസനരേഖ

4-8-1

## കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്

# വികസനരേഖ

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

"എന്റെ ജീവിതമാണ് എന്റെ സന്ദേശം"



- ★ ഇൻഡ്യയുടെ ആത്മാവ്
  ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്

- ★ കൈകൾ കൊണ്ട് പണിയെടുക്കാത്ത ജനങ്ങൾ
  നാടിനെ മുന്നോട്ടു നയിക്കില്ല

- ★ പകുതി പട്ടിണി കിടക്കുന്ന രാജ്യത്ത്
  കലയുമില്ല, മതവുമില്ല, സംഘടനയുമില്ല

# പഞ്ചായത്ത് ഭരണസമിതി



ഗ്രേസ്സി ജിമ്മി
പ്രസിഡൻറ്



തോമസ് പി. ജേക്കബ്
വൈസ് പ്രസിഡൻറ്



വിജയൻ കുട്ടൻ
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ



എം. സി. ഔസേഫ്
(മെമ്പർ വാർഡ് 2)



ആൻസി കുര്യാക്കോസ്
(മെമ്പർ വാർഡ് 3)



ഹൈമാ ബാബു
(മെമ്പർ വാർഡ് 5)



ഉലഹന്നാൻ തോമസ്
(മെമ്പർ വാർഡ് 6)



തോമസ് സി. മാഞ്ഞൂരാൻ
(മെമ്പർ വാർഡ് 7)



ജോർജ്ജ്കൊല്ലപ്പള്ളി
(മെമ്പർ വാർഡ് 8 )



പി. ഡി. ബാബു
(മെമ്പർ വാർഡ് 10)



മേരി സിറിയക്ക്
(മെമ്പർ വാർഡ് 11)



കെ. സോമൻ
(മെമ്പർ വാർഡ് 12)



പി. റ്റി. വാവ
(സെക്രട്ടറി)

## എഡിറ്റോറിയൽ ബോർഡ്

ഗ്രേസി ജിമ്മി
പി. കെ. പ്രദീപ്
തോമസ് പി. ജേക്കബ്
വിജയൻ കുട്ടൻ
ആൻസി കുര്യാക്കോസ്
ഹൈമബാബു
സോമൻ
കെ. ജയകൃഷ്ണൻ
എ. ആർ റജി മോൻ
തോമസ് ജോൺ
ഒ. സി. ജോസഫ്
പി. എം. ലാലു
ഡോ. ജയദേവൻ
എൻ. എസ് ബിജി മോൾ
പി. സി. സുകുമാരൻ
പി. റ്റി. വാവ

●

കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ്
സജിദ് ഗ്രാഫിക്സ് കോട്ടയം

●

കവർ ഡിസൈൻ & ലേ ഔട്ട്
പി. എം. ലാലു

●

പ്രിൻറിംഗ്
സതേൺ പ്രിൻറിംഗ് ഹൗസ് കോട്ടയം

## വികസനരേഖ തയ്യാറാക്കിയവർ

| | |
|---|---|
| ആമുഖം | പി. കെ. പ്രദീപ് |
| സാമൂഹിക സാംസ്കാരിക ചരിത്രം | കെ. ജയകൃഷ്ണൻ |
| ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി | പി. കെ. പ്രദീപ്, കെ. ജയകൃഷ്ണൻ |
| പഠനപര്യടന റിപ്പോർട്ട് | പി. കെ. പ്രദീപ്, ഏ. ആർ റജി മോൻ |
| കൃഷി, ജലസേചനം | പി. കെ. പ്രദീപ് |
| മൃഗസംരക്ഷണം, മൽസ്യബന്ധനം | ആൻസി കുര്യാക്കോസ്, പി. കെ. പ്രദീപ് |
| വ്യവസായം | ഹൈമാ ബാബു, കെ. ജയകൃഷ്ണൻ |
| ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | പി. സി. സുകുമാരൻ |
| കുടിവെള്ളം പൊതുജനാരോഗ്യം | എ. ആർ റജി മോൻ, എൻ. എസ്. ബിജി മോൾ |
| പാർപ്പിടം, സാമൂഹ്യക്ഷേമം | തോമസ് ജോൺ |
| വിദ്യാഭ്യാസം | എം. സി. ഔസേഫ്, എ. ആർ റജിമോൻ |
| സംസ്കാരം | എ. ആർ റജിമോൻ |
| വനിതാക്ഷേമം | ഗ്രേസി ജിമ്മി |
| സഹകരണം | ഒ. സി. ജോസഫ് |
| പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | വിജയൻ കുട്ടൻ |
| ടൗൺ വികസനം | കെ. ജയകൃഷ്ണൻ, എ. ആർ റജി മോൻ |
| വിഭവ സമാഹരണം | പി. കെ. പ്രദീപ്, പി. റ്റി. വാവ |

## വികസനരേഖ തയ്യാറാക്കുവാൻ സഹായിച്ചവർ

ഡോ. ജയദേവൻ
ജി. അനിൽ കുമാർ
വി. ആർ. ശ്രീധരൻ
പി. കെ. കൊച്ച്
വി. റ്റി മുത്തു
എം. ജെ. സെബാസ്റ്റ്യൻ
കെ. കെ. ബാബുരാജ്
കെ. എസ് സോമശേഖരൻ
സി. എ. രാജൻ
വാവ
എലിസബത്ത് ജോസ്
കെ. സി. ഷീബു
കെ. എൻ രാമചന്ദ്രൻ
സുരേഷ് ബേബി

## പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതരജനപ്രതിനിധികൾ

| | | |
|---|---|---|
| ലോക്സഭാ പ്രതിനിധി | - | രമേശ് ചെന്നിത്തല എം. പി |
| നിയമസഭാ പ്രതിനിധി | - | അഡ്വ. മോൻസ് ജോസഫ് എം. എൽ. എ |
| ജില്ലാ പഞ്ചായത്ത് പ്രതിനിധി | - | സ്റ്റീഫൻ ജോർജ് |
| ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ | | 1. സണ്ണി പറമ്പിൽ |
| | | 2. മേരി കുര്യൻ |
| | | 3. കെ. പി. പ്രതാപൻ |

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

പി. കെ. പ്രദീപ്- കൺവീനർ

കെ. ജയകൃഷ്ണൻ

ഒ. ലൂക്കോസ്

ഹൈമാബാബു

ആൻസി കുര്യാക്കോസ്

എ. ആർ റജിമോൻ

തോമസ് ജോൺ

പി. സി. സുകുമാരൻ

ഒ. സി. ജോസഫ്

അഡ്വ. എൻ. എസ്. ബിജി മോൾ

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 9 - 13 |
| 2. | സാമൂഹ്യ സാംസ്കാരിക ചരിത്രം | 14 - 22 |
| 3. | പഞ്ചായത്ത് പൊതു വിവരണം | 23 |
| 3.1 | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 24 -27 |
| 4. | പഠന പര്യടന റിപ്പോർട്ട് | 28 |
| 1 | പഠന പര്യടന ഗ്രൂപ്പുകൾ | 29 -33 |
| 5. | **സാമ്പത്തിക മേഖലകൾ** | |
| 5. 1. | കൃഷിയും ജലസേചനവും | 34 -54 |
| 5-2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 55 -65 |
| 5-3 | വ്യവസായം | 66 -70 |
| 5-4 | ഊർജം, ഗതാഗതം, മാർക്കറ്റ് | 71 -86 |
| 5-5 | കുടിവെള്ളവും പൊതുജനാരോഗ്യവും | 87 - 95 |
| 5-6 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 96 -104 |
| 5-7 | വിദ്യാഭ്യാസം | 105 -113 |
| 5-8 | സാംസ്കാരികം | 114 -123 |
| 5-9 | വനിതാക്ഷേമം | 124 -126 |
| 5-10 | ടൗൺ വികസനം | 127 -130 |
| 5-11 | പട്ടകജാതി പട്ടിക വർഗ്ഗക്ഷേമം | 131 -142 |
| 5-12 | സഹകരണമേഖല | 143 -150 |
| 5-13 | വിഭവസമാഹരണം | 151 -158 |
| | ഉപസംഹാരം | |

## പഠനപര്യടനം 27.11.96 മുതൽ 29-11-96 വരെ

### ഗ്രൂപ്പ് ഒന്ന്

1. ഗ്രേസി ജിമ്മി
2. എം. സി. ഔസേഫ്
3പി. ഡി. ബാബു
4പി. കെ. പ്രദീപ്
5. കെ. ജയകൃഷ്ണൻ
6. ചെല്ലപ്പൻ പിള്ള

### ഗ്രൂപ്പ് രണ്ട്

ഹൈമബാബു
എ. ആർ റജിമോൻ ഡി. ആർ. പി.
പി. സി. സുകുമാരൻ
കെ. കെ. ബാബുരാജ്
രാമദാസ്
അഡ്വ. എൻ. എസ് ബിജിമോൻ ഡി. ആർ. പി

### ഗ്രൂപ്പ് മൂന്ന്

1. മേരി സിറിയക്
2. സോമൻ
3. തോമസ് ജോൺ ഡി. ആർ. പി
4. ജി. അനിൽകുമാർ
5. അനിൽ
6. എൻ. എ. നാരായണൻ
7. കെ. വൈ ചാക്കോ
8. രാഘവൻ

### ഗ്രൂപ്പ് നാല്

വിജയൻ കുട്ടൻ
പി. കെ. പ്രദീപ് ഡി. ആർ. പി
ആൻസി കുര്യാക്കോസ്
പി. സി. സുകുമാരൻ
എലിസബത്ത് ജോസ്

### ഗ്രൂപ്പ് അഞ്ച്

1. ജോർജ്ജ് കൊല്ലപ്പള്ളി
2. അഡ്വ. എൻ. എസ് ബിജിമോൾ ഡി. ആർ. പി
3. പി. എസ്. ദേവദാസൻ നായർ
4. ബിനോയി പാലകര
5. കെ. എസ്. സോമശേഖരൻ നായർ

# ആമുഖം

കേരളത്തിൻെറ സാമ്പത്തിക വളർച്ചയിലും സാമൂഹ്യപുരോഗതിയിലും ഗ്രാമീണജനതയുടെ ജീവിതത്തിലും ദൂരവ്യാപകങ്ങളായ ഫലങ്ങളുളവാക്കുവാൻ കഴിവുള്ളതും ഭാരതത്തിനാകെ മാതൃകയുമായി ജന പങ്കാളിത്തത്തോടുകൂടിയുള്ള വികേന്ദ്രീകൃത ആസൂത്രണത്തിനു ഇപ്പോൾ നമ്മുടെ നാട് തുടക്കം കുറിച്ചിരിക്കുകയാണ്. വികസനപവർത്തനത്തിൽ നാട്ടിലെ ജനങ്ങളുടെ അഭിപ്രായങ്ങൾ അറിഞ്ഞും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും അധികാരം ജനങ്ങളിലേയ്ക്ക് എന്ന ആശയം യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമമായിട്ടാണ്, മറ്റ് എട്ട് പഞ്ചവത്സര പദ്ധതികളിൽനിന്നും വ്യത്യസ്ഥമായി ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കി മാറ്റുവാൻ കേരളസംസ്ഥാന സർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും തീരുമാനിച്ചിട്ടുള്ളത്.

**കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്**

| | |
|---|---|
| വിസ്തീർണ്ണം | - 32.73 ച.കി.മീറ്റർ |
| ജനസംഖ്യ | - 30,720 |
| പുരുഷൻമാർ | - 15209 |
| സ്ത്രീകൾ | - 15511 |
| പട്ടികജാതി/ പട്ടികവർഗ്ഗം | - 3827 |
| സാക്ഷരത | - 585.4% |
| നിരക്ഷരർ | - 4482 |
| വാർഡുകൾ | - 12 |
| വില്ലേജ് | - കടുത്തുരുത്തി മുട്ടുചിറ |

ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തമെന്നത് ഒരു പുത്തൻ ആശയമല്ല. ഇതുവരെ പ്രസിദ്ധീകരിച്ച എല്ലാ പഞ്ചവത്സരപദ്ധതി രേഖകളിലും അത് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ നിർഭാഗ്യവശാൽ അതു പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ പൂർണ്ണമായും കേന്ദ്ര സംസ്ഥാന തലത്തിൽ തീരുമാനിച്ച് വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുകയെന്ന കീഴ്വഴക്കമാണ് ഇതിനു കാരണമായത്. ആസൂത്രണത്തിലും നടത്തിപ്പിലും ജനങ്ങളെ പങ്കെടുപ്പിക്കാതെ ഭരണതലത്തിൽ മാത്രം കൈകാര്യം ചെയ്യേണ്ട വിഷയങ്ങളായി പദ്ധതികളെ അധ!പ്പതിപ്പിച്ചു എന്നതാണ് കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളുടെയും പോരായ്മ ഒരു പഞ്ചായത്തിൽ അല്ലെങ്കിൽ വാർഡിൽ ഏതു തരം വികസനപ്രവർത്തനം ഏതേതു മേഖലകളിൽ നടക്കണമെന്ന് തീരുമാനിക്കുവാനോ അവയെക്കുറിച്ച് അഭിപ്രായം പറയുവാനോ നാട്ടിലെ ജനങ്ങൾക്ക് അവസരം നൽകിയിരുന്നില്ല. എല്ലാം വകുപ്പ് മേധാവികൾ തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നു.

വികസനകാര്യത്തിൽ ഉദ്യോഗസ്ഥർ തീരുമാനിക്കുന്നത് സ്വീകരിക്കുവാൻ ജനങ്ങൾ നിർബന്ധിതരായി. ഇതിൻെറയൊക്കെ ഫലമായി വികസനപ്രവർത്തനത്തിൽ ജനപങ്കാളിത്തമെന്ന ആശയത്തിനു ജനങ്ങളുടെ ഇടയിൽ യാതൊരു സ്വാധീനവും ചെലുത്തുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടു തന്നെ ഉൽപ്പാദനമേഖലകളിലാകെത്തന്നെ മാന്ദ്യം അനുഭവപ്പെടുകയും എന്തു ചെയ്താലും കേരളത്തെ രക്ഷിക്കാനാവില്ല എന്ന

മനോഭാവത്തിലേയ്ക്ക് ജനങ്ങൾ എത്തിച്ചേരുകയും ചെയ്തു. ഇതിൻെറയൊക്കെ ഫലമായി വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന സാമൂഹ്യപ്രക്രിയയാണെന്ന ധാരണയിൽനിന്നും വ്യതിചലിക്കുകയും വികസനമെന്ന പൊതുധാരണയിൽ ഉൽപ്പാദനപ്രക്രിയയ്ക്ക് യാതൊരു സ്ഥാനവുമില്ലാതായി. റോഡുകളും ആശുപത്രികളും സ്കൂളുകളും നിർമ്മിക്കുന്നതിൽ കൂടുതൽ താല്പര്യം കാണിക്കുകയും, ഇതിൻെറ ഫലമായി വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും ഗതാഗതത്തിൻെറ കാര്യത്തിലും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം വളരെയധികം നേട്ടങ്ങളുണ്ടാക്കി.

പക്ഷെ കാർഷികോത്പാദനത്തിൻെറ കാര്യത്തിലും വ്യാവസായിക വികസനത്തിൻെറ കാര്യത്തിലും നമ്മൾ വളരെ പിന്നോക്കം പോയി. ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ പോലും കമ്മി അനുഭവപ്പെടുന്ന സംസ്ഥാനത്ത് ഈ കമ്മി പരിഹരിക്കുന്നതിനോ, കുറയ്ക്കുന്നതിനോ ശ്രമിക്കുന്നതിനുപകരം കൂടുതൽ കൂടുതൽ സർവ്വകലാശാലകളും, മെഡിക്കൽ- എൻജിനീയറിംഗ് കോളേജുകളും, അന്താരാഷ്ട്ര വിമാനത്താവളങ്ങളും നിർമ്മിക്കുന്നതിലാണ് കൂടുതൽ വ്യഗ്രത. ഈ ധാരണയിൽ നിന്നും നമ്മുടെ ജനതയെ ഉൽപ്പാദനമേഖലയിലേയ്ക്ക് തിരിച്ചുകൊണ്ടു വരണ്ടിയിരിക്കുന്നു. അതിനുള്ള പ്രസ്ഥാനമെന്ന നിലയിൽ ജനകീയ ആസൂത്രണപ്രസ്ഥാനത്തിൽ നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങളെയും അണിനിരത്തുവാനും അതുവഴി സമസ്ത മേഖലകളിലും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിയാം.

## ബഹുജനപങ്കാളിത്തം കേരളത്തിൽ

കേരളത്തെ സംബന്ധിച്ചിടത്തോളം ബഹുജനപങ്കാളിത്തം ഉറപ്പാക്കുന്ന ഒട്ടേറെ ജനകീയ പരിപാടികൾക്ക് വാർഡ് തലം മുതൽ സംസ്ഥാനതലം വരെ നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യസമര കാലത്ത് ഗ്രാമങ്ങളിലുയർന്നുവന്ന ഗ്രന്ഥശാലാപ്രസ്ഥാനം നമ്മുടെ സാംസ്കാരിക മണ്ഡലത്തിനു മാത്രമല്ല ദേശീയ വിമോചനപ്രസ്ഥാനത്തിനും നിരവധി സംഭാവനകൾ നൽകി. അൻപതുകളുടെ അന്ത്യത്തിലെ സർക്കാർ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നിയമങ്ങൾ ആവിഷ്കരിച്ചപ്പോൾ അതു വിജയിപ്പിക്കുന്നതിനു വേണ്ടി ഗ്രാമങ്ങളിൽത്തന്നെ ഒരു ബഹുജനപ്രസ്ഥാനം ഉയർന്നുവന്നു.

എൺപതുകളുടെ അവസാനം സർക്കാർകൊണ്ടുവന്ന സാക്ഷരതാ പ്രസ്ഥാനത്തിനു മുൻപൊരിക്കലും ഉണ്ടാക്കുവാൻ കഴിയാത്ത തരത്തിലുള്ള ബഹുജനപങ്കാളിത്തം നേടിയെടുക്കുവാനൻ കഴിഞ്ഞു. ഈ പ്രസ്ഥാനത്തെ എതിർത്തവർക്കും പുച്ഛിച്ചവർക്കും പിന്നീട് തെറ്റ് തിരുത്തേണ്ടി വന്നു. സാക്ഷരതാപ്രസ്ഥാനം കേരളത്തെയാകെ തൊട്ടുണർത്തുക മാത്രമല്ല ഇൻഡ്യയുടെ മാതൃകയായി കേരളത്തെ ഉയർത്തിക്കൊണ്ടുവരികയും ചെയ്തു.

ഇവയുടെയെല്ലാം തുടർച്ചയായിട്ടാണ് ഇന്നിപ്പോൾ ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടിട്ടുള്ളത്. ഇത് ഇൻഡ്യയുടെ തന്നെ വികസനചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിനു തുടക്കം കുറിച്ചുകൊണ്ട് കേരളം ഇൻഡ്യയാകെ മാതൃകയാവുകയും നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വൻ പുരോഗതിയും ഉണ്ടാകുമെന്നത് തീർച്ചയാണ്.

## പഞ്ചായത്ത് സമിതികൾ അല്പം ചരിത്രം.

പഞ്ചായത്ത് സമിതികൾ നിലവിൽ വന്ന കാലം മുതൽ അവയുടെ വലിയ ബലഹീനത പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ഇല്ലായിരുന്നു എന്നതാണ്. പഞ്ചായത്തുകളുടെ പ്രധാനവരുമാനം തന്നെ കെട്ടിടനികുതി, വസ്തുകൈമാറ്റ നികുതി, ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ ആയിരുന്നു ഈ വരുമാനം ഭരണചെലവ് കഴിഞ്ഞാൽ വികസനപ്രവർത്തനത്തിനു നീക്കിവെയ്ക്കുവാൻ കഴിയുന്നത് വളരെ തുച്ഛമായ തുക ആയിരുന്നു. സർക്കാരിൽ നിന്നും കിട്ടുന്ന ഉപാധി- ഉപാധിരഹിത ഫണ്ടുകളെ ആശ്രയിച്ചായിരുന്നു നാടിൻെറ

വികസനം നടത്തിയിരുന്നത്. എന്നാൽ ഈ ഫണ്ടുകൾ തന്നെ വേണ്ടത്ര രീതിയിൽ പഞ്ചായത്തുകൾക്ക് ലഭ്യമായിരുന്നല്ല. ഇത് കേരളത്തിലെ പഞ്ചായത്തുകളുടെ പൊതുസ്ഥിതി ആയിരുന്നു. എന്നാൽ ബംഗാൾ പോലുള്ള ചില സംസ്ഥാനങ്ങളിൽ മുൻകാലങ്ങളിൽ തന്നെ പദ്ധതി വിഹിതത്തിൻെറ നിശ്ചിത ശതമാനം തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിരുന്നു എങ്കിലും കേരളത്തിൽ ഇത്തരത്തിലുള്ള ഒരാശയം തന്നെ അടുത്തകാലത്താണ് ഉയർന്നുവന്നത്.

> **പഞ്ചായത്തുകളെ സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ ഉയിർത്തണമെങ്കിൽ പദ്ധതി വിഹിതത്തിൻെറയും വരുമാനത്തിൻെറയും ഒരു നിശ്ചിത ശതമാനം തുക ജനസംഖ്യാ ആനുപാതികമായി പഞ്ചായത്തുകൾക്ക് നൽകുവാൻ നിയമനിർമ്മാണം തന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ രീതിയിൽ നോക്കുമ്പോൾ എന്തെല്ലാം കുറവുകളുണ്ടെങ്കിലും 73,74 ഭരണഘടനാ ഭേദഗതികൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളുണ്ടാകുവാൻ കഴിയും എന്നത് തീർച്ചയാണ്.**

പഞ്ചായത്തുകളെ സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ ഉയിർത്തണമെങ്കിൽ പദ്ധതി വിഹിതത്തിൻെറയും വരുമാനത്തിൻെറയും ഒരു നിശ്ചിത ശതമാനം തുക ജനസംഖ്യാ ആനുപാതികമായി പഞ്ചായത്തുകൾക്ക് നൽകുവാൻ നിയമനിർമ്മാണം തന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ രീതിയിൽ നോക്കുമ്പോൾ എന്തെല്ലാം കുറവുകളുണ്ടെങ്കിലും 73,74 ഭരണഘടനാ ഭേദഗതികൾ കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളുണ്ടാ കുവാൻ കഴിയും എന്നത് തീർച്ചയാണ്. ജനാധിപത്യ വ്യവസ്ഥയെതന്നെ അട്ടിമറിച്ചുകൊണ്ട് തെരെഞ്ഞെടുപ്പുകൾ യഥാസമയം നടത്താതിരിക്കുകയും ഒന്നരപതിറ്റാണ്ടുകാലം പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടത്താതിരിക്കുകയും, ഒന്നരപതിറ്റാണ്ടുകാലം പഞ്ചായത്ത് തെരെഞ്ഞെടുപ്പുതന്നെ നീട്ടികൊണ്ടുപോവുകയും ചെയ്തിട്ടുള്ള കേരളത്തിലെ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തെരെഞ്ഞെടുപ്പുകൾ യഥാസമയം നടത്തുവാനുള്ള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥ അങ്ങേയറ്റ് ആഹ്ലാദകരമാണ്. മറ്റൊന്ന് 73-ാം ഭരണഘടനാ ഭേദഗതി ഗ്രാമസഭകളുടെ രൂപീകരണത്തെക്കുറിച്ച് പ്രതിപാധിക്കുകയും 241-ാം വകുപ്പ് ഗ്രാമസഭയെന്നത് ഒരു ഗ്രാമത്തിലെ മുഴുവൻ വോട്ടറന്മാരും ഉൾക്കൊള്ളുന്ന സഭയായി നിർവ്വചിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് ഗ്രാമസഭകൾ യഥാസമയം വിളിച്ചുചേർത്തു വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയെന്നത് നമുക്കൊരു പുത്തൻ അനുഭവമാണ്.

## ജനകീയ ആസൂത്രണം കടുത്തുരുത്തി പഞ്ചായത്തിൽ

1996 സെപ്തംബർ രണ്ടാം വാരത്തോടു കൂടി നമ്മുടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിൻെറ ഭാഗമായി പ്രവർത്തകർക്കുള്ള പരിശീലനം, ഗ്രാമസഭകൾ, സെക്കൻണ്ടറി ഡേറ്റാ കളക്ഷൻ, ഉദ്യോഗസ്ഥ സംഗമം, പ്രചരണപരിപാടികൾ, പരിശീലകരുടെയും പഞ്ചായത്ത് അംഗങ്ങളുടെയും സംയുക്തയോഗങ്ങൾ, സ്വാഗതസംഘരൂപീകരണം, ക്രോഡീകരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടന്നു.

## ജില്ലാതലപരിശീലനക്യാമ്പ്

1996 സെപ്തംബർ 17,18 തീയ്യതികളിൽ ജില്ലാതല പരിശീലകർക്കുവേണ്ടിയുള്ള ഒന്നാം ഘട്ട പരിശീലനക്യാമ്പ് പാലായിൽ വച്ച് നടന്നു. ഈ ക്യാമ്പിൽ കടുത്തുരുത്തി പഞ്ചായത്തിൽനിന്നും ശ്രീ. ഒ. ലൂക്കോസ്Ex. MLA ശ്രീ പി. കെ. പ്രദീപ് ശ്രീ. കെ. ജയകൃഷ്ണൻ, ശ്രീ. ഒ. സി. ജോസഫ്, ശ്രീ. എ.

ആർ റജിമോൻ, ശ്രീ. തോമസ് ജോൺ, അഡ്വ. എൻ. എസ് ബിജിമോൾ എന്നിവ പങ്കെടുക്കുകയുണ്ടായി. സെപ്തംബർ 19, 20 തീയ്യതികളിൽ വനിതകൾക്കായി തെള്ളകത്തുവെച്ച് നടന്ന ഒന്നാംഘട്ട പരിശീലനപരിപാടിയിൽ ശ്രീമതി ഹൈമാ ബാബു, കുമാരി ആൻസി കുര്യാക്കോസ് എന്നീ പഞ്ചായത്ത് മെമ്പറന്മാരും പങ്കെടുക്കുകയുണ്ടായി. ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട കടുത്തുരുത്തി പഞ്ചായത്തിലെ പ്രവർത്തനത്തിന്റെ തുടക്കവും ഇതായിരുന്നു. ജില്ലാതല പരിശീലകർക്കുള്ള രണ്ടാംഘട്ട പരിശീലനം നവംബർ 1,2,3 തീയ്യതികളിൽ കടുത്തുരുത്തിയൽ വെച്ച് നടന്നു. ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ പരിശീലകരും രണ്ടാം ഘട്ട ക്യാമ്പിൽ പങ്കെടുത്തു. ജില്ലാ റിസോഴ്സസ് പേഴ്സൺമാർക്കുള്ള മൂന്നാംഘട്ട പരിശീലനം ഡിസംബർ 13, 14 തീയ്യതികളിൽ കടുത്തുരുത്തിയിൽ വച്ച് നടന്നു. ഈ പരിശീലന പരിപാടിയിൽ ഒന്നും രണ്ടും ഘട്ട പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ റിസോഴ്സ് പേഴ്സൺമാരും അവരെക്കൂടാതെ കടുത്തുരുത്തി പഞ്ചായത്തിലെ വിവിധ ആഫീസുകളിൽ നിന്നും പ്രത്യേകം ക്ഷണിക്കപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിൽ ജില്ലാതല റിസോഴ്സ് പേഴ്സൺമാർ ആത്മാർത്ഥമായി ശ്രമിച്ചു.

## പഞ്ചായത്ത് തല ശില്പശാല

ജില്ലാതല പരിശീലനത്തിനുശേഷം സെപ്തംബർ 24 ന് പഞ്ചായത്ത് തല ഏകദിന ശില്പശാല നടക്കുകയുണ്ടായി. ജനകീയ ആസൂത്രണ പരിപാടി വാർഡുതലത്തിൽ വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തകർക്ക് പരിശീലനം നൽകുവാൻ വേണ്ടിയായിരുന്നു ഏകദിനശില്പശാല സംഘടിപ്പിച്ചത്. ഒന്നാം ഘട്ട ശില്പശാലയിൽ കടുത്തുരുത്തി പഞ്ചായത്തിലെ 12 വാർഡുകളിൽ നിന്നുമായി അറുപത് പ്രവർത്തകർക്ക് പരിശീലനം നല്കുവാൻ തീരുമാനമിച്ചിരുന്നുവെങ്കിലും ഒന്നാം ഘട്ട ശില്പശാലയിൽ 136 പേർ പങ്കെടുത്തു. ശില്പശാലയിൽ പങ്കെടുത്തവരിൽ 6 പേർ ബിരുദാനന്തര ബിരുദധാരികളും 27 പേർ ബിരുദധാരികളും 28 പേർ പ്രീഡിഗ്രി പാസ്സായവരും 11 പേർ സാങ്കേതിക വിദ്യാഭ്യാസ യോഗ്യയുള്ളവരു 53 പേർ എസ്. എസ്. എൽ. സി പാസ്സാ യവരും 10-ാം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസ മുള്ള 10 പേരും പങ്കെടുത്തു. ഒന്നാം ഘട്ട ശില്പശാലയിൽ 15 വനിതകളും പങ്കെടുത്തു. പ്രവർത്തകർക്ക് ശ്രീ. ഒ. ലൂക്കോസ്, ശ്രീ. പി. കെ. പ്രദീപ്, ശ്രീ. കെ. ജയകൃഷ്ണൻ, ശ്രീ. എ. ആർ റജിമോൻ, ശ്രീ. ഒ. സി. ജോസഫ്, ശ്രീ. തോമസ് ജോൺ എന്നിവർ ക്ലാസ്സ് എടുത്തു.

രണ്ടാംഘട്ട ശില്പശാല നവംബർ 13, 14 തീയ്യതികളിൽ കടുത്തുരുത്തി പഞ്ചായത്ത്, കമ്മ്യൂണിറ്റി ഹാളിൽവെച്ച് നടന്നു. ഇതിൽ 60 പേർ മാത്രമേ പങ്കെടുത്തുള്ളൂ. ഒന്നാം ദിവസം സംസ്ഥാന കീ റിസോഴ്സ് പേഴ്സൺ ശ്രീ. കെ. പി. ഗോപിനാഥ് പരിശീലകർക്ക് ക്ലാസ്സ് എടുത്തു. രണ്ടാം ദിവസം വീഡിയോ പ്രദർസനവും, വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കോർഗ്രൂപ്പ് രൂപീകരണവും നടന്നു.

## സംയുക്തയോഗം

ഒന്നാംഘട്ട ജില്ലാ പരിശീലനത്തിനുശേഷം കടുത്തുരുത്തി പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനു വേണ്ടി സെപ്തംബർ 20 ന് പഞ്ചായത്ത് മെമ്പറന്മാരുടെയും ജില്ലാറിസോഴ്സ് പേഴ്സൺമാരുടെയും സംയുക്തയോഗം പഞ്ചായത്തിൽ ചേർന്നു. ഈ യോഗം രൂപം നൽകിയ രീതിയിലുള്ള പ്രവർത്തനമാണ് പിന്നീട് നടത്തിയത്. പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ കൺവീനറായി ശ്രീ. പി. കെ. പ്രദീപിനെ തെരഞ്ഞെടുത്തു.

## വിശേഷാൽ ഗ്രാമസഭ

കടുത്തുരുത്തി പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകൾ 1996 സെപ്തംബർ 29 മുതൽ ഒക്ടോബർ 21 വരെയുള്ള ദിവസങ്ങളിലായി നടന്നു. ഗ്രാമസഭകളിലെ ജനപങ്കാളിത്തം വളരെ ശ്രദ്ധേയമായിരുന്നു. എല്ലാ ഗ്രാമസഭകളിലേയും സ്ത്രീകളുടെ പങ്കാളിത്തം വളരെ നന്നായിരുന്നു. വനിതാക്ഷേമം ഉൾപ്പെടെ മിക്കാവാറും എല്ലാ വിഷയഗ്രൂപ്പുകളിലേയും ചർച്ചകളിൽ സ്ത്രീകൾ സജീവമായി പങ്കെടുത്തു. ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കെടുത്ത ഗ്രാമസഭ

കുലശേഖരപുരം വാർഡ് അഞ്ചിലെ ഗ്രാമസഭയായിരുന്നു. പഞ്ചായത്തിൽ ഏറ്റവുമധികം ആളുകൾ പങ്കെടുത്ത ഗ്രാമസഭയും കുലശേഖരപുരം വാർഡ് അഞ്ച് ആയിരുന്നു ആകെ 604 പേർ പങ്കെടുത്തു.

ഗ്രാമസഭകളുടെ വിജയത്തിനായി എല്ലാ വാർഡുകളിലും സ്വാഗതസംഘം രൂപീകരിക്കുകയും പോസ്റ്റർ പ്രചരണവുംക്ഷണക്കത്തുമായുള്ള സ്ക്വാഡു പ്രവർത്തനവും വാഹനത്തിനുള്ള അനൗൺസ്മെൻറ് എന്നിവയും നടത്തി. ഇതിൻെറ യൊക്കെ ഫലമായി ഗ്രാമസഭകളിൽ 200 മുതൽ 604 വരെ ആളുകളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. ചില വാർഡുകളിൽ കലാജാഥ വിളംബരജാഥ എന്നിവയും നടന്നു.

## സെക്കൻററി ഡേറ്റാ കളക്ഷൻ

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ദ്വിതീയ വിവരശേഖരണം DRP മാരുടെയും LRPമാരുടെയും നേതൃത്വത്തിൽ നടക്കുകയുണ്ടായി. ഡേറ്റകൾ നൽകുന്ന കാര്യത്തൽ പഞ്ചായത്തിലെ വിവിധ ഓഫീസുകളിലെ ജീവനക്കാർ ആത്മാർത്ഥമായി സഹകരിച്ചു.

## ഉദ്യോഗസ്ഥ സംഗമം

ജനകീയ ആസൂത്രണപരിപാടി വിജയിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും, ഈ പരിപാടിയിൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി 7.11.96 ലും 19.11.96 ലും കടുത്തുരുത്തി പഞ്ചായത്തിലെ വിവിധ ഓഫീസുകളിലെ ജീവനക്കാരുടെയും പഞ്ചായത്ത് മെമ്പറന്മാരുടെയും DRP മാരുടെയും സംയുക്ത യോഗം ചേരുകയുണ്ടായി. ജീവനക്കാരുടെ പ്രതിനിധികളായി 7.11.96ൽ 34 പേരും 19.11.96ൽ 40 പേരും പങ്കെടുത്തു.

## ക്രോഡീകരണം

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ മുന്നോടിയായി ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനു വേണ്ടി 9.11.96ൽ പഞ്ചായത്ത് മെമ്പറന്മാരുടെയുംDRP, LRP എന്നിവരുടെയും യോഗം ചേരുകയും ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയും ചെയ്തു.

## പഠനപര്യടനം

ജനകീയ ആസൂത്രണത്തിൻെറ ഭാഗമായി കടുത്തുരുത്തി പഞ്ചായത്തിലെ ഭൂപ്രകൃതി, ജനപ്രകൃതി, ജൈവവൈവിധ്യം, ജലപ്രകൃതി, സസ്യാവരണം, മൺതരം പരിസ്ഥിതി പ്രശ്നം എന്നിവയെക്കുറിച്ച് പഠിക്കുന്നതായി DRp മാരുടെയും പഞ്ചായത്ത് മെമ്പറന്മാരുടെയും നേതൃത്വത്തിൽ LRP മാരെയും പങ്കെടുപ്പിച്ചുകൊണ്ട് അഞ്ച് ഗ്രൂപ്പുകളായി 27.11.96 മുതൽ 29 . 11. 96 വരെ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ നിന്നായി നെടു കെയും കുറുകെയും പഠന പര്യടനം നടത്തി. ഈ പരിപാടിയിൽ കടുത്തുരുത്തിയിലെ കൃഷി ആഫീസറും പങ്കെടുത്തു.

## ജനാധികാര കലാജാഥ

ജനകീയ ആസുത്രണത്തിൻെറ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ജില്ലാതലത്തിൽ സംഘടിപ്പിച്ച കലാജാഥ കടുത്തൂരുത്തിയിലെത്തിയെങ്കി പ്രതികുല കാലാവസ്ഥകാരണം കലാപരിപാടി നടത്തുവാൻകഴിഞ്ഞില്ല.

## സ്വാഗത സംഘം

വികസിത സെമിനാർ വിജയിപ്പിക്കുന്നതിനുവേണ്ടി വിപുലമായ സ്വാഗതസംഘം 19. 12.96ൽ കടുത്തൂരുത്തി പഞ്ചായത്ത് കമ്മ്യുണിറ്റിഹാളിൽ വച്ച് ചേരുകയുണ്ടായി നൂറ്റൊന്നഗസ്വാഗത സംഘത്തിൻെറ രക്ഷാധികാരികളായി ശ്രീ മോൻസ് ജോസഫ്MLA യും ശ്രീമതി ഗ്രേസി ജിമ്മി എന്നിവരെയും ചെയർമാനായി ശ്രീ തോമസ്. സി. മാഞ്ഞൂരാനെയും കൺവീനറായി ശ്രീ PK പ്രദിപിനെയും ട്രഷറായി പഞ്ചായത്ത് സെക്രട്ടറി ശ്രീ P.T വാവയെയും തെരഞ്ഞെടുത്തു. വികസ സെമിനാരിൻെറ വിജയത്തിനായി ഫിനാൻസ്, ഫുഡ്, പബ്ളിസിറ്റി എന്നീ കമ്മറ്റികളും തെരഞ്ഞെടുത്തു. കുടാതെ എഡിറ്റോറിയൽ ബോർഡും രൂപീകരിച്ചു.

അധികാരം ജനങ്ങളിലേയ്ക്ക് എന്ന ആശയം പ്രാവർത്തികമാക്കുവാൻ നമുക്ക് ഒത്തു ചേരാം.

**പി.കെ. പ്രദീപ്**
**കൺവീനർ,**
**ജനകീയ ആസൂത്രണസമിതി,**
**കടുത്തുരുത്തി**

# സാമൂഹ്യ സാംസ്കാരിക ചരിത്രം





കോട്ടയം ജില്ലയിൽ വൈക്കം താലുക്കിൻെറ കിഴക്കുഭാഗത്താണ് കടുത്തൂരുത്തി ഗ്രാമ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ചരിത്രപ്രസിദ്ധവും ഒട്ടനവധിഐതിഹ്യങ്ങളിൽ സ്ഥാനം നേടിയിട്ടുള്ളതും ചിരപുരാതനവുമായ പ്രദേശമാണ് കടുത്തൂരുത്തി.

പതിറ്റാണ്ടുകൾക്ക് മുമ്പ് കടന്തേരി എന്നറിയപ്പെട്ടിരുന്ന ഒരു പ്രമുഖ വ്യാപാരകേന്ദ്രമായിരുന്നു കടുത്തൂരുത്തി. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, നെല്ല്, നാളികേരം തുങ്ങിയ കാർഷികോൽപ്പന്നങ്ങളും, പരമ്പരാഗത വ്യാവസായിക ഉൽപ്പങ്ങളായ കൊട്ട, വട്ടി, മുറം, പനമ്പ്, പായ് തുടങ്ങിയവയും മറ്റ് പച്ചക്കറി പലവ്യഞ്ജനങ്ങളും വൻതോതിൽ കച്ചവടം ചെയ്യപ്പട്ടിരുന്ന വിപണനകേന്ദ്രമായിരുന്നു ഇത്. വ്യാപരത്തിന് പ്രധാനമായും ആശ്രയിച്ചിരുന്നത് ജലഗതാഗതത്തെ ആയിരുന്നു. വലിയ പത്തേമാരികൾക്ക് വന്നടുക്കുന്നതിനുള്ള സൗകര്യ മുണ്ടായിരുന്നതിനാൽ ജലമാർഗ്ഗത്തിലുടെ ഇവിടുത്തെ ഉൽപ്പങ്ങൾ മറ്റു പുറം നാടുകളിലേയ്ക്ക് കയറ്റിഅയക്കപ്പടുകയും പുറത്തുനിന്നുള്ള ധാരാളം സാധനസാമഗ്രികൾ ഇവിടേയ്ക്ക് കൊണ്ടുവരികപ്പെടുകയും ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ ആലപ്പുഴയെക്കാപ്പം പ്രധാന്യമുണ്ടായിരുന്ന വാണിജ്യ കേന്ദമായിരുന്നു കടുത്തൂരുത്തി.

ഉണ്ണി നീലി സന്ദേശത്തിലെ പ്രധാന കഥാപാത്രമായ ഉണ്ണി നീലി ജിവിച്ചിരുന്ന "വീരമാണിക്യത്ത്" തറവാട് കടുത്തുരുത്തി തളികയിൽ മഹാദേവർ ക്ഷേത്രത്തിന് തൊട്ടു കിഴക്കു ഭാഗത്താണ്. പതിനാലാം നൂറ്റാണ്ടിലെ ഉത്തരാർദ്ധത്തിൽ കേരളത്തിലെഴുതപ്പെട്ട സന്ദേശകാവ്യങ്ങളിൽപ്രമുഖമായ ഉണ്ണുനീലി സന്ദേശം കേരളചരിത്രത്തിലും മലയാളസാഹിത്യചരിത്രത്തിലും മഹത്തായ സ്ഥാനം കടുത്തുരുത്തിയ്ക്ക് നേടിതന്നിട്ടിണ്ട്. കൃത്യമായി പറഞ്ഞാൽAD 1350 നും 1365നും ഇടയ്ക്കാണ് ഈ സന്ദേശകാവ്യത്തിൻെറ രചനാകാലം. കടുത്തുരിത്തിയിൽ കഴിയുന്ന നായികയ്ക്ക് അവളെപ്പിരിഞ്ഞ് തിരുവനന്തപുരത്ത് എത്തിച്ചേരാനിടയായ നായകൻ അവിടെനിന്നും ഒരു സന്ദേശം കൊടുത്തയയ്ക്കുന്നതാണ് ഈ സന്ദേശകാവ്യത്തിൻെറ വിഷയം. ഇരവി ഇരവിവർമ്മയുടെ അനുജനായ വേണാട്ടിലെ യുവരാജാവ് ആദിത്യവർമ്മ സർവ്വാംഗനാഥനാണ് ഈ കാവ്യത്തിൻെറ സന്ദേശവാഹകൻ കവിയും, പണ്ഡിതനും, സംഗിതഞ്ജനും, യുദ്ധകലകളിൽ അധിനിപുണനും ആയിരുന്ന ആധിത്യവർമ്മ ( 1376- 1383) സർവ്വ വിദ്യാ വിചക്ഷണൻ എന്ന നിലയ്ക്കാണ് "സർവ്വാംഗനാഥൻ" എന്നറിയപ്പെട്ടിരുനത്. തിരുവന്തപുരത്തുനിനും കടുത്തുരുത്തി വരെയുള്ള ദേശങ്ങളുടെ ഒരു രാഷ്ട്രീയ ഭൂമിശാസ്ത്രവും ചരിത്രങ്ങളും ഈ കൃതിയിൽനിന്നും ലഭിക്കുന്നു. അക്കാലത്തെ വേണാട്, തെക്കുംകുർ, വടക്കുംകുർ തുടങ്ങിയ രാജ്യയങ്ങളുടെ ചരിത്രം പ്രതിഫലിപ്പിക്കുന്നകൃതിയെന്നനിലയിൽ ഉണ്ണിനീലി സന്ദേശത്തിന് ചരിത്രഗവേഷണരംഗത്ത് അദ്വിതീയമാ. സ്ഥാനമുണ്ട്.

വടക്കുംകുർ രാജ്യത്തിൻെറ ആദ്യകാലഘട്ടങ്ങളിലെ ആസ്ഥാനമായിന്നു കടുത്തു

രുത്തി. പിന്നിട് വൈയ്ക്കത്തേയ്ക്ക് ആസ്ഥാനം മാറുന്ന 15-ാം നുററാണ്ടിൻെറ അവസാനഘട്ടം വരെ തലസ്താന നഗരിയായിരുന്ന കടുത്തുരുത്തിയിൽ രാജക്കൻമാരുടെ വകകൊട്ടാരം ഇന്നത്തെ പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു. ചെറിയ നാട്ടുരാജ്യമായിരുന്നുവെങ്കിലും സമ്പത്തും സൈനികബലവുംവേണ്ടുവോളം ഉണ്ടായിരുന്ന വടക്കുംകുർ സ്വതന്ത്രമായ ഒരു നാട്ടുരാജ്യമായിരുന്നു. രാജ്യത്തിൻെറ സൈനികതാവളങ്ങൾ ഇന്നത്തെ മാന്നാർ പ്രദേശത്തായിരുന്നു. ഇപ്പോഴത്തെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൻെറ പരിസരത്തുള്ള കോട്ടയിലാണ് സൈനികർ അധിവസിച്ചിരുന്നത്. കോട്ടയുടെ പ്രധാന പ്രവേശനകവാടമായിരുന്നു കോട്ടമുറി. പണ്ടത്തെ വെമ്പലിനാട് AD1100-കാലത്ത് രണ്ടായി വിഭജിക്കപ്പെട്ടതിൽ വടക്കേഭാഗമാണ് വടക്കുംകൂർ. തെക്കുഭാഗമായിരുന്ന തെക്കുംകുർ വടക്കുംകൂറുമായി ശത്രുതയിലായിരുന്നു. മീനച്ചിൽ താലുക്കിൻെറ ഒരു ഭാഗവും ഏറ്റുമാനുർ- വൈയ്ക്കം പ്രദേശങ്ങളും വടക്കുംകുറിൽഉൾപ്പട്ടിരുന്നു. AD 1600ൽ ഇന്നത്തെ മൂവാറ്റുപുഴ താലൂക്കും തൊടുപുഴ താലൂക്കും ചേർന്ന് കൂഴ്മലനാട്(കാരിക്കോട് ആസ്ഥാനം)വടക്കും കൂറിൽ ലയിച്ചു. വടക്കുംകൂറിൻെറ പ്രതാപകാലത്ത് പടിഞ്ഞാറ് വേമ്പനാട്ടുകായൽ മുതൽ കിഴക്കു പാണ്ഡ്യരാജ്യത്തിൻെറ പടിഞ്ഞാറെ അതിർത്തി വരെ വ്യാപിച്ചിരുന്നു. തെക്കേ അതിർത്തി തെക്കുംകുറും വടക്കേ അതിർത്തി കോതമംഗലവും ആയിരുന്നു. ഏറെക്കാലം പെരുമ്പടപ്പു സ്വരുപത്തിൻെറ സാമാന്ത രാജ്യമായിരുന്നു. നല്ല കുരുമുളക് സമൃദ്ധിയായി വിളഞ്ഞിരുന്നതിനാൽ "കുരുമുളകുനാട്" എന്നാണ് പോർട്ടിഗിസുകാർ വടക്കുംകൂറിന് പേരിട്ടിരുന്നത്. വെച്ചൂർകേന്ദ്രമായി ഡച്ച് പാണ്ടികശാല ഉണ്ടായിരുന്നു. ഡച്ചുകാർ ഈ നാട്ടിൽ നിന്നും വാങ്ങിക്കൊണ്ടു പോയിരുന്ന കാർഷിക ഉല്പന്നങ്ങൾ യൂറോപ്പിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുമുമ്പായി ശേഖരിച്ചിരുന്നത് ഇവിടെയായിരുന്നു. വടക്കുംകൂർ രാജാവ് തിരുവതാംകൂറിനെതിരായി കായംകുളത്തെ സഹായിക്കുകയാൽ മാർത്താണ്ഡവർമ്മ തെക്കുംകൂർ പിടിച്ചതിനു പിന്നാലെ വടക്കുംകൂറും കീഴടക്കി. 1750-ലായിരുന്നു വടക്കുംകൂർ തിരുവിതാംകൂറിൻെറ ഭാഗമായത്. തുടർന്ന് വടക്കുംകൂർ രാജാവ് സാമൂതിരിയുടെ രാജ്യത്ത് അഭയംതേടുകയും പിന്നീട് മാർത്താണ്ഡവർമ്മ തിരിച്ചുവിളിപ്പിക്കുകയും ചെയ്തു. പോർട്ടുഗീസുകാർക്ക് ശേഷം, ഇവിടെ കച്ചവടമുറപ്പിച്ച ഡച്ചുകാർ 1741-ലെ കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മയോട് പരാജയപ്പെട്ടതിനെ തുടർന്ന് വ്യാപാരമേഖലയിൽ നിന്നും പിൻവാങ്ങുകയാണ് ഉണ്ടായത്.

*വടക്കുംകുർ രാജ്യത്തിൻെറ ആദ്യകാലഘട്ടങ്ങളിലെ ആസ്ഥാനമായിന്നു കടുത്തുരുത്തി.*

✦ ✦ ✦

*ചെറിയ നാട്ടുരാജ്യമായിരുന്നുവെങ്കിലും സമ്പത്തും സൈനികബലവുംവേണ്ടുവോളം ഉണ്ടായിരുന്നവടക്കുംകുർ സ്വതന്ത്രമായ ഒരു നാട്ടുരാജ്യമായിരുന്നു.*

അനേകം കെട്ടുപിണഞ്ഞ കഥകളും ഐതിഹ്യങ്ങളും പഞ്ചായത്തിലെ പല സ്ഥലങ്ങളെക്കുറിച്ചുമുണ്ട്. ഹൈന്ദവ-ക്രൈസ്തവ-മുസ്ളീം മതവിഭാഗങ്ങളും അവരുടെ ആരാധനാലയങ്ങളും പഞ്ചായത്തിലാകെയുണ്ട്. പരസ്പരം സൗഹൃദവും സഹവർത്തിത്തവും വച്ചുപുലർത്തുന്ന വിവിധ മതവിശ്വാസികൾ തമ്മിലുള്ള ദൃഢമായ ഐക്യവും, സ്നേഹാദരങ്ങളും മതസൗഹാർദ്ദത്തിൻെറ മഹത്തായ പാരമ്പര്യം നമുക്ക് നേടിതന്നു. കടുത്തുരുത്തിക്ക് ഇപ്പോഴത്തെ പേര് ലഭിച്ചതിനുപിന്നിൽ പ്രധാനമായും രണ്ട് വ്യാഖ്യാനങ്ങളാണ് നിലവിലുള്ളത്. ഒന്നാമത്തേത് ഇപ്രകാരമാണ്. പണ്ട് നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടിരുന്ന സ്ഥലമായിരുന്നു. പണ്ട് ഇതെന്നും, പിന്നീട് കടൽമാറി കരയായിതിനാൽ കടൽതുരുത്ത് എന്നറിയപ്പെ ട്ടുവെന്നും ആ പേര് കാലാന്തരത്തിൽ ലോപിച്ചാണ് കടുത്തുരുത്തിആയതെന്നുമാണ്.

മറ്റൊന്ന് ഹൈന്ദവ ദേവാലയങ്ങളിൽ

പ്രമുഖ സ്ഥാനമുള്ള കടുത്തുരുത്തി തളിയിൽ മഹാദേവർ ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് ഖരമഹർഷി പ്രതിഷ്ഠ നടത്തിയ ദേവനാണ് ഈ ക്ഷേത്രത്തിലെ ആരാധനാമൂർത്തിയെന്ന് വിശ്വസിക്കപ്പെടുന്നു. മൂന്നു ശിവലിംഗങ്ങൾ ഒരേ സമയത്ത് ഒരെണ്ണം ഇടതുകൈയ്യിലും, രണ്ടാമത്തേതു വലതുകൈയ്യിലും മൂന്നാമത്തേത് കഴുത്തിന്റെ ഇടുക്കിലുമായി പ്രതിഷ്ഠിച്ചെന്നും അതിൽ വലതു കൈയ്യാൽ

*നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടിരുന്ന സ്ഥലമായിരുന്നു. പണ്ട് ഇതെന്നും, പിന്നീട് കടൽമാറി കരയായി തിനാൽ കടൽതുരുത്ത് എന്നറിയപ്പെ ട്ടുവ ന്നും ആ പേര്കാലാന്ത രത്തിൽ ലോപിച്ചാണ് കടുത്തുരുത്തി ആയതെന്നുമാണ്.*

നടത്തിയ പ്രതിഷ്ഠ വൈക്കത്തപ്പനും, ഇടതുകൈയ്യാലുള്ളത് ഏററുമാനൂരപ്പനും, കഴുത്തിനാൽ കടിച്ചിരുത്തിയത് തളിയിൽ ഭഗവാനും ആണെന്നാണ് ഐതിഹ്യം. അതുകൊണ്ട് ഖരമഹർഷി ശിവലിംഗം കടിച്ചിരുത്തിയ സ്ഥലമാണ് പിന്നീട് കടുത്തുരുത്തിയായതെന്നാണ് ഭാഷ്യം.

ക്രൈസ്തവ ദേവാലയങ്ങളിൽ പ്രധാനപ്പെട്ടവയിലൊന്ന് കടുത്തുരുത്തി വലിയ പള്ളിയാണ്. പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് പൗരസ്ത്യ മെത്രാന്മാരുടെ കാലത്ത് നിർമ്മിയ്ക്കപ്പെട്ട കേരളത്തിലെ ചുരുക്കം ചില ദൈവാലയങ്ങളിലൊന്നാണ് കടുത്തുരുത്തി വലിയ പള്ളി. AD 345 ൽ ക്നാനായ സമുദായം മലങ്കരയിൽ കുടിയേറിയത് കൊടുങ്ങല്ലൂരായിരുന്നു. വാണിജ്യ തല്പരരായതിനാൽ ക്നാനായ കുടുംബങ്ങളിലധികവും അന്നത്തെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്ന കടുത്തുരുത്തിയിൽ ഒത്തുകൂടി. വടക്കുംകൂർ രാജവംശത്തോടു കൂറു പുലർത്തുന്നവരും രാജ്യസേവനത്തിൽ തല്പരരുമായിരുന്ന അവർക്ക് ഒരു ആരാധനാലയം പണിയുന്നതിന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ രാജാവിൽനിന്ന് കരമൊഴിവായി കിട്ടിയ സ്ഥലത്ത് കടുത്തുരുത്തി വലിയപള്ളി സ്ഥാപിച്ചു. ക്നാനായ സമുദായക്കാരുടെ കേരളത്തിലെ മാതൃദേവാലയമാണ് കടുത്തുരുത്തി വലിയപള്ളി.

കടുത്തുരുത്തിയിലെ ആദ്യത്തെ ദേവാലയത്തിന് "ചതുരപ്പള്ളി" എന്നാണ് പറഞ്ഞിരുന്നത്. ഈ പള്ളി കാലപ്പഴക്കത്താൽ ജീർണ്ണിച്ചതിനെത്തുടർന്ന് രണ്ടാമതൊരു ദേവാലയം വെട്ടുകല്ലുകൊണ്ട് പണികഴിക്കുകയായിരുന്നു.. ഈ ദേവാലയത്തിനോടനുബന്ധിച്ചുള്ള കബറിടങ്ങളിലെ ശിലകളിൽ കാണുന്ന വട്ടെഴുത്തുകൾ പരിശോധിച്ചാൽ ഇതിന്റെ കാലപ്പഴയ്ക്കം അനുമാനിയ്ക്കാം.

ഇപ്പോഴത്തെ പള്ളി മൂന്നാമത്തെ പള്ളിയാണെന്ന് പറയപ്പെടുന്നു. ഈ പള്ളി 1456-ൽ സ്ഥാപിച്ചതായി വിശ്വസിയ്ക്കപ്പെടുന്നു. 1590-ൽ പുതുക്കിപ്പണിതു. പോർച്ചുഗീസ് മാതൃകയിൽ കനത്തഭിത്തികളും ഈജിപ്ഷ്യൻ, റോമൻ, ഗ്രീക്ക്, പേർഷ്യൻ, പോർച്ചുഗീസ് ശില്പ മാതൃകയിലുള്ള കലാരൂപങ്ങളും ഈ ദേവാലയത്തിന്റെ സവിശേഷതയാണ്. കല്ലിൽ തീർത്ത ചിത്രപ്പണികൾ ചെയ്ത മാമ്മോദീസാതൊട്ടി, ഭിത്തിയിലും കബറിടങ്ങളിലും കാണുന്ന ലിഖിതങ്ങൾ തുടങ്ങി നിരവധി ചിത്ര സ്മാരകങ്ങൾ ഈ പള്ളിയിലുണ്ട്. പോർട്ടുഗീസിൽനിന്ന് ലഭിച്ച പഞ്ചലോഹ നിർമ്മിതമായ പള്ളി മണിയ്ക്ക് നാലു നൂറ്റാണ്ടിലേറെ കാലപ്പഴക്കമുണ്ട്. AD 1597 ൽ സുറിയാനി ക്രിസ്ത്യാനികളെ തന്റെ അധീനതയിലാക്കാൻ പോർച്ചുഗീസുകാരനായ ''മെനേസിസ്'' മെത്രാപ്പോലീത്താ വലിയപള്ളിയിൽവെച്ച് വിശുദ്ധവാരതിരുക്കർമ്മങ്ങൾ നടത്തി. 1653 ലെ കൂനൻകുരിശു സത്യത്തിനുശേഷം ഗാർസ്യാ മെത്രാപ്പോലിത്തായ്ക്ക് വിധേയത്വം പ്രഖ്യാപിച്ച ക്നാനായ സമുദായത്തിന്റെ നിലപാടിനെ

ശ്ലാഘിച്ചുകൊണ്ട് 7-ാം അലക്സാണ്ടർ മാർപ്പാപ്പാ അയച്ച തിരുവെഴുത്ത് വിളംബരം ചെയ്ത് കുടത്തുരുത്തി വലിയ പള്ളിയിൽ വെച്ചാണ് വിഖ്യാതനായ അർണ്ണോസു പാതിരിയും, മറ്റ് നിരവധി വിദേശ പുരോഹിതരും ഈ പള്ളി സന്ദർശിച്ചിട്ടുണ്ട്.

പഴയ നിയമ പ്രവാചകനായ യൗനാൻ ദീർഘദർശിയുടെ സ്മരണയെ ഉണർത്തുന്ന മൂന്നു നോമ്പു തിരുനാൾ ആചരിക്കുന്നത് കടുത്തുരുത്തിയിലും, കുറവിലങ്ങാട്ടും മാത്രമേയുള്ളൂ.

അതിപുരാതനകാലം മുതൽ മൂന്നു നോമ്പിൻെറ രണ്ടാം ദിവസമായ ചൊവ്വാഴ്ച വൈകുന്നേരം കരിങ്കൽ കുരിശിൻ ചുവട്ടിൽ വച്ച് പരമ്പരാഗതമായി നടത്തിവരുന്ന ഒരു പ്രാർത്ഥനയാണ് പുറത്തു നമസ്കാരം. കടുത്തുരുത്തി വലിയ പള്ളിയിൽ മാത്രമുള്ള ഒരു പ്രത്യേക ചടങ്ങാണിത്.

കടുത്തുരുത്തി വലിയ പള്ളിയുടെ കിഴക്കേ അങ്കണത്തിൽ സ്ഥാപിച്ചിരിക്കുന്ന ഒറ്റക്കല്ലിൽ തീർത്തതും, 50 അടി ഉയരമുള്ളതുമായ കരിങ്കൽ കുരിശ് ഭാരതത്തിലെ ഏറ്റവും വലിയ കരിങ്കൽ കുരിശാണത്രേ. 10 അടി നീളവും വീതിയുമുള്ള ഉയരവുമുള്ള പീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിനു തന്നെ 40 അടി ഉയരവുമുണ്ട്. 1596-ൽ മെനേസീസ് മെത്രാപ്പോലീത്താ കുരിശിൻെറ കൂദാശ കർമ്മം നിർവ്വഹിച്ചു. വിവിധ ചരിത്ര സംഭവങ്ങളുടെ ചിത്രരൂപങ്ങൾ കുരിശിൻെറ പീഠത്തിൽ കൊത്തിവെച്ചിട്ടുണ്ട്. പ്രധാന നേർച്ച കുരിശിൻെറ ചുറ്റു വിളക്കു തെളിക്കലാണ്. എല്ലാ വെള്ളിയാഴ്ചകളിലും വിശിഷ്യാ മാസാദ്യവെള്ളിയാഴ്ചകളിൽ നാനാജാതി മതസ്ഥർ കുരിശിനെ വണങ്ങുകയും ചുറ്റുവിളക്ക് കത്തിയ്ക്കുകയും ചെയ്തു വരുന്നു.

മറ്റൊരു പ്രധാന ക്രൈസ്തവ ദേവാലയമാണ് മുട്ടുചിറയിലുള്ള ഫെറോനാ പള്ളി. ഇപ്പോൾ ആരാധന നടത്തുന്ന പള്ളിയ്ക്ക് ഏതാണ്ട് 1500 വർഷം പഴക്കമുള്ളതാണ്. എന്നാൽ ഇതിനും വളരെ നാളുകൾക്കുമുമ്പ് സ്ഥാപിച്ചിരുന്ന ചെറിയ പള്ളിയിലാണ് ആദ്യം ആരാധന നടത്തിയിരുന്നത്. കാലപ്പഴക്കത്താൽ ഇടിഞ്ഞുപോയ ഏതാണ്ട് 400 വർഷം പഴക്കമുള്ള ഈ ചെറിയപള്ളി പിന്നീട് പുതുക്കിപ്പണിയുകയുണ്ടായി. ഇടിഞ്ഞുപോയ പള്ളിയിലുണ്ടായിരുന്ന പോർച്ചുഗീസ് മോഡലിലുള്ള ഒരു പേർഷ്യൻ കുരിശിൻെറ ഒരു ഭാഗം ഇപ്പോഴത്തെ വലിയ പള്ളിയ്ക്കകത്ത് സ്ഥാപിച്ചിട്ടുണ്ട്. ഈ പള്ളിയോട് അനുബന്ധിച്ച് ആകർഷകമായ ഒരു 7 നില മണി മാളികയും സ്ഥിതി ചെയ്യുന്നുണ്ട്.

മറ്റൊരു പ്രധാന ക്രൈസ്തവ ദേവാലയമാണ് കടുത്തുരുത്തി താഴത്തുപള്ളി. പുരാതനമായ ഈ ദേവാലയം വളരെയേറെ ഭക്ജനങ്ങൾ ആരാധന നടത്തുന്നതാണ്. മധുരവേലിയിലുള്ള ക്രൈസ്തവദേവാലയം മുൻപ് ലത്തീൻ സമുദായക്കാരുടെ ആരാധനാലയം ആയിരുന്നു.

*ക്രൈസ്തവ ദേവാലയങ്ങളിൽ പ്രധാനപ്പെട്ടവയിലൊന്ന് കടുത്തുരുത്തി വലിയ പള്ളിയാണ്. പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് പൗരസ്ത്യ മെത്രാന്മാരുടെ കാലത്ത് നിർമ്മിയ്ക്കപ്പെട്ട കേരളത്തിലെ ചുരുക്കം ചില ദൈവാലയങ്ങളിലൊന്നാണ് കടുത്തുരുത്തി വലിയ പള്ളി.*

പഞ്ചായത്തിലെ ഒരേയൊരു മുസ്ലീം ദേവാലയം മാന്നാറിലുള്ള മുഹ്യുദ്ദീൻ ശൈഖ് ജുമാംഅത്ത് മസ്ജിദാണ്. ഉദ്ദേശം 110 വർഷം മുൻപ് സ്ഥാപിതമായ ഈ പള്ളി 50 വർഷങ്ങൾക്കു മുൻപ് പുതുക്കിപ്പണിതതാണ്. ഇക്കഴിഞ്ഞ വർഷവും പഴയപള്ളിയുടെ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. പഞ്ചായത്തിൽ മുസ്ലീം ജനവിഭാഗങ്ങൾ താമസിക്കുന്ന ഏക പ്രദേശം ഈ ദേവാലയത്തിൻെറ പരിസരങ്ങളാണ്.

ഹൈന്ദവ ദേവാലയങ്ങളിൽ ഏറ്റവും പ്രമുഖം കടുത്തുരുത്തി തളിയിൽ മഹാദേവർ ക്ഷേത്രമാണ് വളരെ പുരാതനവും ചരിത്ര പ്രസിദ്ധവുമായ മഹാക്ഷേത്രങ്ങളിലൊന്നാണ് ഈ ക്ഷേത്രം. ഖരമഹർഷി പ്രതിഷ്ഠിച്ചതെന്ന്

വിശ്വസിക്കുന്ന ഈ ക്ഷേത്രത്തിലെ വിഗ്രഹം പാർവ്വതി സമേതനായ പരമശിവനാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രം തീപിടിച്ചതിനെ തുടർന്ന് പുതുക്കിപ്പണിയുകയുണ്ടായിട്ടുണ്ട്. തീപിടിച്ച് നാശനഷ്ടങ്ങൾ ഉണ്ടാവുന്നതിന് മുൻപ് വളരെ സമ്പന്നവും പ്രതാപൈശ്വര്യങ്ങൾ നിറഞ്ഞതുമായിരുന്നു ഈക്ഷേത്രം. സ്വർണ്ണക്കൊടിമരവും, നാലമ്പലത്തിനു പുറമെ ചുറ്റുവിളക്കും, ആനക്കൊട്ടിലും എല്ലാം അന്നുണ്ടായിരുന്നു

***ഹൈന്ദവ ദേവാലയങ്ങളിൽ ഏറ്റവും പ്രമുഖം കടുത്തുരുത്തി തളിയിൽമഹാദേവർ ക്ഷേത്രമാണ് വളരെ പുരാതനവും ചരിത്ര പ്രസിദ്ധവുമായ മഹാക്ഷേത്രങ്ങളിലൊന്നാണ് ഈ ക്ഷേത്രം. ഖരമഹർഷി പ്രതിഷ്ഠിച്ചതെന്ന് വിശ്വസിക്കുന്ന ഈ ക്ഷേത്രത്തിലെ വിഗ്രഹം പാർവ്വതി സമേതനായ പരമശിവനാണ്.***

വെന്ന് പറയപ്പെടുന്നു. ക്ഷേത്രത്തിനു തീപിടിച്ച അവസരത്തിൽ അന്നത്തെ മേൽശാന്തി വിഗ്രഹത്തെ കെട്ടിപ്പുണർന്ന് തീജ്വാലയിൽ വെന്തു മരിച്ചു. അന്ന് വെന്തുമരിച്ച പരമഭക്തനായ ബ്രാഹ്മണനെ ക്ഷേത്രത്തിന് കിഴക്കേഭാഗത്ത് തിരുമുറ്റത്തിന് പുറത്തായി ബ്രഹ്മരക്ഷസ്സായി പ്രതിഷ്ഠിച്ചിട്ടുണ്ട്. പിന്നീട് തിരുവിതാംകൂർ ഭരിച്ച ശ്രീമൂലം തിരുനാളിൻെറ ഭരണകാലത്താണ് ഇന്നുള്ള ക്ഷേത്രം പുനരുദ്ധരിക്കപ്പെട്ടത്. തീപിടിച്ച അവസരത്തിൽ ക്ഷേത്രം വക എണ്ണമറ്റ സ്വത്തുക്കൾ നഷ്ടപ്പെടുകയുണ്ടായി. അപൂർവ്വങ്ങളായ പല ശേഖരങ്ങളും ചരിത്രത്തിൻെറ കണ്ണുതുറപ്പിക്കുന്ന പല താളിയോലഗ്രന്ഥങ്ങളും ഇതിലുൾപ്പെടുന്നു. 15-ാം ശതകത്തിൽ വടക്കംകൂർ രാജാക്കന്മാരുടെ അധീനതയിലായിരുന്ന ഈ ക്ഷേത്രം കേരളത്തിലെ ശിവക്ഷേത്രങ്ങളിൽ വച്ച്ഒട്ടേറെ പ്രത്യേകതകളും പ്രാധാന്യങ്ങളും ഈ ക്ഷേത്രത്തിനുണ്ട്. ഈ ക്ഷേത്രത്തിൻെറ ശ്രീകോവിലിനുചുറ്റും, തിടപ്പള്ളിയിലും കല്ലിലും തടിയിലുമായി ധാരാളം കൊത്തുപണികളുണ്ട്. പുരാവാസ്തു ശില്പകലയുടെ ഉദാത്തമായ മാതൃകകളാണ് ഈ ക്ഷേത്രത്തിലെ കൊത്തുപണികൾ. ക്ഷേത്രത്തിൻെറ മണ്ഡപത്തിന് ഉൾവശം മുകൾത്തട്ടിലായും അനേകം ഐതീഹ്യങ്ങൾ കൊത്തിവച്ചിരിയ്ക്കുന്നു.

ഈ ക്ഷേത്രത്തിലും വൈയ്ക്കം, ഏറ്റുമാനൂർ ക്ഷേത്രങ്ങളിലും ഒരേ ദിവസം ദർശനം നടത്തിയാൽ ദീർഘായുസ്സ് ഉണ്ടാകും എന്നാണ് വിശ്വാസം. വടക്കുംകൂറിലെ ഒരു വൃദ്ധരാജാവിന് പ്രായാധിക്യം മൂലം ഇങ്ങനെ ഒരേ ദിവസം ഈ മൂന്നുക്ഷേത്രങ്ങളിലും ദർശനം നടത്താൻ കഴിയാതെ വന്നപ്പോൾ കടുത്തുരുത്തി ക്ഷേത്രത്തിനോടനുബന്ധിച്ച് തന്നെ മതിലിനുള്ളിൽ തളക്കല്ലിന് പുറത്ത് ഇരുവശങ്ങളിലുമായി വൈക്കത്തപ്പനേയും ഏറ്റുമാനൂരപ്പനേയും പ്രതിഷ്ഠിച്ച് ദർശനം നടത്തിയെന്നാണ് ചരിത്രം. ഏതായാലും വൈക്കത്തപ്പനും, ഏറ്റുമാനൂരപ്പനും ഇവിടെ ഉപദൈവങ്ങളായുണ്ട്.

ക്ഷേത്രത്തിൻെറ തെക്കു പടിഞ്ഞാറ് കോണിൽ (കന്നിമൂലയിൽ) നാലമ്പലത്തിനുള്ളിലായി ഒരു ഗണപതി പ്രതിഷ്ഠയുണ്ട്. കേരളത്തിലെ ഏറ്റവും വലിയ ഗണപതി പ്രതിഷ്ഠയാണിത്. വളരെ ശക്തിയുള്ള ഗണപതിയാണ് ഈ ക്ഷേത്രത്തിലുള്ളതെന്നാണ് വിശ്വാസികൾ കരുതുന്നത്. ഉദ്ദിഷ്ഠകാര്യ സാദ്ധ്യത്തിനായി ഗണപതിയ്ക്ക് പ്രിയപ്പെട്ട മുഴുക്കാപ്പും, അപ്പവും വഴിപാടായി ഭക്തജനങ്ങൾ അർപ്പിയ്ക്കുന്നുണ്ട്.

ധാരാളം ഭക്തജനങ്ങൾ പ്രത്യേകിച്ച് മണ്ഡലകാലത്ത് അനേകം പേർക്ഷേത്രത്തിൽ തീർത്ഥാടനത്തിനെത്താറുണ്ട്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന ക്ഷേത്രമാണ് ആദിത്യപുരം സൂര്യദേവക്ഷേത്രം. ഇന്ത്യയിലെ രണ്ടു സൂര്യക്ഷേത്രങ്ങളിലൊന്നാണിത്. ഒറീസ്സയിലെ കൊണാർക്ക് സൂര്യക്ഷേത്രമാണ് മറ്റൊന്ന്. വേദേതിഹാസകാലം മുതൽ സൂര്യാരാധന ഭാരതത്തിൽ നിലനിന്നിരുന്നുവെങ്കിലും സൂര്യദേവൻ മുഖ്യപ്രതിഷ്ഠയായുള്ള ക്ഷേത്രങ്ങൾ ഭാരതത്തിൽ അപൂർവ്വമാണ്. വൈവിധ്യമാർന്നതും ആകർഷകവുമായ കൊത്തുപണികളാൽ സമൃദ്ധവും പ്രസിദ്ധവുമാണ്

കൊണാർക്ക് സൂര്യക്ഷേത്രമെങ്കിലും, സാധാരണ ക്ഷേത്രങ്ങൾ നിത്യപൂജ നടക്കുന്ന ഒരു സൂര്യക്ഷേത്രം ആദിത്യപുരം ക്ഷേത്രം മാത്രമാണ്.

അദ്ധ്വാനശീലരായ കർഷകർ സംതൃപ്തിയോടൊപ്പം സമാധാനത്തോടെയും ജീവിയ്ക്കുന്ന ഗ്രാമാന്തരീക്ഷമാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രത്തിൻെറ പഴക്കത്തെപ്പറ്റി ആധികാരികമായ രേഖകളൊന്നുമില്ലെങ്കിലും ത്രേതായുഗത്തിലെ ക്ഷേത്ര നിർമ്മാണക്കണക്കുകൾക്കനുസൃതമാണ് ഇതിൻെറ നിർമ്മിതി എന്ന് പറയപ്പെടുന്നു. കപിക്കാട് ഉള്ള മരങ്ങാട്ടുമന എന്ന ബ്രാഹ്മണ കുടുംബമാണ് ഈ ക്ഷേത്രത്തിൻെറ ഉടമസ്ഥന്മാർ. ആ കുടുംബത്തിൻെറ പഴയ തലമുറയിലെ ഭക്തനായ ഒരു ബ്രാഹ്മണൻ സൂര്യനെ തപസ്സുചെയ്ത് പ്രസാദിപ്പിച്ച് വരമായി വാങ്ങിയ ബിംബമാണ് ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളതെന്നാണ് ഐതിഹ്യം. എണ്ണ അഭിഷേകം കഴിഞ്ഞാൽ വെറു ജലാഭിഷേകം കൊണ്ടു മാത്രം വിഗ്രഹത്തിലെ എണ്ണമയം ഇല്ലാതാകുന്ന പ്രത്യേക തരത്തിലുള്ള ശിലകൊണ്ടാണ് ബിംബം നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

തപസ്സ് അനുഷ്ഠിയ്ക്കുന്ന രൂപത്തിൽ പടിഞ്ഞാറോട്ട് ദർശനമായിട്ടാണ് ആദിത്യപ്രതിഷ്ഠ. രക്തചന്ദനമാണ് ഇവിടെ പ്രസാദമായി വിതരണം ചെയ്യുന്നത്. ഞായറാഴ്ച ദിവസം ആരാധന നടത്തുന്നതാണ് ഇവിടെ കൂടുതൽ പ്രധാനം. വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ഭക്തജനങ്ങളുടെ നിലയ്ക്കാത്ത പ്രവാഹം ക്ഷേത്രത്തിലേയ്ക്ക് ഉണ്ടാവാറുണ്ട്. ഈ ക്ഷേത്രത്തിനോടനുബന്ധിച്ച് ദുർഗ്ഗാഭഗവതിയുടെ ഒരു ക്ഷേത്രം കൂടിയുണ്ട്.

മാന്നാർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം, ആയാംകുടി മഹാദേവർ ക്ഷേത്രം തുടങ്ങിയ ഹൈന്ദവ ദേവാലയങ്ങളും പ്രസിദ്ധങ്ങളാണ്. ഈ ക്ഷേത്രത്തെക്കുറിച്ചു പല കഥകളും ഐതിഹ്യങ്ങളും പറയപ്പെടുന്നുണ്ട്.

വാണിജ്യ പ്രധാനമായിരുന്ന കടുത്തുരുത്തി തിരുവിതാംകൂറിൻെറ ഭാഗമായതോടെ പിന്നെ വടക്കുംകൂർ ഇല്ലാതായി. രാജ്യത്തിൻെറ ആസ്ഥാനമായിരുന്ന കടുത്തുരുത്തിയിലെ രാജകൊട്ടാരങ്ങളും അവടോയനുബന്ധിച്ച സകല സ്വത്തുക്കളും നാശോന്മുഖമായി. തുടർന്ന് കച്ചവടരംഗത്ത് അധഃപതനമുണ്ടായതിനാൽ ജനങ്ങൾ കൃഷിയിലേക്ക് തിരിഞ്ഞു. കൃഷി സ്ഥലങ്ങൾ തേടി ഉൾനാടുകളിലേയ്ക്ക് ജനങ്ങൾ കൂട്ടമായി കുടിയേറി.

സാമൂഹ്യരംഗത്ത് ജനങ്ങളുടെ ജീവിതശൈലിയ്ക്ക് കാര്യമായ മാറ്റങ്ങൾ എല്ലാ മേഖലകളിലും ഉണ്ടായിട്ടുണ്ട്. ഇതിൽ സുപ്രധാനം കാർഷിക മേഖലകളിലെ മാറ്റങ്ങളാണ്. കാർഷിക പരിഷ്കരണത്തിൻെറ ഭാഗമായി ജന്മികളുടെ കൈവശമിരുന്ന വിസ്തൃതമായ കൃഷിഭൂമി കർഷകരിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയുണ്ടായി. നെല്ല് മരച്ചീനി, ഇഞ്ചി, കുരുമുളക്, മഞ്ഞൾ തുടങ്ങിയവയായിരുന്നു 1950 കളിലെ പ്രധാന കാർഷിക വിളകൾ. പൗരാണിക കാലം മുതലേ കുരുമുളകു കൃഷി കടുത്തുരുത്തിയിൽ വ്യാപകമായിരുന്നു. നല്ലയിനം കുരുമുളക് ഇവിടെ സമൃദ്ധിയായി വിളഞ്ഞിരുന്നതിനാൽ കുരുമുളക് ഉല്പാദനരംഗത്ത് നമുക്ക് മേൽക്കൈയുണ്ടായിരുന്നു. ഇവിടെ നിന്നും നമ്മുടെ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, നെല്ല്, നാളികേരം തുടങ്ങിയവ കയറ്റുമതി ചെയ്യപ്പെട്ടിരുന്നു. പിന്നീട് 1960 കളിൽ റബ്ബർകൃഷി കടന്നു വന്നു. 1970 കാലത്ത് പഞ്ചായത്തിൽ റബ്ബർകൃഷി വിപുലമായി തുടങ്ങി 1980 കാലഘട്ടത്തിൽ പഞ്ചായത്തിലാകെ റബ്ബർ കൃഷി വ്യാപകമാവുകയും ഇപ്പോൾ മുഖ്യവിളയുടെ സ്ഥാനത്തേയ്ക്ക് റബ്ബർ ഉയരുകയും ചെയ്തിരിക്കുന്നു. പഞ്ചായത്തിലാകെ വിവിധ പാടശേഖരങ്ങളിൽ കൂലിയ്ക്കും തൊഴിൽസ്ഥിരതയ്ക്കും വേണ്ടി കർഷകതൊഴിലാളികളുടെ നേതൃത്വത്തിൽ വമ്പിച്ച സമരങ്ങൾ നടന്നിട്ടുണ്ട്.

മൃഗപരിപാലനരംഗത്ത് വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. പാലിൻെറ ഉല്പാദനം ഗണ്യമായി വർദ്ധിച്ചു. ഇപ്പോഴത്തെ പോലീസ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു ആദ്യത്തെ കാളച്ചന്ത. കമ്മ്യൂണിറ്റി ഹാളിന് കിഴക്കുവശത്തുണ്ടായിരുന്ന കന്നുകാലിപൗണ്ട് ഇന്ന് നിലവിലില്ല.

വിദ്യാഭ്യാസമേഖലയിൽ ഇക്കാലയള

വിൽ നമ്മുടെ പഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോഴത്തെ കടുത്തുരുത്തി ഗവ. H.Sഉം വാഴ്ത്തപ്പെട്ട സിസ്റ്റർ അൽഫോസാമ്മ വിദ്യാഭ്യാസം നടത്തിയിട്ടുള്ള മുട്ടുചിറ ഗവ.UPS ഉം വിദ്യാഭ്യാസം നടത്തിയിട്ടുണ്ട്.

വളരെ വർഷങ്ങൾക്കുമുമ്പു തന്നെ സിനിമാശാല കടുത്തുരുത്തിയിൽ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് നിലവിലില്ല.

ഗതാഗതരംഗത്ത് വലിയ നേട്ടങ്ങളായിട്ടുണ്ട്. റോഡുഗതാഗതവും, പിന്നീട് റെയിൽ ഗതാഗതവും കൂടുതൽ പുരോഗമിച്ചെങ്കിലും പണ്ടു വ്യാപകമായിരുന്ന ജലഗതാഗതം ഇപ്പോൾ നാമമാത്രമാണ്. വാണിജ്യ കേന്ദ്രമായിരുന്ന കടുത്തുരുത്തിയിൽ പണ്ടു ജലമാർഗ്ഗേണ പത്തേമാരികൾ വന്നിരുന്നു. 1937 കാലഘട്ടത്തിൽ ചുള്ളിതോട്ടിലൂടെ പത്തടിപാലം വരെ മുൻപു സൂചിപ്പിച്ച പത്തേമാരികൾ വന്നു പോയിരുന്നു. ജലഗതാഗതരംഗത്ത് പണ്ടുണ്ടായിരുന്ന മേൽക്കൈ ഇപ്പോൾ കടുത്തുരുത്തിക്കില്ല. ഗതാഗതയോഗ്യമായ ഒട്ടേറെ റോഡുകൾ നിർമ്മിക്കുവാൻ കഴിഞ്ഞെങ്കിലും റയിൽ ഗതാഗതരംഗത്ത് സമീപകാലത്ത് കടുത്ത അവഗണന നേരിടുകയാണ്. കടുത്തുരുത്തി റെയിൽവേസ്റ്റേഷനെ മറ്റുമേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ വികസനം മുരടിച്ചു നിൽക്കുന്നു.

രോഗശാന്തിക്കായി ആയുർവേദ ചികിത്സയെ ആശ്രയിച്ചിരുന്ന ജനങ്ങൾക്കിന്ന് മെച്ചപ്പെട്ട ചികിത്സാ സമ്പ്രദായങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്.

മാന്നാറിൽ സ്ഥാപിതമായ 1233-ാം നമ്പർ സർവ്വീസ് സഹകരണ സംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. ഇന്ന് പഞ്ചായത്തിലെ സഹകരണമേഖല ശക്തവും വ്യാപകവുമാണ്.1952-ൽ ആദ്യത്തെ ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്തു. ചെത്തുതൊഴിലാളികളെ സംഘടിപ്പിച്ച് രൂപീകരിക്കപ്പെട്ട ഈ യൂണിയൻ പ്രവർത്തനമാരംഭിച്ചത് 1957-ൽ ആണ് പിന്നീട് റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ യൂണിയൻ 1960-ൽ നിലവിൽ വന്നു. ഇപ്പോൾ സമൂഹത്തിലെ നാനാമേഖലയിലും ഉള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നിയന്ത്രണത്തിലുള്ള നിരവധി തൊഴിലാളി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന നിവർത്തന പ്രക്ഷോഭങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടന്നിട്ടുള്ളതാണ്. 1936-കളിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തനം പഞ്ചായത്തിലാരംഭിച്ചു. പിന്നീട് നിരവധിയായ പ്രക്ഷോഭണങ്ങളിലും തിരുവനന്തപുരത്തു നടന്ന ഉത്തരവാദ പ്രക്ഷോഭണത്തിലും പ്രവർത്തകർ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ സജീവ പ്രവർത്തകർ അക്കാലത്ത് പഞ്ചായത്തിലാകെയുണ്ടായിരുന്നു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, ശ്രീ നാരായണ ഗുരു സ്വാമി, അയ്യൻകാളി, ഇ. എം. എസ്, എ. കെ. ജി തുടങ്ങിയ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ ഉജ്വല പ്രതിഭകൾ കടുത്തുരുത്തി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിവിധ കാലഘട്ടങ്ങളിലായി വന്നു പോയിട്ടുണ്ട്.

സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ പുരോഗതി കടുത്തുരുത്തിയ്ക്കുണ്ടായിട്ടുണ്ട്. കടുത്തുരുത്തി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നും പ്രമുഖരായ പല സാംസ്കാരിക പ്രതിഭകളേയും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ സാംസ്കാരിക അവബോധം മെച്ചപ്പെടുത്തുവാൻ വിവിധ മതവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിൽ കൂടിയും സാമൂഹ്യനവോത്ഥാനരംഗങ്ങളിലെ പ്രവർത്തനങ്ങളിൽകൂടിയും നമുക്ക് സാധിച്ചിട്ടുണ്ട്. വ്യത്യസ്ത മതവിഭാഗങ്ങളുടെ ഉത്സവങ്ങളും തിരുനാളുകളും അവയോടനുബന്ധിച്ച ആഘോഷങ്ങളും നമ്മുടെ സാംസ്കാരിക പുരോഗതിക്ക് ഹേതുവായിട്ടുണ്ട്. കലാരംഗത്തും സാഹിത്യരംഗത്തും കടുത്തുരുത്തിക്ക് സംഭാവനകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

സാംസ്കാരിക രംഗത്തെ പുരോഗതിക്ക് പഞ്ചായത്തിലാകെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വായനശാലകൾ

മികച്ച സഹായങ്ങളായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് നേടിയ നേട്ടങ്ങളും ജനങ്ങളുടെ സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തി. കഥകളി ഓട്ടൻ തുള്ളൽ, ഗരുഡൻതൂക്കം, മുടിയേറ്റ്, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, തുടങ്ങിയ കലാരംഗങ്ങളിൽ ക്ഷേത്രവുമായി ബന്ധപ്പെട്ടും മാർഗ്ഗംകളി, ചവിട്ടുനാടകം തുടങ്ങിയ കലാരൂപങ്ങൾ ക്രിസ്തീയ ദേവാലയങ്ങളുമായി ബന്ധപ്പെട്ടും അരങ്ങേറിയിരുന്നു. കടുത്തുരുത്തിയുടെ സാംസ്കാരിക വളർച്ചയ്ക്ക് നിർണ്ണായകമായ പങ്കു വഹിച്ച മറ്റൊരു സ്ഥാപനമാണ് കടുത്തുരുത്തി സി. വി. എൻ കളരി.

വടക്കൻ ചിട്ടയിലുള്ള അറപ്പുകൈ സമ്പ്രദായത്തിലുള്ള കളരിപ്പയറ്റാണ് ഇവിടെ അഭ്യസിപ്പിക്കുന്നത്. ശാരീരിക വ്യായാമത്തിനും സ്വയരക്ഷയ്ക്കും വേണ്ടിയാണ് കളരിപ്പയറ്റ് അഭ്യസിക്കുന്നത്. കേരളത്തിൻെറ അഭിമാനമായ കളരിപ്പയറ്റ് ഒരു യുദ്ധ കലകൂടിയാണ്. കളരിപ്പയറ്റിനെകൂടാതെ യോഗാസനം, മർമ്മചികിത്സ തുടങ്ങിയവയിലും ഇവിടെ അദ്ധ്യയനം നടക്കുന്നുണ്ട്.

1958-ൽ സ്ഥാപിതമായ കടുത്തുരുത്തി സി. വി. എൻ കളരിയിൽനിന്നും കളരിപ്പയറ്റ്, യോഗസനം, മർമ്മചികിത്സ, എന്നിവ അഭ്യസിച്ചിട്ടുള്ള 65 വിദ്യാർത്ഥികൾ ഉപജിവനമാർഗ്ഗത്തിനായി ഇന്ത്യയ്ക്ക് അകത്തും പുറത്തും ഈ തൊഴിലുകൾ ചെയ്തു വരുന്നുണ്ട്. 1961-ൽ പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് തുടങ്ങിയ കളരിയിൽBBC1982 q ``Way of the warrior എന്ന ഡോക്കുമെൻററിയിൽ ലോക വ്യാപകമായി നൽകിയ സംപ്രേഷണം അന്താരാഷ്ട്ര പ്രശസ്തിയുണ്ടാക്കി. 1986 ജനുവരി 5-ാം തീയതി 'ഹിലാരി കണ്ട ഇന്ത്യ' എന്ന ഡോക്യുമെൻററിയ്ക്കുവേണ്ടി സി. വി. എൻ കളരിയെക്കുറിച്ച് പഠിക്കുവാൻ എവറസ്റ്റ് കീഴടക്കിയ സർ. ഡസ്മണ്ട് ഹിലാരി കടുത്തുരുത്തിയിലെത്തി. ആസ്ട്രേലിയൻ റ്റി. വി. യുടെ 7-ാം ചാനലിലും, ജപ്പാൻ റ്റി. വി. യായ ''ടോംകോ' എന്ന ടെലിവിഷൻ ശൃംഖലയിലും ഇത് ലോകവ്യാപകമായി സംപ്രേഷണം ചെയ്യുകയുണ്ടായി.World Martial Arts Organisationൽ കളരിയ്ക്ക് അഫിലിയേഷനും, ആ സംഘടനയുടെ വൈ: പ്രസി:സ്ഥാനം കടുത്തുരുത്തി കളരിയുടെ ഗുരുക്കൾ ശ്രീ. ഇ. പി. വാസുഗുരുക്കൾക്ക് നൽകുകയും ഉണ്ടായി.

മഹാകവി അക്കിത്തം ചെയർമാനായുള്ള തപസ്യഎന്ന സാംസ്കാരികസംഘടന സാംസ്കാരിക രംഗത്ത് മികച്ച സംഭാവന നൽകിയവർക്കായി നൽകുന്ന തപസ്യ അവാർഡും പൊന്നാടയും കടുത്തുരുത്തി സി. വി. എൻ കളരി ഗുരുക്കൾക്ക് ലഭിച്ചിട്ടുണ്ട്. കളരിപ്പയറ്റ് ഗുരുനാഥൻമാരുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വി. ജെ. റ്റി ഹാളിൽ നടന്ന ചടങ്ങിൽ മഹാചാര്യ സർട്ടിഫിക്കറ്റ്, പൊന്നാട എന്നിവ നൽകി ശ്രീ. ഇ. പി. വാസു ഗുരുക്കളെ ആദരിയ്ക്കുകയുണ്ടായി. കരാട്ടേ, കുങ്ഫു തുടങ്ങിയ ആധുനിക ആയോധനമുറകളുടെ അതിപ്രസരങ്ങൾക്കിടയിലും കളരിപ്പയറ്റിൻെറ തനിമ പൂർണ്ണമായും നിലനിർത്തുവാൻ കടുത്തുരുത്തി സി. വി. എൻ. കളരിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ഇന്നത്തെ കടുത്തുരുത്തി പഞ്ചായത്തിൽ കടുത്തുരുത്തി വില്ലേജ് അടിസ്ഥാനത്തിലാണ് ആദ്യം പഞ്ചായത്തുതല പ്രവർത്തനങ്ങൾ നടന്നിരുന്നത്. 1952-ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതിന് ശേഷം 1953 ലാണ് ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നത്. അക്കാലത്ത് ആകെ 7 വാർഡുകളാണുണ്ടായിരുന്നത്. ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ശ്രീ. റ്റി. ആർ . രാമൻപിള്ള തെക്കേടത്ത്, പി.റ്റി. കുര്യൻ പുതുക്കരി, കുര്യൻ പട്ടേരിൽ, കുഞ്ഞാഗസ്തി നീരാളക്കോട്ടിൽ, അലക്സാണ്ടർ മുരിയ്ക്കൻ ചാണ്ടി തുരുത്തേൽ, എന്നിവരും പ്രസിഡണ്ട് ശ്രീ. എൻ. സി. ജോസഫ് നീരാക്കലും വൈ:പ്രസിഡണ്ട് ശ്രീ. പോത്തൻ ചാക്കോ മണലേലുമായിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെംബർ 1963-ൽ തെരെഞ്ഞെടുക്കപ്പെട്ട ശ്രീമതി അന്നമ്മ ജയിംസ് പന്നിവേലിൽ ആയിരുന്നു. പഞ്ചായത്ത് ആദ്യം പ്രവർത്തിച്ചിരുന്നത്. നന്നാകുഴി ബിൽഡിംഗിലെ വാടകക്കെട്ടിടത്തിലായിരുന്നു. ഒരു ജീവനക്കാരൻ മാത്രമായിരുന്നു അന്ന് പഞ്ചായത്തിലുണ്ടായിരുന്നത്. അന്നത്തെ പ്രധാനവരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതിയിൽനിന്നും മാർക്കറ്റിൽ നിന്നുമുള്ള വരുമാനമായിരുന്നു. പിന്നീട് സർക്കാർ പതിച്ചു നൽകിയ 91 സെൻറ്

പുറമ്പോക്കു ഭൂമിയിൽ കെട്ടിടം പണിത് പഞ്ചായത്താഫീസ് പ്രവർത്തനം തുടർന്നു. കാർഷിക ജലസേചനരംഗത്ത് മുൻകൈ പ്രവർത്തനങ്ങൾ നടത്തുകയും പാടശേഖരങ്ങളിലെ കൈത്തോടുകൾ, ചാണകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിരുന്നു. റോഡുകളുടെ പണി അന്ന് പഞ്ചായത്ത് നേതൃത്വത്തിലായിരുന്നു.

1963 ലെ തെരഞ്ഞെടുപ്പിൽ ശ്രീ. സി. ഒ. ജേക്കബ് മുരിക്കൻ തെരെഞ്ഞെടുക്കപ്പെട്ടുവെങ്കിലും അവിശ്വാസപ്രമേയത്തെ തുടർന്ന് 1965 ൽ എൻ. സി. ജോസഫ് നീരാക്കലിനെ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കുകയുണ്ടായി.

പഞ്ചായത്തിൽ നിലവിൽവന്ന ശേഷമുള്ള ജനങ്ങളുടെ ജീവിതരംഗത്ത് ഇക്കാലയളവിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. എങ്കിലും ജനങ്ങളുടെ അടിസ്ഥാനപരമായ പല പ്രശ്നങ്ങളും ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല എന്ന കുറവ് കാണേണ്ടിയിരിക്കുന്നു. ഈ കുറവുകൾ പരിഹരിക്കുവാനുള്ള ശ്രമങ്ങളാണ് അടിയന്തിരമായും പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഇപ്പോൾ നടത്തേണ്ടത്.

## ഭരണകാലയളവുകൾ

| വർഷം | പ്രസിഡണ്ട് | വൈസ്പ്രസിഡണ്ട് |
|---|---|---|
| 1953-1963 | എൻ. സി. ജോസഫ്, നീരാക്കൽ | പോത്തൻചാക്കോ, മണലേൽ |
| 1963ൽ തെരഞ്ഞെടുപ്പ് | ഭരണസമിതിപരിധി 10 ആയി ഉയർത്തി | |
| 1963-1965 | സി. ഒ. ജേക്കബ് മുരിക്കൻ | പോത്തൻചാക്കോ, മണലേൽ |
| 1965-1979 | എൻ. സി. ജോസഫ്, നീരാക്കൽ | പോത്തൻചാക്കോ, മണലേൽ |
| 1979 തെരഞ്ഞെടുപ്പ് | | |
| 1979- 1984 | പി. സി. തോമസ്, പന്നിവേലിൽ | പി. വി. സുകുമാരൻ നായർ , പുത്തൻപുരയിൽ |
| 30/9/84 മുതൽ8/2/88 വരെ | താലൂക്ക് പഞ്ചായത്ത് | അഡ്മിനിഷ്ട്രേറ്റർ ആയിരുന്നു. |
| 1988 മാർച്ച് തെരഞ്ഞെടുപ്പ് | | |
| 1988-1993 | ലൂക്കാ ജോസഫ് ചേമ്പാല | മാത്യു ആരിശേരിൽ |
| 1993-1995 | മാത്യു, പറമ്പിൽ | പി. ഭാർഗ്ഗവിയമ്മ, കോവിലകം |
| 1995 തെരഞ്ഞെടുപ്പ് | | |
| 1995 മുതൽ | ശ്രീമതി. ഗ്രേസി ജിമ്മി | തോമസ് പി.ജേക്കബ് പടപുരയ്ക്കൽ |

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | കടുത്തിരുത്തി, മുട്ടുചിറ |
| ബ്ളോക്ക് പഞ്ചായത്ത് | കടുത്തുരുത്തി |
| ഉൾപ്പെടുന്ന ഡിവിഷനുകൾ | കടുത്തുരുത്തി ഈസ്റ്റ്, കടുത്തുരിത്തി വെസ്റ്റ്, കല്ലറ |
| താലൂക്ക് | വൈക്കം |
| പാർലമെൻറ് മണ്ഡലം | കോട്ടയം |
| വിസ്തീർണ്ണം | 32.73 ച: കി: മീറ്റർ |
| അതിരുകൾ | വടക്ക്- മുളക്കുളം, ഞീഴൂർ തലയോലപ്പറമ്പ് പഞ്ചായത്തുകൾ<br>കിഴക്ക് - കുറവിലങ്ങാട്, ഞീഴൂർ ഗ്രാമ പഞ്ചായത്തുകൾ<br>തെക്ക് - മാഞ്ഞൂർ കല്ലറ ഗ്രാമ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് - തലയോലപ്പറമ്പ്, കല്ലറ ഗ്രാമപഞ്ചായത്തുകൾ |
| ജനസംഖ്യ | 30, 720 (1991 ലെ സെൻസസ് പ്രകാരം) |
| പുരുഷൻമാർ | 15209 |
| സ്ത്രീകൾ | 15511 |
| പട്ടികജാതി/പട്ടിക വർഗ്ഗം | 3827 |
| ജനസാന്ദ്രത | 939 |
| സാക്ഷരത | 85.4% |
| നിരക്ഷരർ | 4482 |
| വാർഡുകളുടെ എണ്ണം | 12 |
| സംവരണ വാർഡുകൾ | വനിത - 4, പട്ടിക ജാതി - 1 |
| പ്രസിഡൻറിൻെറ പേര് | ഗ്രേസി ജിമ്മി |
| വൈസ് പ്രസിഡൻറിൻെറ പേര് | തോമസ്. പി. ജേക്കബ് |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | വിജയൻ കുട്ടൻ |

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

വയലുകളും, കുന്നുകളും, തോടുകളും കൊണ്ടു സമ്പന്നമായ കോട്ടയം ജില്ലയിലെ ചരിത്ര പ്രസിദ്ധമായ വൈക്കം താലൂക്കിൽ സ്ഥിതിചെയ്യുന്ന 32.73 ചതുരശ്രകിലോമിറ്റർ വിസ്ത്രതിയുള്ള ഒരു ഭൂപ്രദേശമാണ് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് നാലായിതിരിക്കാം. പാടശേഖരങ്ങൾ, ചെറുകുന്നുകൾ, കുന്നിൻചെരുവുകൾ, നിരപ്പായപ്രദേശം. ഇതിൽ പാടശേഖരങ്ങൾ രണ്ടുതരമുണ്ട്. കറുത്ത മണ്ണ് ഉള്ളവയും ചുവന്ന മണ്ണ് ഉള്ളവയും.

## 1. കുന്നിൻപ്രദേശം

കടുത്തുരുത്തി പഞ്ചായത്തിൽ നിരവധി ചെറുകുന്നുകളുണ്ട്. കൊടുകുത്തി, ചിത്താന്തി, ചെറക്കുന്ന്, മുക്കിടിക്കാടു്, മുത്താംകുഴി, മുറിയംകല്ല്, മൈലാടുംപാറ, നീലിമലക്കുന്ന്, ഒറ്റിയാംകുന്ന്, കൊരക്കാല, മാനാടികുന്ന്, പേഴാടിനിരപ്പ്, ആതക്കുഴിനിരപ്പ്, പാലക്കുഴി, ഊട്ടുവേലിക്കുന്ന്, ഊളംകുത്തി, ചാത്താംകുന്ന്, കാടംകുഴി, ഉപ്പുരിത്തിക്കുന്ന്, മലപ്പുറം, കണ്ണംകര, കോതേച്ചിക്കുന്ന്, തെരുവുമലക്കുന്ന്, കാഞ്ഞിരിക്കാംകുന്ന് എന്നിവയാണ് പ്രധാനകുന്നുകൾ. ചെറുകുന്നുകളുടെ മുകൾ ഭാഗം നിരപ്പായ പ്രദേശമാണ്. ഈ പ്രദേശത്തു ചെങ്കൽ മണ്ണ് ആണ് ഉള്ളത്. വീട് വയ്ക്കുന്നതിന് ആവശ്യമായ വെട്ടുകൽ ഇത്തരം പ്രദേശങ്ങളിൽ നിന്നുമാണ് ഉൽപാദിപ്പിക്കുന്നത്. റബ്ബർ ആണ് ഈ പ്രദേശത്തെ മുഖ്യ വിള. കുരുമുളക്, ഇഞ്ചി എന്നിവയും കൃഷി ചെയ്യുന്നു. ചെറിയ തോതിൽ തെങ്ങും ഈ പ്രദേശങ്ങളിൽ കണ്ടു വരുന്നു. ജെ. സി. ബി. ഉപയോഗിച്ച് മണ്ണ് മാറ്റുന്നതും, മണ്ണൊലിപ്പുമാണ് പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ.

## 2. കുന്നിൻ ചെരിവ്

കുന്നുകളിലേയും കുന്നിൻ ചെരിവുകളിലേയും മണ്ണും കൃഷി രീതിയും ഒന്നു തന്നെയാണ്. ചെങ്കൽ മണ്ണ് തന്നെയാണ് ഈ പ്രദേശത്ത് കാണുന്നത്. ഈ പ്രദേശങ്ങളിൽ റബ്ബർ സമൃദ്ധിയായി വളരുന്നു. തെങ്ങും ഈ പ്രദേശങ്ങളിൽ നന്നായി കണ്ടു വരുന്നു. കൊക്കോ, വാഴ, ഇഞ്ചി, ചേന, ചേമ്പ് എന്നിവയും അപൂർവ്വമായി പച്ചക്കറിയും കൃഷി ചെയ്യുന്നു. ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ആണ് പ്രധാന പരിസ്ഥിതി പ്രശ്നം. കയ്യാലകളുടെ അഭാവം മൂലമാണ് മണ്ണൊലിപ്പ് ഉണ്ടാകുന്നത്. നീർമറി അടിസ്ഥാനത്തിൽ കയ്യാല വയ്ക്കേണ്ടിയിരിക്കുന്നു.

## 3. നിരപ്പായ പ്രദേശം

കുന്നിൻ ചെരിവുകളിലൂടെയും പാടശേഖരങ്ങളുടേയും ഇടയിൽ കാണുന്ന പ്രദേശമാണിത്. ഈ പ്രദേശത്തിൻെറ ഏറ്റവും വലിയ പ്രത്യേകത എല്ലാത്തരം കൃഷിയും ഈ പ്രദേശങ്ങളിൽ ചെയ്യുന്നു വെന്നതാണ്. എന്നാൽ തെങ്ങ് ഏറ്റവും സമൃദ്ധിയായി വളരുന്നപ്രദേശമാണിത്. നമ്മുടെ പഞ്ചായത്തിൽ ഏറ്റവുമധികം തെങ്ങുകളുള്ളതും ഇത്തരം പ്രദേശങ്ങളിലാണ്. കൂടാതെ, കൊക്കോ, കുരുമുളക്, ഇഞ്ചി, ചേന, ചേമ്പ്, പച്ചക്കറി, വാഴ, നാനാവാഴയും പലവാഴയും ഈപ്രദേശത്ത് നല്ല രീതിയിൽ കൃഷി ചെയ്യുന്നു. കൂടുതൽ തണുപ്പുള്ള പ്രദേശമാണിത്. മുൻകാലങ്ങളിലെ കൃഷി രീതിയിൽ നിന്നും വ്യത്യസ്ഥമായി കർഷകർ ഇപ്പോൾ റബ്ബറും കൃഷി ചെയ്യുന്നു. മണ്ണൊലിപ്പ്, വർഷകാലത്തെ തോട് കരകവിയൽ എന്നിവ പ്രധാന പ്രശ്നങ്ങളാണ്.

## 4. പാടശേഖരം

പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളാണ് പാടശേഖരങ്ങൾ. പാടശേഖരങ്ങൾ തന്നെ രണ്ട് തരമുണ്ട്. മുണ്ടകൻ കൃഷി ചെയ്യുന്ന പാടശേഖരവും വിരിപ്പ് കൃഷി ചെയ്യുന്ന പാടശേഖരവും. പാടശേഖരങ്ങളിൽ രണ്ടു തരം മണ്ണ് കണ്ടു വരുന്നു. ഒന്ന് കരിമണ്ണ് രണ്ട് ചുവന്ന ചെളിമണ്ണ്. പാടശേഖരങ്ങളിൽ നെല്ല് സമൃദ്ധിയായി വളരുന്നു. പഞ്ചായത്തിൽ മൊത്ത 1390.634 ഹെക്ടർ പ്രദേശം പാടശേഖരങ്ങളാണ്. പുറ ബണ്ടിന് ഉയരമില്ലാത്തതിനാൽ മഴക്കാലത്ത് ബണ്ട് കവിഞ്ഞ് വെ

## ഭൂവിനിയോഗം

**കൈവശഭൂമിയുടെ വിവരം പട്ടിക IV (1)**

| വിസ്തീർണ്ണം | 1-10 | 10 - 25 | 25 - 50 | 50-100 | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏ: മുകളിൽ |
|---|---|---|---|---|---|---|---|
| കൈവശക്കാരുടെ എണ്ണം | 3111 | 1345 | 1078 | 2845 | 2750 | 2342 | 325 |

ള്ളം കയറുന്നു. വെള്ളക്കെട്ടാണ് പ്രധാന പരിസ്ഥിതി പ്രശ്നം.

### മണ്ണ് തരം

പഞ്ചായത്തിലെ പ്രധാന മണ്ണ് തരങ്ങൾ. കരിമണ്ണ്, ചുവന്ന ചെളിമണ്ണ്, ചെമ്മണ്ണ് അഥവാ പൂഴി, ചെങ്കൽ മണ്ണ്, ചുവപ്പും കറുപ്പും കലർന്ന മണ്ണ്. എന്നിവയാണ്

**പഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് നാലായിതിരിക്കാം. പാടശേഖരങ്ങൾ, ചെറു കുന്നുകൾ, കുന്നിൻ ചെരുവുകൾ, നിരപ്പായ പ്രദേശം. ഇതിൽ പാടശേഖരങ്ങൾ രണ്ടുതരമുണ്ട്. കറുത്ത മണ്ണ് ഉള്ളവയും ചുവന്ന മണ്ണ് ഉള്ളവയും.**

### കരിമണ്ണ്

പഞ്ചായത്തിലെ പടിഞ്ഞാറൻ പാടശേഖരങ്ങളിൽ കണ്ടു വരുന്നു. ഇത്തരം മണ്ണിൽ നെല്ല് ആണ് സാധാരണ കൃഷി ചെയ്യുന്നത്. കൂന കൂട്ടി തെങ്ങ് കൃഷി ചെയ്യുന്നവരുമുണ്ട്.

### ചെമ്മണ്ണ്

പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശത്തും ചെമ്മണ്ണാണ് ഉള്ളത്. ഇത് തന്നെ പല തരത്തിലുണ്ട്. ഉയർന്ന പാടശേഖരങ്ങളിൽ ചുവന്ന ചെളിമണ്ണ് കണ്ടു വരുന്നു. നെല്ലും പച്ചക്കറിയും, വാഴയും ഇത്തരം മണ്ണിൽ സമൃദ്ധിയായി വളരുന്നു. ഇപ്പോൾ റബ്ബറും കൃഷി ചെയ്യുന്നു. കുന്നിൻ പ്രദേശങ്ങളിൽ ചുവന്ന ചെങ്കൽ മണ്ണ് കണ്ടു വരുന്നു. റബ്ബർ ഈ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു. ചുവപ്പും കറുപ്പും ചേർന്ന മൺതരം താഴ്ന്ന നിരപ്പായ പ്രദേശങ്ങളിൽ കണ്ടു വരുന്നു. തെങ്ങ്, കൊക്കോ, വാഴ തുടങ്ങിയവ ഈ മണ്ണിൽ നന്നായി വളരുന്നു.

### ജൈവ വൈവിധ്യം

കേരളത്തിൻെറ ഭൂപ്രകൃതി അനുസരിച്ച് ഇടനാട് വിഭാഗത്തിൽ പെടുന്ന ഭൂപ്ര ദേശമാണ് കടുത്തുരുത്തിയിലേത്. ഇത്തരം പ്രദേശങ്ങളിൽ കണ്ടു വരുന്ന എല്ലാത്തരം സസ്യജാലങ്ങളും പക്ഷിമൃഗാദികളും മത്സ്യവും ഇവിടെ കണ്ടു വരുന്നു. സ്വാഭാവികമായി വളർന്നു വരുന്ന സസ്യങ്ങൾ ഇപ്പോൾ കുറവാണ്. പാർപ്പിട പ്രശ്നം രൂക്ഷമായതോടുകൂടി ആഞ്ഞിലി, പ്ളാവ്, മാവ്, തുടങ്ങിയ വൃക്ഷങ്ങൾ വ്യാപകമായി വെട്ടി മാറ്റിയിട്ടുണ്ട്. പഞ്ചായത്തിലെ തോടുകളിൽ ആമ്പൽ, കുളവാഴ, മുള്ളൻ പായൽ, തുടങ്ങിയ ജലസസ്യങ്ങളും അപൂർവ്വമായി താമരയും കണ്ടു വരുന്നു. പഞ്ചായത്തിൽ മത്സ്യ സമ്പത്ത് സാമാന്യം ഉണ്ട്.

### സസ്യാവരണം

പഞ്ചായത്തിൽ മിക്കാവറും എല്ലാവിധ സസ്യങ്ങളും സമൃദ്ധിയായി വളരുന്നു. നെല്ല്, തെങ്ങ്, റബ്ബർ, കൊക്കോ, വാഴ, തുടങ്ങിയവയാണ് പ്രധാനം. കൂടെ മാവ്, പ്ളാവ്, കമുക്, കുരുമുളക് എന്നിവയും ധാരാളമായി കണ്ടു വരുന്നു.

### ശാസ്ത്രീയമായ മൺതരങ്ങൾ

നമ്മുടെ പഞ്ചായത്തിലെ മണ്ണ് തരങ്ങളെ ശാസ്ത്രീയമായി രണ്ടായി തിരിച്ചിരിക്കുന്നു. 1) ലാറ്ററേറ്റ് സോയിൽ, 2) കരീലാൻഡ്

1.) കരീലാൻഡ്

പഞ്ചായത്തിലെ പാടശേഖരങ്ങളിൽ കണ്ടു വരുന്ന മണ്ണിനെയാണ് കരീലാൻഡ് എന്നു പറയുന്നത്. ഇത് നല്ല കറുത്ത മണ്ണാണ് ഇവിടങ്ങളിൽ നെല്ല് മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. കൂന വെട്ടി അപൂർവ്വമായി തെങ്ങും കൃഷി ചെയ്യുന്നു.

2. ലാറ്ററേറ്റ് സോയിൽ

പട്ടിക IV (2)

| വാർഡുകൾ | ജല ലഭ്യത | അമ്ല-ക്ഷാരം | മണ്ണിൻെറ ഇനം |
|---|---|---|---|
| 1,2,3,5,6,7 | 10-15 എം | 4.5-5 | പശിമരാശി കലർന്ന ചെമ്മണ്ണ് |
| 4,8, | 4 - 12 എം | 4.5 - 5 | പശിമരാശി കലർന്ന ചെമ്മണ്ണ്-കരിമണ്ണ് |
| 9,10,11,12 | 3 - 10 എം | 3.5 - 5 | കരിമണ്ണ് |

# ജനപ്രകൃതി

പഞ്ചായത്തിലെ നിരപ്പായ പ്രദേശങ്ങളിലും ചരിവുകളിലും കണ്ടു വരുന്ന മണ്ണിനെയാണ് ലാറ്ററേറ്റ് സോയിൽ എന്നു പറയുന്നത്. ഇവിടങ്ങളിൽ തെങ്ങ്, വാഴ, കമുക്, കുരുമുളക്, റബ്ബർ എന്നിവ വളരുന്നു.

1991 ലെ സെൻസസ് പ്രകാരം കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ജനസംഖ്യ 30, 720 ആണ്. ഇതിൽ 15511 സ്ത്രീകളും, 15209 പുരുഷൻമാരുമാണ്. 6 വയസ്സിൽ താഴെ പ്രായമുള്ള 3131 കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 1544 പെൺകുട്ടികളും 1587 ആൺകുട്ടികളുമാണ്. ആകെ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ 45 ആണ്. പട്ടികജാതി വിഭാഗത്തിൽ പുരുഷൻമാർ 1915 ഉം സ്ത്രീകൾ 1867 ഉം ആണ്. പട്ടിക വർഗ്ഗ ജനങ്ങളിൽ സ്ത്രീകൾ 27 ഉം, പുരുഷൻമാർ 18 ഉം ആണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ പുരുഷൻമാരെ അപേക്ഷിച്ച് 292 സ്ത്രീകൾ കൂടുതലാണ്. എന്നാൽ 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിലും, പട്ടികജാതി വിഭാഗത്തിലും സ്ത്രീകളെക്കാൾ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത് പുരുഷൻമാരാണ്. പഞ്ചായത്തിലെ ആകെ ജനങ്ങളിൽ 26,238 പേർ അക്ഷരാഭ്യാസമുളവരാണ്. ആകെ നിരക്ഷരരുടെ എണ്ണം 4482 ആണ്. 85.4% ആണ് പഞ്ചായത്തിലെ സാക്ഷരത. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് മുന്നിട്ട് നിൽക്കുന്നു. യുവതീയുവാക്കളിൽ ബഹുഭൂരിപക്ഷവും വിദ്യാസമ്പന്നരാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രാധാന പ്രശ്നമായി തുടരുകയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. അഭ്യസ്ത വിദ്യരിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നത് സ്ത്രീകളാണ്.

കാർഷിക മേഖലയിലാണ് കൂടുതൽ ജനങ്ങളും തൊഴിൽ ചെയ്യുന്നത്. എന്നാൽ ജനങ്ങലുടെ പ്രധാന ഉപജീവനമാർഗ്ഗമായിരുന്ന കൃഷി ഇന്ന് ആദായകരമല്ലാതായിരിക്കുകയാണ്. ഇതിനാൽ ഈ മേഖലയിൽ പണി ചെയ്തിരുന്ന സ്ത്രീകളിൽ ഗണ്യമായ ഒരു വിഭാഗം കെട്ടിട നിർമ്മാണ രംഗത്തേക്ക് കടന്നു കയറിയിരിക്കുന്നു. മത്സ്യ ബന്ധന രംഗത്തും ഒരു വിഭാഗം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. പരമ്പരാഗത പീഡിത വ്യവസായങ്ങളായ കൊട്ട, വട്ടി, തുടങ്ങിയവയുടെ നിർമ്മാണ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ മുൻകാലത്തെ അപേക്ഷിച്ച് ഇന്ന് വളരെ കുറവാണ്. എന്നാൽ പായ നെയ്ത്ത് ഉപജീവന മാർഗ്ഗമായി നടത്തുന്ന ഒരു വിഭാഗം സ്ത്രീകളുണ്ട്.

ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് ക്രൈസ്തവ മതവിഭാഗങ്ങൾ ഭൂരിഭാഗമുള്ള പഞ്ചായത്താണിത്. മുസ്ളിം ജനവിഭാഗങ്ങൾ വളരെ ന്യുന പക്ഷമാണ്. ജാതി പരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നുവെങ്കിലും അതിനെതിരായി നടന്ന ഉജ്വലമായ സാമൂഹ്യ

# ജല പ്രകൃതി

നവോത്ഥാന മുന്നേറ്റങ്ങളിലൂടെ സാമൂഹ്യ നീതി കൈവരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. എല്ലാ മത വിഭാഗങ്ങളും തമ്മിൽ വളരെ സൗഹൃദവും സഹവർത്തിത്വവും നിറഞ്ഞ അന്തരീക്ഷമാണ് നിലനിൽക്കുന്നത്.

പഞ്ചായത്തിൽ വർഷത്തിൽ ശരാശരി മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ആകെ ലഭിക്കുന്ന മഴയുടെ ഏകദേശം 80% ത്തോളം ഈ മാസങ്ങളിൽ പെയ്യുന്നവയാണ്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. ഇതുകൂടാതെ പരമ്പരാഗത കാലയളവുകളിൽ നിന്നും വ്യത്യസ്തമായി കാലം തെറ്റി പെയ്യുന്ന മഴയും ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന ജല സ്രോതസുകൾ കിണറുകൾ, കുളങ്ങൾ, തോടുകൾ എന്നിവയാണ്. പ്രധാന തോട് കടുത്തുരുത്തി ടൗണിൻെറ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന കടുത്തുരുത്തി വലിയ തോടാണ്. ഉപരിതല ജലസ്രോതസുകളായ കിണറുകളും, കുളങ്ങളും, പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുണ്ട്.

പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലകളിൽ 12 മാസവും ഉയർന്ന പ്രദേശങ്ങളായ കിഴക്കൻ ഭാഗത്ത് 6 മാസവും ജലലഭ്യതയുണ്ട്. പഞ്ചായത്തിലാകെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലം ലഭ്യമാണ്. എന്നാൽ വേനൽക്കാലങ്ങളിൽ ശുദ്ധജലക്ഷാമം വളരെ രൂക്ഷമാണ്. ജനുവരി പകുതി മുതൽ 4 മാസക്കാലത്തോളം പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ഈ മാസങ്ങളിൽ താരതമ്യേന ജലസ്രോതസ്സുകൾ കൂടുതലുള്ള പഞ്ചായത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളിലും ശുദ്ധജല ദൗർലഭ്യം വളരെ കൂടുതലാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ജലക്ഷാമവുമായി ബന്ധപ്പെട്ടു കിടക്കുന്നു.


റെയിൽവേ ലൈൻ
വാർഡ് I
വാർഡ് II
വാർഡ് III
വാർഡ് IV
വാർഡ് V
വാർഡ് VII
വാർഡ് VIII
വാർഡ് IX
വാർഡ് X
വാർഡ് XI
വാർഡ് XII
N
S

പഠന പര്യടനം ഗ്രൂപ്പ് അഞ്ച്

## മുട്ടു ചിറ മുതൽ വെള്ളാശ്ശേരി വരെ



| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പാടശേഖരം | ഉയർന്ന സമതലം | കുന്നിൻ ചരിവ് | പെരിയ കുന്ന് | കുന്നിൻ ചരിവ് | നിലം | ചെറിയ കുന്ന് | ഉയർന്ന സമതലം | കുന്ന് | നിലം |
| മൺതരം | കറുത്ത ചെളിമണ്ണ് | കറുപ്പും ചുവപ്പും ചേർന്ന മണ്ണ് | ചുവന്ന മണ്ണ് | വെട്ടുകൽ മണ്ണ് | ചുവന്ന മണ്ണ് | ചുവന്ന ചെളിമണ്ണ് | വെട്ടുകൽ മണ്ണ് | ചുവപ്പും കറുപ്പും ചേർന്ന മണ്ണ് | വെട്ടുകൽ മണ്ണ് | ചുവന്ന ചെളിമണ്ണ് |
| സസ്യാവരണം | നെല്ല് | തെങ്ങ്, വാഴ | റബ്ബർ തെങ്ങ് | റബ്ബർ | റബ്ബർ | തെങ്ങ് വാഴ | റബ്ബർ | തെങ്ങ് പച്ചക്കറി വാഴ | റബ്ബർ | നെല്ല് പച്ചക്കറി വാഴ |
| ജലപ്രകൃതി | 12 മാസം | 9 മാസം | 9 മാസം | 6 മാസം | 6 മാസം | 8 മാസം | 8 മാസം | 6 മാസം | 6 മാസം | 8 മാസം |
| പരിസ്ഥിതി | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണ് നീക്കം ചെയ്യൽ | കല്ല് വെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ്. | കല്ലുവെട്ട് | മണ്ണൊലിപ്പ് | മണ്ണ് നീക്കം ചെയ്യൽ | നിലം നികത്തൽ |

പഠന പര്യടനം ഗ്രൂപ്പ് രണ്ട്

## പുലിക്കൂട്ടുമ്മേൽ മുതൽ പുലിത്തുരുത്ത് വരെ



| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പാടശേഖരം | കുന്നിൻ ചെരിവ് | ചെറിയ കുന്ന് | താഴ്ന്ന നിരപ്പായ പ്രദേശം | ചെറിയ കുന്ന് | താഴ്ന്ന നിരപ്പായ പ്രദേശം | ചെറിയ കുന്ന് | താഴ്ന്ന പ്രദേശം | കുന്നിൻ ചെരിവ് | കുന്ന് |
| മൺതരം | കറുത്ത ചെളി മണ്ണ് | ചരൽമണ്ണ് | വെട്ടുകൽ മണ്ണ് | ചുവപ്പ് മണ്ണ് | വെട്ടുകൽ മണ്ണ് | ചുവപ്പ് മണ്ണ് | വെട്ടുകൽ മണ്ണ് | ചുവപ്പ് മണ്ണ് | ചരൽമണ്ണ് | വെട്ടുകൽ മണ്ണ് |
| സസ്യാവരണം | നെല്ല് | റബ്ബർ, തെങ്ങ് | റബ്ബർ | തെങ്ങ് വാഴ | റബ്ബർ തെങ്ങ് | തെങ്ങ് വാഴ | റബ്ബർ | തെങ്ങ് വാഴ | തെങ്ങ് റബ്ബർ | റബ്ബർ |
| ജലപ്രകൃതി | 12 മാസവും വെള്ളം | 8 മാസം | 4 മാസം | 8 മാസം | 6 മാസം | 8 മാസം | 6 മാസം | 8 മാസം | 6 മാസം | 6 മാസം |
| പരിസ്ഥിതി | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | കല്ലുവെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണ് നീക്കം ചെയ്യൽ | മണ്ണൊലിപ്പ് | കല്ല്വെട്ട് | മണ്ണ് നീക്കം ചെയ്യൽ |

പഠന പര്യടനം ഗ്രൂപ്പ് മൂന്ന്

## കവിക്കാട് മുതൽ ചിറക്കുന്ന് വരെ



| | | | |
|---|---|---|---|
| ഭൂപ്രകൃതി | കുന്ന് | ഉയർന്ന പ്രദേശം | പാടശേഖരം |
| മൺതരം | വെട്ടുകല്ല്, ചരൽ കലർന്ന ചെമ്മണ്ണ് | ചെമ്മണ്ണ്, വെട്ടുകല്ല് | കറുത്ത കളിമണ്ണ് |
| സസ്യാവരണം | 8 മാസം, ജലം ലഭ്യം | 9 മാസം ജലം ലഭ്യം | 12 മാസവും ജലം ലഭിക്കും<br>എന്നാൽ കുടിവെള്ള ക്ഷാമം ഉണ്ട് |
| ജലപ്രകൃതി | റബ്ബർ, തെങ്ങ്, കുരുമുളക്, വാഴ | റബ്ബർ, തെങ്ങ്, ഇഞ്ചി, വാഴ, മഞ്ഞൾ | നെല്ല് കവുങ്ങ്, തെങ്ങ്<br>നീർക്കെട്ട്, ശുദ്ധജലത്തിന്റെ അഭാവം |
| പരിസ്ഥിതി | വെട്ടുകല്ല് ഖനനം | മണ്ണൊലിപ്പ് | പാടങ്ങൾ നികത്തൽ. |

പഠന പര്യടനം ഗ്രൂപ്പ് നാല്

# ഈരേപ്പാലം മുതൽ അരുണാശ്ശേരി വരെ



| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പാടശേഖരം | ഉയർന്ന സമതലം | കുന്നിൻ ചരിവ് | കുന്ന് | ഉയർന്ന നിരപ്പായ പ്രദേശം | കുന്ന് | നിലം | കുന്ന് |
| മൺതരം | കരിച്ചെളി | കറുപ്പും ചുവപ്പും ചേർന്ന മണ്ണ് | ചുവന്ന മണ്ണ് | വെട്ടുകൽ മണ്ണ് | ചുവന്ന മണ്ണ് | വെട്ടുകൽ മണ്ണ് | ചുവന്ന ചെളി മണ്ണ് | വെട്ടുകൽ മണ്ണ് |
| സസ്യാവരണം | നെല്ല് | തെങ്ങ്, വാഴ | റബ്ബർ തെങ്ങ് | റബ്ബർ | തെങ്ങ് വാഴ | റബ്ബർ | നെല്ല് പച്ചക്കറി | റബ്ബർ |
| ജലപ്രകൃതി | 12 മാസം ജലം ലഭ്യമാണ് | 9 മാസം | 8 മാസം | 6 മാസം | 8 മാസം | 6 മാസം | 9മാസം | 7മാസം |
| പരിസ്ഥിതി | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണ് നീക്കം ചെയ്യൽ | മണ്ണൊലിപ്പ് | കല്ല് വെട്ട് | നിലം നികത്തൽ | മണ്ണ് മാറ്റൽ |

# മുട്ടു ചിറ മുതൽ വെള്ളാശ്ശേരി വരെ



| | | | | |
|---|---|---|---|---|
| ഭൂപ്രകൃതി | കുന്നിൻ പ്രദേശം | കുത്തനെ ചരിഞ്ഞ പ്രദേശം | സമതലം | പാടശേഖരം |
| മൺതരം | വെട്ടുകല്ല്, കരിങ്കൽ പാറകൾ | വെട്ടുകല്ല് | ചരൽ കലർന്ന മണ്ണ്<br>ചെളി കലർന്ന മണ്ണ് | കരിച്ചെളി |
| ജലപ്രകൃതി | 7 മാസം ജലലഭ്യത | 9 മാസം ജലലഭ്യത | 11 മാസം ജല ലഭ്യത | 12 മാസവും ജലലഭ്യത<br>കൂടി വെള്ളക്കെട്ടുമുണ്ട്. |
| സസ്യാവരണം | റബ്ബർ, തെങ്ങ്, വാഴ | റബ്ബർ, തെങ്ങ്, മരച്ചീനി, വാഴ, ഇഞ്ചി | നെല്ല്, തെങ്ങ്, കവുങ്ങ് | നെല്ല് |
| പരിസ്ഥിതി | മണ്ണിടിച്ചിൽ, കരിങ്കല്ല് ഖനനം | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെള്ളക്കെട്ട്. പാടങ്ങൾ നികത്തൽ |

# കൃഷിയും ജലസേചനവും



നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. എന്നാൽ കാർഷിക മേഖല ഇന്നൊരു വഴിത്തിരിവിലാണ്. പല പ്രധാന കാർഷിക വിളകളുടേയും ഉൽപാദനവും ഉൽപാദനക്ഷമതയും ക്രമാതീതമായി കുറഞ്ഞു വരികയും അതേസമയം ഉൽപാദനച്ചെലവ് വർദ്ധിച്ചു വരികയും ചെയ്യുന്നതിനാൽ കൃഷിക്കാ കാർ ഷിക രംഗത്തു നിന്നും ക്രമേണ പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. വേണ്ടതിലധികം മഴ ലഭിക്കുന്ന നമ്മുടെ നാട്ടിൽ മഴ വെള്ളം സംഭരിച്ച് കൃഷിക്ക് ഉപകരിക്കുന്ന തരത്തിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാത്തതും കർഷകരുടെ പിന്നോട്ടടിക്ക് കാരണമാകുന്നു. തുണ്ടുകളായ കൃഷി ഭൂമിയും വ്യത്യസ്ഥമായ ജീവിതസാഹചര്യങ്ങളും, പെരുകി വരുന്ന ജനസംഖ്യയുടെപാർപ്പിട പ്രശ്നങ്ങളുമൊക്കെ കാർഷിക വികസനത്തിനു നേരെയുള്ള വെല്ലുവിളികളാണ്. ജലസേചന- ജല നിർഗമന സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഉൽപ്പാദനച്ചെലവിൻെറ വർദ്ധനവും മൂലം നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നെൽപ്പാടം നികത്തി നാണ്യ വിള കൃഷിചെയ്യുന്ന കർഷകരുടെ എണ്ണംവർദ്ധിച്ചു വരികയാണ്. എന്നാൽ ഇതിനനുസൃതമായി നമ്മുടെ നാട്ടിൽ വ്യാവസായ മേഖല വളരുന്നുമില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും താങ്ങാനാവാത്ത ഉൽപ്പാദനച്ചിലവും മൂലം കൃഷിയിടങ്ങൾ തരിശിടുന്ന കർഷകരും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. കാർഷിക മേഖല ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കും കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണാൻ ജനകീയാസൂത്രണ പദ്ധതി മുഖേന നമുക്ക് കഴിയും.

> പല പ്രധാന കാർഷിക വിളകളുടേയും ഉൽപാദനവും ഉൽപാദന ക്ഷമതയും ക്രമാതീതമായി കുറഞ്ഞു വരികയും അതേസമയം ഉൽപാദനച്ചെലവ് വർദ്ധിച്ചു വരികയും ചെയ്യുന്നതിനാൽ കൃഷിക്കാർ കാർഷിക രംഗത്തു നിന്നും ക്രമേണ പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. വേണ്ടതിലധികം മഴ ലഭിക്കുന്ന നമ്മുടെനാട്ടിൽ മഴ വെള്ളം സംഭരിച്ച് കൃഷിക്ക് ഉപകരിക്കുന്ന തരത്തിൽ ജല സേചന സൗകര്യം വർദ്ധിപ്പിക്കാത്തതും കർഷകരുടെ പിന്നോട്ടടിക്ക് കാരണമാകുന്നു.

## കൃഷി രീതികൾ

കൃഷിക്ക് അനുയോജ്യമായ ഏറ്റവും നല്ല മണ്ണാണ് നമ്മുടെ നാട്ടിലേത്. കാലവർഷം അഥാവാ തെക്കുപടിഞ്ഞാറൻ മൺസൂണിൻേറയും തുലാവർഷം അഥവാ വടക്കുകിഴക്കൻ മൺസൂൺ എന്നിവയെ ആശ്രയിച്ചാണ് നമ്മുടെ നാട്ടിലെ കർഷകർ കൃഷി ചെയ്യുന്നത്. ജൂൺ ആദ്യവാരത്തിൽകാലവർഷം ആരംഭിക്കുകയും സെപ്റ്റംബറോടുകൂടി പിൻവാങ്ങുകയും ഇങ്ങനെ പിൻവാങ്ങുന്ന കാലവർഷക്കാറ്റ് നേരെ എതിർ ദിശയിലേക്ക് കടക്കുകയും ഇതിനെ തുലാവർഷം എന്നും പറയുന്നു. നമുക്ക് ലഭിക്കുന്ന മഴയിൽ 90% കാലവർഷ സമയത്താണ് ലഭിക്കുന്നത്. ഇന്ത്യയിൽ കാലവർഷം ആരംഭിക്കുന്നത്

തന്നെ കേരളത്തിലാണ്. കേരളത്തിൽ കാലവർഷം ആരംഭിച്ച് ഏതാണ്ട് ഒരു മാസം കൊണ്ടാണ് ഇത് ഇന്ത്യയാകെ വ്യാപിക്കുന്നത്. കേരളത്തിൽ ആറുമാസത്തിലധികം മഴക്കാലമാണെങ്കിലും ശരിയായ രീതിയിൽ മഴ ലഭിക്കുന്ന നൂറോ നൂറ്റിപ്പത്തോ ദിവസമേയുള്ളൂ.

വിളവെടുപ്പ് കാലത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക വിളകളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1. ഹ്രസ്വകാല വിളകൾ.
 നെല്ല്, പയർ, പഞ്ഞക്കറി മുതലായവ.
2. വാർഷിക വിളകൾ
 വാഴ, മരച്ചീനി (കപ്പ) ഇഞ്ചി മുതലായവ.
3. ദീർഘകാല വിളകൾ

തെങ്ങ്, റബ്ബർ, കുരുമുളക്, കമുക് മുതലായവ. ഇതിൽ പരിതസ്ഥിതികൾക്കനുസൃതമായി ഏറ്റവും വേഗത്തിൽ മാറ്റുവാൻ പറ്റുന്നത് ഹൃസ്വകാല വിളകളാണ്. കാലം തെറ്റി പെയ്യുന്ന മഴ നമ്മുടെ നാട്ടിലെ ഹ്രസ്വകാല വിളകളെ ദോഷകരമായി ബാധിക്കാറുണ്ട്.

## ഭൂമിയുടെ ഘടന

കൃഷിക്ക് അനുയോജ്യമായ മണ്ണാണ് നമ്മുടെ നാട്ടിലേത്. ചരൽ ചേർന്ന മണ്ണ്, ചെമ്മണ്ണ്, പാടശേഖരങ്ങളിലെ കറുത്ത മണ്ണ് അഥവ കരീലാഡ്, കുന്നിൻ പ്രദേശങ്ങളിലെ ചെങ്കൽ മണ്ണ്, പാടശേഖരങ്ങളിലെ ചെമ്മണ്ണ്, പുരയിടങ്ങളിലെ മണൽ ചേർന്ന കറുത്തമണ്ണ് എന്നിവയാണ്. നമ്മുടെ പഞ്ചായത്തിലെ ഭൂ പ്രകൃതി ചെറിയ കുന്നുകളും, ചെരിവുകളും നിരപ്പായ സ്ഥലങ്ങളും നിരപ്പായ പാടശേഖരങ്ങലും അടങ്ങിയതാണ്. ചെങ്കൽ മണ്ണുള്ള ചെറുകുന്നുകളിലും ചെരിവുകളിലും റബ്ബറും നിരപ്പായ ചെമ്മൺ പ്രദേശങ്ങളിൽ തെങ്ങ്, കമുക്, കൊക്കൊ, വാഴ, പച്ചക്കറി എന്നിവയും പാടശേഖരങ്ങളിൽ നെൽകൃഷിയും ചെയ്യുന്നു. നെൽപ്പാടങ്ങളിൽ തന്നെ ഒരു പൂ കൃഷി ചെയ്യുന്നതും ഇരിപ്പൂ കൃഷി ചെയ്യുന്ന പാടശേഖരങ്ങളും ഉണ്ട്. കൃഷിഭൂമിയിലെ വിളകളുടെ വിവരം പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു.

## ഭൂവിനിയോഗം

നമ്മുടെ പഞ്ചായത്തിൽ അധികവും ചെറുകിട ഇടത്തരം കർഷകരാണ്. മൊത്തം കൃഷിഭൂമിയിൽ 46.90 ശതമാനം നാണ്യവിളകളുമാണ് കൃഷിചെയ്യുന്നത്. കൃഷി ലാഭകരമല്ലെന്ന ധാരണ കാർഷിക മേഖലയിൽ ഒരു മുരടിപ്പിനു കാരണമായിട്ടുണ്ട്. ഇത് ഒരളവുവരെ ശരിയുമാണ്. നമ്മുടെ പഞ്ചാ

പട്ടിക 1(1)

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉൽപാദനം (മെട്രിക് ടൺ) | ഉൽപാദന ക്ഷമത (മെട്രിക് ടൺ) |
|---|---|---|---|
| തെങ്ങ് | 858 | 5255250 NOS | 35 NOS |
| റബ്ബർ | 859.360 | 27.065 | 31.7MT |
| നെല്ല് (രണ്ടാം വിള) | 690.634 | 2486.282 | 3.2 |
| നെല്ല് (ഒന്നാം വിള) | 92.772 | 2076.282 | 3.6 |
| കുരുമുളക് | 30 | 33 | 1.1 |
| കമുക് | 10 | 22 | 2.2 |
| പൈനാപ്പിൾ | 15 | 1200 | 80 |
| വാഴ | 80 | 2000 | 25 |
| പയർ | 140 | 3500 | 25 |
| മരച്ചീനി | 25 | 375 | 15 |
| പച്ചക്കറി | 210 | 9450 | 45 |

പട്ടിക 1(2)

| രാസവളം പേര് | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| യൂറിയ | 400MT | 500 MT | 650 MT |
| മസ്സൂറിഫോസ് | 580 MT | 630 MT | 750 MT |
| മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 530 MT | 680 MT | 700MT |
| കീടനാശിനി | | | |
| ഖരം | 100 Kg. | 350 Kg. | 850 Kg. |
| ദ്രവം | 1200 | 2500 | 3200 |

യത്തിലെ ജനങ്ങളുടേയും, കൃഷിവകുപ്പിന്‍േറയും, ജലസേചന വകുപ്പിന്‍േറയും മണ്ണു പരിശോധനാ വിഭാഗത്തിന്‍േറയും നിശ്ചയ ദാര്‍ഢ്യത്തോടെയുള്ള പ്രവര്‍ത്തനം വഴി കാര്‍ഷിക മേഖലയിലെ മുരടിപ്പു മാറ്റുവാനും കാര്‍ഷിക മേഖലയെ മെച്ചപ്പെടുത്തുവാനും കഴിയും.

## വള പ്രയോഗങ്ങള്‍

കാര്‍ഷിക രംഗത്ത് മുന്‍കാലങ്ങളില്‍ പച്ചില വളവും ചാണകവും സര്‍വ്വ സാധാരണമായി ഉപയോഗിച്ചിരുന്നുവെങ്കിലും ഇന്ന് കൃഷി പൂര്‍ണ്ണമായും രാസവളത്തെ ആശ്രയിച്ചാണ് നടക്കുന്നത്. പഴയകാലത്ത് നെല്‍പ്പാടങ്ങള്‍ കൃഷിക്കായി ഒരുക്കുമ്പോള്‍ പച്ചിലച്ചവറും ചാണകവും പാടശേഖരത്തിന്‍െറ പല ഭാഗങ്ങളിലായി ഇടുകയും അതിനു ശേഷം നിലം ഒരുക്കുകയും ചെയ്തിരുന്നു അതുപോലെ തന്നെ മറ്റ് വിളകള്‍ കൃഷി ചെയ്യുമ്പോഴും ചവറും ചാണകവും ഉപയോഗിക്കുമായിരുന്നു. ഇന്ന് ഈ രീതി നാട്ടില്‍ നിന്നും അപ്രത്യക്ഷമായി. അമിതമായ രാസ വള പ്രയോഗവും കീടനാശിനി പ്രയോഗവും നമ്മുടെ കാര്‍ഷിക മേഖലയെ ദോഷകരമായി ബാധിച്ചുവെന്ന് നമ്മുടെ നാട്ടിലെ പ്രായം ചെന്ന കര്‍ഷകര്‍ പറയുന്നു. കാര്‍ഷിക മേഖലയില്‍ രാസ വളം ധാരാളമായി പ്രയോഗിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായ രീതിയില്‍ മണ്ണ് പരിശോധിച്ച് വള പ്രയോഗം നടത്തുന്ന കര്‍ഷകര്‍ നമ്മുടെ നാട്ടില്‍ ഇല്ല എന്നു തന്നെ പറയാം. നമ്മുടെ പഞ്ചായത്തില്‍ അഴിഞ്ഞ മൂന്ന് വര്‍ഷത്തെ വളം കീടനാശിനുനി എന്നിവയുടെ പ്രയോഗം പട്ടിക രണ്ടില്‍ ചേര്‍ത്തിരിക്കുന്നു.

### കാര്‍ഷിക രംഗത്ത് ധനസഹായം നല്‍കുന്ന സ്ഥാപനങ്ങള്‍

കടുത്തുരുത്തി പഞ്ചായത്തില്‍ കാര്‍ഷിക രംഗത്തെ പുരോഗതിക്കായി ധനസഹായം നല്‍കുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. അവയില്‍ പ്രധാനമായും കടുത്തുരുത്തി റീജയണല്‍ സര്‍വ്വീസ് സഹകരണ ബാങ്ക്, കാപ്പുംതല സര്‍വ്വീസ് സഹഹകരണ ബാങ്ക്, കടുത്തുരുത്തി കാര്‍ഷിക സര്‍വ്വീസ് സഹകരണ ബാങ്ക്, മിച്ചഭൂമി കൂട്ടുകൃഷി സംഘംസ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്‍ഡ്യ കാര്‍ഷിക വിഭാഗം, കെ.എച്ച്.ഡി.പ്പി എന്നീ സ്ഥാപനങ്ങള്‍ കര്‍ഷകര്‍ക്ക് കൃഷിയാവശ്യത്തിനായി പണം പലിശക്ക് കൊടുത്ത് സഹായിക്കുന്നു.

### സാങ്കേതിക വിഞ്ജാനം നല്‍കുന്ന സ്ഥാപനം

കടുത്തുരുത്തിയില്‍ ഒരു കൃഷിഭവന്‍ പ്രവര്‍ത്തിക്കുന്നുണ്ട്. കാര്‍ഷിക രംഗത്ത് കൃഷിക്കാര്‍ക്ക് ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുന്നു. നല്ലയിനം വിത്ത് ഉല്‍പാദിപ്പിയ്ക്കുന്ന ഒരു സിഡ് ഫാമും കടുത്തുരുത്തിയില്‍ പ്രവര്‍ത്തിക്കുന്നു. കൂടാതെ അഗ്രിക്കള്‍ച്ചര്‍ ഡിവിഷന്‍ ഓഫീസും കെ.എച്ച്.ഡി.പി.യും പഞ്ചായത്തില്‍ പ്രവര്‍ത്തിക്കുന്നുണ്ട്. റബ്ബര്‍ ബോര്‍ഡിന്‍െറ ഒരു ഫീല്‍ഡ് ആഫീസും പ്രവര്‍ത്തിക്കുന്നു.

### കൃഷിഭവന്‍ അഡൈ്വസറി കമ്മിറ്റി

പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റി വിലയിരുത്തി കൂടുതല്‍ കാര്യക്ഷമവും വിജയകരവുമാക്കുവാന്‍ ഉപദേശം നല്‍കുക, പ്രകൃതി ക്ഷോഭങ്ങള്‍ ഉണ്ടാകുമ്പോള്‍ അടിയന്തിര നടപടി സ്വീക

രിക്കുന്നതിനു കൂട്ടായി പ്രവർത്തിക്കുകയെന്ന ഉദ്ദേശത്തൊടു രൂപീകരിച്ചിട്ടുള്ള കൃഷിഭവൻ അഡ്വൈസറി കമ്മിറ്റിയും കടുത്തിരുത്തിയിൽ പ്രവർത്തിക്കുന്നു. എട്ട് എക്സ് ഒഫീഷ്യാ അംഗങ്ങളും മൂന്ന് പ്രത്യേക ക്ഷണിതാക്കളുമുള്ള ഈ സമിതിയിൽ മൊത്തം 45 അംഗങ്ങളുണ്ട്.

### കീഴൂർ വാട്ടർ ഷെഡ് പ്രോഗ്രാം

കീഴൂർ വാട്ടർ ഷെഡ് വികസന പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ വെള്ളാശ്ശേരി, മാന്നാർ എന്നീ വാർഡുകൾ ഉൾപ്പെടുന്നു. പരിസ്ഥിതി പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് തെരെഞ്ഞെടുക്കപ്പെടുന്ന വാട്ടർഷെഡ് പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളുടേയും സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനു വേണ്ടിയുള്ള ഈ പദ്ധതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ വെള്ളാശ്ശേരി, മാന്നാർ എന്നിവിടങ്ങളിലെ നിരവധി കർഷകർക്ക് സഹായം ലഭിച്ചിട്ടുണ്ട്. വാട്ടർഷെഡ് പദ്ധതി അനുസരിച്ച് കിട്ടിയ സഹായങ്ങളിൽ പ്രധാനമായ ചിലവ: നടീൽ വസ്തുക്കൾ സൗജന്യമായി നൽകൽ, കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായം, റബ്ബർ തോട്ടങ്ങളിൽ ട്രഞ്ച് വെട്ടുന്നതിനുള്ള ധനസഹായം, സൗജന്യടാപിംഗ് കിറ്റ്, കോഴിക്കുഞ്ഞുങ്ങളുടെ വിതരണം എന്നിവയാണ്.

## കാർഷിക സമിതികൾ

മുണ്ടകൻ കൃഷി ചെയ്യുന്ന 26 പാടശേഖര കമ്മിറ്റിയും വിരിപ്പ് കൃഷി ചെയ്യുന്ന അഞ്ച് പാടശേഖര കമ്മിറ്റിയും കടുത്തുരുത്തി പഞ്ചായത്തിലുണ്ട്. വിരിപ്പ് കൃഷി ചെയ്യുന്ന അഞ്ച് പാടശേഖ കമ്മിറ്റികളാലായി 122.216 ഹെക്ടർ നിലവും 233 കർഷകരും നമ്മുടെ പഞ്ചായത്തിലുണ്ട്. മുണ്ടകൻ കൃഷി ചെയ്യുന്ന ഇരുപത്താറു പാടശേഖരങ്ങളിലായി മൊത്തം 690.636 ഹെക്ടർ നിലവും 1799 കർഷകരും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയെക്കൂടാതെ ഒരു

പട്ടിക 1(3)

| നടപ്പിലാക്കിയ പദ്ധതി | 93-94 | 94-95 | 95-96 |
|---|---|---|---|
| നെല്ല് ഐ.പി.ആർ.ഡി. | 14,463 | | |
| ഉൽപാദന ബോണസ് | 21038 | | 164340 |
| കൊക്കോ വികസനം | 10298 | | |
| പച്ചില വള നിർമ്മാണം | 2000 | 3750 | |
| പച്ചക്കറി വികസനം | 1305 | 1030 | 1070 |
| രോഗം വന്ന തെങ്ങ് വെട്ടുന്നതിന് | 3,49800 | | 160000 |
| വിള മത്സരം നെല്ല് | 2500 | 1500 | 2500 |
| കണിക ജലസേചനം | 3393 | 18908 | |
| നഴ്സറി | 16150 | | |
| പൈനാപ്പിൾ | 10000 | | |
| ബയോഗ്യാസ് | 11000 | 24000 | |
| തെങ്ങിന് ഇടവിള കൃഷിക്ക് | 30000 | | |
| തെങ്ങ് വളം | | 15000 | 15000എണ്ണം |
| തെങ്ങിന് കിണർ മോട്ടോർ | 73436 | | 224194 |
| പ്രകൃതിക്ഷോഭം | - | 97808 | |
| ഇഞ്ചി, മഞ്ഞൾ | | 4050 | |
| വാഴ കൃഷിക്ക് | - | - | 15300 |

കുരുമുളക് സംരക്ഷണ സമിതിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### കൃഷി ഭവൻ നടപ്പിലാക്കിയ പദ്ധതികൾ

1. യുവാക്കളെ കൃഷിയുമായി ബന്ധപ്പെടുത്തുന്ന പ്രത്യേക പദ്ധതി അനുസരിച്ച് പഞ്ചായത്തിൽ രണ്ട് ബ്രോയിലർ ചിക്കൻ ഫാമും, രണ്ടു പച്ചക്കറി ഫാമും ഒരു ഡയറി യൂണിറ്റും നൽകി. ബ്രോയിലർ ചിക്കൻഫാം യൂണിറ്റ് ഒന്നിന് 43000 രൂപയും പിഗ്ഗ് ഫാം യൂണിറ്റ് ഒന്നിന് 10000 രൂപയും പച്ചക്കറി ഫാം യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മൊത്തം 94-95 വർഷത്തിൽ 129750 രൂപ സബ്സീഡി നൽകി. കൃഷിഭവൻ യൂത്ത് ക്ളബിൽ80 അംഗങ്ങളാണ് ഉള്ളത്. ഇതിൽ ഏഴുപേർ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാരാണ്.

2. പ്രധാന മന്ത്രിയുടെ പ്രത്യേക നെൽകൃഷി വികസന പദ്ധതി അനുസരിച്ച് 94-95 വർഷത്തിൽ കടുത്തുരുത്തി പഞ്ചായത്തിൽ ആകെ 1296917 രൂപ ചിലവഴിച്ചു. പ്രധാന മന്ത്രിയുടെ നെൽകൃഷി വികസന പദ്ധതി അനുസരിച്ച് 94-95, 95-96 എന്നീ വർഷങ്ങളിൽ ചിലവഴിച്ച തുക പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

കൂടാതെ കർഷകർക്ക് വളരെ പ്രയോജനം ലഭിക്കുന്ന തരത്തിൽ നിരവധി ആനുകൂല്യങ്ങൾ നടപ്പിലാക്കുകയുണ്ടായി. കഴിഞ്ഞ മൂന്ന് വർഷം കൃഷിഭവൻ മുഖേന നടപ്പിലാക്കിയ ചില പദ്ധതികൾ പട്ടിക നാലിൽ ചേർത്തിരിക്കുന്നു.

## ചെറുകിട ജലസേചന വകുപ്പ്

ചെറുകിട ജലസേചന വകുപ്പ് മുഖാന്തിരം 95-96 കാലയളവിൽ 3280000 രൂപ ജലസേചനത്തിനുവേണ്ടി പഞ്ചായത്തിൽ ചിലവഴിച്ചു. 2831800 രൂപയുടെ ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു.

## വിളകൾ

### നെൽ കൃഷി

സംസ്ഥാനത്ത് എഴുപതുകളിൽ 8.88 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്തിരുന്നത് ഇപ്പോൾ അഞ്ചു ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുകയാണ്. 1970 കളിൽ നമ്മുടെ സംസ്ഥാനത്ത് 13.5 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിച്ചിരുന്നു എങ്കിൽ ഇന്ന് അത് 5 ലക്ഷം ടൺ ആയി കുറഞ്ഞിരിക്കുകയാണ്. മറ്റ് കൃഷികളെ അപേക്ഷിച്ച് നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നിലം നികത്തി നാണ്യവിളകൾ കൃഷി ചെയ്യുന്നതും ഇതിനൊരു പ്രധാന കാരണമാണ്. കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകുവാൻ കഴിയുന്നത് നെൽകൃഷിയിലാണ്. നെൽകൃഷിയിലുണ്ടാകുന്ന കുറവ് കർഷക തൊഴാലിളികളുടെ ജീവിതത്തേയും ബാധിക്കും. വളം, കീടനാശിനി, എന്നിവയുടെ വിലയിലുണ്ടാകുന്ന അമിതമായ വർദ്ധനവ് മൂലം ഉൽപ്പാദനച്ചിലവ് വർദ്ധിക്കുകയും ചെയ്തതിനാൽ കർഷകർ നെൽകൃഷി ഉപേക്ഷിക്കുവാൻ നിർബന്ധിതരാവുകയാണ്. ബണ്ടുകളുടെ സുരക്ഷിതത്വം , ജലസേചന- ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തുടങ്ങിയ സൗകര്യങ്ങളുടെ അഭാവം നെൽകൃഷിക്കാർ ഈ രംഗത്തു നിന്നും വിട്ടുപോകുവാൻ കാരണമാകുന്നു. അരിമുഖ്യാഹാരമായ നമ്മുടെ നാട്ടിൽ നെൽകൃഷി ക്രമാതീതമായി കുറഞ്ഞു വരുന്നത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ കേരളത്തിലെ കാലി സമ്പത്തിന് പോഷക മൂല്യമുള്ള ആഹാരമെന്നു പറയുന്നത് വൈക്കോലാണ്. നെൽകൃഷിയിലുണ്ടാകുന്ന കുറവ് നമ്മുടെ നാട്ടിലെ വിപുലമായ കാലി സമ്പത്തിനെ ദോഷകരമായി ബാധിക്കും. ഇതിനൊക്കെ പരിഹാരം കാണുവാൻ നെൽകൃഷിരംഗത്ത് ഉൽപാദനം വർദ്ധിപ്പിച്ചും നെൽകൃഷി വ്യാപിപ്പിച്ചുകൊണ്ടും മാത്രമേ കഴിയൂ.

നെൽപാടങ്ങൾക്ക് അനുസൃതമായ രീതിയിൽ ജലസേചന - ജല നിർഗ്ഗമന സൗകര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിക്കൊണ്ടും ഉൽപാദനച്ചിലവിനനുസൃതമായി നെൽകൃഷിക്ക് സബ്സിഡി അനുവദിച്ചു കൊണ്ടും, പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തിയും വെള്ളപ്പൊക്കത്തിൻെറ തോതനുസരിച്ച് ബണ്ട് ഉയർത്തിയും നെൽപ്പാടങ്ങളിലും മൂന്ന് പൂ കൃഷിയിറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയാൽ ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും.

### കൃഷിയിറക്ക് രീതികൾ

കാലവർഷത്തേയും തുലാവർഷത്തേയും (തെക്കു പടിഞ്ഞാറൻ മൺസൂൺ, വടക്കു കിഴക്കൻ മൺസൂൺ) ആശ്രയിച്ചാണ് നമ്മുടെ നാട്ടിൽ കൃഷിയിറങ്ങുന്നത്. തെക്കു പടിഞ്ഞാറൻ മൺസൂണിനെ ഇടവപ്പാതിയെന്നും വടക്കു കിഴക്കൻ മൺസൂണിനെ തുലാവർഷമെന്നും കർഷകർ പറയുന്നു.

വർഷത്തിൽ ഒരു കൃഷിയിറക്കുന്ന ഒരു പൂ നിലങ്ങളും വർഷത്തിൽ രണ്ട് പ്രാവശ്യം കൃഷിയിറക്കുന്ന ഇരു പൂ നിലങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളിലധികവും കരിനിലങ്ങളാണ്.പ്രധാനമായും രണ്ടു തരം കൃഷി രീതിയാണ് നമ്മുടെ നാട്ടിൽ നിലവിലുള്ളത്. വിരിപ്പ് കൃഷിയും, മുണ്ടകൻ കൃഷിയും. ഞാറ്റുവേലയിൽ ഊന്നിയുള്ള ഒരു കൃഷി സമ്പ്രദായമാണ് പഴയകാലം മുതൽ നിലനിൽക്കുന്നത്. കന്നി- തുലാം മാസങ്ങളിൽ മുണ്ടകൻ കൃഷിയും, മേടം- ഇടവം മാസങ്ങളിൽ വിരിപ്പ് കൃഷിയും സാധാരണമായി നടത്തുന്നു. വിരിപ്പ് കൃഷിക്ക് ശേഷം പച്ചക്കറി കൃഷി ചെയ്യുന്ന പാടശേഖരങ്ങളും നമ്മുടെ നാട്ടിൽ ഉണ്ട്. കടുത്തുരുത്തി പഞ്ചായത്തിലെ മൊത്തം നെല്ലുൽപാദനം 2468 മെട്രിക് ടണ്ണാണ്. സാധാരണയായി നെൽ കർഷകർ പാടശേഖര കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ജലസേചനം ബണ്ട് പണി കച്ചാൽ നിർമ്മാണം തുടങ്ങിയവ പാടശേഖര കമ്മിറ്റികൾ പൊതുവായിട്ടാണ് നടത്തുന്നത്. പഴയകാലത്ത് പച്ചിലച്ചവറും ചാണകവുമായിരുന്നു നെൽകൃഷിക്ക് ഉപയോഗിച്ചിരുന്നത്.

**നെൽകൃഷി രംഗത്ത് രാസവളങ്ങളുടെയും കീടനാശിനികളുടേയും പ്രയോഗം.**

പച്ചിലയും ചാണകവും വിതറി കാളയും കലപ്പയും ഉപയോഗിച്ച് നിലം ഉഴുത് ഒരുക്കിയതിനുശേഷമാണ് മുൻകാലങ്ങളിൽ കൃഷിയിറക്കിയിരുന്നത്. എന്നാൽ ഇന്ന് കാളയുടേയും കലപ്പയുടേയും സ്ഥാനത്ത് ട്രാക്ടറും, ചാണകത്തിൻെറയും ചവറിൻേറയും സ്ഥാനത്ത് രാസവളങ്ങളും പ്രയോഗിക്കുവാൻ തുടങ്ങി. നെൽകൃഷി രംഗത്ത് രാസ വളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം വർദ്ധിക്കുകയും യന്ത്ര വൽക്കരണം സാർവത്രികമാക്കുകയും ചെയ്തതോടെ രാസ വളങ്ങളുടേയും കീടനാശിനികളുടേയും വിലയിലുണ്ടാകുന്ന വർദ്ധനവുമൂലം കൃഷിക്കാർ കൃഷി ഉപേക്ഷിക്കുന്നു.

അൻപതുകളുടെ അവസാനമുണ്ടായ ഭൂ പരിഷ്ക്കരണ നിയമം പാട്ടകുടിയാൻ നിയമം എന്നിവയുടെ ഫലമായി ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ ഭൂമിയുടെ ഉടമകളാവുകയും ചെയ്തതോടെ നെൽകൃഷി മേഖലയിൽ ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടായി. എന്നാൽ ഇത് പിന്നീട് നിലനിർത്തുവാൻ കഴിഞ്ഞില്ല.

## വിരുപ്പ് കൃഷി

ഇടവപ്പാതിയെ ആശ്രയിച്ചാണ് വിരിപ്പ് കൃഷി നടത്തുന്നത്. നമ്മുടെ പഞ്ചായത്തിൽ വിരിപ്പ് കൃഷി നടത്തുന്ന പാടശേഖരങ്ങൾ കുറവാണ്. വിരിപ്പിൽ പൊടിവിത പത്താമു

പട്ടിക 1(4)

| | പാടശേഖരം | വിസ്തീർണ്ണം | കർഷകർ എണ്ണം | ജോലിയുടെ പേര് | തുക |
|---|---|---|---|---|---|
| 93-94 | മാത്താംകരി ബി | 11.656 | 20 | പുറബണ്ട്, ഖച്ചാൽ | 165000 |
| | മാന്നാർ | 86.5 | 246 | പുറബണ്ട്, മോട്ടോർ | 108500 |
| 94-95 | പുലുത്തുരുത്ത് | 37.936 | 75 | പുറബണ്ട് | 429000 |
| | പള്ളിത്താഴം | 37.936 | 75 | മോട്ടോർ, ബണ്ട് | 908000 |
| | വലിയകരി | 8.868 | 27 | മോട്ടോർ ബണ്ട് | 218000 |

ദയത്തിനു നടത്തുമ്പോൾ ഞാറ്റടി തയ്യാറാക്കി ഞാറു പതിച്ചു നടുന്ന രീതി അവലമ്പിക്കുമ്പോൾ രോഹിണി ഞാറ്റുവേലയുടെ ആരംഭത്തിലാണ് കർഷകർ ,സാധാരണയായി നടത്തുന്നത്. രോഹിണി ഞാറ്റുവേലയിൽ വിരിപ്പ് കൃഷി നടത്തിയാൽ ഉൽപ്പാദനം വർദ്ധിക്കുമെന്നതാണ് കർഷകരുടെ അനുഭവം. എന്നാൽ തൊട്ടടുത്ത മകയിരം ഞാറ്റുവേലയിൽ കൃഷിയിറക്കിയാൽ ഉൽപാദനം കുറയുമെന്ന് കർഷകർ വിശ്വസിക്കുന്നു.

വിരിപ്പ് കൃഷി സാധാരണയായി മൂന്ന് രീതിയിൽ നടത്തുന്നു.

1. പൊടിവിത.
2. ഞാറ്റടി
3. അടിച്ചു വിത.

## പൊടിവിത

ഇത് സാധാരണയായി പത്താമുദയത്തിനാണ് കർഷകർ നടത്തുന്നത്. മുളപ്പിക്കാത്ത വിത്ത് നെൽപ്പാടങ്ങളിൽ വിതച്ചതിനുശേഷം നിലം ഉഴുത് വിത്ത് മണ്ണിനടിയിലാക്കുന്ന കൃഷിരീതിയാണിത്. പൊടിവിത കൃഷി രീതിയിൽ വള പ്രയോഗങ്ങൾ കുറവാണ്.

## അടിച്ചു വിത

വിരിപ്പ് കൃഷിയിൽ അപൂർവ്വമായി മാത്രം നടത്തുന്ന രീതിയാണിത്. നിലം ഉഴുത് ഒരുക്കിയതിനുശേഷം മുളപ്പിച്ച് വിത്ത് വിതക്കുന്നു.

## ഞാറ്റടി

വിത്ത് ഏതെങ്കിലും സ്ഥലത്ത് പാകിയതിനുശേഷം നിലം ഉഴുത് ഒരുക്കി ഞാറ് പറിച്ചു നടുന്ന രീതിയാണിത്. രോഹിണി ഞാറ്റുവേലയിലാണ് ഈ കൃഷിയിറക്കുന്നത്. മൂപ്പ് കുറഞ്ഞ വിത്തിനങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത്.

ഞാറിന് നാല് ഇലയായാൽ പറിച്ചു നടുന്നു. ഈ പ്രായത്തിൽ ചിനപ്പുകളും പുതിയ വേരുകളും പൊട്ടിമുളയ്ക്കുന്നത് നടുമ്പോൾ ഒരു ചുവട്ടിൽ മൂന്ന് ഞാറുവീതമാണ് നടുന്നത്. നാല് സെൻറീമീറ്ററിൽ കൂടുതൽ താഴ്ത്തി നടാറില്ല.



കൂടുതൽ താഴ്ത്തിയാൽ ചിനപ്പുകളിൽ പൊട്ടലും വേരുകളുടെ വളർച്ചയും കുറയും. ഇത് വിളവിനെ കാര്യമായി ബാധിക്കും. മുൻകാലങ്ങളിൽ ഞാറു നടുമ്പോൾ സ്ത്രീ തൊഴിലാളികൾ പാട്ടുപാടി പാട്ടിൻെറ ഈണത്തിൽ ഞാറു നടുമായിരുന്നു. എന്നാൽ ഈ രീതി ഇന്ന് കാൺമാനില്ല. കടുത്തുരുത്തി പഞ്ചായത്തിൽ വിരിപ്പ് കൃഷി നടത്തുന്ന പാടശേഖരങ്ങൾ പട്ടിക അഞ്ചിൽ കൊടുത്തിരിക്കുന്നു.

## മുണ്ടകൻ കൃഷി

കന്നി-തുലാം മാസത്തോടുകൂടിയാണ് മുണ്ടകൻ കൃഷിയിറക്കുന്നത്. നമ്മുടെ

പട്ടിക 1(5) വിരിപ്പ് കൃഷി പാടശേഖരം

| പാടശേഖരത്തിൻെറ പേര് | വിസ്തീർണ്ണം | കർഷകർ |
|---|---|---|
| കല്ലറ വടക്കു പടിഞ്ഞാറേ പുറം | 20.496 | 47 |
| മാത്താംകരി എ | 52.012 | 133 |
| മാത്താംകരി ബി | 11.692 | 19 |
| പാങ്ങോട്ടുപാടം | 8.572 | 18 |
| മണക്കാട്ടുവേലി- പിളിക്കയിൽ | 29.444 | 36 |



നാട്ടിൽ വടക്കു കിഴക്കൻ മൺസൂൺ അഥവ തുലാവർഷത്തെ ആശ്രയിച്ചു പെയ്യുന്ന കൃഷാരീതിയാണിത്. പഞ്ചായത്തിൽ മൊത്തം 690.634 ഹെക്ടറിൽ മുണ്ടകൻ കൃഷി നടത്തുന്നു. മുണ്ടകൻ കൃഷിയിൽ 90-105 വരെ മൂപ്പുള്ള വിത്തുകളാണ് ഉപയോഗിക്കുന്നത്. അത്തം ഞാറ്റുവേലയിൽ കർഷകർ ഞാറു പറിച്ചു നടുന്നത്. ഏറ്റവും ചിലവേറിയ മുണ്ടകൻ കൃഷാക്കാണ്. പാടം ഉഴുത് ഒരുക്കിയതിനുശേഷം വിത്ത് മുളപ്പിച്ച് വിതച്ചാണ് കൃഷി ചെയ്യുന്നത്. വള പ്രയോഗം ഏറ്റവും കൂടുതലുള്ള കൃഷിയുമാണിത്. വളപ്രയോഗവും കീടനാശിനിയുടെ പ്രയോഗവും ഈ കൃഷി രീതിയിൽ കൂടുതലായി വേണ്ടിവരും.

**പട്ടിക1(6) മുണ്ടകൻ കൃഷി പാടശേഖരം**

| | പാടശേഖരത്തിൻെറ പേര് | വിസ്തീർണ്ണം | കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | മാത്താംകരി എ ബ്ലോക്ക് | 52.012 | 113 |
| 2. | മാത്താംകരി ബി ബ്ലോക്ക് | 11.692 | 19 |
| 3. | മധുരവേലി പടിഞ്ഞാറെപ്പുറം | 88.792 | 219 |
| 4 | മാന്നാർ തെക്കുംപുറം | 82.4 | 246 |
| 5 | മാന്നാർ പുത്തൻകരി | 19.828 | 49 |
| 6 | മധുരവേലി വടക്കു പടിഞ്ഞാറെപ്പുറം | 7.736 | 11 |
| 7 | മാന്നാർ മിച്ചഭൂമി | 59.772 | 322 |
| 8 | മണക്കാട്ടുവേലി - പുളിക്കൽ | 29.444 | 36 |
| 9 | ആയാംകുടി പടിഞ്ഞാറെപ്പുറം | 37.936 | 75 |
| 10 | ആപ്പാഞ്ചിറ ബി | 10.8 | 29 |
| 11 | എരുമത്തുരത്ത് കിഴക്കുപുറം | 13.428 | 31 |
| 12 | എഴുമാത്തുരത്ത് കിഴക്കുപുറം | 13.796 | 31 |
| 13 | എരുമത്തുരത്ത് പടിഞ്ഞാറെപ്പുറം | 25.736 | 60 |
| 14 | കല്ലറ വടക്കുപടിഞ്ഞാറേപ്പുറം | 20.496 | 47 |
| 15 | കരിക്ളാക്കേരി | 22.504 | 57 |
| 16 | കാരിച്ചാൽ | 10.148 | 13 |
| 17 | വാലാച്ചിറ | 23.88 | 46 |
| 18. | വലിയകരി | 8.868 | 19 |
| 19 | വിരിത്തിക്കരി | 11.344 | 30 |
| 20 | വെള്ളാശ്ശേരി | 54.122 | 125 |
| 21 | തെക്കേമനക്കക്കരി | | |
| 22 | പുലുത്തുരുത്ത്A, B | 15.508 | 37 |
| 23 | പുലിത്തുരുത്ത് | 22.212 | 46 |
| 24 | പാങ്ങോട്ടുപാടം | 8.572 | 18 |
| 25 | പുള്ളിത്താഴം | 6.78 | 32 |
| 26 | തടത്തുരുത്ത് | 9.2 | 20 |

കടുത്തുരുത്തി പഞ്ചാത്തിലെ മുണ്ടകൻ കൃഷി ചെയ്യുന്ന പാടശേഖരങ്ങലുടെ പേര് പട്ടിക ആറിൽ കൊടുത്തിരിക്കുന്നു.

പഴയ വിത്തിനങ്ങൾ; പഴയ രീതികൾ

പഴയകാലത്ത് ഉപയോഗിച്ചിരുന്ന പല വിത്തിനങ്ങളും ഇന്ന് പ്രയോഗത്തിലില്ല. മുൻകാലങ്ങലിൽ വിരിപ്പു കൃഷിക്ക് കാരാര്യൻ, പൊന്നാര്യൻ, വെളുത്താര്യൻ, കറുത്താര്യൻ തുടങ്ങിയവയും മുണ്ടകൻ കൃഷിക്ക് ചെമ്പാവ്, H4 തവളക്കണ്ണൻ, ഇട്ടിക്കണ്ടപ്പൻ, ഇട്ടുമുണ്ടകൻ, വെള്ളമുണ്ട, ഞവര എന്നീ വിത്തിനങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് ഈ വിത്തിനങ്ങൾ നിലവിൽ ഇല്ല. IR 8 എന്ന അത്യുൽപാദന ശേഷിയുള്ള വിത്തിനവും ഇപ്പോൾ കാൺമാനില്ല.

പഴയകാലത്ത് നെൽപാടങ്ങളിൽ ജലസേചന സൗകര്യത്തിനായി ചക്രം ഉപയോഗിക്കുക പതിവായിരുന്നു. എന്നാൽ ഇന്ന് രീതി കാൺമാനില്ല.

> നാം കാണുന്ന കൃഷിഭൂമിയെല്ലാം അദ്ധ്വാനശീലരായിരുന്ന നമ്മുടെ പൂർവ്വികൻമാരുടെ സൃഷ്ടിയാണ്. അവർ കാടുതെളിച്ചും കായലുകളിൽ വരമ്പു മാടിയും ഇവിടെ നെൽപ്പാടങ്ങളും പറമ്പുകളും തീർത്തു. അങ്ങനെ പൂർവ്വികരുടെ സുകൃത ഫലം അനുഭവിച്ചുകൊണ്ടിരിക്കുന്ന നാം അവർ നൽകിയ പൈതൃകം ധൂർത്തടിക്കുന്നതിനുള്ള നല്ലൊരു ഉദാഹരണമാണ് ഇന്ന് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന നെൽപ്പാടങ്ങൾ നികത്തിയെടുക്കൽ

## പ്രത്യേക വിത്തിനങ്ങൾ

ചെമ്പാവ് - ചെമ്പാവ് സാധാരണയായി മുണ്ടകൻ കൃഷാക്കാണ് ഉപയോഗിക്കുന്നത്. ചെമ്പാവ് വിത്ത് വിരിപ്പ് കൃഷിക്ക് മാറി ഉപയോഗിച്ചാലും വിളവിനു പാകമാകുന്നത് വിരിപ്പ് കൃഷിയുടെ വിളവെടുപ്പ് കാലത്ത് ആയിരിക്കുകയില്ല.

## കൂട്ടുമുണ്ടകൻ

മുണ്ടകൻ വിരിപ്പ് കൃഷിസമയത്ത് വെളുത്ത മുണ്ട കൂട്ടുവിത്തായി ചേർത്തു വിതയ്ക്കുന്നു. രണ്ടു വിത്തും ഒരുപോലെ വളർന്നു വരും. എന്നാൽ വെള്ളമുണ്ട ചിങ്ങത്തിൽ പാകമാകുകയും ചെയ്യുന്നു. ചിങ്ങത്തിൽ ആദ്യ കൊയ്ത്തിലൂടെ വെള്ളമുണ്ട കൊയ്ത്ത് എടുക്കുകയും മുണ്ടകൻ പിന്നീട് പൊട്ടിക്കിളിർക്കുകയും മകരത്തിൽ കൊയ്ത്ത് എടുക്കുയും ചെയ്യുന്നു.

വിത്ത്

രോഗം ബാധിക്കാത്തതും നല്ല പിഷ്ടിയുള്ളതുമായ കതിരിനു രാവിലെ മുതൽ വൈകിട്ടുവരെ വെയിൽ കിട്ടുന്നതുമായപാടശേഖരത്തിൽ നിന്നുമാണ് വിത്ത് ശേഖരിക്കുന്നത്. വിത്ത്, നെല്ല് കൊയ്ത്ത് എടുത്ത ദിവസം തന്നെ മെതിക്കുന്നു. വിത്ത് നെല്ല് മെതിച്ചതിനുശേഷം നാഴികക്ക് നാലുപ്രാവശ്യം ഇളക്കി ഉണക്കുകയും ഉണക്കിയെടുത്ത വിത്ത് നെല്ല് കുറഞ്ഞത് മൂന്ന് ദിവസം മഞ്ഞും വെയിലും കൊള്ളിക്കുന്നു.

ഉണക്ക് പാകമാണോ എന്ന് അറിയുന്നതിന് വിത്ത് ഒടിച്ചു നോക്കുന്നു. സൂചിവണ്ണത്തിൽ കണ്ണിന്റെ വശത്തായി വെളുത്ത കാമ്പുള്ളവയാണ് നന്നായി ഉണങ്ങിയ വിത്ത്.

വിത്ത് വിതയ്ക്കുന്നതിനു മുൻപ് കിളിർപ്പിക്കാനായി വെള്ളത്തിലിട്ട് പതിനെട്ടാം മണിക്കൂറിൽ വാരി ചാക്കിൽ വെക്കുന്നു. ഈ വിത്ത് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ വിതക്കുന്നു. ഇങ്ങിനെയാണ് പഴയ കൃഷിക്കാർചെയ്തിരുന്നത്. വിത്തിനെ സംബന്ധിച്ച് പഴമക്കാർ പറയുന്നത് 'വേരു വരണം മുള വരാൻ പാടില്ല' എന്നാണ്.

## നെൽകൃഷി പ്രശ്നങ്ങൾ

1. ഉൽപാദനച്ചിലവിനനുസൃതമായി കർഷകന് വില ലഭിക്കുന്നില്ല. വളം, കീടനാശിനി, കൃഷി ഉപകരണങ്ങൾ, എന്നിവയുടെ വില വർദ്ധനവാണ് ഇതിന് കാരണം. ഉദാരവൽക്കരണവും പുത്തൻ സാമ്പത്തിക നയം കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചു.

2. പാടശേഖരങ്ങൾക്ക് ബലവത്തായ പുറബണ്ടുകളില്ല. പുറ ബണ്ടുകൾ നിർമ്മിക്കുമ്പോൾ വെള്ളപ്പൊക്കത്തിന്റെ തോതനുസരിച്ചല്ല ബണ്ട് നിർമ്മിക്കുന്നത്.

3. ശാസ്ത്രീയമായ കൃഷി രീതി നടത്തുന്നതിന് മണ്ണ് പരിശോധിക്കുന്നതിനുള്ള സൗകര്യമില്ല.

4. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്.

5. നെൽപ്പാടങ്ങൾ നികത്തുന്ന സമ്പ്രദായം

6. കൃഷിഭൂമി തരശിടൽ തടയുവാൻ കഴിയാത്തത്.

7. പാടശേഖരങ്ങൾക്ക് ആവശ്യമായ ജല സേചന - ജലനിർഗ്ഗമന സംവിധാനം ഇല്ല.

നെൽപ്പാടങ്ങൾ നികത്തുന്നത് ശരിയോ ?

നാം കാണുന്ന കൃഷിഭൂമിയെല്ലാം അദ്ധ്വാന ശീലരായിരുന്ന നമ്മുടെ പൂർവ്വികൻമാരുടെ സൃഷ്ടിയാണ്. അവർ കാടുതെളിച്ചും കായലുകളിൽ വരമ്പു മാടിയും ഇവിടെ നെൽപ്പാടങ്ങളും പറമ്പുകളും തീർത്തു. അങ്ങനെ പൂർവ്വികരുടെ സുകൃതഫലം അനുഭവിച്ചുകൊണ്ടിരിക്കുന്ന നാം അവർ നൽകിയ പൈതൃകം ധൂർത്തടിക്കുന്നതിനുള്ള നല്ലൊരു ഉദാഹരണമാണ് ഇന്ന് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന നെൽപ്പാടങ്ങൾ നികത്തിയെടുക്കൽ ഇത് ശരിയോണോ? നെല്ലിനു വില വർദ്ധിപ്പിച്ചാൽ പ്രശ്നം തീരുമോ?

## തെങ്ങ്കൃഷി

കേരളത്തിന്റെ അഭിവൃദ്ധി തെങ്ങുകൃഷിയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. എന്നാൽ ഇന്ന് തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഒരു ഹെക്ടർ സ്ഥലത്തെ തെങ്ങിൽ നിന്നും 11000 നാളികേരം വീതം ഉൽപാദിക്കുമ്പോൾ കേരളത്തിലെ ഉൽപാദനം 6000 മാത്രമാണ്. ഇതിൽ നിന്നും മനസിലാവുന്നത് നമ്മുടെ നാട്ടിലെ കേര കർഷകർ കേര കൃഷിയെ വേണ്ടത്ര പ്രാധാന്യത്തോടെ കാണുന്നില്ല എന്നതാണ്.



മുൻ കാലങ്ങളെ അപേക്ഷിച്ച് നമ്മുടെ നാട്ടിലെ തെങ്ങിന്റെ രോഗ പ്രതിരോധ ശേഷിയും കുറഞ്ഞു വരികയാണ്. പുതിയ വികസന പദ്ധതിയുമായി ബന്ധപ്പെടുത്തി ഇതന്റെയൊക്കെ കാരണങ്ങൾ കണ്ടുപിടിക്കുവാനും അവക്ക് ജനങ്ങളുടെയും പഞ്ചായത്തിന്റേയും കൂട്ടായ പരിശ്രമത്തിലൂടെ പരിഹാരം കാണുവാൻ കഴിയണം.

അതിപുരാതന കാലം മുതൽക്ക് തന്നെ നമ്മുടെ നാട്ടിൽ തെങ്ങ് കൃഷി നിലവിലുണ്ടായിരുന്നു. രാമായണത്തിലും സംഘം കൃതികളിലും തെങ്ങിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സംഘം കൃതിയിൽ ചേര രാജ്യത്തെ ക്കുറിച്ച് പ്രദിപാദിക്കുന്നത് 'നെല്ലും, മീനും,കള്ളും അവിടെ സുലഭമായിരുന്നുവെന്നും കുലതാഴ്ന്ന തെങ്ങും വിശാലമായ വയലും മലയാകുന്ന വേലിയും നിലാവു പോലുള്ള വെൺമണലും ഉള്ള തൊണ്ടിനാട്' ചേര രാജ്യത്തിന്റെ ഭാഗമായിരുന്നു. എന്നാൽ ഇന്ന് വിശാലമായ തെങ്ങിൻ തോപ്പുകൾ കുറഞ്ഞു വരികയാണ്. തെങ്ങിന്റെ രോഗ പ്രതിരോധ ശേഷി കുറഞ്ഞു വരികയും തെങ്ങ് രോഗങ്ങൾ വ്യാപിക്കുന്നതും കൃഷി ലാഭകരമല്ലാത്തതുമാണതിനു കാരണം.

നമ്മുടെ പഞ്ചായത്തിൽ മൊത്തം 858 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്യു

ന്നത്. സംസ്ഥാനത്ത് മൊത്തം 500 കോടി നാളികേരമാണ് പ്രതിവർഷം ഉൽപാദിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ നാളികേരത്തിൻെറ പ്രതി വർഷ ഉൽപാദനം 5255250 ആണ്. നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നം ഉൽപ്പാദന ചിലവിൽ വരുന്ന വർദ്ധനവും ജലസേചന സൈകര്യങ്ങളുടെ അപര്യാപ്തതയുമാണ്. മുൻ കാലങ്ങളിൽ കൃഷിക്കാർ പച്ചില വളവും ചാണകവും ഉപയോഗിച്ച് കൃഷി ചെയ്തിരുന്നുവെങ്കിൽ ഇന്ന് അത് മാറി പച്ചില വളങ്ങളുടേയും ചാണകത്തിൻേറയും സ്ഥാനം രാസ വളങ്ങൾ കയ്യടക്കിയിരിക്കുകയാണ്. പഴയ കാലത്ത് രോഗം വരാതിരിക്കാനും വിളവ് കൂട്ടുവാനും കർഷകർ പ്രധാനമായും ചെയ്തിരുന്ന ഒരു നാടൻ രീതിയാണ് തെങ്ങിൻെറ മണ്ട വൃത്തിയാക്കി പൂക്കുല കേടുവരാതിരിക്കുവാൻ ശ്രദ്ധിക്കുകയെന്നത്. എന്നാൽ തേങ്ങയിടുവാൻ പോലും തെങ്ങു കയറ്റക്കാരെ കിട്ടാത്ത ഇക്കാലത്ത് തെങ്ങിൻെറ മണ്ട വൃത്തിയാക്കുകയെന്ന ജോലി ഇപ്പോൾ കർഷകർ ചെയ്യിക്കാറില്ല. തൻമൂലം തെങ്ങിൻെറ മണ്ടയെ ബാധിക്കുന്ന പല രോഗങ്ങളും ഇന്ന് സാർവ്വത്രീകമായി മാറിയിരിക്കുകയാണ്. പഴയ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ നാട്ടിലെ തെങ്ങുകളുടെ രോഗപ്രതിരോധ ശേഷിയും കുറഞ്ഞു വരികയാണ് എന്നത് ഒരു വസ്തുതയാണ്. മറ്റൊന്ന് കേടു വന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങുവയ്ക്കുന്ന രീതി വേണ്ടത്ര രീതിയിൽ കർഷകർ ശ്രദ്ധിക്കുന്നില്ല എന്നുള്ളതാണ്. കൃഷിഭവൻ മുഖേനയുള്ള കേടു വന്ന തെങ്ങ് വെട്ടി മാറ്റി പകരം തെങ്ങു വയ്ക്കുന്ന പദ്ധതി വേണ്ടത്ര പുരോഗതിയിൽ നടക്കുന്നില്ല. നല്ലയിനം T x D, കുറ്റ്യാടി തുടങ്ങിയ ഇനം തെങ്ങുകൾ കൃഷി ചെയ്യുന്നതിൽ നമ്മുടെ നാട്ടിലെ കർഷകർ ഉപ്പോൾ താല്പര്യം കാണിക്കുന്നുണ്ട്. നല്ലയിനം തെങ്ങിൽ തൈകൾ ഉൽപാദിപ്പിക്കുന്ന സ്വകാര്യ നഴ്സറികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൻെറ വിവധ ഭാഗങ്ങളിൽ കള്ള് ഉൽപാദിപ്പിക്കുന്നതിനു വേണ്ടി തെങ്ങ് ചെത്താൻ കൊടുക്കുന്ന കർഷകരും ധാരാളമുണ്ട്.

കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. വെളിച്ചെണ്ണയ്ക്ക് വേണ്ടി മാത്രം നാം തെങ്ങ് കൃഷി നടത്തുകയെന്നത് മാറി നാളികേരത്തിൻെറ ഉപയോഗം വൈവിധ്യവൽക്കരിച്ചെങ്കിൽ മാത്രമെ ഈ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

## വിത്ത് തേങ്ങ

വിത്ത് തേങ്ങയ്ക്ക് സാധാരണയായി കർഷകർ പാക്ക് തേങ്ങയെന്നാണ് പറയുന്നത്. പാക്ക് തേങ്ങക്ക് വേണ്ടി കർഷകർ പ്രത്യേക തെങ്ങ് തെരഞ്ഞെടുക്കുകയും ഈ തെങ്ങിലെ തേങ്ങ നല്ല മൂപ്പ് എത്തിയതിനു ശേഷം മാത്രമേ ഇടുകയുള്ളൂ. രോഗ ബാധിതമല്ലാത്ത പ്രദേശങ്ങളിൽ നിന്നുമാണ് വിത്ത് തേങ്ങ എടുക്കുന്നത്. ഇത് ഡിസംബർ-ജനുവരി മാസത്തിൽ ആണ് സാധാരണയായി കർഷകർ എടുക്കുന്നത്. 20 വർഷത്തിനു മേൽ പ്രായമുള്ളതും വർഷത്തിൽ 80 തേങ്ങയിൽ കുറയാതെ കായ്ക്കുന്നതും ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലുമുള്ള തെങ്ങിൽ നിന്നുമാണ് വിത്തിനുള്ള തേങ്ങയെടുക്കുന്നത്. തേങ്ങായിട്ടാലുടൻ മണൽകൂട്ടി പാകുന്നു.

## തെങ്ങ് നടുന്ന രീതി

സാധാരണയായി തെങ്ങ് നടുന്നത് ചിങ്ങമാസത്തിലെ ഉത്രാടത്തിനാണ്. ഓരോ പ്രദേശത്തേയും ജലാംശത്തിൻെറ അളവ് മനസ്സിലാക്കി അതിനനുസൃതമായാണ് കുഴിയെടുക്കുന്നത്. തെങ്ങുവളർന്നു വരുമ്പോൾ അതിൻെറ വേരുപൊട്ടുന്ന ഭാഗമായ കല്ല മണ്ണിനടിയിലാകേണ്ടത് അത്യാവശ്യമാണ്. സാധാരണപ്രദേശങ്ങളിൽ രണ്ട് മൂന്ന് അടി താഴ്ത്തി കുഴിയെടുത്താണ് തെങ്ങ് വയ്ക്കുന്നത്. കുന്നിൽ പ്രദേശങ്ങളിൽ മൂന്ന് നാല് അടി താഴ്ത്തി കുഴിയെടുത്താണ് തെങ്ങ് വയ്ക്കുന്നത്. കുന്നിൽ പ്രദേശങ്ങളിലും ജലവിതാനം തീരെ താഴ്ന്ന പ്രദേശങ്ങളിലും മൂന്ന് നാല് അടി താഴ്ത്തി കുഴിയെടുക്കുന്നത് ആണ് നല്ലത്.

പാടശേഖരണങ്ങളിൽ തെങ്ങിൻ തൈ വയ്ക്കുമ്പോൾ ജലവിതാനം വളരെ മുകളിലായതിനാൽ കൂന വെട്ടി കൂനയിൽ മണൽ ഇട്ട് തെങ്ങിൽ തൈ വെയ്ക്കുന്നു.

## വളപ്രയോഗം

തെങ്ങിന് സാധാരണയായി മഴക്കാലത്ത് തടം എടുത്ത് ചാണകവും പച്ചില വളവും ഇടുന്നു. ഇത് കൂടാതെ ഒരു വർഷത്തിൽ തെങ്ങൊന്നിന് 1100 ഗ്രാം യൂറിയായും 1600 ഗ്രാം സൂപ്പർ ഫോസ്ഫേറ്റും 2040 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർക്കുന്നു.

ഇവയിൽ ആദ്യവളപ്രയോഗം ഏപ്രിൽ മെയ്മാസത്തിലും രണ്ടാമത്തെ വളപ്രയോഗം സെപ്റ്റംബർ ഒക്ടോബറിലും നടത്തുന്നു. ജൂൺ-ജൂലായ് മാസങ്ങളിൽ തടിയിൽ നിന്നും1.5 മീറ്റർ അകലത്തിൽ തടം എടുത്ത് വളം ഇടുന്നു.

## ജലസേചനം

വേനൽക്കാലം ആരംഭിക്കുന്നതോടെ തെങ്ങിൻെറ തടങ്ങളിൽ പൂതയിടുന്നു. ഡിസംബർ-ജനുവരി മാസം മുതൽ തെങ്ങിനു ജലസേചനം തുടങ്ങുന്നു. ജല ലഭ്യത കുറവുള്ളിടത്തും ചരിവുള്ളിടത്തും കാന്തിക ജലസേചനമാണ് നടത്തുന്നത്. ഡിസംബറിൽ ഒരു തെങ്ങിന് കുറഞ്ഞത് 40 ലിറ്റർ വെള്ളമെങ്കിലും ഒഴിക്കണം. പറമ്പിൽ കാന കീറി വെള്ളം ഒഴുക്കി തെങ്ങിൽ തടങ്ങളിൽ കെട്ടിനിർത്തുന്ന സമ്പ്രദായവും കർഷകർ സാധാരണയായി ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള ജലസേചനം സാധാരണയായി എട്ടു ദിവസത്തിലൊരിക്കൽ ചെയ്താൽ മതിയാവും.

## ഇടവിള

തെങ്ങിന് ഇടവിളയായി കർഷകർ വാഴ, കൊക്കൊ തുടങ്ങിയവ കൃഷി ചെയ്യുന്നു. നേന്ത്രവാഴ, മൈസൂർ പൂവൻ തുടങ്ങിയ വാഴകളാണ് തെങ്ങിന് ഇടവിളയായി നടുന്നത്. കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നവരുമുണ്ട്.

## രോഗങ്ങൾ

തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ പ്രധാനമായും കാറ്റുവീഴ്ച, ചെന്നീർ ഒലിപ്പ്, ഓലമഞ്ഞലിപ്പ് എന്നിവയും കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി മുതലായവ കീടബാധയുമാണ്. ഇവയിൽ ചെന്നീർ ഒലിപ്പ് അഥവ സ്റ്റംബ്ളീഡിംഗ് നമ്മുടെ നാട്ടിൽ അപൂർവ്വമായി മാത്രമെ കണ്ടുവരുന്നുള്ളൂ.

## കാറ്റുവീഴ്ച

കേരളത്തിലെ തെങ്ങു കൃഷിയുടെ ഏറ്റവും വലിയ ശാപമായി മാറിയിരിക്കുന്ന കാറ്റു വീഴ്ച ആദ്യമായി കണ്ടത് 1882-ൽ കോട്ടയം ജില്ലയിലാണ്. നമ്മുടെ നാട്ടിൽ ഇന്ന് ഈ രോഗം സർവ്വസാധാരണമായി കണ്ടുവരുന്നു.

പ്രധാന പ്രശ്നങ്ങൾ

1. ജലസേചന സൗകര്യം തീരെയില്ലാ എന്നുള്ളതാണ് പ്രധാന പ്രശ്നം.

2. തെങ്ങ് വെട്ടി മാറ്റി റബ്ബർ കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നു ഇത് തെങ്ങ് കൃഷിയേയും തേങ്ങ ഉൽപ്പാദനത്തെയും ദോഷകരമായി ബാധിക്കും.

3. ഉൽപ്പാദനച്ചിലവ് കർഷകർക്ക് താങ്ങാനാവാത്ത രീതിയിൽ വർദ്ധിക്കുന്നു.

4. ഉൽപ്പാദനച്ചിലവിനനുസൃതമായി വില ലഭിക്കുന്നില്ല.

5. ഉദാരവൽക്കരണവും പുത്തൻ സാമ്പത്തിക നയവും തെങ്ങുകൃഷിയെയും പ്രതികൂലമായി ബാധിച്ചു.

6. ശാസ്ത്രീയ കൃഷി രീതിയുടെയും, ശാസ്ത്രീയ വളപ്രയോഗത്തിൻെറയും അഭാവം.

7. തെങ്ങുകയറ്റ തൊഴിലാളികളെ കിട്ടാനില്ല.

8. പ്രകൃതിക്ഷോഭം

9. കാർഷിക ലോണുകളുടെ അമിതപലിശ, കിട്ടുവാനുള്ള കാല താമസം.

പ്രതിവിധികൾ

1. അസുഖം വന്ന തെങ്ങ് വെട്ടി മാറ്റുന്നതിനുള്ള സഹായ പദ്ധതി വ്യാപിപ്പിക്കുക. എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കണം. എല്ലാ നാളികേരകർഷകർക്കും ഈ പദ്ധതിയുടെ ഗുണം കിട്ടിയെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണം.

2. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. ട്രിപ്പ് ഇറിഗേഷൻ പദ്ധതി വ്യാപിപ്പിക്കുക.

3. തെങ്ങ് രോഗങ്ങൾക്കെതിരെ സൗജന്യ മരുന്നു തളി നടപ്പിലാക്കുക.

4. വളം, കീടനാശിനി, കൃഷി ഉപകരണങ്ങളുടെ വിലവർദ്ധനവ് തടയുക. ഇവയ്ക്ക് സബ്സിഡി നൽകുക.

5. കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പകളുടെ പലിശ കുറയ്ക്കുക. വായ്പ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

6. പ്രകൃതിക്ഷോഭം ഉണ്ടായാൽ ഉടൻ സഹായമെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

7. ശാസ്ത്രീയ കൃഷിരീതിയെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.

8. ഉൽപ്പാദനച്ചിലവിനനുസൃതമായി വില ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9. നാളികേരത്തിൻെറ ഉപയോഗം വൈവിധ്യവൽക്കരിക്കുക. ഇളനീരിൽ നിന്നും മറ്റ് ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള ഗവേഷണത്തിനു മുൻതൂക്കം നൽകുക.

## റബ്ബർകൃഷി

ഇൻഡ്യയിലുല്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിൻെറ 92 ശതമാനം ഉൽപ്പാദിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. 1960-കളിലാണ് റബ്ബർ പഞ്ചായത്തിൽ കൃഷി ചെയ്യുവാൻ തുടങ്ങിയത്. ആദ്യമൊക്കെ വളരെ ചുരുക്കം റബ്ബർ കർഷകരെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളോടെ റബ്ബർ കൃഷി വിപുലമാക്കുകയും 1980 കളിൽ റബ്ബർ കൃഷി വ്യാപകമാകുകയും ചെയ്തു.



ആദ്യകാലങ്ങളിൽ കൂടുതൽ സ്ഥലമുള്ളവർ മാത്രം റബ്ബർ കൃഷി ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് റബ്ബർ കൃഷി സാർവ്വത്രികമായി മാറിയിരിക്കുന്നു. ഭൂമിയുടെ വിസ്തീർണ്ണം എത്ര കുറവാണെങ്കിലും റബ്ബർ കൃഷി ചെയ്യുകയെന്ന രീതിയിലേക്ക് നമ്മുടെ നാട്ടിലെ ജനങ്ങളെത്തിച്ചേർന്നു. റബ്ബർ കൃഷി വളരെ ആദായകരമായതുകൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്. നെൽപ്പാടങ്ങൾ നികത്തിയും തെങ്ങിൻ തോപ്പുകളിലെ തെങ്ങ് വെട്ടി മാറ്റിയും റബ്ബർ കൃഷി ചെയ്യുന്ന ധാരാളം കർഷകർ നമ്മുടെ നാട്ടിലുണ്ട്.

കടുത്തുരുത്തി പഞ്ചായത്തിലെ മൊത്തം കൃഷി ഭൂമിയിൽ 857.360 ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നത്. പഞ്ചായത്തിൻെറ കടുത്തുരുത്തി, വെള്ളാശ്ശേരി, വാലാച്ചിറ,

പട്ടിക1(7)

| അകലം | | കുഴികളുടെ എണ്ണം | |
|---|---|---|---|
| മീറ്റർ | അടി | ഒരുഹെക്ടറിൽ | ഒരു ഏക്കറിൽ |
| 4.50x4.50 | 15x15 | 479 | 193 |
| 4.90x4.90 | 16x16 | 420 | 176 |
| | കൂടുതൽ ചെരിവുള്ള ഭൂമിയിൽ | | |
| 6.10x3.70 | 20x12 | 450 | 181 |
| 6.70x3.40 | 22x11 | 445 | 180 |

കുലശേഖരപുരം, മുട്ടുചിറ എന്നിവിടങ്ങളിൽ റബ്ബർ വ്യാപകമായി കൃഷി ചെയ്യുന്നു. ആർ.അർ.ഐ.ഐ.-105, ജി.ടി. 1 പി. ആർ. 107, ആർ. ആർ. ഐ. എം. 600 തുടങ്ങിയ ഇനം റബ്ബർ മരങ്ങളാണ് നാട്ടിൽ കണ്ടുവരുന്നത്. പഞ്ചായത്തിലെ ചെറുകുന്നുകളിലും ചെരുവുകളിലും നിരപ്പായ പ്രദേശങ്ങളിലുമാണ് റബ്ബർ കൃഷി ചെയ്യുന്നത്. കുന്നിൻ പ്രദേശങ്ങളിലെയും കുന്നിൻ ചെരുവുകളിലെയും ചെങ്കൽ മണ്ണിലാണ് റബ്ബർ സമൃദ്ധിയായി വളരുന്നത്. ഇപ്പോൾ പാടശേഖരങ്ങളിൽ കാന കീറി പൊക്കിയതിനുശേഷം കൂന വെട്ടിയും റബ്ബർ കൃഷി ചെയ്യുന്നവരുണ്ട്.

പഞ്ചായത്തിലെ നാണ്യവിളകളിൽ പ്രമുഖസ്ഥാനമാണ് റബ്ബറിനുള്ളത്. പഞ്ചായത്തിലെ റബ്ബർ കർഷകർ അവരുൽപാദിപ്പിക്കുന്ന പാൽ, ഉറയൊഴിച്ച് ഷീറ്റാക്കി ഉണക്കിയും കൂടാതെ പാലായിട്ടും വിൽപ്പന നടത്തുന്നു. കടുത്തുരുത്തി പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ലാറ്റക്സ് കളക്ഷൻ സെൻററുകളും, റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കടുത്തുരുത്തിയിൽ ഒരു റബ്ബർ മാർക്കറ്റ് സൊസൈറ്റിയും ഒരു ലാറ്റക്സ് ക്രീപ് ഫാക്ടറിയും പ്രവർത്തിക്കുന്നുണ്ട്.

## റബ്ബർ ബോർഡ്

റബ്ബർ കർഷകർക്ക് കൂടുതൽ വിദഗ്ദോപദേശം നൽകുന്നതിനായി കടുത്തുരുത്തിയിൽ റബ്ബർ ബോർഡിൻെറ ഒരു ഫീൽഡാഫീസും പ്രവർത്തിക്കുന്നുണ്ട്. റബ്ബർ കർഷകർക്കും റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്കും വളരെ പ്രയോജനം ചെയ്യുന്ന തരത്തിലുള്ള നിരവധി പദ്ധതികൾ റബ്ബർ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

റബ്ബർ ബോർഡിൽ നിന്നും ടാപ്പിംഗ് തൊഴിലാളികൾക്ക് വീടു നിർമ്മിക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസും വൈദ്യസഹായവും ബോർഡ് ചെയ്തുവരുന്നു. കൂടാതെ ടാപ്പിംഗ് ജോലിയിൽ ഏർപ്പെടുവാൻ ആഗ്രഹിക്കുന്നവരെ ശാസ്ത്രീയമായ രീതിയിൽ ടാപ്പ് ചെയ്യിക്കുന്നതിനുള്ള പരിശീലനവും റബ്ബർ ബോർഡ് നടത്തിവരുന്നു.

## റബ്ബർനടുന്ന രീതി

നഴ്സറികളിൽ നിന്നും കിട്ടുന്ന ബഡ് ചെയ്ത തൈകളാണ് കർഷകർ ഉപയോഗിക്കുന്നത്, റബ്ബർ നടുന്നതിനായി ഒരു കോൽ സമചതുരത്തിലും, ഒരു കോൽ താഴ്ചയുമുള്ള കുഴികൾ തീർത്ത് കുഴിക്കുള്ളിൽ പച്ചില ചവറും ചാണകവും ഇട്ടതിനു ശേഷം കുഴി സൈഡുകളിൽ ഇടിച്ചു മൂടുന്നു. ഇങ്ങനെ മൂടിയ കുഴികളിൽ മെയ്-ജൂൺ മാസങ്ങളിലായി തൈകൾ നടുന്നു. സാധാരണയായി നമ്മുടെ നാട്ടിൽ 18-10 അകലത്തിലാണ് റബ്ബർ നടുന്നത്. ചുരുക്കം കർഷകർ 20 അടി വീതിയിലും 10 അടി നീളത്തിലും റബ്ബർ നടുന്നു. മഴ കൂടുതലുള്ള സെപ്റ്റംബർ മാസത്തിലും റബ്ബർ നടുന്നു. റബ്ബർ ബോർഡ് നിശ്ചയിച്ചിട്ടുള്ള അകലത്തിൽ നമ്മുടെ നാട്ടിലെ കർഷകർ കൃഷി ചെയ്യാറില്ല. കുഴികളുടെ അകലം സംബന്ധിച്ച റബ്ബർ ബോർഡ് നിർദ്ദേശം പട്ടിക ഏഴിൽ കൊടുത്തിരിക്കുന്നു.

## നിരപ്പായ ഭൂമി

നല്ല ആഴമുള്ള മണ്ണാണെങ്കിൽ 75 cm x 75 cm x 75 cm അളവിലുള്ള കുഴികളും (2.5 x 2.5 x2.5 അടി) ഉറച്ചതോ മണ്ണാഴം കുറഞ്ഞതോ ആയ ഭൂമിയിൽ 90 cm x 90 cm x 90 cm (3 x 3 x 3 അടി) വലിപ്പവുമുള്ള കുഴിയാണ് തിർക്കേണ്ടത്. കുഴി മൂടുമ്പോൾ ഒരു പാട്ട കമ്പോസ്റ്റും 175 ഗ്രാം മസൂറിഫോസ് വളവും ചാണകവും ചേർത്ത് വേണം മൂടാൻ.

## ആവരണ വിള

കളകളെ അമർത്തുക, മണ്ണിന് ആവരണം നൽകുക, അന്തരീക്ഷത്തിൽ നിന്ന് നൈട്രജൻ വലിച്ചെടുത്ത് വേരുകളിൽ ശേഖരിക്കുകയും പിന്നീട് റബ്ബറിന് ലഭ്യമാക്കുകയും ചെയ്യുക, മണ്ണൊലിപ്പ് തടയുക, മണ്ണിലെ ചൂടിനെ നിയന്ത്രിക്കുക. ഈർപ്പം നിലനിർത്തുക, ധാരാളം ജൈവവളം ലഭ്യമാക്കുക, മണ്ണിലെ വായു സഞ്ചാരം മെച്ചപ്പെടുത്തുക, മണ്ണിൻെറ

ജലഗ്രഹണശേഷി വർദ്ധിപ്പിക്കുക എന്നിങ്ങനെ നിരവധി കാര്യങ്ങൾക്കായി ആവരണ വിള കൃഷി ചെയ്യുന്നു. സാധാരണയായി തോട്ടപ്പയർ ആണ് ആവരണവിളയായിട്ട് കൃഷി ചെയ്യുന്നത്.

ഇടവിളകൾ

റബ്ബറിനു ഇടവിളയായി ആദ്യത്തെ മൂന്നുവർഷം മരച്ചീനി, ഇഞ്ചി, ഏത്തവാഴ എന്നിവ കൃഷി ചെയ്യുന്നു. റബ്ബറിനു ദോഷം സംഭവിക്കാത്ത രീതിയിൽ റബ്ബറിന്റെ ചുവട്ടിൽനിന്നും ഒരു മീറ്റർ മാറിയാണ് ഇടവിള കൃഷി ചെയ്യുന്നത്.

## രോഗ പ്രതിരോധം

റബ്ബർ തൈകൾ കാലവർഷത്തിൽ നടുന്നതുമൂലം കൂമ്പു ചീയൽ തുടങ്ങിയവ കുമിൾ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം അല്പം പശയും ചേർത്ത് തളിച്ചുകൊടുക്കുന്നു.

ടാപ്പിംഗിനുവേണ്ടി നല്ലതായ്ത്തടി വളർന്നു കിട്ടുന്നതിന് 2.5 മീറ്റർ ഉയരം വരെ ശാഖകൾ വളരാൻ അനുവദിക്കുന്നില്ല. കിളിർപ്പുകൾ ഉണ്ടായാൽ മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തായിത്തടിയോടു ചേർത്ത് മുറിച്ചുകളിയുക.

## ടാപ്പിംഗ് രീതി

പ്രത്യേകതരം ടാപ്പിംഗ് കത്തി ഉപയോഗിച്ച് രാവിലെ ആറിനും എട്ടു മണിക്കും ഇടയിൽ ടാപ്പ് ചെയ്യുന്നു. ഒൻപതു മണിക്ക് ശേഷം പാൻ എടുത്ത് പാൽ ഉറ ഒഴിച്ചതിനുശേഷം വൈകുന്നേരം ഷീറ്റ് അടിക്കുന്നു. ഒരു പ്രദേശത്തെ കർഷകർ ഒരു സ്ഥലത്ത് ഏതെങ്കിലും മിഷിയനിൽ ഷീറ്റ് അടിക്കുന്നു. ആറു മാസത്തിൽ ഒരു ദിവസത്തെ ഷീറ്റ് വാടകയായി കൊടുക്കുന്നു.

## രോഗങ്ങൾ

റബ്ബറിനെ ബാധിക്കുന്നതും നമ്മുടെ നാട്ടിൽ കണ്ടുവരുന്നതുമായ രോഗങ്ങൾ പട്ടമരപ്പ്, ചീക്കുപൊട്ടൽ, ഇലപ്പുള്ളി രോഗം, പൊടിക്കുമിൾ രോഗം എന്നിവയാണ്.

## കുരുമുളക് കൃഷി

സ്വന്തം നാടിന് വിദേശനാണ്യവും കുടുംബത്തിന് അധിക വരുമാനവും നേടിത്തരുന്ന കുരുമുളക് സാധാരണയായി ഇടവിളയായി ആണ് കർഷകർ കൃഷി ചെയ്യുന്നത്. തിരുവാതിര ഞാറ്റു വേലയ്ക്കാണ് കുരുമുളക് കൃഷി ചെയ്യുന്നത്. തണ്ട് മുറിച്ചിട്ടാണ് കുരുമുളക് കൃഷി ചെയ്യുന്നത്.

നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം 30 ഹെക്ടറിൽ നിന്നും 33 മെട്രിക് ടൺ കുരുമുളകാണ് ഉൽപാദിപ്പിക്കുന്നത്. പണ്ടുകാലം മുതൽക്ക് തന്നെ കുരുമുളകിന് പേരുകേട്ട സ്ഥലമായിരുന്നു കടുത്തുരുത്തി. പോർച്ചുഗീസ്കാർ കടുത്തുരുത്തിയിൽ നിന്നും കുരുമുളക് വാങ്ങി വെച്ചൂരിലുള്ള പാണ്ടികശാലയിൽ സൂക്ഷിച്ച് അവിടെനിന്നും കപ്പൽമാർഗ്ഗം വിദേശത്തേക്ക് കൊണ്ടുപോയിരുന്നുവെന്ന് കേരള സാംസ്കാരിക ചരിത്രം എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ഇന്നു നമ്മുടെ നാട്ടിൽ കുരുമുളക് തനി വിളയായി ആരും കൃഷി ചെയ്യുന്നില്ല. എന്നാൽ ഏതു വീടുകളിൽ ചെന്നാലും ഒരു കുരുമുളക് ചെടിയെങ്കിലും ഇല്ലാത്ത വീടുകൾ നമ്മുടെ പഞ്ചായത്തിൽ ചുരുക്കമാണ്. ഇപ്പോൾ തെങ്ങിന് ഇടവിളയായി കർഷകർ കുരുമുളക് കൃഷി ചെയ്യുന്നു.

പന്നിയൂർ വൺ എന്ന അത്യുല്പാദന ശേഷിയുള്ള കുരുമുളകിനമാണ് ഇന്ന് നമ്മുടെ നാട്ടിൽ കണ്ടുവരുന്നത്. കടുത്തുരുത്തി പഞ്ചായത്തിൽ ഒരു കുരുമുളക് സംരക്ഷണ സമിതിയും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. കടുത്തുരുത്തി പഞ്ചായത്തിലെ കർഷകർക്ക് അത്യുല്പാദനശേഷിയുള്ള കുരുമുളകിനങ്ങൾ 88-89 കാലയളവിൽ സോഷ്യൽ ഫോറസ്ട്രിയും സ്പൈസസ് ബോർഡും വിതരണം ചെയ്യുകയുണ്ടായി.

കുരുമുളക് ഇന്ന് ഒരു പ്രധാന കൃഷി ആയി ആരും ചെയ്യുന്നില്ല. വീട്ടുവളപ്പിലെ തെങ്ങ്, കമുക്, മുരിക്ക് മറ്റ് പാഴ്മരങ്ങൾ എന്നിവയോടു ചേർന്നു കുരുമുളക് തണ്ട്

ഇട്ട് പിടിപ്പിക്കുന്നു. വലിയ മുടക്കും കൂടുതൽ അദ്ധ്വാനവും വേണ്ടാത്ത ഒരു കൃഷിയാണിത്. കൂടുതൽ ശ്രദ്ധിച്ചാൽ കുരുമുളക് നട്ട് മൂന്നാംവർഷം മുതൽ ആദായം ലഭിയ്ക്കുവാൻ തുടങ്ങും. തുടർച്ചയായി 15 വർഷമെങ്കിലും ആദായം ലഭിയ്ക്കും.

## ധ്രുതവാട്ടം

കരുമുളക് ചെടിയെ ബാധിക്കുന്ന ഒരു പ്രധാന രോഗമാണ് ധ്രുതവാട്ടം. ധ്രുതവാട്ട രോഗത്തിനു ഫലപ്രദമായ ചികിത്സാ സമ്പ്രദായം നിലവിൽ ഇല്ലാ എന്നാണ് കർഷകരുടെ അഭിപ്രായം.

## മരച്ചീനികൃഷി

മരച്ചീനി എന്നു പറയുമെങ്കിലും നമ്മുടെ നാട്ടിൽ കപ്പ എന്നാണ് സാധാരണയായി പറയുന്നത്. കടുത്തുരുത്തി പഞ്ചായത്തിൽ 25 ഹെക്ടറിൽ മരച്ചീനി കൃഷി ചെയ്യുന്നു. നമ്മുടെ പ്രതിവർഷ ഉൽപ്പാദനം 375 മെട്രിക് ടൺ ആണ്. പുരയിടങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും പാടശേഖരങ്ങളിലും മരച്ചീനി കൃഷി ചെയ്യുന്നു. വിരിപ്പ് കൃഷി പാടശേഖരത്തിൽ വിളവെടുപ്പിനു ശേഷം മരച്ചീനി കൃഷി ചെയ്യുന്നു. മുൻകാലങ്ങളിൽ കടുത്തുരുത്തി പഞ്ചായത്തിൽ മരച്ചീനി വ്യാപകമായി കൃഷി ചെയ്തിരുന്നതാണ്. എന്നാൽ റബ്ബറിൻെറ വരവോടുകൂടി മരച്ചീനി കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിലെല്ലാം റബ്ബർ കൃഷി ചെയ്യുകയും മരച്ചീനിയുടെ ഉല്പാദനം കുറയുകയും ചെയ്തു. തുലാകപ്പയെന്ന പേരിൽ തുലാമാസത്തിൽ പാടശേഖരങ്ങളിൽ മരച്ചീനി കൃഷി ചെയ്യുകയും ജൂൺ മാസത്തിൽ വിളവെടുപ്പ് നടത്തുകയും ചെയ്യുന്നു. കൂടാതെ പറമ്പുകളിലും കന്നിൻ പ്രദേശങ്ങളിലും സ്ഥലം കിളച്ചിട്ടതിനു ശേഷം പുതുമഴയോടുകൂടി കൂന കൂട്ടി മരച്ചീനി നടുക പതിവായിരുന്നു. ഇത്തരത്തിൽ കൃഷിയിറക്കിയിരുന്ന സ്ഥലങ്ങളെല്ലാം ഇപ്പോൾ റബ്ബറാണ് കൃഷി ചെയ്യുന്നത്. മരച്ചീനിയുടെ തണ്ട് ഇട്ടാണ് പിടിപ്പിക്കുന്നത്. തണ്ട് ഒരു ചാൺ നീളത്തിൽ മുറിച്ച് പാകി നിർത്തിയതിനുശേഷം നന്നായി മഴ പിടിക്കുമ്പോൾ കൂനയിലേക്ക് മാറ്റി കൃഷി ചെയ്യുന്ന രീതിയും പഴകാലം മുതൽ ഉണ്ടായിരുന്നു. മരച്ചീനിക്ക് സാധാരണയായി ചാണകവും എല്ലുപൊടിയുമാണ് ഉപയോഗിച്ചിരുന്നത് എന്നാൽ പിൽക്കാലത്ത് രാസവളങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള കൃഷി രീതി വ്യാപകമായി.

## വിളവെടുപ്പ്

കൊയ്ത്പോലെ തന്നെ കപ്പപറിയും പഴയകാലത്ത് ഉൽസവം പോലായിരുന്നു. കപ്പ പറിച്ച് വാട്ടുന്നതിന് കൂലി കൊടുക്കുക പതിവില്ലായിരുന്നു. പ്രതിഫലമായി കപ്പ തന്നെയാണ് കൊടുത്തിരുന്നത്. ജനുവരി മാസങ്ങളിലാണ് മരച്ചീനിയുടെ വിളവെടുപ്പ്.

## കമുക്കൃഷി

കടുത്തുരുത്തി പഞ്ചായത്തിൽ മൊത്തം 10 ഹെക്ടറിൽ നിന്നും 22 മെട്രിക് ടൺ അടയ്ക്കാ ഉൽപ്പാദിപ്പിക്കുന്നു. തെങ്ങുപോലെ തന്നെ ഏത് പുരയിടത്തിലും കാണുന്ന കൃഷിയാണ് കമുക്. ഭാരിച്ച ചിലവ് ഇല്ലാത്തതും അദ്ധ്വാനം കുറഞ്ഞതുമായ ഒരു കൃഷിയാണ് കമുക്. നമ്മുടെ നാട്ടിൽ തെങ്ങിന് ഇടവിളയായി കമുക് കൃഷി ചെയ്യുന്നു. കൂടാതെ കമുക് തനിവിളയായി കൃഷി ചെയ്യുന്ന ചെറിയ തോട്ടങ്ങളുമുണ്ട്. ഇപ്പോൾ അത്യുല്പാദനശേഷിയുള്ള 'മംഗള' ഇനം കമുകാണ് കർഷകർ കൃഷി ചെയ്യുന്നത്.

## പൈനാപ്പിൾ കൃഷി

നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലത്തായി ആരംഭിക്കുകയും കാലക്രമേണ വ്യാപിക്കുകയും ചെയ്തിരിക്കുന്ന ഒരു കൃഷിയാണ് പൈനാപ്പിൾ. കടുത്തുരുത്തി പഞ്ചായത്തിൽ മൊത്തം 15 ഹെക്ടറിൽ നിന്നുമായി പ്രതിവർഷം 1200 മെട്രിക് ടൺ



പൈനാപ്പിൾ ഉൽപാദിപ്പിക്കുന്നു. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പൈനാപ്പിൾ കൃഷിയ്ക്കായി കൃഷിഭവൻ മുഖേന 10000 രൂപ ചിലവഴിച്ചു.

കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യവും വ്യവസായക അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ കഴിയുന്നതുമായ ഒരു ഫലവർഗ്ഗവിളയാണ് കൈതച്ചക്ക. ജാം, സ്ക്വാഷ്, ജ്യൂസ് തുടങ്ങിയ പല ഉൽപ്പന്നങ്ങളും കൈതച്ചക്കയിൽനിന്നും ഉൽപ്പാദിപ്പിക്കുവാൻ കഴിയും. തനിവിളയായും തെങ്ങിൻ തോട്ടത്തിൽ ഇടവിളയായും കൈതച്ചക്ക കൃഷി ചെയ്യുന്നു. വരൾച്ചയെ അധിജീവിക്കുവാനുള്ള കഴിവും കൈതച്ചക്കയ്ക്ക് ഉണ്ട്. കന്നാര എന്നറിയപ്പെടുന്ന മൗറീഷ്യസ് ഇനവും ക്യൂ അഥവ നാടൻ ഇനവുമാണ് കൃഷി ചെയ്യുന്നത്.

കൃഷി സ്ഥലം നന്നായി ഉഴുത് മറിച്ച് ഒരു മീറ്റർ വീതിയിലും 15 മുതൽ 30 വരെ സെൻറിമീറ്റർ ആഴത്തിലും സൗകര്യപ്രദമായ നീളത്തിലും 60 സെൻറിമീറ്റർ അകലത്തിലും ചാലുകൾ കീറി, വരികൾ തമ്മിൽ 70 സെ. മീറ്ററും ചെടികൾ തമ്മിൽ 30 സെൻറിമീറ്റർ അകലത്തിലും നടുന്നു. ചക്കയുടെ മുകളറ്റത്തു കാണുന്ന മകുടം ആണ് നാടൻ ഉപയോഗിക്കുന്നത്.

## വളപ്രയോഗം

ഹെക്ടറിൽ 25 ടൺ എന്ന കണക്കിൽ ചാണകം ഉഴുകുമ്പോൾ ചേർക്കുന്നു. മെയ്-ജൂൺമാസങ്ങളിലാണ് കൈതച്ചക്ക നടുന്നത്. ഹെക്ടർ ഒന്നിന് 320 കി. പക്യജനകം, 160 കി. ഗ്രാം അമോണിയം സൾഫേറ്റ് 730 കി. ഗ്രാം മസൂറി ഫോസ്ഫേറ്റ് 570 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് 640 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവയാണ് ഉപയോഗിക്കുന്നത്. അടിവളമിട്ടാണ് കൃഷി ചെയ്യുന്നത്. തൈകൾ നട്ട് മൂന്നുമാസം പ്രായമാകുമ്പോൾ രണ്ടാം വള പ്രയോഗവും പിന്നീട് രണ്ടുമൂന്നു മാസങ്ങൾ കഴിയുമ്പോൾ മൂന്നാമത്തെ വളപ്രയോഗവും നടത്തുന്നു.

## ഹോർമോൺ പ്രയോഗം

16-17 മാസത്തെ പ്രായമായ ചെടികളിൽ ഹോർമോൺ പ്രയോഗം നടത്തിയതിനു ശേഷമാണ് വിളവെടുപ്പ് നടത്തുന്നത്. ഈ സമയത്ത് ഓരോ ചെടിയിലും 40-42 ഇലകളുണ്ടാവും. എഥഫോൺ 25 പി. പി. എം, യൂറിയ 2%, കാൽസ്യം കാർബണേറ്റ് 0.04 ശതമാനം എടുത്ത് 50 ലിറ്റർ വെള്ളത്തിൽ



കലക്കിയുണ്ടാക്കുന്ന ലായനിയാണ് പുഷ്പിച്ചു ചക്ക വിളവെടുപ്പിനായി ഉപയോഗിക്കുന്നത്.

## പച്ചക്കറി കൃഷി

പാടശേഖരങ്ങളിൽ വിരിപ്പ് കൃഷിക്ക് ശേഷം പച്ചക്കറി സാധാരണ കൃഷി ചെയ്യുന്നു. കൂടാതെ പുരയിടങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ ധാരാളമുണ്ട്. കടുത്തുരുത്തി പഞ്ചായത്തത്തിൽ മൊത്തം 210 ഹെക്ടറിൽ നിന്നും പ്രതിവർഷം 9450 മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുന്നു. പ്രധാനമായും പാവൽ, പടവലം, പയർ, വെണ്ട, വെള്ളരി, വഴുതന തുടങ്ങിയവയാണ് നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്നത്. പച്ചക്കറി കർഷകർ ഭൂരിഭാഗവും മറ്റുള്ളവരുടെ സ്ഥലങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരാണ്. അരയേക്കർ സ്ഥലം ഒരു സീസൺ കൃഷിക്കും 1500 മുതൽ 2500 രൂപ വരെ പാട്ടം കൊടുത്ത് കൃഷി ചെയ്യുന്ന കർഷകരാണം ധാരാളവും. കടുത്തുരുത്തിയിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങൾ പ്രധാനമായും കുറുപ്പുംന്തറ, തലയോലപ്പറമ്പ് തുടങ്ങിയ മാർക്കറ്റുകളിൽ കൊണ്ടുപോയാണ് കർഷകർ വിറ്റഴിക്കുന്നത്. ഏറ്റവും ചിലവേറിയ ഒരു കൃഷിയാണ് പച്ചക്കറി. തീർത്തും രാസവളത്തെ ആശ്രയിച്ചാണ് പച്ചക്കറി കൃഷി ചെയ്യുന്നത്. ഉൽപാദനച്ചിലവ് വർദ്ധി

ക്കുന്നതാണ് പ്രധാന പ്രശ്നം. ആഴ്ച്ചയിൽ ഒരു പ്രാവശ്യം വള പ്രയോഗവും കീട നാശിനി പ്രയോഗവും നടത്തുന്നു. ആഴ്ച്ച യിൽ ഒരു പ്രാവശ്യം വിളവെടുപ്പ് നടത്തുന്നു.

## വാഴക്കൃഷി

പഞ്ചായത്തിൽ ഏതുഭാഗത്ത് നോക്കിയാലും ഏത്ത വാഴ കൃഷി കാണാം. കടുത്തുരുത്തി പഞ്ചായത്തിൽ മൊത്തം 80 ഹെക്ടർ സ്ഥലത്തു നിന്നും പ്രതിവർഷം 2000 മെട്രിക് ടൺ വാഴക്കുലകളാണ് ഉൽപാദിപ്പിക്കുന്നത്. രണ്ടു രീതിയിലുള്ള കൃഷി യാണ് കണ്ടുവരുന്നത്. നന വാഴകൃഷിയും പൊടി വാഴകൃഷിയും.2x2 മീററർ അകലത്തിൽ കുഴിയെടുത്തും പാടശേഖരങ്ങളിൽ കൂന വെട്ടിയുമാണ് വാഴ കൃഷി ചെയ്യുന്നത്. ഒരു ഏക്കർ സ്ഥലത്ത് 1000 വാഴയെന്നതാണ് കണക്ക്. കുലച്ചതിനുശേഷം വാഴയുടെ ചുവട്ടിൽ നിന്നും വളർന്നു വരുന്നപീലിക്കന്നുകളാണ് നടുവാൻ ഉപയോഗിക്കുന്നത്. ഏത്തവാഴ, പാളയം കോടൻ, പൂവൻ, ഞാലി പൂവൻ, കദളി എന്നീ വാഴകളാണ് കൃഷി ചെയ്യുന്നത്. നനവാഴ കൃഷിയാണ് നമ്മുടെ നാട്ടിൽ കൂടുതലുള്ളത്. ഇതിന് ഏത്ത വാഴയാണം കൂടുതൽ ഉപയോഗിക്കുന്നത്. പൊടിവാഴ കുംഭം മീനം മാസങ്ങളിലാണ് നടുന്നത്. വൃശ്ചികത്തിൽ കുല പാകമാകുന്നു. നന വാഴ കന്നി മാസത്തിൽ നടുകയും കർക്കിടക മാസത്തിൽ കുല പാകമാകുകയും ചെയ്യുന്നു.



നെല്ലിൻെറ വില കൂട്ടിയാൽ അരിയുടെ കമ്പോള വില വർദ്ധിക്കും . അരിയുടെ കമ്പോള വില ജീവിതച്ചിലവ് സൂചിക നിർണ്ണയിക്കുന്നതിൽ ഒരു പ്രധാന ഘടകമാണ്. അരിയുടെവിലക്കയറ്റം ജീവിതച്ചെലവ് സൂചിക ഉയർത്തും. അതിനാൽ നെൽകൃഷിക്ക് ഉൽപ്പാദന ചിലവിൻെറ അടിസ്ഥാനത്തിൽ സബ്സിഡി നൽകുക.

വാഴക്ക് സാധാരണയായി ആറു പ്രാവശ്യം വളം ചെയയ്യുന്നു. നടുന്ന സമയത്തും നട്ട് ഒരുമാസം കഴിഞ്ഞും, രണ്ടുമാസം കഴിഞ്ഞും നാല് മാസം കഴിഞ്ഞും അഞ്ച് മാസം കഴിഞ്ഞും വള പ്രയോഗം നടത്തുന്നു. കുല പൂർണ്ണമായും വിരിഞ്ഞാലുടൻ അവസാന വള പ്രയോ ഗവും നടത്തുന്നു.

യൂറിയ, സൂപ്പർ ഫോസ്ഫേറ്റ് മസൂറി ഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ വളങ്ങ ളും കൂടാതെ ചാണകവും എല്ലു പൊടിയും ഇടുന്നു. ഒരു വാഴക്ക് 415 ഗ്രാം യൂറിയായും 640 ഗ്രാം സൂപ്പർ ഫോസ്ഫേറ്റും 350 ഗ്രം മസൂറി ഫോസും 500 ഗ്രാം പൊട്ടാഷും പ്രയോഗിക്കുന്നു.

## രോഗങ്ങൾ

വാഴകളിൽ കണ്ടുവരുന്നതും ഇപ്പോൾ സർവ്വസാധാരണയായി കാണുന്നതുമായ ഒരു രോഗമാണ് കൊക്കൻ രോഗം. വാഴയുടെപോളയിൽ പാടുകൾ പ്രത്യക്ഷപ്പെടുകയും അത് താഴെ നിന്നും മുകളിലോട്ട് വരകളായിത്തീർന്നു പോളകൾ തടയിൽ നിന്നും ഇളകി മാറുന്നു. രോഗം ബാധിച്ചാൽ വാഴ കുലക്കുവാൻ സാധ്യതയില്ല. മറ്റ് രോഗങ്ങൾ, പുഴു നാക്കടപ്പ് എന്നിവയാണ്.

## മറ്റ് കൃഷികൾ

പഞ്ചായത്തിൽ ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു, തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു. ഇവയിൽ ഇഞ്ചി വ്യാപകമായിത്തന്നെ കൃഷി ചെയ്തു വരുന്നു.

### കൊക്കോകൃഷി

കൊക്കോ കേരളത്തിൽ പ്രചാരത്തിൽ വന്നിട്ട് രണ്ട് പതിറ്റാണ്ടുകൾ മാത്രമേ ആയുള്ളൂ. തനി വിള ആയും തെങ്ങിന് ഇടവിളയായും നമ്മുടെ നാട്ടിൽ കൊക്കോ കൃഷി

ചെയ്യുന്നു. കൊക്കോയുടെ വിലയിലുണ്ടായ തകർച്ചയാണ് ഇന്ന് കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

**കാർഷിക രംഗത്തെ പ്രധാനപ്രശ്നങ്ങൾ**

1. വളം കീടനാശിനി എന്നിവയുടെ അമിതവില വർദ്ധനവ് മൂലം കൃഷി ലാഭകരമല്ലാതായിത്തീരുന്നു.

2. പുത്തൻ സാമ്പത്തിക നയവും ഉദാര വൽക്കരണവും കാർഷിക മേഖലയെ ദോഷകരമായി ബാധിച്ചു.

3. വേണ്ടത്ര ജലസേചന സൗകര്യം ഇല്ലാത്തതുമൂലം ഉൽപ്പാദന ക്ഷമത കുറഞ്ഞു വരുന്നു.

4. നെൽപ്പാടങ്ങൾ നികത്തി നാണ്യ വിളകൾ കൃഷി ചെയ്യുന്നു.

5. പാടശേഖരങ്ങൾക്ക് ബല വത്തായ പുറബണ്ടുകൾ ഇല്ലാത്തതിനാൽ ഒരു പൂ കൃഷി മാത്രം ചെയ്യുന്നു.

6. ആശാസ്ത്രീയമായ വള പ്രയോഗങ്ങളും അമിത വള പ്രയോഗങ്ങളും

7. മഴ വെള്ളം കൂടുതലും ഒഴുകിപോകുന്നു. പറമ്പുകൾക്കു വേണ്ടത്ര കയ്യാലകൾ ഇല്ല.

8. കൃഷിപ്പണിക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടുന്നില്ല. തൊഴിലാളികൾ നിർമ്മാണ രംഗത്തേയ്ക്കു മാറുന്നു.

9. കാർഷിക വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്നു. വായ്പ കിട്ടുവാനുള്ള കാലതാമസം.

10. ഭൂമി തരിശിടുന്നു.

11. ഒരേ പാടശേഖരങ്ങളിൽ പല സമയത്ത് കൃഷിയിറക്കുന്നു.

**ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങൾ**

1. കടുത്തുരുത്തി പഞ്ചായത്തിലെ കൃഷിക്ക് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്ന ചുള്ളിത്തോട്ട് പദ്ധതി ഉടൻ നടപ്പിലാക്കുക.

2. നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങൾക്ക് പുറബണ്ട് തീർക്കുമ്പോൾ വെള്ളപ്പൊക്കത്തിന്റെ തോതിനു അനുസൃതമായി ബണ്ട് പണിയുക. ഇപ്പോൾ പണി തീർത്തിട്ടുള്ള പല ബണ്ടുകളും ഉയരം കൂട്ടേണ്ടി വരും.

3. നെൽകൃഷി ലാഭകരമാക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കുക. നെല്ലിനിപ്പോൾ ഉൽപാദന ചിലവിനനുസൃതമായി വില ലഭിക്കുന്നില്ല. നെല്ലിന്റെ വില കൂട്ടിയാൽ അരിയുടെ കമ്പോള വില വർദ്ധിക്കും . അരിയുടെ കമ്പോള വില ജീവിതച്ചിലവ് സൂചിക നിർണ്ണയിക്കുന്നതിൽ ഒരു പ്രധാന ഘടകമാണ്. അരിയുടെ വിലക്കയറ്റം ജീവിതച്ചെലവ് സൂചിക ഉയർത്തും. അതിനാലഃ നെൽകൃഷിക്ക് ഉൽപ്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുക.

4. നെൽപ്പാടങ്ങൾ നികത്തി നാണ്യ വിള കൃഷി ചെയ്യുന്നതിനെതിരെ കർഷകരെ ബോധവാൻമാരാക്കുക.

5. കൃഷി ഭവനുമായി ബന്ധപ്പെടുത്തി ബ്ളോക്കു തലത്തിലോ പഞ്ചായത്ത് തലത്തിലോ മണ്ണ് പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് മണ്ണ് പിരശോധിച്ച് ശാസ്ത്രീയ രീതിയിൽ വള പ്രയോഗം പ്രോത്സാഹിപ്പിക്കുക. സഞ്ചരിക്കുന്ന അഗ്രോ ക്ളിനിക്കുകൾ സ്ഥാപിക്കുക.

6.വാർഡ് തലത്തിൽ ഭൂമിയുടെ കിടപ്പനുസരിച്ച് പരിശോധന നടത്തി ജലം ശേഖരിക്കുക.

7. ജലം പൊതു സ്വത്തായിപ്രഖ്യാപിക്കുക.

8. അമിതമായ ജല പ്രശ്നം ഉണ്ടാകുന്ന പ്രദേശങ്ങളിൽ ജല സംഭരണികൾ നിർമ്മിച്ച് ജലം ശേഖരിച്ച് കൃഷിക്ക് ഉപകരിക്കുക.

9. നീർ മറി അടിസ്ഥാനത്തിൽ വാർഡുകൾ പുന സംവിധാനം ചെയ്യുക. നീർമറി അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവയെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുകയും ചെയ്യുക.

10. ത്രിതല കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

11. ഡ്രിപ് ഇറിഗേഷൻ പദ്ധതി വ്യാപിപ്പിക്കുക. എല്ലാ കേരകർഷകർക്കും ഇതിന്റെ പ്രയോജനം കിട്ടത്തക്കവിധം നടപ്പാക്കുക

12. കേടുവന്ന തെങ്ങ് വെട്ടിമാറ്റി പകരം തെങ്ങു വയ്ക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക. എല്ലാ കേര കർഷകർക്കും അതിൻെറ പ്രയോജനം ലഭ്യമാക്കുക.

13. നാളികേരം വെളിച്ചെണ്ണക്ക് മാത്രമായി ഉപയോഗിക്കുന്നത് മാറ്റി നാളികേരത്തിൻെറ ഉപയോഗം വൈവിധ്യവൽക്കരിക്കുക.

14. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപിപ്പിക്കുക.

15. തരിശ് കിടക്കുന്ന കൃഷിഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് പാട്ട വ്യവസ്ഥയിൽ സഹകരണ സംഘങ്ങൾ മുഖേന പച്ചക്കറി കൃഷിയും മറ്റു കൃഷിയും നടത്തിക്കുക.

16. ജനുവരി ഒന്നുമുതൽ ഏപ്രിൽ ഒന്നു വരെ വയലുകളിലും ജൂൺ മുതൽ ആഗസ്റ്റ് വരെ പുരയിടങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.

17. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ പഞ്ചായത്തോ സഹകരണ സംഘങ്ങളോ ശേഖരിച്ച് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ബങ്കുകൾ നിർമ്മച്ച് അവയിലൂടെ പച്ചകറികൾ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് നൽകുക

18. തൊഴിൽ രഹിത വേതനം വാങ്ങുന്ന മുഴുവൻ യുവതീയുവാക്കളേയും ശാസ്ത്രീയ കൃഷിരീതിയും മണ്ണു പരിശോധനയും പരിശീലിപ്പിച്ച് അവരുടെ സേവനം കാർഷിക മേഖലക്ക് പ്രയോജനപ്പെടത്തക്കവണ്ണം പദ്ധതി ആവിഷ്ക്കരിക്കുക.

19. കാർഷിക വായ്പക്ക് ഇന്നുള്ള പലിശ നിരക്ക് കുറച്ച് കൃഷിക്കാർക്ക് പ്രയോജന പ്രദമാക്കുക. വായ്പ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

20. തുലാവർഷത്തിൽ പെയ്യുന്ന മഴവെള്ളം വേനൽക്കാലത്ത് കൃഷിയ്ക്ക് ഉപകരിക്കുവാൻപഞ്ചായത്തിലെ എല്ലാ തോടുകളിലും തടയണ നിർമ്മിക്കുക.

## കൃഷിജലസേചനം നടപ്പ് പദ്ധതികൾ

**(പദ്ധതിയുടെ പേര്, ധനസഹായം, നടപ്പിലാക്കുന്ന ഏജൻസി)**

**1. സമഗ്രധാന്യവികസന പദ്ധതി.** ഓരോ പഞ്ചായത്തിലും ഓരോ കർഷകനും ഒരു ഏക്കറിന് 1000 രൂപ വീതം ധനസഹായം. ഒരു പഞ്ചായത്തിൽ 30 കർഷകർക്ക് 100 രൂപ വിലയുള്ള സസ്യസംരക്ഷണ കിറ്റ്, കൃഷിഭവൻ. **2.മിനികിറ്റ് പദ്ധതി.**രണ്ട് കി.ഗ്രാം. നെൽവിത്ത് 2 രൂപ നിരക്കിൽ കർഷകർക്ക് നൽകുന്നു. കൃഷിഭവൻ. **3. ഉൽപാദന ബോണസ്.**ഒരു പൂ കൃഷി ഹെക്ടർ ഒന്നിന് 250 രൂപ ധനസഹായം മൂന്നു പൂ കൃഷിക്ക് 750 രൂപ. നോൺപ്ളാൻ പദ്ധതി. കൃഷിഭവൻ. **4. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം.** ബണ്ട് കെട്ടുക, ജലസേചനം, ചാലുനിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കുക തുടങ്ങിയവയ്ക്ക്. 75% സബ്സിഡീ നൽകുന്നു. കൃഷിഭവൻ. ഹെക്ടർ 1-ന് 20000. **5. സംയോജിത കേരകൃഷി.** അസുഖം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റുന്നതിന് തെങ്ങ് ഒന്നിന് 200 രൂപയും സങ്കരയിനം തെങ്ങും നൽകുന്നു. കൂടാതെ തെങ്ങ് ഒന്നിന് 5 രൂപാ രാസവളസബ്സിഡി 3 രൂപാ സസ്യസംരക്ഷണ സബ്സിഡി, കൃഷിഭവൻ. **6. സമഗ്രനാളികേരവികസന പദ്ധതി.** ചുരുങ്ങിയത് 30 സെൻറ് സ്ഥലമുള്ള നാളികേര കർഷകന് പമ്പ്സെറ്റ് വാങ്ങുവാൻ 2500 രൂപ സബ്സിഡി. ഫിൽറ്റർ പോയിൻറ് ട്യൂബ് വെല്ലിന് 800 രൂപ സബ്സിഡി. തെങ്ങുകയറ്റ യന്ത്രം വാങ്ങുവാൻ 500 രൂപ സബ്സിഡി. മരുന്ന് തളിയന്ത്രം വാങ്ങുവാൻ 1000 രൂപ. എസ്. സി./ എസ്.റ്റി.യ്ക്ക് കിണർ നിർമ്മിക്കുവാൻ 10000/- ജലസേചനയൂണിറ്റ് 10000/- സബ്സിഡി. കൃഷിഭവൻ.**7. കമുക് വികസന പദ്ധതി.** മരുന്ന് തളി ഹെക്ടർ ഒന്നിന് സബ്സിഡി 400 രൂപ മേക്കർ സ്പേയർ വാങ്ങാൻ 900/- സബ്സിഡി. രോഗം ബാധിച്ച കമുക് മുറിച്ചു മാറ്റുവാൻ 100/- പമ്പ്സെറ്റ് സ്ഥാപിക്കുവാൻ 1500 രൂപ കമുക് ഒന്നിന് ഒരു രൂപ വച്ച്. കൃഷിഭവൻ.**8. സുഗന്ധവിള വികസന പദ്ധതി.** ഹെക്ടർ ഒന്നിന് 1500 രൂപ. കൃഷിഭവൻ.**9. കുരുമുളക് കൃഷിവ്യാപനം**ഹെക്ടർ ഒന്നിന് ഓന്നാംകൊല്ലം 5000 രണ്ടാംകൊല്ലം 3000 മൂന്നാംകൊല്ലം 2000 രൂപ. കൃഷിഭവൻ. **10. കൃഷി മെച്ചപ്പെടുത്താൻ പദ്ധതി.** തോട്ടം സംരക്ഷിക്കുന്നതിന് കർഷകന് ഹെക്ടർ ഒന്നിന് 1500 രൂപ സബ്സിഡി. കൃഷിഭവൻ.

**11. മാതൃകാ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കൽ.** മാതൃകാ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കുവാൻ കർഷകന് അദ്യവർഷം 225 രൂപയും രണ്ടാംവർഷം 140-ഉം മൂന്നാംവർഷം 150 രൂപയും ലഭിക്കുന്നു. കൃഷിഭവൻ. **12. സമഗ്രസുഗന്ധ വ്യഞ്ജന വിള വികസന പദ്ധതി.** ഇരുപത്തഞ്ച് സെൻറിൽ പ്രദർശന തോട്ടങ്ങൾ സബ്സീഡി 200. സസ്യസംരക്ഷണത്തിന് ഹെക്ടർ ഒന്നിന് 1000 രൂപാ സബ്സീഡി. ഇഞ്ചി കൃഷി ഹെക്ടറിന് 5000/- കൃഷിഭവൻ. 13.(1.) **സമഗ്രസുഗന്ധ വ്യഞ്ജന വികസിത പദ്ധതി.** കൃഷിതോട്ടം നിർമ്മിക്കുവാൻ 700 രൂപ സബ്ബ്സിഡി കൃഷിഭവൻ. (2) മാതൃകാകൃഷിത്തോട്ട പരിപാലനത്തിന് 5 വർഷത്തേക്ക് ധനസഹായം. ഒന്നാം വർഷം 33% (400) രണ്ടാംവർഷം 25% 170രൂപ) മൂന്നാംവർഷം 20% (150 രൂപ) നാലാം വർഷം 20% (150രൂപ) അഞ്ചാം വർഷം 20% (150രൂപ). കുറ്റിപമ്പ് വാങ്ങുവാൻ 750 രൂപ ധനസഹായം. കൃഷിഭവൻ.14. **പച്ചക്കറി വികസന പദ്ധതി.** സ്കൂൾ കുട്ടികളിൽ കൃഷിയോടു ആഭിമുഖ്യം വളർത്തുക. വളം വിത്ത് കീടനാശിനി ഉപകരണം സൗജന്യമായി നൽകുന്നു. ഏറ്റവും നല്ല സ്കൂൾ ഗാർഡന് സംസ്ഥാനം, ജില്ല, ബ്ളോക്ക്, പഞ്ചായത്ത് തലത്തിൽ 1,2,3 സമ്മാനങ്ങൾ. സംസ്ഥാനതലം. 5000, 3000, 1000, ജില്ല. 1000, 500, 300 ബ്ളോക്ക് 350, 200, 100. പഞ്ചായത്ത് തലം. 200, 150, 100. കൃഷിഭവൻ.15. **കിഴങ്ങ് വികസന പദ്ധതി.** 25 സെൻറ് സ്ഥലത്ത് കിഴങ്ങ് വർഗ്ഗങ്ങളുടെ പ്രദർശന തോട്ടം നിർമ്മിക്കുവാൻ 500 രൂപ ധനസഹായം കൃഷിഭവൻ.16. **മരച്ചീനി മധുരക്കിഴങ്ങ് വികസനപദ്ധതി.**നല്ലയിനം കിഴങ്ങ് വർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നു. കർഷകർക്ക് 1/2 ഏക്കറിന് മരച്ചീനി 750 മധുരക്കിഴങ്ങ് 700 ചെറുകിഴങ്ങ് 1000 എന്ന നിരക്കിൽ ബോണസ്. കൃഷിഭവൻ.17. **കശുമാവ് കൃഷി വ്യാപിപ്പിക്കൽ.**കശുമാവിൽ തൈകൾ ഹെക്ടർ ഒന്നിന് 160 എന്ന രീതിയിൽ കർഷകർക്ക് എത്തിച്ചു കൊടുക്കുന്നു. കൂലി ചെലവായി ഒന്നിന് 3 രൂപ വീതം നൽകുന്നു. കൃഷിഭവൻ. **18. കശുമാവ് തോട്ട തീവ്രപരിപാലന പദ്ധതി.** 10 മരങ്ങൾക്ക് ആവശ്യമായ രാസവസ്തു കിറ്റ് 29 രൂപ സബ്സിഡി നൽകുന്നു. കൃഷിഭവൻ. **19. സംയോജിത കശുമാവ് വികസന പദ്ധതി.** പുതിയതോട്ടം 1.നിർമ്മിക്കുവാനും 2.തോട്ടം പുനരുദ്ധരിക്കുവാനും 3.തോട്ടം സംരക്ഷണത്തിനും മൂന്ന് കൊല്ലത്തേക്ക് ധനസഹായം. ഒന്നാംകൊല്ലം. 1.2100 2.2780 3.1500 രണ്ടാംകൊല്ലം. 1.1500 2.2200 3.1500 മൂന്നാംകൊല്ലം 1700 2.2400 3.1500 നാലും അഞ്ചും കൊല്ലത്തേക്ക് 1.850 2.850. കൃഷിഭവൻ. 20. **കശുമാവ് കൃഷിയിലെ സസ്യസംരക്ഷണം.** ഒരു ഹെക്ടർ സ്ഥലത്ത് മരുന്ന് തളിക്ക് 800 രൂപ ധനസഹായം. കൃഷിഭവൻ. 21. **കൊക്കൊകൃഷി പരിപോഷിപ്പിക്കൽ.** ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുവാൻ 4000 രൂപ ധനസഹായം. മാതൃക തോട്ടത്തിന് ആദ്യവർഷം 700 രണ്ടാംവർഷം 300 രൂപ സബ്സിഡി. കൊക്കൊ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഒന്നാംവർഷം 2000 രൂപ രണ്ടാംവർഷം 1000 രൂപ സബ്സിഡി. കൃഷിഭവൻ.22. **ജൈവവള വികസനം.** മൂന്നു രൂപ സബ്സിഡി നിരക്കൻ ജൈവവളച്ചെടിയുടെ വിത്ത് നൽകുന്നു. വളക്കുഴി നിർമ്മിക്കുവാൻ 25 രൂപ പ്രോത്സാഹനം. പ്രദർശന തോട്ടത്തിന് 500 രൂപ സബ്സിഡി. കൃഷിഭവൻ.23. **വിള ഇൻഷ്വറൻസ്.** ഈ പദ്ധതിയിൽ പണമടച്ച കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നു. കൃഷിഭവൻ. 24. **കൃഷിതോട്ടങ്ങൾ യന്ത്രവൽക്കരണം.** ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ട്രാക്ടർ, ട്രില്ലർ, യന്ത്രം തുടങ്ങിയവ വാങ്ങുവാൻ 50% സബ്സിഡി ലഭിക്കുന്നു. കൃഷിഭവൻ.25. **കൃഷിയിൽ പ്ളാസ്റ്റിക്കിൻെറ ഉപയോഗം.** 50% സബ്സിഡി നിരക്കിൽ ഹെക്ടർ ഒന്നിന് 15000 രൂപ വരെ ലഭിക്കും. കൃഷിഭവൻ. ഗ്രീൻഹൗസുകൾ സ്ഥാപിക്കുവാൻ 50%, 40%, 10% നിരക്കിൽ സബ്സിഡി.26. **വിളകളുടെ വികസനം.** തദ്ദേശ വിളകൾ കൃഷിചെയ്യുവാൻ 50 സെൻറിന് 500 രൂപ ധനസഹായം ജലസേചനത്തിന്. 100 രൂപയും. കൃഷിഭവൻ. **27. എണ്ണക്കുരു വികസന പദ്ധതി.** വിത്ത് സൗജന്യം. പ്രദർശന തോട്ടത്തിന് ഹെക്ടർ ഒന്ന് 1600 രൂപ. കീടനാശിനി 50% നിരക്കിൽ. കാർഷിക ഉപകരണങ്ങൾ 50% സബ്സിഡി നിരക്കിൽ. കീടനിയന്ത്രണം ഹെക്ടറിന് 1500 രൂപ സബ്സിഡി. അമ്ലം കുറയുന്നതിന് ഹെക്ടറിന് 200 രൂപ. കൃഷിഭവൻ.28. **സംയോജിത വികസന പദ്ധതി.** മണ്ണും ജലവും സംരക്ഷിക്കുവാൻ ധനസഹായം, രോഗബാധിത മരങ്ങൾ മുറിച്ചുമാറ്റാൻ ധനസഹായം. ഗുണമേൻമയുള്ള കുരുമുളക് തൈയ്ക്ക് ധനസഹായം. സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങുവാൻ, കീടരോഗനിയന്ത്രണം എന്നിവയ്ക്ക് ധനസഹായം കൃഷിഭവൻ.

# മൃഗസംരക്ഷണം മൽസ്യബന്ധനം



കേരളത്തിലെ ഉൽപ്പാദന രംഗത്ത് വൻമാറ്റങ്ങളുണ്ടാക്കുവാൻ കഴിയുന്നത് കൃഷി അനുബന്ധ മേഖലകളിലാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്നു. ഇതിൽതന്നെ പെട്ടെന്നൊരു കുതിച്ചു ചാട്ടത്തിനു സാധ്യത യുള്ളത് മൃഗസംരക്ഷണ മേഖലയിലാണ്. കേരളത്തിലെ കാലി സമ്പത്തിൻെറ പ്രധാന ആഹാരം വൈക്കോലാണ്. എന്നാൽ വയ ലുകൾ നികത്തി നാണ്യവിളകൾ കൃഷി ചെയ്യുന്നത് കേരളത്തിലെ വിപുലമായ കാലിസമ്പത്തിനു വലിയ ഭീഷണിയാണ്.

പശു, ആട്, പന്നി എന്നിവയാണ് പഞ്ചാ യത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി ഉഴവ് കാള. എരുമ, പോത്ത് എന്നിവയും വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചാ യത്തിൻെറ 1,3,5,6 എന്നീ വാർഡുകളിൽ വ്യക്തികൾ നടത്തുന്ന നിരവധി ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളുണ്ട്. കോട്ടയം ജില്ലയിൽ തന്നെ വളരെ വിപുലമായ രീതി യിൽ ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ ഫാമുകളുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചാ യത്തിലെ വെള്ളാശ്ശേരി വാർഡ്. പഞ്ചാ യത്തിൽ ഇപ്പോൾ 5733 പശുവും, 3107 ആടും, 29660 കോഴിയും 1769 താറാവും ഉണ്ട്. പഞ്ചാ യത്തിലെ വളർത്തു മൃഗങ്ങളുടെ വിവരം പട്ടിക 2(1) ചേർത്തിരിക്കുന്നു.

## കാലിവളർത്തൽ

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് കാലിവളർത്തൽ. ഉപതൊ ഴിലായി ഏറ്റവും കൂടുതൽ ആളുകൾ കാലിവ ളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന നാടാണ് നമ്മു ടേത്. അപ്രതീക്ഷിതമായ കാലാവസ്ഥാഭേ ദങ്ങൾ കൃഷിയെ ബാധിക്കുന്നതുപോലെ ഈ മേഖലയെ ബാധിക്കാറില്ല. ഉൽപ്പാദ നച്ചെലവ് വർദ്ധിക്കാറുണ്ടെങ്കിലും ഉൽപ്പന്ന ങ്ങൾക്ക് ഒരു കാലത്തും ആവശ്യകത കുറയുന്നില്ല. വിലയും കുറയാറില്ല.

കൃത്രിമ ബീജാധാനം സാർവ്വത്രീകമാ യതോടെ മെച്ചപ്പെട്ട ഉൽപ്പാദനശേഷിയുള്ള വിദേശജനുസുകളിൽപ്പെട്ട കന്നുകാലികൾ എണ്ണത്തിൽ പെരുകുകയും പ്രദേശത്തിൻെറ പാലുൽപാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. കാലിവളർത്തലുമായി ബന്ധപ്പെട്ട കർഷകരിൽ ഭൂരിഭാഗവും ചെറുകിട, പരി മിത, കർഷകതൊഴിലാളി വിഭാഗത്തിൽപ്പെട്ട വരാണ്. കൃഷിഭൂമിയുടെ ദൗർലഭ്യം മൂലം പുൽകൃഷി ഉപയോഗിച്ച് ആദായകരമായി കാലിവളർത്തൽ നടത്തുവാൻ ഈ മേഖല യിലെ നല്ല സംഖ്യം കർഷകർക്കും സാധി ക്കുന്നില്ല. നെൽകൃഷി കുറഞ്ഞുവരുന്നതും കാർഷികരംഗത്തെ യന്ത്രവൽക്കരണവും കാലിത്തീറ്റയിൽ വന്നിട്ടുള്ള അനിയന്ത്രി തമായ വിലക്കയറ്റവും കാലികർഷകരെ സാരമായി ബാധിച്ചിട്ടുണ്ട്.

പട്ടിക 2(1)

| പശു | | | | | | | | | കാള | |
|---|---|---|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | എരുമ | പോത്ത് | ആട് | പന്നി | താറാവ് | പട്ടി | കോഴി | നാടൻ | സങ്കരം |
| 2170 | 3563 | 50 | 101 | 3107 | 864 | 1769 | 1003 | 29660 | 1521 | 2661 |

പട്ടിക 2

| വർഷം | ആകെശേഖരിച്ച പാൽ (ലിറ്ററിൽ) | പഞ്ചായത്തിനുള്ളിൽ വിതരണംചെയ്ത പാൽ(ലിറ്ററിൽ) | പഞ്ചായത്തിനുപുറത്ത് വിറ്റപാൽ (ലിറ്ററിൽ) |
|---|---|---|---|
| 1990-91 | 463908.5 | 315237.4 | 148671.1 |
| 1991-92 | 479395.1 | 361000.8 | 118394.3 |
| 1992-93 | 493427.3 | 348219.6 | 145207.7 |
| 1993-94 | 430014.1 | 292999.6 | 137014.5 |
| 1994-95 | 452719.1 | 267558.4 | 185160.7 |

ക്ഷീരകർഷകർ ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഭാരിച്ച ഉൽപ്പാദനച്ചിലവാണ്. ക്ഷീരോൽപ്യപാദനത്തിനു മുടക്കേണ്ടി വരുന്ന ചെലവിൽ 70 ശതമാനവും കാലിത്തീറ്റ ഇനത്തിലാണം ചിലവിടുന്നത്. ഉൽപ്പാദനച്ചിലവിലുണ്ടാകാത്ത വർദ്ധന കർഷകരെ ഈ രംഗത്തു നിന്നും പിൻതിരിയുന്നതിനു പ്രേരിപ്പിക്കുന്നു. ക്ഷീര സംഭരണ രംഗത്ത് പ്രവർത്തിക്കുന്ന ഒൻപത് ക്ഷീരോൽപ്പാദന സഹകരണ സംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പാൽ ഉൽപാദനം പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു.

നെൽകൃഷി കുറഞ്ഞുവരുന്നതുംകാർഷിക രംഗത്തെ യന്ത്രവൽക്കരണവും കാലിത്തീറ്റയിൽ വന്നിട്ടുള്ള അനിയന്ത്രിതമായ വിലക്കയറ്റവും കാലികർഷകരെ സാരമായ ബാധിച്ചിട്ടുണ്ട്.

## കോഴിവളർത്തൽ

യുവജനങ്ങൾക്ക് ഏറ്റവുമധികം ആശ്രയിക്കാവുന്ന വളർന്നുവരുന്ന ഒരു സ്വയം തൊഴിൽ മേഖലയാണ് കോഴിവളർത്തൽ. സാധാരണയായി ഇറച്ചിക്കോഴി മുട്ടക്കോഴി യെന്നിങ്ങനെ രണ്ടുതരത്തിലുള്ള കോഴികളെയാണ് കർഷകർ വളർത്തുന്നത്. കൂടാതെ വീട്ടുവളപ്പിലെ കോഴിവളർത്തലും പഞ്ചായത്തിൽ സർവ്വസാധാരണമായി കണ്ടുവരുന്നു. കോട്ടയം ജില്ലയിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കൂടുതൽ സംരംഭകർ കടുത്തുരുത്തി പഞ്ചായത്തിൽ ഉണ്ട്.

## മുട്ടക്കോഴി വളർത്തൽ

മാംസ്യാഹാരത്തിൻെറ ഉത്തമസ്രോതസ്സാണ് കോഴിമുട്ട. അതിനാൽ കുടുംബങ്ങളുടെ പോഷകാഹാരക്കമ്മി കുറയ്ക്കുവാനുള്ള ഏറ്റവും ലളിതവും ഫലപ്രദവുമായ മാർഗ്ഗമാണ് മുട്ടക്കോഴിവളർത്തൽ. ''വീട്ടുപരിസരത്തെ മുട്ടക്കോഴി വളർത്തൽ'' എന്ന ആശയം വിജയപ്രദമായി പരീക്ഷിക്കപ്പെട്ട ഒരു പ്രദേശമാണ് കടുത്തുരുത്തി പഞ്ചായത്ത്. ഈ പദ്ധതിയിലൂടെ ഉൽപ്പാദനശേഷിയുള്ള മുട്ടക്കോഴിയിനങ്ങളായ ഗിരിരാജൻ പോലുള്ളയിനങ്ങൾ നാട്ടുകാർക്ക് പരിചയമായി. ചുരുക്കം ചില മുട്ടക്കോഴി ഫാമുകളും കടുത്തുരുത്തി പഞ്ചായത്തിൻെറ വിവിധ

പട്ടിക 2(3)

| ബ്രോയിലർ ഫാമുകളുടെ എണ്ണം | ശരാശരിവളർത്തുന്ന കോഴികളുടെ എണ്ണം | ഒരു മാസത്തെ ശരാശരി ഉൽപ്പാദനം |
|---|---|---|
| 13 | 1507 | 5502 കി.ഗ്രാം |

ഭാഗങ്ങളിലുണ്ട്. കോഴി വസന്തയാണ് ഈ മേഖലയിലെ ഏറ്റവും വലിയ പ്രശ്നം.

## ഇറച്ചിക്കോഴികൾ

കോട്ടയം ജില്ലയുടെ മറ്റ് ഇതരഭാഗങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഇറച്ചിക്കോഴികളെ വളർത്തുന്ന ഒരു പ്രദേശമാണ് കടുത്തുരുത്തി. വളരെ വിപുലമായ രീതിയിൽ ശാസ്ത്രീയമായി ഇറച്ചിക്കോഴികളെ വളർത്തുന്ന നിരവധി ഇറച്ചിക്കോഴി ഫാമുകൾ കടുത്തുരുത്തി പഞ്ചായത്തിലുണ്ട്. കടുത്തുരുത്തി പഞ്ചായത്തിൽ ഏറ്റവുമധികം ഇറച്ചിക്കോഴി ഫാമുകളുള്ള പ്രദേശം വെള്ളാശ്ശേരി വാർഡ് ആണ്. കോഴിത്തീറ്റയിലുണ്ടാകുന്ന അനിയന്ത്രിതമായ വിലവർദ്ധനവ് ഈ മേഖലയിലെ കർഷകർക്ക് താങ്ങാവുന്നതിനുമപ്പുറമാണ്. ഈ വിഭാഗം കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നം ഉൽപ്പന്ന വിലയ്ക്ക് വിപണിയിലുണ്ടാകുന്ന അസ്ഥിരതയും, അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇറച്ചിക്കോഴികളുടെ വരവുമാണ്. കടുത്തുരുത്തി പഞ്ചായത്തിലെ ഇറച്ചിക്കോഴികളെ സംബന്ധിച്ച വിവരം പട്ടിക 2(3)ൽ ചേർത്തിരിക്കുന്നു.

## പന്നിവളർത്തൽ

യുവജനങ്ങൾക്ക് ഏറ്റവുമധികം ആശ്രയിക്കാവുന്നതും അദ്ധ്വാനഭാരം തീരെ കുറഞ്ഞതുമായ ഒരു സ്വയം തൊഴിൽ മേഖലയാണ് പന്നിവളർത്തൽ. വീടിനുള്ളിലെ ഭക്ഷണസാധനങ്ങളുടെ അവശിഷ്ടങ്ങളും കുറച്ച് പോഷക ആഹാരവും മതിയാവും പന്നിവളർത്തലിന്. സങ്കരയിനം പന്നികളെ വളർത്തുകയെന്നത് പ്രദേശവാസികളെ സംബന്ധിച്ചിടത്തോളം സർവ്വസാധാരണമായിട്ടുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ, സർക്കാരിൽ നിന്നും ധനസഹായം വാങ്ങി പിഗ്ഗ്ഫാമുകൾ നടത്തുന്ന കർഷകരും പഞ്ചായത്തിലുണ്ട്. കാലിവളർത്തൽ പോലെ തന്നെ പന്നിവളർത്തൽ ഉപതൊഴിലായി സ്വീകരിച്ച നിരവധി പേർ നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ഉണ്ട്. വളരെയധികം ലാഭക്ഷമതയുള്ള ഒരു മേഖലയാണ് പന്നിവളർത്തൽ. ഉൽപ്പന്നത്തിനു കിട്ടുന്ന ന്യായമായ വിലയും വർദ്ധിച്ചുവരുന്ന ആവശ്യവും ഈ മേഖലയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകത തന്നെയാണ്. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് ഉപതൊഴിലായി സ്വീകരിക്കാവുന്ന ഒന്നാണ് പന്നിവളർത്തൽ.

## രോഗങ്ങൾ

പഞ്ചായത്തിലെ കാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ പരാദരോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അകിടുവീക്കം, വന്ധ്യത, മുടന്തൻ പനി എന്നിവയാണ്. ശുചിത്വത്തെ സംബന്ധിച്ചും, രോഗ പ്രതിരോധ നടപടികളെക്കുറിച്ചും, കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ മൂലം രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിനു

പട്ടിക 2(4)

| നമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി | എരുമ | പട്ടി |
|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായ രോഗം | 519 | 426 | 81 | 1 | 1 |
| 2 | ശ്വാസകോശസംബന്ധമായരോഗം | 40 | 18 | 4 | | |
| 3 | ഉപാപചയസംബന്ധമായ രോഗം | 55 | 1 | | | |
| 4 | ത്വക്ക് രോഗങ്ങൾ | 76 | 1 | | | |
| 5 | ധാധുലവണങ്ങളുടെ അഭാവം | 15 | 2 | | | |
| 6 | പരാദ രോഗങ്ങൾ | 946 | 264 | | 10 | |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 37 | 1 | | | |
| 8 | വന്ധ്യത | 66 | | | | |
| 9 | അകിടുവീക്കം | 66 | 26 | | | |
| 10 | മുടന്തൻ പനി | 64 | | | 1 | |

തടസ്സമാവുകയും അതുമൂലം കാലിവളർത്തൽ ലാഭകരമല്ലെന്നുള്ള തോന്നലും കർഷകരിലുണ്ടാകുന്നു. ശാസ്ത്രീയമായ രീതിയിലുള്ള കാലിവളർത്തലിനെക്കുറിച്ചു നമ്മുടെ നാട്ടിലെ കാലി കർഷകർ ഇനിയും ബോധവാന്മാരാകേണ്ടിയിരിക്കുന്നു. കടുത്തുരുത്തി പഞ്ചായത്തിലെ മൃഗങ്ങളുടെ രോഗങ്ങളെ സംബന്ധിച്ച വിവരം പട്ടിക 2(4)ൽ കൊടുത്തിരിക്കുന്നു.

കടുത്തുരുത്തി പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും മുട്ടുചിറ കേന്ദ്രമായി ഒരു ഗോവർദ്ധന ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. ഇതിൻെറ പ്രയോജനം പരമാവധി കർഷകർ ഉപയോഗപ്പെടുത്തുന്നുണ്ട്. മൃഗാശുപത്രി വെള്ളാശ്ശേരി വാർഡിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടെ ഒരു ഡോക്ടറും ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റൻഡും ഒരു അറ്റൻഡറും ജോലി നോക്കുന്നു. മൃഗാശുപത്രി എല്ലാ ദിവസവും പ്രവർത്തിക്കുന്നു. കൂടാതെ ക്ഷീര വികസന വകുപ്പിൻെറ ഒരു ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

## നാമാവശേഷമാകുന്നവ

നാമാവശേഷമാകുന്ന കാലികളിൽ പ്രധാനമായവ വണ്ടിക്കാളകളാണ്. ഉഴവ് കാളകളും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ കടുത്തുരുത്തി പഞ്ചായത്തിലെ കർഷകർ ഉൽപ്പാദിപ്പിച്ചിരുന്ന കാർഷികോൽപ്പന്നങ്ങൾ പെരുവ, കുറുപ്പന്തറ, തലയോലപ്പറമ്പ് എന്നീ മാർക്കറ്റുകളിൽ എത്തിച്ചിരുന്നതും പഞ്ചായത്തിലെ മുഴുവൻ നെൽ വയലുകളിൽ ഉഴവ് നടത്തിയിരുന്നതും കാളകളെ ഉപയോഗിച്ചായിരുന്നു. എന്നാൽ വാഹന സൗകര്യം വർദ്ധിച്ചു വന്നപ്പോൾ വണ്ടിക്കാളകൾ നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമായി. കാർഷികരംഗത്തെ യന്ത്രവൽക്കരണം മൂലം ഉഴവുകാളകളുടെ എണ്ണവും ദിനംപ്രതി കുറഞ്ഞുകുറഞ്ഞു വരികയാണ്. നാടൻ പന്നി വളർത്തലും നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സങ്കരയിനം പന്നിവളർത്തലും ഇറച്ചിക്കോഴി വളർത്തലും നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്നുണ്ട് എന്നത് ഈ രംഗത്ത് ആശ്വാസകരമാണ്.

## ക്ഷീരവികസനവും എട്ടാംപദ്ധതിയും



ക്ഷീരവികസനവുമായി ബന്ധപ്പെട്ട് എട്ടാം പദ്ധതികാലത്ത് നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പ് കടുത്തുരുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ ക്ഷീരസമ്പർക്ക പരിപാടി, നാടൻ ക്ഷീരോൽപാദക നിർമ്മാണ പ്രദർശനം, പുൽകൃഷി വികസനം, മാതൃക കാലിത്തൊഴുത്ത് നിർമ്മാണം, മാതൃകാ ഡയറി യൂണിറ്റ് നിർമ്മാണം, ധാതുലവണ മിശ്രിത വിതരണം, നാടൻ ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റ്, ക്ഷീരസംഘങ്ങളുടെ നവീകരണം എന്നിവയാണ്. ഇവയുടെയൊക്കെ ഫലമായി നമ്മുടെ പഞ്ചായത്തിൽ ക്ഷീരോല്പാദന രംഗത്ത് നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ പഞ്ചായത്തിലെ പാൽ ഉൽപാദനം സംബ

പട്ടിക 2(6)

ക്ഷീരകർഷകസമ്പർക്ക പരിപാടി | നാടൻക്ഷീരോൽപന്ന നിർമ്മാണ പ്രദർശനം

| വർഷം | ക്ളാസ്സ് | വർഷം | നടത്തിയ ക്ളാസ്സ് |
|---|---|---|---|
| 1993-94 | 7 | 1993-94 | 5 |
| 1994-95 | 8 | 1994-95 | 9 |
| 1995-96 | 9 | 1995-96 | 9 |

## പട്ടിക 2(5)

| ക്ഷീരസംഘത്തിന്റെ പേര് | 1990-91 | | | 1991-92 | | | 1992-93 | | | 1993-94 | | | 1994-95 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ശേഖരിച്ച ആകെ പാൽ | പ്രദേശത്ത് വിതരണം ചെയ്ത പാൽ | പുറത്തേക്ക് വിടുന്ന പാൽ | ശേഖരിച്ച ആകെ പാൽ | പ്രദേശത്ത് വിതരണം ചെയ്ത പാൽ | പുറത്തേക്ക് പോകുന്നത് | ശേഖരിച്ച ആകെ പാൽ | പ്രദേശത്ത് വിതരണം ചെയ്ത പാൽ | പുറത്തേക്ക് പോകുന്നത് | ശേഖരിച്ച ആകെ പാൽ | പ്രദേശത്ത് വിതരണം ചെയ്ത് | പുറത്തേയ്ക്ക് വിടുന്ന പാൽ | ആകെ ശേഖരിച്ച പാൽ | പ്രദേശത്ത് വിതരണം ചെയ്ത പാൽ | പുറത്തേയ്ക്ക് വിടുന്ന പാൽ |
| 1. കടുത്തുരുത്തി ക്ഷീരോൽപാദക സംഘം No.K. 98(D) APCOSE | 70790 | 55706 | 15084 | 62663 | 58217 | 4446 | 61730.500 | 54425.300 | 7305.200 | 50624.400 | 43723.6 | 6900.800 | 49550.900 | 36625.200 | 12925.700 |
| 2. കെ. എസ്.പുരം ക്ഷീരോല്പാദക സംഘം No.K. 99(D) APCOSE | 75177.8 | 34404.7 | 40773.1 | 74471.1 | 35278.1 | 39193 | 69194.9 | 23782.1 | 45412.8 | 73310.2 | 30397.3 | 42912.9 | 86064.9 | 23123.3 | 62941.6 |
| 3. കപിക്കാട് ക്ഷീരോൽപാദക സംഘം No.K. 93(D) APCOS | 46040 | 25997.1 | 20042.9 | 38273.3 | 27202.7 | 11070.6 | 36107.5 | 27427.8 | 8679.7 | 24161.3 | 15797.2 | 8364.1 | 9401.6 | 1926.2 | 7115.4 |
| 4. കാപ്പുംതല ക്ഷീരോൽപാദക സംഘംNo.K. 101(D) APCOS | 41590.7 | 25377.2 | 16213.5 | 53242.5 | 35923.8 | 17318.7 | 57975.4 | 33544.5 | 24330.9 | 47120.7 | 26231.4 | 20889.3 | 52948.7 | 25949.6 | 26991.1 |
| 5. മുട്ടുചിറ ക്ഷീരോൽപാദക സംഘം No.K. 15(D) | 56835 | 56835 | - | 75486 | 75486 | - | 71416 | 71416 | - | 76785 | 76785 | - | 83240 | 83240 | - |
| 6. വാലാച്ചിറ ക്ഷീരോൽപാദക സംഘം No.K.94(D) | 22620.3 | 22620.3 | - | 36782.3 | 36782.3 | - | 27796.6 | 27796.6 | - | 17655.4 | 17655.4 | - | 15302.5 | 15302.5 | - |
| 7. ആയാംകുടി ക്ഷീരോൽപാദക സംഘം No.K. 92(D) | 40071.8 | 40071 8 | - | 36118.4 | 36118.4 | - | 47287.5 | 47287.5 | - | 30718.3 | 30718.3 | - | 31962.7 | 31962.7 | - |
| 8. എഴുമാന്തുരുത്ത് ക്ഷീരോൽപാദക സംഘം No. K. 90(D) | 44638.4 | 22372.5 | 22265.9 | 56091.2 | 24589.5 | 31501.7 | 46189.6 | 29669 | 16520.6 | 63454.1 | 25880.3 | 37573.8 | 72917 | 26840.7 | 46076.3 |
| 9. മാന്നാർ ക്ഷീരോൽപാദക സംഘം No.K. 97(D) | 66144.5 | 31852.8 | 34291.7 | 4626.3 | 31403 | 14864.3 | 75829.3 | 32870.8 | 42958.5 | 46184.7 | 25811,1 | 20373.6 | 51330.8 | 22588.2 | 28742.6 |

പട്ടിക 2(7)

| ദീർഘകാലപുൽകൃഷി | | ഹ്രസ്വകാല പുൽകൃഷി | | വൈക്കോൽ സമ്പുഷ്ടീകരണം | | പുൽക്കട പുൽകൃഷി | |
|---|---|---|---|---|---|---|---|
| വർഷം | വിസ്തീർണ്ണം | വർഷം | വിസ്തീർണ്ണം | വർഷം | ടൺ | 92-93 | 4.42 ഹെ. |
| 1992-93 | 10.3 ഹെക്ടർ | 1992-93 | 6.85 ഹെക്ടർ | 1992-93 | 2 | 93-94 | 4.12 ഹെ |
| 1993-94 | 9.34ഹെക്ടർ | 1993-94 | 3.1 ഹെക്ടർ | 1994-95 | 2 | 94-95 | |
| 1994-95 | 4ഹെക്ടർ | 1994-95 | 2.38 ഹെ | 1995-96 | 7 | | |
| 1995-96 | 2.12 ഹെ | 1995-96 | 2.2 | | | | |

പട്ടിക 2(8)

| ഹ്രസ്വകാല പുൽകൃഷി | | | ഹ്രസ്വകാല പുൽകൃഷി | | |
|---|---|---|---|---|---|
| ഇനം | വർഷം | വിസ്തീർണ്ണം | ഇനം | വർഷം | വിസ്തീർണ്ണം |
| വൻപയർ | 1992-93 | 6.15ഹെക്ടർ | മക്കച്ചോളം | 1992-93 | 0.7ഹെക്ടർ |
| | 1993-94 | 1 ഹെ. | | 1993-94 | 2.1 ഹെ. |
| | 1994-95 | 1.5 ഹെ. | | 1995-96 | 2.2 ഹെ. |

പട്ടിക 2(9)

| മാതൃകാഡയറി യൂണിറ്റ് | | മാതൃകാ കാലിത്തൊഴുത്ത് | | ദുർബ്ബലജനവിഭാഗങ്ങൾക്കുള്ള ഡയറി യൂണിറ്റ് | | |
|---|---|---|---|---|---|---|
| വർഷം | എണ്ണം | വർഷം | എണ്ണം | വർഷം | എണ്ണം | സബ്സിഡി യൂണിറ്റ് ഒന്നിന് |
| 1992-93 | 1 | | | 1992-93 | 24 | 5000/- |
| 1993-94 | 1 | | | 1993-94 | 20 | 5790/- |
| 1994-95 | 1 | 1994-95 | 2 | 1994-95 | 22 | 6520/- |
| 1995-96 | 1 | 1995-96 | 7 | | | |

ന്ധിച്ച വിവരം പട്ടിക 2(5) കൊടുത്തിരിക്കുന്നു.

## ക്ഷീരവികസന പരിപാടി

ക്ഷീരകർഷകർക്ക് വിജ്ഞാന വ്യാപന പ്രക്രിയയ്ക്ക് വേണ്ടിയുള്ള ഒരു പരിപാടിയാണിത്. ഒരു പൊതു സ്ഥലത്ത് 30-ൽ കുറയാത്ത കർഷകർ അടങ്ങുന്ന സദസിനു ശാസ്ത്രീയ ക്ഷീരകൃഷിയെക്കുറിച്ച് ക്ളാസ്സ് നൽകുകയാണീ പദ്ധതി.

പാലിൽ നിന്നും വൈവിധ്യമാർന്ന വിവിധ നാടൻ പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ ഉള്ള പരിശീലനം കർഷകർക്ക് നൽകുന്നതിനു വേണ്ടിയാണ് ഈ പദ്ധതി. പാലിന്റെയും പാൽ ഉൽപന്നങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ ഈ പരിപാടിക്ക് കഴിയും.

## പുൽകൃഷി

ഉള്ള സ്ഥലത്ത് ലാഭകരമായി കാലിവളർത്തൽ നടത്തുന്നതിന് ഉതകുന്ന ഒരു പദ്ധ

തിയാണ് പുൽകൃഷി വികസനം.

## മറ്റു പദ്ധതികൾ

**സൈലേജ് നിർമ്മാണം:-** നാരിൻെറ അംശം കൂടുതലുള്ള പുല്ല്, ചോളം എന്നിവ ഉപ്പ്, മൊളാസിസ്സ് എന്നിവ ഉപയോഗിച്ച് പ്രത്യേകരാസപ്രവർത്തനങ്ങൾ നടത്തുവാൻ അനുവദിച്ച് വായുകയറാത്ത അറകളിൽ നിശ്ചിത കാലം സൂക്ഷിച്ച് സൈലേജ് നിർമ്മിക്കുന്നു. പോഷക മേൻമ ഏറിയ ഒരു കാലിത്തീറ്റ ആയി ഇത് ഉപയോഗിക്കുന്നു. ഇതിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

**മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം:-** രണ്ട് കറവ പശുക്കളെ സ്വന്തമായിട്ടുള്ളതോ പുതുതായി വാങ്ങി സംരക്ഷിക്കുന്നവരുമായ കർഷകന് പുതുതായി ഡിപ്പാർട്ട്മെൻറ് മാർഗ്ഗനിർദ്ദേശപ്രകാരം തൊഴുത്ത് നിർമ്മിക്കുവാൻ ധനസഹായം നൽകുന്നു. നടപ്പു വർഷം കടുത്തുരുത്തി പഞ്ചായത്തിൽ 7 കർഷകന് ഈ ആനുകൂല്യം ലഭിച്ചു.

**മാതൃകാ ഡയറിയൂണിറ്റ്:-** രണ്ട് കറവ പശുക്കളെയെങ്കിലും വളർത്തുന്ന കർഷകന് വീണ്ടും ഒരു കറവപശു വാങ്ങുന്നതിനും പുൽകൃഷി, ജലസേചനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി മുടക്ക് തുകയുടെ 1/3 ധന സഹായമായി നൽകുന്നു.

**ഡയറിയൂണിറ്റ്:-** സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി ക്ഷീരകർഷകന് തൊഴിൽ നൽകുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പദ്ധതി ആണ് ഇത്. സർക്കാർ സഹായം നൽകുന്നു. നടപ്പ് വർഷം 22 യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിച്ചു.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം.

2. നെൽകൃഷി കുറഞ്ഞു വരുന്നതുമൂലമുള്ള വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്.

3. കാലിവളർത്തലിന് സാമ്പത്തിക സഹായം ലഭിക്കുന്നതിലുള്ള കാലതാമസം

4. ഉൽപാദനച്ചിലവിന് അനുസൃതമായി പാലിനു വില ലഭിക്കുന്നില്ല.

5. കാലിവളർത്തലിനെ പ്രോത്സാഹിപ്പിക്കുന്നതിനുളള പരിപാടികൾ ബന്ധപ്പെട്ട വകുപ്പുകൾ ആവിഷ്ക്കരിക്കുന്നില്ല. ആവിഷ്ക്കരിക്കുന്നവ ജനങ്ങളെ വേണ്ട രീതിയിൽ അറിയിക്കുന്നുമില്ല.

## ഗ്രാമസഭാ നിർദ്ദേശം

1. കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയും സബ്സിഡി അനുവദിക്കുക.

2. പത്തോളം ഇറച്ചിക്കോഴി ഫാമുകളുള്ള വെള്ളാശ്ശേരിയിൽ ഒരു മാസ്യസംസ്കരണശാല ആരംഭിച്ച് കർഷകർ ഉൽപാദിപ്പിക്കുന്ന ഇറച്ചിക്കോഴികളെ ന്യായവിലയ്ക്ക് ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുക.

3. പഞ്ചായത്തിൻെറ അനുയോജ്യമായ സ്ഥലത്ത് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

4. നല്ലയിനം പശുക്കുട്ടി, ആട്, കോഴി, പന്നി, മുയൽ എന്നിവയെ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

5. കടുത്തുരുത്തി ടൗൺ കേന്ദ്രീകരിച്ച് ഒരു ഹാച്ചറി ആരംഭിക്കുക.

6. കാലികൾക്കും കർഷകർക്കും സൗജന്യ ഇൻഷ്വറൻ പദ്ധതി തുടങ്ങുക.

7. കാലി കർഷകരുടെ വീടുകളിൽ ബയോഗ്യാസ് പ്ളാൻറുകൾ തുടങ്ങുവാൻ ധന സഹായം നൽകുക.

8. കൃത്രിമ ബീജസങ്കലനത്തിനും രോഗ പ്രതിരോധ ചികിത്സയ്ക്കും ഇന്നുള്ള സൗകര്യം വ്യാപിപ്പിക്കുക, കോഴി വസന്തയ്ക്കെതിരെയുള്ള പ്രതിരോധ ചികിത്സ വ്യാപിപ്പിക്കുക.

9. പാൽ സൊസൈറ്റികൾ എല്ലാ വാർഡിലും ആരംഭിക്കുക, കന്നുകുട്ടി പരിശീലന പരിപാടി പഞ്ചായത്തിലെ എല്ലാ വാർഡിലും വ്യാപിപ്പിക്കുക.

10. പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ധന സഹായം എല്ലാ കർഷകർക്കും നൽകുക.

11. IX, X, XI, XII എന്നീ വാർഡുകളിലെവിടെയെങ്കിലും അനുയോജ്യമായ സ്ഥലത്ത് മൃഗാശുപത്രി സ്ഥാപിക്കുക.

# മൽസ്യബന്ധനം



കേരളത്തിലെ മൽസ്യമേഖലയുടെ പ്രാഥമികഘടകങ്ങൾ ജലസമ്പത്തും മൽസ്യസമ്പത്തും മനുഷ്യശേഷിയുമാണ്. തോടുകളും, കുളങ്ങളും വിശാലമായ പാടശേഖരങ്ങളും അടങ്ങുന്ന വിപുലമായ ഒരു ജലസമ്പത്ത് നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതുപോലെതന്നെ മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളും മൽസ്യം വാങ്ങുന്ന ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുമടങ്ങുന്ന വിപുലമായ ഒരു മനുഷ്യസമ്പത്തും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയൊക്കെ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുവാനും പഴയ കാലം മുതൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കടുത്തുരുത്തി പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളായ എഴുമാന്തുരുത്ത്, മാന്നാർ, മധുരവേലി, കപിക്കാട്, ആയാംകുടി എന്നീ പ്രദേശങ്ങളിൽ മൽസ്യബന്ധനം തൊഴിലാക്കി ഉപജീവിതം നടത്തുന്ന നിരവധി കുടുംബങ്ങളുണ്ട്. പഞ്ചായത്തിൽ ഏറ്റവുമധികം മൽസ്യതൊഴിലാളി കുടുംബങ്ങളുള്ളത് എഴുമാന്തുരുത്ത്, മാന്നാർ എന്നീ പ്രദേശങ്ങളിലാണ്. പഞ്ചായത്തിൽ ഏകദേശം 200-ഓളം മൽസ്യതൊഴിലാളി കുടുംബങ്ങളാണ് ഉള്ളത്. മൽസ്യബന്ധനം നടത്തുന്നവരിൽ നല്ലൊരു ശതമാനം സ്ത്രീ തൊഴിലാളികളുമുണ്ട്. കടുത്തുരുത്തി പഞ്ചായത്തിലെ മൽസ്യതൊഴിലാളികൾ മുഴുവൻ തന്നെ ഉൾനാടൻ മൽസ്യതൊഴിലാളികളാണ്. മറ്റ് സ്ഥലങ്ങളിൽ പോയി കടൽ മൽസ്യം വാങ്ങി ഇവിടത്തെ മാർക്കറ്റിൽ കൊണ്ടുവന്ന് വിറ്റ് ഉപജീവനം നടത്തുന്ന ചുരുക്കം ചില തൊഴിലാളികളും ഉണ്ട്. ഇവിടത്തെ തൊഴിലാളികളിൽ അധികവും വൈക്കം, കോട്ടയം, കുമരകം തുടങ്ങിയ സ്ഥലങ്ങളിൽ പോയി മൽസ്യം പിടിച്ച് ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നവരാണ്. നല്ലൊരുശതമാനം തൊഴിലാളികൾ പഞ്ചായത്തിലെ വിവിധ തോടുകളിലും, കുളങ്ങളിലും, പാടശേഖരങ്ങളിലും നിന്നും മീൻ പിടിക്കുന്നവരാണ്.

പ്രധാനമായും ചുള്ളത്തോട്, ആപ്പാഞ്ചിറതോട്, എഴുമാകായൻ, വലിയതോട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങൾ എന്നിവിടങ്ങളിൽ നിന്നുമാണ് തൊഴിലാളികൾ മീൻ പിടിക്കുന്നത്. വരാൽ, കാരി, മുഷി, കരിമീൻ, ചെമ്മീൻ, കൊഞ്ച് എന്നിവയാണ് പ്രധാന മൽസ്യങ്ങൾ. ഇവയിൽ കാരി, മുഷി, വരാൽ എന്നിവയ്ക്ക് മൽസ്യരോഗം പിടിപെടുകയുണ്ടായി. പഴയകാലങ്ങളിൽ കണ്ടുവരുന്ന മഞ്ഞക്കൂരി, ആരോൻ തുടങ്ങിയ ചില മൽസ്യങ്ങൾ ഇപ്പോൾ അപൂർവ്വമായെ കാണുന്നുള്ളൂ.

കോരുവല അഥവാ വട്ടവല, വീശുവല, ഉടക്കുവല, അടക്കംകൊല്ലിവല എന്നിവ ഉപയോഗിച്ചാണ് തൊഴിലാളികൾ മൽസ്യബന്ധനം നടത്തുന്നത്. സ്ത്രീ തൊഴിലാളികൾ ഒരു ചെറിയ തരം കാരിവല ഉപയോഗിച്ചാണ് മീൻ പിടിക്കുന്നത്. നെൽ കൃഷിക്ക് വേണ്ടി പാടശേഖരങ്ങളിലെ വെള്ളം പറ്റിയ്ക്കുമ്പോൾ വെള്ളം പറ്റിയ്ക്കുവാൻ ഉപയോഗിക്കുന്ന പെട്ടിയുടെ മുഖത്ത് ഒരു പ്രത്യേക തരം വലകെട്ടി മീൻപിടിക്കുന്നവരുമുണ്ട്. മൽസ്യതൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മൽസ്യത്തിന് കടുത്തുരുത്തി മാർക്കറ്റിൽ നല്ല വിലയും ലഭിക്കുന്നുണ്ട്. ജൂൺ മാസത്തിൽ കാലവർഷം ആരംഭിക്കുന്നതോടെ മൽസ്യത്തിനു വിലകുറയുവാൻ തുടങ്ങും. ഈ കാലയളവിൽ മൽസ്യതൊഴിലാളികളെ കൂടാതെ നാട്ടുകാരും ഒറ്റാൽ, വാൾ, കൂട് എന്നിവയുപയോഗിച്ച് വ്യാപകമായ രീതിയിൽ മൽസ്യബന്ധനം നടത്തുന്നു. കൂടാതെ ചെറിയ തോടുകളിൽ വാരികൾ കൊണ്ട് നെയ്ത് എടുത്ത 'നിരവ്' ഉപയോഗിച്ച് 'ചാട്ടം' വച്ചും മീൻ പിടിക്കുന്നു. ഇങ്ങനെ നാട്ടുകാർ ഈ കാലയളവിൽ വ്യാപകമായ രീതിയിൽ മീൻ പിടിക്കുന്നതു കൊണ്ടാണ് മാർക്കറ്റിൽ മൽസ്യത്തിനു വില കുറയുന്നത്. ഇത്തരത്തിൽ വർഷകാലത്ത് നാട്ടുകാർ മൽസ്യം പിടിക്കുന്നതിനെ 'ഊത്ത'പിടുത്തം എന്നാണ് പറയുന്നത്.

തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാരിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം വാങ്ങുന്ന നിരവധി തൊഴിലാളികളും നമ്മുടെ പഞ്ചായത്തിലുണ്ട്. കടുത്തുരുത്തി പഞ്ചായത്തിൽ മൽസ്യതൊഴിലാളി യൂണിയനും പ്രവർത്തിക്കുന്നുണ്ട്. ഫിഷറീസ് വകുപ്പിൽ നിന്നും വള്ളം, വല, വലകെട്ടുന്നതിനുള്ള നൂല് വാങ്ങുന്നതിനുള്ള സഹായം,

വീടു വയ്ക്കുന്നതിനുള്ള സഹായം എന്നിവ കിട്ടിയിട്ടുള്ള നിരവധി തൊഴിലാളി കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. കടുത്തുരുത്തിയിൽ ഒരു വനിതാ മൽസ്യതൊഴിലാളി സഹകരണ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്. കല്ലറ ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സംഘത്തിലെ അംഗങ്ങളിൽ ഭൂരിഭാഗവും കടുത്തുരുത്തി പ്രദേശത്തെ തൊഴിലാളികളാണ്. പഞ്ചായത്തിലെ എഴുമാന്തുരുത്ത്, മാന്നാർ എന്നിവിടങ്ങളിൽ തൊഴിലാളി കുടുംബങ്ങൾ കോളനി ആയി പാർക്കുന്നു. മാന്നാറിലെ കോളനി മൽസ്യകോളനി എന്ന പേരിലും അറയിപ്പെടുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. മഴക്കാലത്ത് മൽസ്യങ്ങൾക്ക് കണ്ടുവരുന്ന രോഗങ്ങൾ മൽസ്യ സമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു. മൽസ്യതൊഴിലാളി കുടുംബങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കുന്നു.

2. മൽസ്യരോഗം മൂലം വരാൽ, കാരി, മുഷി എന്നിവ വംശനാശത്തെ നേരിടുന്നു. നമ്മുടെ മൽസ്യ സമ്പത്ത് ഗണ്യമായി കുറയുവാൻ സാധ്യതയുണ്ട്.

3. തോടുകളിൽ വിഷം (നഞ്ച്) കലക്കി മീൻപിടിക്കുന്നതും, പി.എൽ.സി. ഫാക്ടറിയിലെ മലിനജലം തോട്ടിലേയ്ക്ക് ഒഴുകുന്നതും മൽസ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

4. കടുത്തുരുത്തി മാർക്കറ്റിൽ ആവശ്യമായ സൗകര്യം ഇല്ല.

5. തോടുകളുടെ കരയിടിഞ്ഞ് തോട്ടിലേയ്ക്ക് കിടക്കുന്നത് മൽസ്യബന്ധനത്തിനു തടസം സൃഷ്ടിക്കുന്നു.

6. വേനൽ കാലത്ത് വെള്ളം കുറവുള്ളപ്പോൾ വിദൂരപ്രദേശങ്ങളിൽ നിന്ന് ആളുകൾ വാഹനത്തിൽ വന്ന് തോടുകലക്കി മീൻ പിടിക്കുന്നത് നിയന്ത്രിക്കണം.

7. മൽസ്യതൊഴിലാളികൾക്ക് സർക്കാർ ആനുകൂല്യം കിട്ടുന്നതിലുള്ള കാലതാമസം.

8. മൽസ്യതൊഴിലാളി കുടുംബങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

9. പാടശേഖരങ്ങളിലെ അമിതമായ കീടനാശിനി പ്രയോഗം മൽസ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മൽസ്യതൊഴിലാളി കുടുംബങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുക.

2. മൽസ്യതൊഴിലാളികളുടെ വിവിധ കടങ്ങൾക്ക് പലിശയിളവ് നൽകുക.

3. മൽസ്യതൊഴിലാളി കുടുംബങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുകയും ആരോഗ്യകേന്ദ്രങ്ങൾ, ന്യായവില സ്റ്റോറുകൾ എന്നിവ തുടങ്ങുകയും ചെയ്യുക.

4. വെള്ളപ്പൊക്ക കാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ സൗജന്യമായി എത്തിക്കുക.

5. തോടുകളിൽ നഞ്ച് കലക്കുന്നത് കർശനമായി തടയുക.

6. കടുത്തുരുത്തി വലിയ തോട്ടിലേക്ക് പി. എൽ.സി. ഫാക്ടറിയിൽ നിന്നും മലിനജലം ഒഴുകുന്നത് തടയുക.

7. മൽസ്യരോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. കടുത്തുരുത്തി മൽസ്യമാർക്കറ്റിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

9. മൽസ്യതൊഴിലാളികൾക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുകയും അവയുടെ കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

10. മൽസ്യബന്ധന ഉപകരണങ്ങൾ സൗജന്യമായി നൽകുക. എല്ലാ തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കണം.

11. മൽസ്യതൊഴിലാളി സഹകരണ സംഘം വഴി മൽസ്യബന്ധന ഉപകരണങ്ങളും, ആനുകൂല്യങ്ങളും വിതരണം ചെയ്യുക.

12. വേനൽകാലത്ത് വിദൂരസ്ഥലങ്ങളിൽ നിന്നും ആളുകൾ വന്ന് തോടുകലക്കി മീൻ പിടിക്കുന്നത് കർശനമായി തടയുക.

13. ഉൾനാടൻ മൽസ്യകൃഷി പ്രോത്സാഹിപ്പിക്കുക. ഇതിനുള്ള സൗകര്യം ഗുണഭോക്താവിന് ചെയ്ത് കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്തിനെ ഏൽപിക്കുക.

## മൃഗപരിപാലനം നടപ്പുപദ്ധതികൾ

(പദ്ധതിയുടെ പേര്,ധനസഹായം, നടപ്പാക്കുന്ന ഏജൻസി)

1. പ്രത്യേക കന്നുകാലി പരിപാലന പദ്ധതി. ഗുണഭോക്താക്കൾ എസ്.സി./എസ്.റ്റി. 10%. വനിതകൾ 30%. സബ്സിഡി 4500/- കാലിത്തീറ്റ സബ്സിഡിയിലും ലഭിക്കും.

2. ഊർജിത പന്നിവളർത്തൽ പദ്ധതി. അഞ്ച് പെൺ പന്നികളും ഒരു ആൺ പന്നിയും പകുതി വില്യ്ക്ക് ലഭിക്കും. പന്നിക്കൂട് നിർമ്മിക്കാൻ. സബ്സിഡി 7000.

3. ആടുവളർത്തൽ വികസന പദ്ധതി. ഗുണഭോക്താവിന് നല്ലയിനം മലബാറി ആടുകളെ പകുതിവിലയ്ക്ക് നൽകുന്നു. ഗുണഭോക്താക്കളിൽ 30% എസ്.സി/എസ്.റ്റി. 50% വനിതകൾ.

4. വീട്ടുവളപ്പിലെ കോഴിവളർത്തൽ. ഗുണഭോക്താക്കളിൽ 30% എസ്.സി./എസ്.റ്റി 50% വനിതകൾ. 60 ദിവസം പ്രായമുള്ള മുട്ടക്കോഴികളെ 15 രൂപ നിരക്കിൽ നൽകുന്നു.

5. താറാവ് കൃഷി വികസന പദ്ധതി. ഒരു മാസം പ്രായമുള്ള താറാവ് കുഞ്ഞുങ്ങളെ 50% സബ്സിഡി നിരക്കിൽ നൽകുന്നു. 20 താറാവുകളെ ഒരു യൂണിറ്റായി കാണുന്നു.

6. മാതൃക ക്ഷീരോല്പാദന യൂണിറ്റ്. മെച്ചപ്പെട്ടയിനം രണ്ടു പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും 7000 രൂപ ധനസഹായം

7. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

രണ്ട് ഉരുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന ശാസ്ത്രീയചമായ രീതിയിൽ തൊഴുത്ത് നിർമ്മിക്കുവാൻ 1250 രൂപ ധനസഹായം.

8. ശുദ്ധമായ പാൽഉൽപാദന കിറ്റ്, അണുനാശകങ്ങളും പശുക്കളെ വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങളുമടങ്ങിയ 50 രൂപ വിലയുള്ള കിറ്റ് 10 രൂപയ്ക്ക് നൽകുന്നു.

9. പുൽകൃഷി വ്യാപനം.

ചെറുകിട കർഷകർക്ക് സ്വന്തമായി പുൽകൃഷി നടത്തുവാൻ ഹെക്ടർ ഒന്നിന് 15000 രൂപ ധനസഹായം.

10. പച്ചപ്പുൽ സംഭരണവും വിപണനവും.

പുൽകൃഷിത്തോട്ടത്തിൽ നിന്ന് പച്ചപുൽ സംഭരിച്ച് സൂക്ഷിക്കുവാൻ ഗോഡൗൺ നിർമ്മിക്കുന്നതിന് 13500 രൂപ സഹായം.

11. പുൽകൃഷി വികസനം.

പുൽകൃഷി ഹെക്ടർ ഒന്നിന് സബ്സിഡി 500 രൂപയും. പുൽക്കട ഉപയോഗിച്ചുള്ള കൃഷി ഹെക്ടറിന് സബ്സിഡി 1000 രൂപയും ഗിനിപുൽ കൃഷി ഹെക്ടറിന് 500 രൂപ സബ്സിഡിയും. പുല്ല്വെട്ടി ഉണക്കി സൂക്ഷിക്കുന്നത് ടണ്ണിന് 200 ധനസഹായം. സൈലേജ് നിർമ്മാണം ടൺ ഒന്നിന് 125 ധനസഹായം.

12. പശ്ചിമ ഘട്ട വികസന പദ്ധതി. തെരഞ്ഞെടുത്ത വാട്ടർഷെഡ് പ്രദേശത്തെ കർഷകർക്ക്. കറവപ്പശു, കാലിത്തൊഴുത്ത്, പുൽകൃഷി എന്നിവയ്ക്ക് ധനസഹായം.

മറ്റു പദ്ധതികൾ. 1. ക്ഷീരസംഘങ്ങളുടെ ആധുനീക വൽക്കരണം. 2. വിജ്ഞാന വ്യാപന പരിപാടികൾ. 3. ജില്ലാ തല കന്നുകാലി പ്രദർശനം. 6000 രൂപ ധനസഹായം. 4. ജില്ലാതല കന്നുകാലി പ്രദർശനം. പ്രദർശനവും സെമിനാറും നടത്തുന്നതിന് 900 രൂപ ധനസഹായം. 5. ക്ഷീരോൽപാദന നിർമ്മാണ പ്രദർശനം സംഘടിപ്പിക്കുന്നതിന് 100 രൂപ സഹായം. 6. കർഷക സമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് 200 രൂപ ധനസഹായം.

## മൽസ്യബന്ധനം

1. മൽസ്യത്തൊഴിലാളി പെൻഷൻ. പ്രതിമാസം 100 രൂപ. അറുപത് വയസ് തികഞ്ഞിരിക്കണം. പ്രതിമാസ വരുമാനം 1500/- രൂപ.

2. ആശ്രിതരുടെ മരണാനന്തരചിലവിനുള്ള സഹായം.

300 രൂപ ധനസഹായം ലഭിക്കുന്നു മൽസ്യതൊഴിലാളി ക്ഷേമനിതി ബോർഡ് മുഖേന.

3. താൽക്കാലിക അവശതയ്ക്കുള്ള ധനസഹായപദ്ധതി.

അപകടം മൂലം അവശത അനുഭവിക്കുന്ന മൽസ്യതൊഴിലാളിക്ക് 500 രൂപ ധനസഹായം.

4. ഇൻഷ്വറൻസ്.

ക്ഷേമനിധിയിലേക്ക് മുടക്കം കൂടാതെ വിഹിതം അടയ്ക്കുന്ന മൽസ്യതൊഴിലാളികളുടെ വീട്, വള്ളം, കട്ടമരം എന്നിവയുടെ പ്രീമിയത്തിൻെറ 50% സബ്സിഡി.

5. മൽസ്യതൊഴിലാളികളുടെ മരണാനന്തര

ചിലവിനുള്ള സഹായം.

ക്ഷേമനിധി ബോർഡിൻെറയോ സർക്കാരിൻെറയോ പദ്ധതികളനുസരിച്ച് ധന സഹായം ലഭിക്കാത്തവർത്ത് 500/- രൂപ ധന സഹായം.

6. എസ്.എസ്.എൽ.സി. പാസ്സാകുന്ന വിദ്യാർത്ഥിക്ക് ക്യാഷ് അവാർഡ്.

മൽസ്യതൊഴിലാളികളുടെ മക്കളെ വിദ്യാഭ്യാസരംഗത്ത് പ്രോൽസാഹിപ്പിക്കുവാൻ. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം 1000 രൂപ.

7. വീട് ഇൻഷ്വറൻസ് പദ്ധതി.

പ്രീമിയത്തിൻെറ 50% ബോർഡ് വഹിക്കാം. പൂർണ്ണമായി കേടുവരുകയോ നശിക്കുകയോ ചെയ്താൽ 3000 രൂപ മുതൽ 5000 രൂപ വരെ ധനസഹായം.

8. രോഗചികിൽസാ പദ്ധതി.

ഗുരുതരമായ രോഗം ബാധിച്ച തൊഴിലാളിക്ക് 25000 ധനസഹായം. ക്ഷേമനിധി അംഗമായിരിക്കണം.

9. സമ്പാദ്യ ആശ്വാസ പദ്ധതി.

പഞ്ഞമാസത്തിനുള്ളിൽ മാർച്ച് മുതൽ ജൂൺ വരെ പ്രതിമാസ 270 രൂപ ധനസഹായം.

10. വീടു വയ്ക്കുവാൻ ധനസഹായം. വീടുകൾക്ക് 12500 രൂപ ലോൺ 1500 സബ്സിഡി 1000 രൂപ ഗുണഭോക്താവിൻെറ വിഹിതം. കക്കൂസിന് 1500 രൂപ ലോൺ 750 രൂപ സബ്സിഡി 750 രൂപ ഗുണഭോക്താവിൻെറ വിഹിതം.

11. ഹരിജൻ മൽസ്യതൊഴിവാഴി ഭവനപദ്ധതി.

15000 രൂപ ഗ്രാൻറ് ആയി നൽകുന്നു. 12. ദേശീയ മൽസ്യതൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന പദ്ധതി. 35000 രൂപ ധനസഹായം നൽകുന്നു.

13. വിദ്യാഭ്യാസ സഹായം.

14.മൽസ്യഭവൻ.

15.മൽസ്യകൃഷി മുറകളുടെ വ്യാപനം. 1 6 . നൂതനമായ ഗവേഷണം.

17.ഒരു ജല മൽസ്യ കൃഷി പദ്ധതി. ഹെക്ടറിന് 30000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

18. നഴ്സറികൾ.

19. മൽസ്യവിത്ത് ഉൽപാദന കേന്ദ്രങ്ങൾ

20. സാമൂഹ്യ മൽസ്യകൃഷി.

21. ജലസംഭരണ മൽസ്യകൃഷി.

22. സംയോജിത മൽസ്യകൃഷി.

23. ഏകീകൃത ചെമ്മീൻ കൃഷി വികസനം.

24. മൽസ്യരോഗ നിയന്ത്രണം.

25. അർദ്ധ ഊർജ്ജിത ചെമ്മീൻകൃഷി.

26. ശീതീകരണശാലകളും വിപണന കേന്ദ്രങ്ങളും.

27. യന്ത്രവൽകൃത ബോട്ടുകൾ അടുക്കുന്നതിനുള്ള കേന്ദ്രങ്ങൾ

28. മൽസ്യം സംസ്കരിച്ച് ഉപഭോഗ വസ്തുക്കളാക്കി മാറ്റൻ.

29. ശീതീകരണ ശൃംഖല സ്ഥാപിക്കൽ.

30. നാടൻ വളങ്ങളിൽ യന്ത്രം പിടിപ്പിക്കൽ.

31. നവീന മാതൃകയിലുള്ള മൽസ്യബന്ധന യാനങ്ങൾ വിതരണം ചെയ്യൽ. 32. തദ്ദേശ സാമൂഹ്യ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

33. മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങുവാൻ ബാങ്ക് വായ്പയോടു കൂടിയ സഹായം.

34. ഭവനങ്ങളിൽ ശൗചാലയങ്ങൾ നിർമ്മാണം.

35. ഗിരിവർഗ്ഗ ഉപപദ്ധതി.

35. സംയോജിത മൽസ്യവികസന പദ്ധതി.

36. കുവൈറ്റ് ഫണ്ടിൻെറ സഹായത്തോടു കൂടിയുള്ള ചെമ്മീൻകൃഷി പദ്ധതി.

37. വിതരണ സേവന കേന്ദ്രങ്ങൾ. 38. തീരജ്യോതി.

39. ജർമ്മനിയുടെ സഹായത്തോടെ ജലസംഭരണികളിൽ മൽസ്യകൃഷി.

40. മൽസ്യബന്ധന വലകൾക്ക് അനുയോജ്യമായ അനുബന്ധ ഉപകരണങ്ങൾ വിതരണം.

41. ഉൾക്കടൽ മൽസ്യബന്ധന വികസനം.

42. മൽസ്യത്തൊഴിലാളി ക്ഷേമപദ്ധതി. 43. മൽസ്യതൊഴിലാളി വനിതാ ബാങ്കുകൾ.

44. മൽസ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്. അപകടമരണത്തിന് 25000 അവശത അനുഭവിക്കുന്നവർക്ക് 25000 ഭാഗികമായ അവശത 12500 മൽസ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്ക് 25000 45. പെൺമക്കൾക്ക് ഉള്ള വിവാഹസഹായ പദ്ധതി 1500 രൂപ.

# വ്യവസായം



വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കടുത്തുരുത്തി. പഞ്ചായത്തിൽ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ലെന്നു തന്നെ പറയാം. വ്യവസായ മേഖലയിൽ കടുത്തുരുത്തി പഞ്ചായത്തിന് ഇതുവരെ കാര്യമായ പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. വ്യാവസായികരംഗത്ത് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നാടിൻെറ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഉല്പാദന മേഖലയാണ് വ്യവസായം. വ്യാവസായിക രംഗത്ത് ഉല്പാദനം വർദ്ധിപ്പിക്കാതെ ആധുനിക യുഗത്തിൽ നമുക്ക് പുരോഗതി കൈവരിയ്ക്കുവാൻ കഴിയില്ല. ഇതിനായി ഒരു ശക്തമായ വ്യാവസായിക അടിത്തറ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ആധുനിക വ്യവസായ രംഗത്തും, പരമ്പരാഗത വ്യവസായരംഗത്തും നിലവിലുള്ള നമ്മുടെ പരിമിതികളും പരാധീനതകളും പരിഹരിയ്ക്കുവാൻ കഴിയുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം നമ്മുടെ കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കും ഇണങ്ങുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും വേണ്ടത്ര ജാഗ്രത ഉണ്ടാകണം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നമ്മുടെ പഞ്ചായത്തിലുള്ള സാദ്ധ്യതകളും അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തുവാൻ കൂടുതൽ ശ്രദ്ധിക്കണം.

പൊതുമേഖലയിലും സ്വകാര്യമേഖലയിലും വൻകിട വ്യവസായങ്ങൾ ഒന്നുമില്ലെങ്കിലും പഞ്ചായത്തിൽ നിലവിലുള്ള പ്രധാനപ്പെട്ട വ്യവസായശാല സഹകരണ മേഖലയിൽ കടുത്തുരുത്തി റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പാലകരയിലുള്ള പി.എൽ.സി. ഫാക്ടറിയാണ്. ലാറ്റക്സ് ക്രീപ് ആണ് ഇവിടുത്തെ ഉല്പന്നം.

പതിനഞ്ചാം നൂറ്റാണ്ടു മുതൽ പതിനേഴാം നൂറ്റാണ്ടിൻെറ ആദ്യകാലം വരെ പ്രമുഖമായ വാണിജ്യകേന്ദ്രമായിരുന്നു കടുത്തുരുത്തി. അക്കാലത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഇന്നത്തെ പീഡിത വ്യവസായങ്ങളായ പനമ്പ്, കൊട്ട, മുറം, പായ് തുടങ്ങിയവയുടെ നിർമ്മാണരംഗത്തും, കൈത്തറി വ്യവസായ രംഗത്തും വളരെ മുൻപന്തിയിൽ ആയിരുന്നു.

എന്നാൽ ഇന്ന് പനമ്പ്, കൊട്ട തുടങ്ങിയവയുടെ നെയ്ത്ത് വളരെ നാമമാത്രമായേ നടക്കുന്നുള്ളു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യമാണ് ഒരു പ്രധാന കാരണം. മാത്രമല്ല പുതിയ തലമുറയ്ക്ക് പരമ്പരാഗത തൊഴിലുകളിൽ താൽപര്യവുമില്ല.

കൈത്തറി വ്യവസായം ഇന്ന് ഏറെ പിന്നോട്ടുപോയി. 1957-ൽ രജിസ്റ്റർ ചെയ്ത വനിതാ ഖാദി സഹകരണ സംഘം തൊഴിലവസരങ്ങൾ പ്രദാനം ചെയ്തിരുന്നുവെങ്കിലും ഇന്ന് അതിൻെറ നെയ്ത്തു വിഭാഗം പ്രവർത്തിയ്ക്കുന്നില്ല. മുൻകാലത്ത് വിപുലമായി നടന്നിരുന്ന കള്ളുവ്യവസായ മേഖലയിൽ ചെത്തുതൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരുന്നത് ഇന്ന് ആ മേഖല നേരിടുന്ന പ്രതിസന്ധിയാണ്. പരമ്പരാഗത കുടിൽ വ്യവസായമായ പപ്പട നിർമ്മാണം ഇന്നും നിലവിലുണ്ട്. പരമ്പരാഗത കുലത്തൊഴിലായിരുന്ന ഇരുമ്പുപണി ഉപജീവനത്തിനായി ചെയ്യുന്നവർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്.

വർദ്ധിച്ച തോതിൽ വിദേശപണം പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വന്നു ചേരുന്നുണ്ട്. ഇതിൽ ബഹുഭൂരി

പക്ഷവും ബന്ധപ്പെട്ട കുടുംബങ്ങളുടെ ഉപജീവനത്തിനാണെങ്കിലും കെട്ടിട നിർമ്മാണ രംഗത്തും, ഭൂമി വാങ്ങുന്നതിനുമായി വൻതോതിൽ പണം ചെലവിടുന്നുണ്ട്. കെട്ടിട നിർമ്മാണ രംഗത്ത് ചെലവിടുന്ന പണത്തിന്റെ ഒരു ചെറിയ ശതമാനം തൊഴിലാളികൾക്കും മറ്റുമായി ലഭിയ്ക്കുന്നുണ്ടെങ്കിലും അതിൽ സിംഹഭാഗവും റിട്ടേൺ ഇല്ലാത്ത ഡെഡ്മണിയായി മാറുന്നു. വസ്തു വാങ്ങിക്കൂട്ടുന്നത് വിൽക്കാനുള്ളവർക്ക് നേട്ടമാണെങ്കിലും കൃത്രിമമായി വിലവർദ്ധനവ് സൃഷ്ടിക്കപ്പെടുന്നതിനാൽ ഒരു തുണ്ട് ഭൂമി വാങ്ങി ഒരു ചെറിയ കൂരയെങ്കിലും പണിയുവാൻ ആഗ്രഹിക്കുന്നവരെയും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവരെയും വളരെയധികം ഇത് വിഷമിപ്പിക്കുന്നുണ്ട്. വിദേശപണം മൂലധനം മുടക്കി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞാൽ ഇത് ഇന്നുള്ള ശോചന്യാവസ്ഥ പരിഹരിക്കുവാൻ വളരെയേറെ സഹായിക്കും.

പഞ്ചായത്തിൽ പല സ്ഥലങ്ങളിലും പ്രവർത്തിച്ചു വന്നിരുന്ന തീപ്പെട്ടി കമ്പനികൾ പലതും ഇന്നു അടച്ചുപൂട്ടിയിരിക്കുന്നു. സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിൽ ഒരെണ്ണം നിലവിൽ പ്രവർത്തിയ്ക്കുന്നത് ചുരുങ്ങിയ തോതിൽ തൊഴിലവസരങ്ങൾ നൽകുന്നുണ്ട്.

പഞ്ചായത്തിൽ 4 തടിമില്ലുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ, മെറ്റൽ എഞ്ചിനിയറിങ്ങ് വർക്ക്ഷോപ്പുകൾ, റൈസ് മില്ലുകൾ തുടങ്ങിയവ നിരവധി എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫർണീച്ചർ നിർമ്മാണ യൂണിറ്റുകൾ ആറോളം പ്രവർത്തിക്കുന്നുണ്ട്.

ഷട്ടറുകൾ, റൂഫ് ഡ്രസ്സുകൾ എന്നിവ നിർമ്മിക്കുന്ന മെറ്റൽ എഞ്ചിനിയറിങ്ങ് സ്ഥാപനം മുട്ടുചുറയിൽ കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ സർക്കാർ ധനസഹായങ്ങൾ ഇന്ന് നിലവിലില്ല. മാത്രമല്ല വൈദ്യുതി വിതരണത്തിലെ തകരാറുകളും ദൗർലഭ്യവും ഉല്പാദനരംഗത്ത് തടസ്സങ്ങളുണ്ടാക്കുന്നു.

എണ്ണപലഹാരങ്ങളും, ബേക്കറി സാധനങ്ങളും നിർമ്മിക്കുന്ന വനിതാ വ്യവസായ യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നുണ്ട്, ഈ രംഗത്ത് മുട്ടുചിറ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ശവപ്പെട്ടി നിർമ്മാണം കേരളത്തിലെ തന്നെ പ്രധാനപ്പെട്ട ഒരു വ്യവസായ സംരംഭമാണ്.

റബ്ബർ ബാൻറ് നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിലുമുണ്ട്. എന്നാൽ ഈ വ്യവസായം ഇന്ന് വളരെ

പട്ടിക 3 (1)
ചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | ആകെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | എഞ്ചിനിയറിങ്ങ് | 18 | 90 |
| 2 | അച്ചടി | 6 | 20 |
| 3 | റെഡിമെയ്ഡ് വസ്ത്രങ്ങൾ | 4 | 28 |
| 4 | ഫർണീച്ചർ | 6 | 30 |
| 5 | തടിമില്ലുകൾ | 4 | 16 |
| 6 | വാഹനബോഡി നിർമാണം സർവീസിങ്ങ് | 3 | 38 |
| 7 | കോൺക്രീറ്റ് കട്ടിള, ജനൽ ഹോളോബ്രിക്സ് | 3 | 15 |
| 8 | മറ്റുള്ളവ | 7 | 30 |
| | ആകെ | 51 | 267 |

യധികം പ്രശ്നങ്ങളെ അഭിമുഖീകരിയ്ക്കുന്നുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളായ കോൺക്രീറ്റ് കട്ടിള, ജനൽ, ക്രാസി, ഹോളോബ്രിക്സ് തുടങ്ങിയവയുടെ നിർമ്മാണങ്ങൾ പഞ്ചായത്തിൽ നടക്കുന്നുണ്ട്. ഈ രംഗത്ത് ഒരു സഹകരണ സ്ഥാപനവും, സ്വകാര്യ ഉടമസ്ഥതയിൽ രണ്ടെണ്ണവും പ്രവർത്തിക്കുന്നു. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകളും നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വ്യവസായ സ്ഥാപനത്തിലേയ്ക്ക് ആവശ്യമായ വൈദ്യുതി ലഭിയ്ക്കുന്നതിനുള്ള തടസ്സങ്ങൾ.

2. വ്യവസായ സംരംഭകർക്ക് ക്ളിയറൻസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും കിട്ടുന്നതിനുള്ള കാലതാമസം.

3. സാങ്കേതിക പരിജ്ഞാനക്കുറവ്

4. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തത

5. ധനസഹായ സ്ഥാപനങ്ങളുടെ നിരുത്സാഹപ്പെടുത്തൽ

6. പരിചയ സമ്പന്നരായ തൊഴിലാളികളുടെ അഭാവം

7. ശാസ്ത്രീയമായ ബോധവൽക്കരണമില്ലായ്മ

8. റബ്ബർ കൃഷി സുലഭമാണെങ്കിലും റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ

അഭ്യസ്തവിദ്യരായ യുവതിയുവാക്കൾ തൊഴിൽരഹിതരായുള്ളവർ ധാരാളം പേർ സ്വന്തമായി വ്യവസായങ്ങൾ ആരംഭിയ്ക്കുവാൻ താൽപര്യമുള്ളവരാണ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നമ്മുടെ പഞ്ചായത്തിലുള്ള അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയണം.

## നിർദ്ദേശങ്ങൾ

1. വിദേശപണം മൂലധനമായി മുടക്കുവാൻ മുന്നോട്ടു വരുന്നവർക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നൽകണം.

2. ചെറുകിട വ്യവസായ സംരംഭങ്ങളെക്കുറിച്ച് കമ്പോളങ്ങളിലുള്ള സാദ്ധ്യതയ്ക്കനുസരിച്ച് തരംതിരിച്ചുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനായുള്ള പരിശീലനങ്ങൾ അഭ്യസ്തവിദ്യർക്ക് നൽകുക.

3. റബർ അധിഷ്ഠിത വ്യവസായങ്ങളെക്കുറിച്ച് റബ്ബർബോർഡ് ഉദ്യോഗസ്ഥർ പങ്കെടുത്ത് പഠനക്ളാസ്സുകൾ കൊടുക്കുക.

4. പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിയ്ക്കുക.

5. ചെറുകിട വ്യവസായസംരംഭകർക്കായി വ്യവസായയൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രോജക്ടുകൾ വിദഗ്ദ്ധൻമാരുടെ നേതൃത്വത്തിൽ തയ്യാറാക്കിക്കൊടുക്കുക.

6. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുക.

> *ആധുനിക യുഗത്തിൽ നമുക്ക് പുരോഗതി കൈവരിയ്ക്കുവാൻ കഴിയില്ല. ഇതിനായി ഒരു ശക്തമായ വ്യാവസായിക അടിത്തറ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ആധുനിക വ്യവസായ രംഗത്തും, പരമ്പരാഗത വ്യവസായരംഗത്തും നിലവിലുള്ള നമ്മുടെ പരിമിതികളും പരാധീനതകളും പരിഹരിയ്ക്കുവാൻ കഴിയുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം നമ്മുടെ കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കും ഇണങ്ങുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും വേണ്ടത്ര ജാഗ്രത ഉണ്ടാകണം.*

7. കാലിത്തീറ്റ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

8. പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

9. വ്യവസായ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

10. റബ്ബർ തടിസംസ്കരണ യൂണിറ്റ് ആരംഭിയ്ക്കുക.

11. റബ്ബർ സംസ്കരണത്തിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യവും അറക്കപ്പൊടിയും ഉപയോഗിച്ച് പാചകവാതകം ഉല്പാദിപ്പിക്കുന്നതിനുള്ള ബയോഗ്യാസ് നിർമ്മാണയൂണിറ്റ് ആരംഭിയ്ക്കുക.

12. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.

13. പീഡിത വ്യവസായങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുക.

14. പ്ളാസ്റ്റിക് കവർ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

15. ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകളഃക്ക് കൊടുക്കുക.

റബ്ബർ സംസ്കരണത്തിൽ നിന്നും പുറന്തള്ളപ്പെടുന്ന മലിനജലവും അറക്കപ്പൊടിയും കൂട്ടികലർത്തി പാചകവാതകം ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ഇപ്പോൾ റബ്ബർ ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

റബ്ബർ തടി സംസ്കരണത്തിലെ അറക്കപ്പൊടി മലിന ജലവുമായി കലർത്തിയാണ് സൂക്ഷ്മജീവികളുടെയും ബാക്ടീരിയകളുടെയും പ്രവർത്തനത്തിന് വിധേയമാക്കി ''മീതേൻ'' എന്ന ഇന്ധനം ഉല്പാദിപ്പിക്കുന്നത്. റബ്ബർ സംസ്കരണത്തിലെ മലിജലം മാത്രമുപയോഗിച്ച് പാചകവാതകം ഉല്പാദിപ്പിക്കാമെങ്കിലും ഇപ്രകാരം ഹൈഡ്രജൻ സൾഫൈഡ് എന്ന വിഷവാതകം ധാരാളമായി അടങ്ങിയിരിക്കും. എന്നാൽ അറക്കപ്പൊടിയുമായി കലർത്തി നിർമ്മിക്കുന്ന ബയോഗ്യാസിൽ ഹൈഡ്രജൻ സൾഫൈഡ് വളരെക്കുറഞ്ഞിരിക്കുന്നതിനാൽ അപകടം കൂടാതെ പാചകവാതകമായി ഉപയോഗിക്കാം എന്നതാണ് ഇതിൻെറ സവിശേഷത.

റബ്ബർഷീറ്റു നിർമ്മാണത്തിലെ മലിനജലത്തിൽ 10 ശതമാനം ഒരു ലിറ്ററിന് 100 ഗ്രാം എന്ന കണക്കിൽ അറക്കപ്പൊടി ചേർത്ത് ബയോഗ്യാസ് പ്ളാൻറിൽ നിറച്ചാണ് മീതേൻ ഉല്പാദിപ്പിക്കുന്നത്. റബ്ബർതടി സംസ്കരണത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന അറക്കപ്പൊടി മുഴുവനും ഇന്ധനമായിട്ട് ഉപയോഗിയ്ക്കുന്നതിനാൽ പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ഇന്ധനമായി ഉപയോഗിയ്ക്കുമ്പോൾ ധാരാളം പുക ഉണ്ടാകുന്നതിനാൽ അന്തരീക്ഷ മലിനീകരണത്തിനും കാരണമാകുന്നു. റബ്ബർ സംസ്കരണത്തിലെ മലിനജലവും പരിസര മലിനീകരണത്തിന് കാരണമാവുന്നു.

ചാണകത്തിൻെറ ലഭ്യത ഇപ്പോൾ വളരെ കുറഞ്ഞിരിയ്ക്കുന്നതിനാൽ അതിൽ നിന്നുള്ള പാരമ്പര്യേതര ഊർജ്ജ ഉല്പാദനവും കുറഞ്ഞിട്ടുണ്ട്. ആയതിനാൽ അറക്കപ്പൊടിയും, മലിനജലവും ഉപയോഗിച്ചുള്ള ബയോഗ്യാസ് നിർമ്മാണം വളരെ ചിലവുകുറഞ്ഞതും പ്രായോഗികവുമാണെന്ന് മാത്രമല്ല മലിനീകരണം തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗവുമാണ്.

നമ്മുടെ പഞ്ചായത്തിന് വ്യാവസായിക മേഖലയിൽ വമ്പിച്ച കുതിച്ചുചാട്ടത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞാൽ പഞ്ചായത്തിൻെറ വികസനത്തിനും, അതു വഴി തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിയ്ക്കുന്നതിനും കഴിയും.

## നടപ്പു പദ്ധതികൾ

1. റൂറൻ ആർട്ടിസാൻസ് പ്രോഗ്രാം (RAP) ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നതിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശം. ധനസഹായം 10,000 രൂപ 1/3 സബ്സിഡി. 2. കരകൗശല രംഗത്തെ പരിശീലന പരിപാടി. അന്യം നിന്നുപോകുന്ന കരകൗശല വൈദഗ്ധ്യം മറ്റുള്ളവരിലേയ്ക്ക് പകരുക എന്നതാണ് ലക്ഷ്യം. പരിശീലകർക്ക് പ്രതിമാസം 250 രൂപ ഗ്രാൻറ് നൽകുന്നു. 3. വാർദ്ധക്യകാല

പെൻഷൻ. കരകൗശല രംഗത്ത് സേവനമനുഷ്ടിച്ച് 60 വയസ്സ് തികഞ്ഞവർക്ക് പ്രതിമാസം 250 രൂപ പെൻഷൻ നൽകുന്നുച 4. പട്ടു നൂൽ വ്യവസായം. പട്ടികജാതിക്കാരെ പട്ടുനൂൽ വ്യവസായത്തിലേക്ക് ആകർഷിച്ച് അവർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനു സർക്കാർ സഹായം നൽകുന്നു. 5. കയർ വ്യവസായം. കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ വ്യവസായ സൗകര്യം വർദ്ധിപ്പിക്കുവാൻ സഹായം നൽകുന്നു. സഹായം സാധാരണ റാട്ടിന് 1000 രൂപയും, മോട്ടോറൈസിസ് റാട്ടിനു 8000 രൂപയും വീടു വെയ്ക്കുന്നതിന് 12000 രൂപയും 6. ഖാദിയും ചെറുകിട വ്യവസായവും. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് 10,0000 രൂപ വരെ ഗ്രാൻറ് നൽകുന്നു. 7. കൈത്തറി വ്യവസായം. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് 1000 രൂപ വിലയുള്ള ഓഹരികൾക്ക് 10 രൂപ വ്യക്തികൾ അടയ്ക്കുമ്പോൾ 900 രൂപ ഗ്രാൻറ് നൽകുന്നു. 8. പുതിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കൽ. വ്യവസായ പദ്ധതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറുപ്പാക്കുക, വ്യവസായ സംരംഭകരെ ആകർഷിക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശം. 95-96 വർഷത്തിൽ 175 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

# ഗതാഗതം ഊർജ്ജം മാർക്കറ്റ്



## ഗതാഗതം

ജനങ്ങളുടെ കൂട്ടായ പരിശ്രമമാണ് ഒരു നാടിൻെറ ഭാവി നിർണ്ണയിക്കുന്നത്. സംഘടിത ബോധത്തിൻെറ കരുത്തും, നാടിൻെറ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വീകർ. ഈ തിരിച്ചറിവിൻെറ ഫലമായിരുന്നു പഞ്ചായത്ത് റോഡുകൾ. ജനങ്ങളുടെ കൂട്ടായ ശ്രമദാനത്തിൻെറ ഫലമായിരുന്നു പഞ്ചായത്ത് തലത്തിലുള്ള വിവിധ റോഡുകൾ. ജനകീയ ആസൂത്രണത്തിൻെറ ആവേശത്തിമർപ്പിലും ഈ കൂട്ടായ്മയുടെ സ്മരണകൾ നമുക്ക് ആവേശം പകരുന്നു.

1953-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ നാമമാത്രമായ റോഡുകളെ നിർമ്മിക്കപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ. അവയാകട്ടെ ടാർ ചെയ്തിരുന്നുമില്ല. തുടർന്നുണ്ടായ റോഡുകൾ നാടിൻെറ വികസനത്തിനു നാന്ദി കുറിച്ചും റോഡു നിർമ്മാണം മാത്രമാണ് വികസനത്തിൻെറ മുന്നോടിയെന്ന മിഥ്യാധാരണയും റോഡു നിർമ്മാണത്തിനു വേണ്ടി പൊതുഫണ്ടിൻെറ ഭൂരിഭാഗവും ചിലവഴിക്കുന്ന പ്രവണതയും റോഡു ശൃംഗലയുടെ വ്യാപനത്തിനു ആക്കം കൂട്ടിയിട്ടുണ്ട്.

പഞ്ചായത്തിൻെറ മധ്യഭാഗത്തു കൂടി കടുന്നുപോകുന്ന കോട്ടയം വൈക്കം റോഡും, കടുത്തുരുത്തി പിറവം റോഡും, കടുത്തുരുത്തി ഞീഴൂർ റോഡും, കടുത്തുരുത്തി കല്ലറ റോഡും ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത സൗകര്യം വർദ്ധിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നു.

പഞ്ചായത്തിലെ ആകെ റോഡുകളുടെ എണ്ണം 178 ആണെങ്കിലും ഗതാഗതയോഗ്യമായ റോഡുകളുടെ എണ്ണം 145 ആണ്. പഞ്ചായത്തിലെ ഗതാഗത യോഗ്യമായ റോഡുകളുടെ നീളം 105 കി. മീറ്ററാണ്. ഒരു ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിന് 4.12 മീറ്റർ റോഡാണുള്ളത്. സംസ്ഥാനത്തെ ശരാശരി ചതുരശ്രകിലോമീറ്ററിന് 3.2 ആണ്. പഞ്ചായത്തിലാകെ ടാർ ചെയ്ത റോഡിൻെറ നീളം 37 കിലോമീറ്ററാണ്. ഇതിൽ നിന്നും ഒരു ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണത്തിന് 1.13 കി. മീറ്റർ ടാർ റോഡ് ഉള്ളു എന്ന് വ്യക്തമാകുന്നു. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർറോഡും കണക്കിലെടുക്കുമ്പോൾ ആൾ ഒന്നിന് 0.1 മീറ്റർ ടാർ റോഡുകളെ ഉള്ളൂ.

കടുത്തുരുത്തി പഞ്ചായത്തിൽ ബസ്സ് സ്റ്റാൻഡുകൾ ഒന്നും തന്നെയില്ല ടെംബോ, ജീപ്പ്, കാർ, ഓട്ടോ എന്നിവയ്ക്ക് താൽക്കാലിക സ്റ്റാൻഡ് ഉണ്ടെങ്കിലും പഞ്ചായത്ത് തലത്തിൽ ക്രമപ്പെടുത്തിയ സ്ഥിരം സ്റ്റാൻഡ് ഒന്നിനും ഇല്ല. ഇത് പൊതു ജനത്തിൻെറ യാത്രാ സൗകര്യത്തെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ ശ്രദ്ധ വരേണ്ടതാണ്. കോട്ടയം-വൈക്കം റൂട്ടിലും, കടുത്തുരുത്തി-

പി.ഡബ്ല്യു. ഡി റോഡുകൾ

പട്ടിക 4-1

| നമ്പർ | പേര് | വീതി | നീളം | ബസ്സ് യാത്രാസൗകര്യം |
|---|---|---|---|---|
| 1 | വൈക്കം-കോട്ടയം | 9 മീറ്റർ | 7 കി.മി. | ഉണ്ട് |
| 2 | കടുത്തുരുത്തി-പിറവം | 8 മീറ്റർ | 4 കി.മി. | ഉണ്ട് |
| 3 | കടുത്തുരുത്തി-പാല | 8 മീറ്റർ | 3 കി.മി | ഉണ്ട് |
| 4 | കടുത്തുരുത്തി-ഞീഴൂർ | 8 മീറ്റർ | 2 കി.മി. | ഉണ്ട് |
| 5 | മുട്ടുചിറ-കല്ലറ | 8 മീറ്റർ | 6 കി.മി. | ഉണ്ട് |
| 6 | എഴുമാന്തുരുത്ത്-കല്ലറ | 8 മീറ്റർ | 6 കി.മി. | ഉണ്ട് |
| 7 | ആദിത്യപുരം-കടുത്തുരുത്തി | 8 മീറ്റർ | 2 കി.മി. | ഉണ്ട് |
| 8 | മുട്ടുചിറ-പാല | 8 മീറ്റർ | 2 കി.മി. | ഉണ്ട് |
| 9 | എസ്.വി.ഡി.-കീഴൂർ | 8 മീറ്റർ | 3 കി.മി. | ഇല്ല |

പിറവം റൂട്ടിലും, കടുത്തുരുത്തി-ഞീഴൂർ റൂട്ടിലും, കടുത്തുരുത്തി-എഴുമാന്തുരുത്ത് റൂട്ടിലും, കടുത്തുരുത്തി-പാലാ റൂട്ടിലുമായി 200-ൽ അധികം ബസുകൾ സർവ്വീസ് നടത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള പി.ഡബ്ള്യൂ.ഡി.റോഡുകളും അവയുടെ വീതി, നീളം, യാത്രാസൗകര്യങ്ങൾ പട്ടിക4-1ൽ കൊടുക്കുന്നു.

റോഡു ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. 25 ശതമാനം റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലിങ്കുകളുടെയും അഭാവമാണ് ഇതിന് കാരണം. ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനത്തിനും വിലങ്ങുതടിയാവുന്നു.

## റോഡു വികസനം

റോഡുകളുടെ വികസനത്തിന് കാലാകാലങ്ങളിൽ ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും വിനിയോഗിക്കപ്പെടുന്നുണ്ടെങ്കിലും അതു ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിയാതെ വരികയും, റോഡുകളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നമുക്ക് ലഭിക്കാതെയും വരുന്നു. പലപ്പോഴും റോഡുകളെ സംബന്ധിച്ച നമ്മുടെ ധാരണകൾ വസ്തു നിഷ്ഠവുമല്ല.

## വിവിധതരം റോഡുകൾ

കടുത്തുരുത്തി പഞ്ചായത്തിൽ 2 മീറ്റർ മുതൽ 8 മീറ്റർ വരെ വീതിയുള്ള റോഡുകളാണ് നിലവിലുള്ളത്. ഇവ 4 തരത്തിലുണ്ട്.

1. ടാർറോഡ് 2. മെറ്റൽറോഡ് 3. ചരൽറോഡ് 4. മൺറോഡ്

മിക്ക പദ്ധതികളിലും റോഡുകൾക്കു പണം അനുവദിക്കുന്നത് അവയുടെ വീതികൂടി കണക്കിലെടുത്ത് ആണെന്നതിനാൽ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് കാണുന്നത് നന്നായിരിക്കും. അതുകൊണ്ടാണ് ഈ റിപ്പോർട്ടിൽ റോഡുകളുടെ വീതികൂടി കാണിച്ചിരിക്കുന്നത്. രണ്ട് മീറ്റർ വീതിയുള്ള റോഡുകൾ നാല് മീറ്ററായി വീതികൂട്ടാൻ അടിയന്തിരമായി പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്ററിൽ എല്ലാ റോഡുകളെക്കുറിച്ചും കൃത്യമായ സ്ഥിതിവിരക്കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് അതിർത്തിയിലുള്ള പി. ഡബ്ള്യൂ. ഡി. റോഡ്, പഞ്ചായത്ത്‌ ടാർ റോഡുകൾ, ചരൽ റോഡുകൾ, മെറ്റൽ റോഡുകൾ, മൺ റോഡുകൾ എന്നിവയുടെ ആധികാരിക പട്ടിക പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡ് അടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണന അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. പട്ടിക വർഷം തോറും പുതുക്കേണ്ടതാണ്.

# പാലം, കലിങ്ക്

കടുത്തുരുത്തി പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ പാലങ്ങളും, കലിങ്കുകളും പണിയേണ്ടത് താഴെ ചേർക്കുന്നു. പട്ടിക 4-2

| വാർഡ് | ക്രമ നമ്പർ | സ്ഥലത്തിൻെറപേര് | പാലം | കലിങ്ക് |
|---|---|---|---|---|
| 1 | 1 | റെയിൽവേപ്പാലത്തിനുസമീപം വലിയതോടിനുകുറുകെ | ✓ | |
| 2 | 2 | കാഞ്ഞിരയ്ക്കാംകുന്ന് പുതുശ്ശേരിക്കര | ✓ ✓ | |
| 3 | 3 | ചുള്ളിത്തോടിനും വലിയതോടിനും മദ്ധ്യറെയിൽപാലത്തിനു സമീപം | ✓ | |
| | 4 | അലരി-ഇടംപാടം-പാല്യപ്പാടം റോഡിൽ | ✓ | |
| | 5 | എത്തലിഭാഗത്ത് പുഞ്ചവള്ളി | ✓ | |
| | 6 | വേലംതുരുത്ത് ഭാഗത്ത് | | a ✓ |
| | 7 | കെ.എസ്.പുരം എൽ.പി.എസ്. സ്കൂളിന് സമീപം | | b ✓ |
| 5 | 8 | പുള്ളുവേലിക്കുഴി ഭാഗത്ത് | | c ✓ |
| | 9 | നെല്ലിപ്പിള്ളി ഭാഗം | | d ✓ |
| | 10 | ഇടംപറമ്പുനിലത്തിനു സമീപം | ✓ | |
| | 11 | ഇടപ്പറമ്പിനു സമീപം | ✓ | |
| 8 | 12 | ഖാദികെട്ടിടത്തിനു കിഴക്കുവശം തോടിനു കുറുകെ | ✓ | |
| | 13 | ഇടക്കുമറ്റം-പാരിഷം ഹാൾ റോഡിൽ | ✓ | |
| | 14 | ആയാംകുടി-തലപ്പാറ രോഡിൽ കാന്താരി കടത്തിൽ | ✓ | |
| 9 | 15 | ഈരേക്കടവിൽ | ✓ | |
| | 16 | വെള്ളാമകുന്നുംപുറം-തണ്ണർപാലം | ✓ | |
| 10 | 17 | എഴുമാന്തുരുത്തി-തലയോലപ്പറമ്പിനേയും ബന്ധിപ്പിക്കുന്ന പൊന്നുരുക്കും പാറ പാലം | ✓ | |
| | 18 | പുലിത്തുരുത്തിനേയും മധുരവേലിയും തമ്മിൽ ബന്ധിപ്പിക്കുന്ന കറ്റുരുത്തു പാലം | ✓ | |
| | 19 | എഴുമാന്തുരുത്ത്-മാന്നാർ മിച്ചഭൂമി പാലം | ✓ | ✓ |
| | 20 | എഴുമാന്തുരുത്തു-നെറ്റിത്തറ പാലം | ✓ | a ✓ |
| | 21 | എഴുമാന്തുരുത്ത്-മുണ്ടാർ പാലം | | |
| 11 | 22 | മധുരവേലി തീപ്പെട്ടിക്കമ്പനിക്കു സമീപം | | |
| | 23 | പൂവാശ്ശേരി-കക്കത്തുമല ഭാഗത്ത് | | |
| 6 | 24 | കെ.എസ്.പുരം മഠം ജംഗ്ഷനിലുള്ള കലിങ്ക് | | ✓ |
| 12 | 25 | കളരിക്കത്താഴ് തോടിനു കുറുകെ കലിങ്ക് | | ✓ |
| | 26 | വിരിത്തിക്കരിയേയും മനയ്ക്കകരിയേയും തമ്മിൽബന്ധിപ്പിക്കുന്ന കലിങ്ക് | | ✓ |
| | 27 | ചൂരപ്പാടം നീലിമലയേയും ബന്ധിപ്പിക്കുന്ന കലിങ്ക് | | |

ഇതുപോലെ പുതിയതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും തയ്യാറാക്കേണ്ടതാണ്. എങ്കിൽ മാത്രമെ ശാസ്ത്രീയമായ ഘടനയോടുകൂടി കാര്യക്ഷമമായി റോഡുകളുടെ വികസന പ്രവർത്തനം നടത്തുവാൻ സാധിക്കുകയുള്ളൂ.

## പ്രശ്നങ്ങളുംപരിഹാര നിർദ്ദേശങ്ങളും

കടുത്തുരുത്തി പഞ്ചായത്തിൻെറ വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

### പ്രശ്നങ്ങൾ

1. കലിങ്കുകളുടെയും, ഓടകളുടെയും അഭാവം മൂലം വർഷകാലങ്ങളിൽ ഉണ്ടാകുന്ന മഴവെള്ളം കുത്തിയൊഴുകി റോഡിലെ മണ്ണ് ഒലിച്ചു പോകുകയും, അതോടൊപ്പം താഴ്ന്ന പ്രദേശങ്ങളിലുള്ള റോഡിൽ വെള്ളം കെട്ടിനിന്ന് ഗതാഗത തടസം സൃഷ്ടിക്കുകയും ചെയ്യുന്നു.

2. വീതികുറഞ്ഞ റോഡുകളും, റോഡിൻെറ മദ്ധ്യഭാഗത്തോളം കയറിനിൽക്കുന്ന ഇലക്ട്രിക്ക്പോസ്റ്റുകളും, മരങ്ങളും ഗതാഗതതടസം ഉണ്ടാക്കുന്നതോടൊപ്പം അപകടസാദ്ധ്യതയും വരുത്തിവക്കുന്നു.

3. കടുത്തുരുത്തി ടൗണിൽ ഗതാഗതകുരുക്ക് നിത്യസംഭവമാണ്. വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് റോഡിൽ വീതിയില്ലായ്മയും, കടുത്തുരുത്തി വലിയ പാലത്തിന് ഫുഡ്പ്പാത്ത് ഇല്ലാത്തതും അപകടങ്ങൾ കൂടാൻ കാരണമാകുന്നു. കടുത്തുരുത്തി മാർക്കറ്റ് ജംഗ്ഷനിൽ പിറവം റോഡിലേക്ക് തിരിയുന്ന ഭാഗം ഗതാഗതകുരുക്ക് അനുഭവപ്പെടുകയും പൊതുജനങ്ങൾക്ക് നടക്കാൻപോലും കഴിയാതെ വരികയും ചെയ്യുന്നു.

4. ചില സ്ഥലങ്ങളിൽ റോഡിന് പാർശ്വഭിത്തിയില്ലായ്മയും, യഥാസമയത്ത് അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ടും ഗതാഗതതടസത്തിന് കാരണമാകാറുണ്ട്.

5. ടെമ്പോ, കാർ, ജീപ്പ്, ഓട്ടോ മുതലായവയ്ക്ക് ക്രമപ്പെടുത്തിയ സ്റ്റാൻഡ് ഇല്ലാത്തതുമൂലം ഇവ റോഡു സൈഡിലാണ് പാർക്കു ചെയ്യുന്നത്. ഇത് ഗതാഗതകുരുക്ക് സൃഷ്ടിക്കുന്നതോടൊപ്പം കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു.

6. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡ് ഇല്ലാത്തതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

7. ടാർ ചെയ്ത റോഡുകൾ വാട്ടർ കണക്ഷനും, ടെലിഫോൺ കണക്ഷനും വേണ്ടി ഇടയ്ക്കിടെ റോഡു വെട്ടി മുറിക്കുന്നതും ഗതാഗത തടസത്തിന് കാരണമാകാറുണ്ട്.

## നിർദ്ദേശങ്ങൾ

1. കാലാകാലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും, ഓടകളും കലിങ്കുകളും ആവശ്യമായ എല്ലാ പ്രദേശത്തു നിർമ്മിക്കുകയും ചെയ്യുക.

2. നീർക്കെട്ട് അനുഭവപ്പെടുന്ന റോഡുകളിൽ സൈഡു കെട്ടി മണ്ണിട്ട് പൊക്കുകയും, വീതികുറഞ്ഞ റോഡുകളും, നടപ്പാതകളും വീതികൂട്ടുകയും ചെയ്യുക.

3. പുതിയ മൺറോഡുകൾ ആവശ്യമായ വരുന്ന എല്ലാ പ്രദേശത്തും പഞ്ചായത്തിൻെറ നേതൃത്വത്തിൽ നിർമ്മിക്കുക.

4. ബസ് റൂട്ടുകൾ നിന്നുപോയ പ്രദേശങ്ങളിൽ പുനരാരംഭിക്കുകയും, പുതിയ റൂട്ടുകൾ ആരംഭിക്കാൻ സാദ്ധ്യതയുള്ള മേഖലകളിൽ ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്യുക.

5. ഗതാഗത തടസമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ ടെലിഫോൺ പോസ്റ്റുകളും മാറ്റി സ്ഥാപിക്കുകയും മരങ്ങൾ മുറിച്ചുമാറ്റുകയും ചെയ്യുക.

6. കടുത്തുരുത്തി മാർക്കറ്റ് ജംഗ്ഷനിലും, സെൻട്രൽ ജംഗ്ഷനിലും ട്രാഫിക് സംവിധാനം ഏർപ്പെടുത്തുക.

7. കടുത്തുരുത്തി ജംഗ്ഷനിൽ നിന്നും പിറവം റോഡിലേക്ക് തിരിയുന്ന ഭാഗത്ത് വീതികൂട്ടാൻ സത്വര നടപടികൾ കൈക്കൊള്ളുക.

8. അപകടകരമായ വളവുകൾ നിവർക്കാൻ നടപടി സ്വീകരിക്കുക.

9. കാർ, ടെമ്പോ, ജീപ്പ്, ഓട്ടോറിക്ഷാ എന്നിവയ്ക്ക് പഞ്ചായത്തിൻെറ നേതൃത്വ

ത്തിൽ സൗകര്യപ്രദമായ സ്ഥിരം സ്റ്റാൻഡ് സ്ഥാപിച്ചുകൊടുക്കുക.

10. കടുത്തുരുത്തി വലിയപാല ത്തിൻെറ ഇരുവശങ്ങളിലും ഫുഡ്പാത്ത് നിർമ്മിക്കുക.

11. കടുത്തുരുത്തി റെയിൽവേ ക്രോ സിംഗിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുക.

12. പഞ്ചായത്ത് മുൻകൈ എടുത്ത് കടുത്തുരുത്തി മാർക്കറ്റ് ഭാഗത്ത് ഒരു പ്രൈവറ്റ് ബസ്റ്റാൻഡും സെൻട്രൽ ജംഗ്ഷന് സമീപ ത്തായി ഒരു കെ.എസ്.ആർ.ട്ടി.സി. ബസ് സ്റ്റാൻഡും നിർമ്മിക്കുക.

13. റോഡുകളുടെ അറ്റകുറ്റപ്പണി നടത്തി ടാർ ചെയ്യുന്നതിന് മുമ്പായി വാട്ടർ അതോറിറ്റിയും, ടെലഫോൺ ഡിപ്പാർട്ട്മെൻറും ചെയ്തുതീർക്കാനുള്ള അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്.

## ജനകീയ പദ്ധതിയുടെ പ്രസക്തി

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനങ്ങളുടെ അദ്ധ്വാന ശേഷിയാണ്. മനുഷ്യപ്രയത്നം കൂടി ഉപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കാൻ കഴിയണം. റോഡു നിർമ്മാണത്തിന് ആവശ്യം വരുന്ന തുകയുടെ മൂന്നിലൊരു ഭാഗം വിഭവ സമാഹരണത്തിലൂടെ പൂർത്തിയാക്കേണ്ടതാണ്. ഗ്രാമസഭാ നിർദ്ദേശങ്ങളിൽ പൊതുവെ മനുഷ്യശേഷി സംഭാവന ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ പ്രസക്തിയും, പ്രാധാന്യവും ഇത് വ്യക്തമാക്കുന്നു. വർദ്ധിച്ച ജനകീയപങ്കാളിത്തത്തിലൂടെ നാടിൻെറ വികസനത്തിനായുള്ള പ്രവർത്തനങ്ങളിൽ നമുക്കൊരുമിക്കാം.

**കടുത്തുരുത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.**

പട്ടിക 4 -3

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് |
|---|---|---|
| 1 | 1 | തളിയിൻക്ഷേത്രം-ചിത്താത്തതിറോഡ് (ഗാന്ധിജി റോഡ്) |
| | 2 | തളിയിൻക്ഷേത്രം-ചിത്താത്തിറോഡ് (പഴയത്) |
| | 3 | ഗോവിന്ദപുരം കോളനി-ചിത്താത്തിറോഡ് |
| | 4 | വാട്ടർ ടാങ്ക്-ചിത്താത്തി റോഡ് |
| | 5 | ആയുർവ്വേദറോഡ്-കിടങ്ങിൻഭാഗം വേലംപറമ്പ്റോഡ് |
| | 6 | അരുണാശ്ശേരി-കുന്നംചിറ റോഡ് |
| | 7 | ചിറക്കുന്ന്-മൈലാടുംപാറ-കുരിശുംമൂട് റോഡ് |
| | 8 | അമ്പലം-പാലാ റോഡ് |
| | 9 | കൊട്ടുകപ്പള്ളി-മുട്ടുചിറ റോഡ് |
| | 10 | ചിത്താത്തി-കുന്നശ്ശേരി റോഡ് |
| | 11 | വില്ലേജാഫീസ് റോഡ് |
| | 12 | ഗോവിന്ദപുരം-കുന്നശ്ശേരി റോഡ് |
| | 13 | ചിറക്കുന്ന്-മൈലാട്ടംപാറ റോഡ് |
| 2 | 14 | സീഡുഫാം കണത്താരി റോഡ് |
| | 15 | അറാക്കൽ മാത്തിക്കുന്നേൽ റോഡ് |
| | 16 | വാലാച്ചിറ ചാക്കിരിമുക്ക് റോഡ് (ബാക്കി ഭാഗം) |
| | 17 | സീഡ്ഫാം ആലച്ചുവടു റോഡ് |
| | 18 | കണിയാക്കുഴി സീഡുഫാം റോഡ് (ബാക്കി ഭാഗം) |

| | | |
|---|---|---|
| | 19 | കടുത്തുരുത്തി ആപ്പുഴ തീരദേശ റോഡ് |
| 3 | 20 | വട്ടനിരപ്പ്-ഒറ്റിയാംകുന്ന് റോഡ് |
| | 21 | മബിളി-കൊടികുത്തി റോഡ് |
| | 22 | മഠത്തിമ്യാലിൻ-മൂത്താംകുടി റോഡ് |
| | 23 | വെള്ളാലശ്ശേരി-പുന്നത്താനം വഴി ആപ്പാഞ്ചിറ റോഡ് |
| | 24 | വടുനിരപ്പ്-തണപ്പള്ളി ലക്ഷം വീട് റോഡ് |
| | 25 | വെള്ളാശ്ശേരി-കല്ലുമട റോഡ് |
| | 26 | മാർക്കറ്റിൻെറ മുകൾവശം റോഡ് |
| | 27 | തീരദേശം റോഡ് |
| 4 | 28 | ആപ്പാംഞ്ചിറ-ഈരേക്കടവ് റോഡ് |
| | 29 | പാറാവേലി-പുത്തൻപുര റോഡ് |
| | 30 | മുല്ലപ്പള്ളി-രണ്ടാം ബ്ളോക്ക് റോഡ് |
| | 31 | പുഞ്ചിയിൻ-കുറിച്ചിക്കരി റോഡ് |
| | 32 | ആപ്പാഞ്ചിറ-മുക്കം റോഡ് |
| | 33 | മാന്നാർ-കൊശക്കാല റോഡ് |
| | 34 | മാന്താംകുന്ന് ഹരിജൻ സെറ്റിൽമെൻറ് കോളനി റോഡ് |
| | 35 | മണലേൽ-തച്ചംകരി റോഡ് |
| | 36 | സിലോൺ-പാറാവേലി റോഡ് |
| 5 | 37 | അലരി-മുക്കം ചാത്തി റോഡ് |
| | 38 | അലരി-പൂവക്കോട്ട് റോഡ് |
| | 39 | കണ്ണംകര-നീരാളക്കോട് റോഡ് |
| | 40 | മഠം-കണ്ണംകരറോഡ് |
| | 41 | പുതംക്കോട്-കോച്ചേരി റോഡ് |
| | 42 | പുതംക്കോട്-ദേവർമറ്റം റോഡ് |
| | 43 | ഒറ്റിയാംകുന്ന്-മുണ്ടുപാലം റോഡ് |
| | 44 | മങ്ങാട്ട് കാവ് പുലിക്കൂട്ടുമേൽ റോഡിൻെറ ബാക്കിഭാഗം |
| | 45 | പുലിക്കൂട്ടുമ്മേൽ - നീരാളക്കോട് റോഡ് |
| | 46 | തൊണ്ണംക്കുഴി - മാനാടി റോഡ് |
| | 47 | പാലകര ലക്ഷംവീട് റോഡ് |
| 6 | 48 | ഉദയഗിരി-വേങ്ങചുവട് റോഡ് |
| | 49 | വെള്ളാശ്ശേരി-പുഴിക്കോൻ റോഡ് |
| | 50 | മഠംകവല-കണ്ണംകര റോഡ് |
| | 51 | കപ്പിലുമാങ്കിൽ-മങ്ങാട്ടു നിരപ്പ് റോഡ് |
| | 52 | ചീരക്കുഴി-മങ്ങാട്ടു നിരപ്പ് റോഡ് |
| | 53 | കാവുങ്കൻ-മങ്ങാട്ടു നിരപ്പ് റോഡ് |
| 7 | 54 | മുട്ടുച്ചിറ മൈലാടം പാറ പാലകര റോഡ് |
| | 55 | മൈലാട്ടുംപാറ-മഠത്തിക്കുന്നേൽ മുക്ക് |
| | 56 | മൈലാട്ടുംപാറ-കുരിശുംമൂട് റോഡ് |
| | 57 | കുരിശുംമൂട് അരുണാശേരി റോഡ് |

| | | |
|---|---|---|
| | 58 | ഇല്ലിക്കുളം ചിത്താന്തി റോഡ് |
| | 59 | ചിത്താന്തി കുന്നശ്ശേരി റോഡ് |
| | 60 | മുട്ടുചിറ റെയിൽവേ റോഡ് |
| | 61 | മുട്ടുചിറ പുഞ്ചയിൽ റോഡ് |
| | 62 | ഇല്ലിക്കുളം പാല റോഡ് |
| | 63 | മൈലാട്ടുംപാറ കുന്നശ്ശേരിക്കാവ് റോഡ് |
| 8 | 64 | കാപ്പുന്തല-കുറുപ്പുന്തറ റോഡ് |
| | 65 | വള്ളിക്കാഞ്ഞിരം-കുരിശും മൂട് റോഡ് |
| | 66 | മഹാത്മഗാന്ധി റോഡിൻെറ ബാക്കിഭാഗം |
| | 67 | വള്ളിക്കാഞ്ഞിരം-ഇടക്കുമറ്റം റോഡിൻെറ ബാക്കിഭാഗം |
| | 68 | പറമ്പ്രം-അടിച്ചിൻപ്പീടിക റോഡിൻെറ ബാക്കിഭാഗം |
| 9 | 69 | ആയാംകുടി-കടുത്തുരുത്തി തീരദേശ റോഡ് |
| | 69.a | കുന്നുപുറം അയ്യപ്പിള്ളി റോഡ് |
| | 69(b) | കുന്നുപുറം പള്ളിത്തറ റോഡ് |
| | 70 | എൽ.പി.എസ്.സ്കൂൾ-മാളേക്കൻകടവ് റോഡ് |
| | 71 | കുന്നുംപുറം-അമ്മാവൻ കവല റോഡ് |
| | 72 | കുന്നുംപുറം-പരവയ്ക്കാട് റോഡ് |
| | 73 | അമ്മാവൻ കവല-വേലമ്പറമ്പിൽ റോഡ് |
| | 74 | ആപ്പുഴ ലക്ഷം വീട് കോളനി റോഡ് |
| 10 | 75 | എഴുമാന്തുരുത്ത്-പുലിതുരുത്ത് റോഡ് (എസ്.എൻ. ഡി.പി. ജംഗ്ഷൻ വരെ) |
| | 76 | എഴുമാന്തുരുത്ത് ഐ.എച്ച്.ഡി.പി. കോളനി (കൊല്ലംകരി) റോഡ് |
| | 77 | മധുരവേലി-പുലിത്തുരുത്തു റോഡ് |
| | 78 | മുക്ക് - മാന്നാർ റോഡ് |
| | 79 | കാര്യാന്തുരുത്തു - ബംഗ്ളാവ് കടവ് റോഡ് |
| | 80 | മുണ്ടാർ - കടത്തുകടവ് റോഡ് |
| 11 | 81 | ആദിത്യപുരം, കുരിശുപള്ളി, ഹരിജൻകോളനി, റേഷൻകട റോഡ് |
| | 82 | പുലിതുരുത്ത്, മധുരവേലി, റേഷൻകട റോഡ് |
| | 83 | മധുരവേലി-പീടികതറ റോഡ് |
| | 84 | മധുരവേലി-മൂലേക്കറ റോഡ് |
| | 85 | മധുരവേലി-വടക്കേ മനക്കത്തറ |
| 12 | 86 | കപിയ്ക്കാട്, മാൻവെട്ടം റോഡ് |
| | 87 | കപിയ്ക്കാട്, ഇരവിമംഗലം റോഡ് |
| | 88 | കവിക്കാട് പാറേത്താഴം റോഡ് |
| | 89 | കപിക്കാട് 7 എം. എ. റോഡ് |
| | 90 | കപിക്കാട് കോണത്തുവലേൽ റോഡ് |
| | 91 | കപിക്കാട് കരിശ്ശേരിതുരുത്തു റോഡ് |

## ഗ്രാമീണറോഡുകൾ സംബന്ധിച്ച വിവരങ്ങൾ സംക്ഷിപ്തം

K.M

പട്ടിക 4 (4)

| വാർഡ് | റോഡുകളുടെ എണ്ണം | കുറഞ്ഞ നീളം | കൂടിയ നീളം | | കുറഞ്ഞ വീതി | കൂടിയ വീതി | ചരൽ റോഡു | | പൂഴി റോഡു | | മെറ്റൽ റോഡു | | ടാർ റോഡുകൾ പഞ്ചായത്ത് | | ടാർ റോഡുകൾ PWD | ടാർ റോഡുകൾ N.H | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Metre | K.m | Metre | Metre | Metre | K.m | Metre | K.m | Metre | K.m | Metre | K.m | Metre | | | K.m | Metre |
| I | 10 | 166 | 1 | 050 | 3 | 6 | 4 | 873 | - | 510 | - | - | - | 175 | - | - | 5 | 558 |
| II | 19 | 120 | 2 | 715 | 3 | 8 | - | 200 | 8 | 898 | 1 | 500 | - | 930 | - | - | 11 | 528 |
| III | 11 | 240 | 1 | 283 | 3 | 6.5 | 9 | 028 | - | 450 | - | - | -- | - | - | | 9 | 478 |
| IV | 17 | 075 | 1 | 360 | 2.6 | 4.8 | 2 | 785 | 4 | 835 | - | - | - | 420 | | | 8 | 040 |
| V | 16 | 100 | 2 | 265 | 3 | 8 | 9 | 870 | - | 720 | - | - | 1 | 785 | Total 31 K.m | | 12 | 375 |
| V I | 9 | 360 | 1 | 125 | 2.5 | 8 | 5 | 390 | 1 | 975 | - | - | | | | | 7 | 365 |
| VII | 13 | 390 | 1 | 260 | 3.5 | 4.5 | 7 | 695 | - | 990 | - | - | - | 090 | | | 8 | 775 |
| VIII | 13 | 255 | 1 | 381 | 3 | 8 | 3 | 215 | 6 | 448 | 1 | 353 | 1 | 268 | - | റോഡ് 6 എണ്ണം PWD | 12 | 284 |
| IX | 14 | 50 | - | 685 | 2.5 | 8 | 5 | 565 | - | - | - | 225 | - | 475 | | | 6 | 265 |
| X | 10 | 150 | 2 | 200 | 3.5 | 8 | - | - | 7 | 010 | - | 450 | - | - | | | 7 | 460 |
| X I | 21 | 180 | - | 810 | 2 | 5 | 9 | 215 | - | - | - | - | - | - | - | | 9 | 215 |
| XII | 16 | 070 | - | 950 | 2.5 | 8 | 6 | 010 | - | - | - | - | - | 950 | | | 6 | 960 |
| Totel | 169 | | | | | | 63 | 846 | 31 | 836 | 3 | 528 | 6 | 093 | 31 | | 136 | 303 |

# ഊർജ്ജം

20-ാം നൂറ്റാണ്ടിലെ അദൃശ്യ ശക്തി എന്നു വിശേഷിപ്പിക്കപ്പെട്ട വൈദ്യുതി. ഈ പ്രദേശത്ത് 1957 ലാണ് എത്തിയത്. വൈദ്യുതി ഈ പഞ്ചായത്തിൻെറ ഏതാണ്ടെല്ലാഭാഗത്തും എത്തിയെങ്കിലും പഞ്ചായത്തിലെ 40%നം വീടുകളും വൈദ്യുതീകരിക്കാത്തതാണ്. സാമ്പത്തിക പ്രശ്നങ്ങളും കൺസൻറുകളുടെ അഭാവവുമാണ് ഈ പഞ്ചായത്തിലെ മിക്ക വീടുകളും വൈദ്യൂതീകരിക്കാത്തതിൻെറ കാരണം. കൺസൻറുകൾ ലഭിക്കുകയാണെങ്കിൽ പഞ്ചായത്തിലെ വൈദ്യുതീകരീക്കാത്ത വീടുകളിൽ 20 ശതമാനത്തോളം വൈദ്യുതീകരിയ്ക്കപ്പെടുന്നവയാണ്. ദുർബല ജനവിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും വീടു വൈദ്യുതീകരണത്തിന് സർക്കാർ നൽകുന്ന സഹായവും തീരെ അപര്യാപ്തമാണ്. ഇത് ഏകദേശം ഒരു വാർഡിൽ ഒരാൾക്കേ പ്രയോജനപ്പെടാറുള്ളു.

ഈ പഞ്ചായത്തിലെ വൈദ്യുതവിതരണ നിയന്ത്രണം നടത്തുന്നത് തലയോലപ്പറമ്പ് മേജർ സെക്ഷൻ ആഫീസും കടുത്തുരുത്തി ഇല:സെക്ഷൻ ആഫീസുമാണ്. ഇവിടെ വൈദ്യുതി എത്തിച്ചേരുന്നത് കോട്ടയം ജില്ലയിലെ കാണക്കാരി 66K.V.സബ് സ്റ്റേഷൻ വൈക്കം 110 K.V.സബ്സ്റ്റേഷൻ എന്നിവയിൽ നിന്നാണ്. പഞ്ചായത്തിൽ കറണ്ടു ചാർജ്ജ് അടക്കുന്നതിന് ഉപഭോക്താക്കൾ ഏകദേശം 1/2 കി. മി. മുതൽ 10 കി.മി വരെ യാത്ര ചെയ്യുന്നു.

സ്ലാബ് സമ്പ്രദായത്തിലാണ് ജനങ്ങൾ കറണ്ടു ചാർജ്ജ് അടക്കുന്നത്, എന്നാൽ റീഡിംഗ് എടുക്കാത്തതുമുലം ജനങ്ങൾ ഉപയോഗിക്കാത്ത കറണ്ടിനും ചാർജ്ജ് അടക്കേണ്ടി വരാറുണ്ട്. വോൾട്ടേജ് ക്ഷാമം പഞ്ചായത്തിലെ പല പ്രദേശങ്ങളിലും അതിരൂക്ഷമാണ്. ഇവിടങ്ങളിൽ വോൾട്ടേജ് 170 ൽ താഴെയാണ്. കൂടാതെ സമ്പന്ന കുടുംബങ്ങളിൽ Step up ഉപയോഗിക്കുന്നത മൂലമുള്ള പ്രശ്നങ്ങളും നിലവിലുണ്ട്. ഇതു പരിഹരിക്കണമെങ്കിൽ കടുത്തുരുത്തി ആസ്ഥാനമായി ഒരു സബ് സ്റ്റേഷൻ സ്ഥാപിച്ചേ മതിയാവൂ.

അതുപോലെ കല്ലറ സബ് എഞ്ചിനീയർ ഓഫീസ്, ഞീഴൂർ ഓവർസീയർ ഓഫീസ്, മുളക്കുളം മാഞ്ഞൂർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങൾ എന്നിവയും കടുത്തുരുത്തി സെക്ഷൻ ആഫീസിൻെറ കീഴിലാണ്. ഒരു മേജർ സെക്ഷനു വേണ്ടുന്ന കൺസ്യൂമറുകളുടെ എണ്ണത്തെക്കാൾ വളരെ അധികമാണ് ഇവിടുത്തെ ഉപഭോക്താക്കളുടെ എണ്ണം ആയതിനാൽ ഉപഭോക്താക്കളുടെ സൗകര്യം മുൻനിർത്തി ഈ സെക്ഷൻ ഓഫീസ് ഒരു മേജർ സെക്ഷൻ ആക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഉപഭോക്താക്കളിൽ 85 ശതമാനം ഗാർഹിക ഉപഭോക്താക്കളാണ് വ്യാവസായിക ഉപഭോക്താക്കൾ 1% വും കാർഷിക ഉപഭോക്താക്കൾ 4%.വും വ്യാപാര ഉപഭോക്താക്കൾ 10% വും വരും ഈ പഞ്ചായത്തിൽ 26 ട്രാൻസ്ഫോർമറുകൾ ഉണ്ട്. 98% ട്രാൻസ് ഫോർമറുകളും ഓവർലോഡുകളാണ് . പഞ്ചായത്തിൽ ആകെയുള്ള സ്ട്രീറ്റ് ലൈറ്റുകൾ, ഉപഭോക്താക്കൾ മുതലായവ പട്ടിക 4(5)ൽ.

കടുത്തുരത്തി പഞ്ചായത്തിലെ വിവിധ ഗ്രാമ സഭ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ മിക്ക പ്രദേശങ്ങളിലും വൈദ്യുതി ക്ഷാമം അതിരൂക്ഷമാണ്.

2. മീറ്റർ റീഡിംഗ് കൃത്യമായി എടുക്കാത്തതുകൊണ്ട് വൈദ്യുതിയുടെ അമിത ഉപയോഗം കണ്ടെത്താൻ കഴിയുന്നില്ല.

3. അശാസ്ത്രീയമായ അഡീഷണൽ ബിൽ ഉപഭോക്താക്കളെ വല്ലാതെ ബുദ്ധിമുട്ടിയ്ക്കുന്നു.

4. നിലവിലുള്ള മീറ്ററുകളിൽ 40% ത്തോളം കേടായവയാണ്.

5. വയറിംഗും ചെയ്ത് സി.ഡി.യും അടച്ച് കണക്ഷനുവേണ്ടി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു.

6. കൺസെൻറിൻെറ അഭാവവും അതിനെക്കുറിച്ചുള്ള അറിവില്ലായ്മയും സാധാരണക്കാർക്ക് വൈദ്യുതി ലഭിക്കാൻ തടസ്സം നേരിടുന്നു.

7. പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.

8. പഞ്ചായത്തിലുള്ള വാർഡുകളുടെ മുഴുവൻ പ്രദേശത്തും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

9. മിക്ക വാർഡുകളിലുമുള്ള സ്ട്രീറ്റ് ലൈറ്റുകൾ തെളിയുന്നില്ല. മാസങ്ങളോളം ഈ പ്രവണത കണ്ടുവരുന്നു. എന്നാൽ ഇതിനുകൂടി പഞ്ചായത്ത് കറണ്ട് ചാർജ്ജ് അടക്കേണ്ടി വരുന്നു.

10. വാർഡുകളിലുള്ള എല്ലാ വഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

11. സമ്പന്ന കുടുംബങ്ങളിൽstep-up ഉപയോഗിക്കുന്നതും K.S.E.B. രജിസ്റ്ററിൽ കാണുന്നതിനേക്കാൾ വൈദ്യുതിയുടെ അമിത ഉപയോഗം നടക്കുന്നതും, സാധാരണ ഉപഭോക്താക്കൾക്ക് ദോഷകരമാവുന്നു. എന്നാൽ ഇക്കാര്യത്തിൽ ബോർഡ് ജീവനക്കാർ വേണ്ടത്ര ശ്രദ്ധ പതിപ്പിയ്ക്കുന്നില്ല.

12. ബോർഡ് ജീവനക്കാരുടെ അഴിമതിയും, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള താല്പര്യമില്ലായ്മയും ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

## നിർദ്ദേശങ്ങൾ

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് യഥാസ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിയ്ക്കുകയും 3 ഫേയ്സ് ലൈൻ വലിക്കുകയും ചെയ്യുക.

2. മാസം തോറും റീഡിംഗ് എടുക്കുകയും സ്ളാബ് സമ്പ്രദായം മാറ്റി, റീഡിംഗ് അടിസ്ഥാനത്തിൽ ചാർജ്ജ് ഈടാക്കുകയും ചെയ്യുക. ഇതിനാവശ്യമായ മീറ്റർ റീഡർമാരെ ബോർഡ് നിയമിക്കുക.

3. അശാസ്ത്രീയമായ അഡീഷണൽ ബിൽ ഒഴിവാക്കുക.

4. വാർഡുകളുടെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയ്ക്കുകയും എല്ലാ വഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിയ്ക്കുകയും ചെയ്യുക.

5. വാർഡുകളിൽ നിലവിലുള്ള എല്ലാ സ്ട്രീറ്റ് ലൈറ്റുകളുടേയും അറ്റകുറ്റപ്പണികൾ മാസം തോറും നടത്താൻ ബോർഡു ജീവനക്കാർ തയ്യാറാകുകയും, ഇതിൽ പഞ്ചായത്ത് അടിയന്തിര ശ്രദ്ധ പതിയേണ്ടതുമാണ്.

6. പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.

7. കടുത്തുരത്തി ആസ്ഥാനമാക്കി ഐ.ഓ.സി. യുടെ എൽ.പി.ജി. ഗ്യാസ് വിതരണ കേന്ദ്രം അടിയന്തിരമായി സ്ഥാപിയ്ക്കുക.

8. ANERT ൻെറ വിവിധ ഇനം അടുപ്പുകളെ കുറിച്ചും, വിവിധയിനം സ്റ്റൗ , ഇലക്ട്രിക് ഉപകരണങ്ങൾ, സോളാർ എനർജി ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിയ്ക്കുകയും സാധാരണകാരിൽ പ്രചരിപ്പിയ്ക്കുകയും ചെയ്യുക.

9. പഞ്ചായത്തിലെ ഓരോ വാർഡുകളിലുമുള്ള കവലകളിലും പ്രധാന സ്ഥലങ്ങളിലും മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം വേപ്പർ ലാമ്പ് ട്യൂബ് ലൈറ്റ് എന്നിവ സാദ്ധ്യത അനുസരിച്ച് സ്ഥാപിയ്ക്കുക.

10. കടുത്തുരത്തിയിൽ ഒരു സബ് സ്റ്റേഷൻ സ്ഥാപിയ്ക്കുക.

11. സമ്പന്ന കുടുംബങ്ങളിൽ step-up ഉപയോഗിക്കുന്നത് തടയുകയും വൈദ്യുതിയുടെ അമിത ഉപയോഗം കണ്ടെത്തുകയും ചെയ്യുക

12. ബോർഡു ജീവനക്കാരുടെ അഴിമതിയും അനാസ്ഥയും അവസാനിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ സമ്മർദ്ദം ചെലുത്തുക.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിനായി ഉപയോഗിക്കുന്നത് വിറകാണ്. ഗ്യാസ്, മണ്ണെണ്ണ, സ്റ്റൗ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നവരുടെ എണ്ണം 10%-ൽ താഴെ മാത്രമേ വരൂ. സോളാർ വിളക്കുകളുടെ ഉപയോഗം 2%-ൽ താഴെയാണ്. അനർട്ടിൻെറയും, വൈദ്യുതി ബോർഡിൻെറയും സഹകരണത്തോടെ മേൽപ്പറഞ്ഞ ഊർ

4237

ജ്ജസ്രോതസുകളെ സംബന്ധിച്ച് പഞ്ചായത്ത് മുൻകൈ എടുത്ത് ഒരു പ്രചരണ പ്രവർത്തനം നടത്തി വിപുലമായ ബോധവത്കരണ പരിപാടി നടത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ വൈദ്യുതിയുടെ പ്രസരണം ഒഴിവാക്കുവാനും വീടുകളിലെ ദുരുപയോഗം തടയുവാനും, അപകടങ്ങൾ ഇല്ലാതാക്കുവാനും വൈദ്യുതി ബോർഡിൻെറ സഹകരണത്തോടെ ബോധവത്കരണ പരിപാടി സംഘടിപ്പിക്കണമെന്ന നിർദ്ദേശവും ഉണ്ട്. ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും, ഓഫീസും, ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കേണ്ടതാണ്.

## നടപ്പു പദ്ധതികൾ

**1 പ്രഷർകുക്കറും മണ്ണെണ്ണ സ്റ്റൗവും;**

ഇന്ധനം ലഭിക്കാൻ ഉദ്ദേശം. പ്രഷർ കുക്കറിന് 100 രൂപയും മണ്ണെണ്ണ സ്റ്റൗവിന് 50 രൂപയും സബ്സീഡി.

**2. കോംപാക്ടഫ്ലൂറസൻറ് ലാംപ്.**

കൂടുതൽ പ്രകാശം നൽകുക വൈദ്യുതി ലഭിക്കുക എന്നിവയാണ് ഉദ്ദേശം. ആകെ വില 350 രൂപ സബ്സീഡി.

**3. സൗരപമ്പ് സെറ്റ്;**

ഇന്ധനം ലാഭത്തിനു വേണ്ടി. ആകെ വില 2,25,000 ഗുണഭോക്താക്കൾ നൽകേണ്ടത് 38000 രൂപ.

**4. കാററാടിപമ്പുകൾ;**

കാറ്റിൻെറ ശക്തി കൊണ്ട് ജലസേചനംനടത്തുവാൻ കഴിയും. വില 60,000രൂപ.

**5. സോളാർ വാട്ടർ ഹീറ്റർ;**

വെയിലിൻെറ ചൂട് ഉപയോഗിച്ച് വെള്ളം ചൂടാക്കുന്നതിനുള്ള സംവിധാനം. ചിലവ് 14,500 രൂപ. 5000 രൂപ സബ്സീഡി.

**6. സോളാർ തെർമൽ എക്സ്റ്റൻഷൻ പ്രോഗ്രാം;**

ഇന്ധന ചിലവില്ലാതെ സൂര്യ പ്രകാശം ഉപയോഗിച്ച് ആഹാരം പാകം ചെയ്യാൻ 850 രൂപ സബ്സീഡി നൽകുന്നു.

7. സൂര്യ റാന്തൽ: സൂര്യപ്രകാശത്തെ വൈദ്യുതി ആക്കിമാറ്റി ബൾബ് പ്രാശിപ്പിക്കുന്നു. മൊത്തവില 3725.

പട്ടിക 4(4)

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം

ചെയ്യുന്ന ട്രാൻസ് ഫോർമറുകളുടെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. എരുമത്തുരത്ത് | 7. മധുരവേലി | 13. കെ.എസ്. പുരം | 19. മുട്ടിചിറ നമ്പർ 1 |
| 2. ആയാംകുടി | 8. മനക്കരി | 14. ആപ്പാഞ്ചിറ | 20 മുട്ടുചിറ ആശുപത്രി |
| 3. മാത്താംകരി | 9. തത്തപ്പള്ളി | 15. പി.എൽ.സി. | 21. മുട്ടുചിറ നമ്പർ 2 |
| 4. നെറ്റിത്തറ | 10. കടുത്തുരത്തി | 16 കടുത്തുരത്തി എസ് നമ്പർ 1 | 22. കുരിശുംമൂട് |
| 5. ബാങ്ക് കരി നമ്പർ 1 | 11. കൈലാസപുരം | 17. കടുത്തിരത്തി എസ് നമ്പർ 2 | 23. പാമ്പ്രം നമ്പർ 1 |
| 6. ബാങ്ക് കരി നമ്പർ2 | 12. അലരി | 18. സിസ്ഫാം വാലാച്ചിറ | 24 പറമ്പ്രം നമ്പർ 2 |
| 25. കാപ്പുംതല | 26. അരുത്താശ്ശേരി | | |

പട്ടിക 4(5)

**കടുത്തുരത്തി ഗ്രാമ പഞ്ചായത്ത്**

**വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ**

1. നിലവിലുള്ള ഉപഭോക്താക്കൾ

| | | | |
|---|---|---|---|
| a | ഗാർഹികം | 3608 | |
| b | വ്യാപാരം | 565 | |
| c | വ്യാവസായികം | 76 | |
| d | കാർഷികം | 222 | |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള

അപേക്ഷകരുടെ എണ്ണം

| | | | |
|---|---|---|---|
| a) | Ordinary | 95 | അവസാനം നൽകിയ |
| b) | OTP | 11 | കണക്ഷന്റെ അപേക്ഷാ തീയതി |
| c) | OYEC | 61 | OH-5-2-96 |
| | | | WP-3-10-96 |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | |
|---|---|---|
| a) | ബൾബ് (25W....40W....60W....100W....) | 602 |
| b) | ട്യൂബ് - - - | -81 |
| c) | മെർക്കുറി വേപ്പർ | 1 |
| d) | സോഡിയം വേപ്പർ | 15 |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: 10

5. തൻ വർഷത്തെ കണക്ഷൻ

| | |
|---|---|
| ഓറിഡിനറി | 10 |
| OTP 13 | |
| OYEC | 68 |

ആകെ വൈദ്യുത ലൈനിനിന്റെ നീളം. 11,കെ. വി. 13.700 കി.മി.

L.T.Line198.02km.

കടുത്തുരത്തി പഞ്ചായത്തിൽ കഴിഞ്ഞ 6 വർഷത്തെ തെരുവ് വിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ അടച്ച തുക - തനതു വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് കാണിയ്ക്കുന്നു.

പട്ടിക 4(6)

| വർഷം | ചെലവഴിച്ച തുക | പഞ്ചായത്തിന്റെ തനത് വരുമാനം | ശതമാനം |
|---|---|---|---|
| 90-91 | 101938 | 490791 | 20.77% |
| 91-92 | 101091 | 555552 | 18.20% |
| 92-93 | 265083 | 726751 | 36.48% |
| 93-94 | 191102 | 590869 | 32.34% |
| 94-95 | 158632 | 1036396 | 15.31% |
| 95-96 | 264566 | 1038091 | 25.49% |

പട്ടിക 4(7)

**കടുത്തുരത്തി ഗ്രാമപഞ്ചായത്ത്**

**ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ**

| ഹരിജൻകോളനി യുടെപേര് | വൈദ്യുതകണക്ഷൻ ലഭിച്ചകുടുംബങ്ങൾ എണ്ണം | സൗജന്യസ്ലാബിൽ വൈദ്യു.ഉപ.എണ്ണം | പണംനൽകിവൈദ്യുതി കണ.ലഭിക്കുന്ന കുടും.എണ്ണം |
|---|---|---|---|
| | 1 | 2 | 3 5 |
| വെള്ളാശ്ശേരി | 7 | 3 | 4 |
| തത്തപ്പള്ളി | 15 | 14 | 1 |
| വെള്ളാശ്ശേരി പടിഞ്ഞാറേപ്പുറം | 21 | 13 | 8 |
| മൂത്താം കുഴി | 10 | 8 | 2 |
| പാലകര | 4 | 3 | 1 |
| മധുരവേലി | 190 | 164 | 26 |
| ആയാംകുടി 4 സെൻറ് | 18 | 6 | 12 |
| ആയാംകുടി എച്ച്.സി. | 25 | 23 | 2 |
| കൊല്ലംകേരി | 4 | 3 | 1 |

# റെയിൽവേ ഗതാഗതം

കടുത്തുരുത്തി പഞ്ചായത്തിലെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട റെയിൽവെ പാത കടന്നുപോകുന്നു. പഞ്ചായത്തിനതിർത്തിക്കുള്ളിൽ ഏകദേശം അഞ്ച് കിലോമീറ്റർ ദൈർഘ്യമാണ് ഈ പാതയ്ക്കുള്ളത്. 1955-ൽ ആദ്യമായി ഈ റെയിൽവെ പാത വന്നപ്പോൾ മീറ്റർ ഗേജായിരുന്നു. പിന്നീട് ബ്രോഡ് ഗേജായി വികസിപ്പിക്കുകയുണ്ടായി. ഇൻഡ്യയിലെ പ്രധാനപ്പെട്ട നഗരങ്ങളായ ഡെൽഹി, ബോംബെ, കൽക്കട്ട, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ദീർഘദൂരവണ്ടികൾ ഇതുവഴി കടന്നുപോകുന്നുണ്ടെങ്കിലും ഇവിടെ ഒന്നും തന്നെ നിർത്തുന്നില്ല. ഈ പാത വന്നതിന് 16 വർഷങ്ങൾക്കു ശേഷമാണ് കടുത്തുരിത്തി ഒരു ഹാൾട്ട് സ്റ്റേഷൻ സ്ഥാപിതമായത്.

കാലാകാലങ്ങളിൽ യാത്രക്കാരുടെ എണ്ണത്തിലും വാർഷിക വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അതിന് ആനുപാധികമായി യാതൊരു പുരോഗതിയും സ്റ്റേഷന് ഉണ്ടായിട്ടില്ല. യാത്രക്കാർക്ക് ആവശ്യമായ യാതൊരു വിധ സൗകര്യങ്ങളും ഈ സ്റ്റേഷനില്ല. ഫ്ലാറ്റ് ഫോമോ, കെട്ടിടമോ, വണ്ടികൾ താമസിച്ചാൽ അറിയുന്നതിനുള്ള ടെലിഫോൺ സംവിധാനങ്ങളോ ഒന്നും തന്നെയില്ല. കൂടാതെ ഓഫീസ് ഫർണീച്ചർ, ലാട്രിൻ തുടങ്ങിയ അത്യാവശമായ പ്രാഥമിക സൗകര്യങ്ങൾ ഇല്ലായെന്നുള്ളത് സ്റ്റേഷൻെറ ദുർഗതി വിളിച്ചറിയിക്കുന്നു. രാത്രികാലങ്ങളിൽ സ്റ്റേഷൻ ഇരുട്ടിൽ തപ്പുകയാണണ്. ലൈറ്റുകൾ ഒന്നും തന്നെ പ്രകാശിക്കുന്നില്ല. വോൾട്ടേജ് ക്ഷാമം ഈ സ്റ്റേഷനെ വല്ലാതെ വലയ്ക്കുന്നു. ദിനംപ്രതി 200 നും 300 നും ഇടയ്ക്ക് യാത്രക്കാർ സ്റ്റേനിൽ വന്നുപോകുന്നു. യാത്രക്കാരിൽ അധികവും സർക്കാർ ജീവനക്കാരും , അർദ്ധസർക്കാർ ജീവനക്കാരും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുവരുമാണ്. കൂടാതെ ദക്ഷിണേന്ത്യയിലെ ഏക സൂര്യക്ഷേത്രമായ ആദിത്യപുരം ക്ഷേത്രത്തിലേക്ക് ദർശനത്തിനായി വരുന്ന തീർത്ഥാടകരും, ഞീഴൂർ വളയംകോടിനടുത്തുള്ള വിഷചികിത്സാ കേന്ദ്രത്തിലേക്ക് എത്തുന്നവരും ഈ സ്റ്റേഷനിൽ കൂടിയാണ് വന്നുപോകുന്നത്. ഡൽഹി, ബോംബെ, മദ്രാസ്, കൽക്കട്ട, ബാംഗ്ലൂർ തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്തുവരുന്ന ഈ പഞ്ചായത്തിലുള്ള ധാരാളമാളുകൾ അവധി കാലങ്ങളിൽ നാട്ടിലേക്ക് വരുന്നതിനും, തിരിച്ചു പോകുന്നതിനും, ട്രെയിൻ ഗതാഗതത്തെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. എന്നാൽ അവർക്കാവശ്യമായ ടിക്കറ്റുകൾ മുൻകൂട്ടി റിസർവ്വ് ചെയ്യുന്നതിനായി ഇപ്പോൾ എർണാകുളം, കോട്ടയം, തുടങ്ങിയ റെയിൽവെ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്. ഇവർക്കുവേണ്ടി കടുത്തുരുത്തി സ്റ്റേഷനിൽ ഒരു റിസർവേഷൻ കൗണ്ടർ ദക്ഷിണ റെയിൽവേയിൽ നിന്നും അനുവദിച്ചു കിട്ടുന്നതിനുള്ള പരിശ്രമങ്ങൾ പഞ്ചായത്ത് മുൻകൈ എടുത്ത് നടത്തേണ്ടതാണ്. കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ കടുത്തുരുത്തി റെയിൽവേ സ്റ്റേഷനിലുണ്ടായിട്ടുള്ള ആകെ വരുമാനം പട്ടികാരൂപത്തിൽ താഴെ ചേർക്കുന്നു.

പട്ടിക 4(8)

| വർഷം | വരുമാനം |
|---|---|
| 1991- 92 | 67833 |
| 1992- 93 | 77666 |
| 1993-94 | 88890 |
| 1994-95 | 91484 |
| 1995-96 | 97888 |

**കടുത്തുരുത്തി സ്റ്റേഷനിൽ നിർത്തുന്ന വണ്ടികൾ**

1. എർണാകുളം - കൊല്ലം പുഷ്പുൾ

2. കോട്ടയം - എർണാകുളം പാസഞ്ചർ

# മാർക്കറ്റ്

കടുത്തുരുത്തിപഞ്ചായത്തിൽ വെള്ളാശ്ശേരി ശ്രീകൃഷ്ണവിലാസം മാർക്കറ്റാണ് ഏക മാർക്കറ്റ്.

കടുത്തുരുത്തി മാർക്കറ്റിനെക്കുറിച്ച് പറയുമ്പോൾ സമീപചരിത്രത്തിൽ ഒരു സുവർണ്ണ കാലഘട്ടം ഉണ്ടായിരുന്നു. അതിന് കൂടുതൽ സഹായകമായിരുന്നത് ചുള്ളിത്തോ

ടിൽ കൂടിയുള്ള ജലഗതാഗതമാർഗ്ഗമായി രുന്നു. മത്സ്യങ്ങൾ, ധാന്യങ്ങൾ തുടങ്ങിയവ ചുള്ളിത്തോടുവഴിയുള്ള ജലഗതാഗതമാർ ഗ്ഗത്തിലൂടെ കടുത്തുരുത്തിയിൽ എത്തിക്കുകയും, അതൊടൊപ്പം പച്ച ക്കറികളും, പഴവർഗ്ഗങ്ങളും ഇവിടെനിന്നും മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുകയും ചെയ്തിരുന്നു. കൂടാതെ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ നാണ്യവിളകൾ ഈ മാർ ക്കറ്റിൽ സുലഭമായിരുന്നു.

മുൻപ് ഈ പഞ്ചായത്തിലെ ജന ങ്ങൾക്ക് പ്രകൃതിവിഭവങ്ങളുമായി അഭേദ്യ മായ ബന്ധമുണ്ടായിരുന്നു. എന്നാൽ ഇന്ന് മരച്ചീനി, കുരുമുളക്, തുടങ്ങിയ വിളകളുടെ ഉല്പാദനം ഗണ്യമായ തോതിൽ കുറഞ്ഞി ട്ടുണ്ട്.

പഴയ പ്രതാപം കടുത്തുരുത്തിയുടെ വാണിജ്യരംഗത്ത് വീണ്ടെടുക്കുന്നതിനു വേണ്ടി ചുള്ളിത്തോട് പദ്ധതി അടിയന്തി രമായി നടപ്പാക്കേണ്ടതുണ്ട്. നിലവിലുള്ള പ്രകൃതി വിഭവങ്ങളും, കാർഷികവിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണസംസ്കാരം വളർത്തിയെടു ക്കുവാനും പ്രസ്തുത മാർക്കറ്റിനെ പഞ്ചാ യത്തിലെ കഴിയാവുന്നത്ര ആശ്രയിക്കുവാനും കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് കാർഷികവിപണനമേഖലയിൽ വമ്പിച്ച മുന്നേറ്റമുണ്ടാക്കുവാനും കഴുയുമെന്ന ഉൾ വിളി ഗ്രാമസഭകളിലെ നിർദേശങ്ങളിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്. കൂടാതെ, ചില വാർ ഡുകളിൽ തന്നെ, പച്ചക്കറി ചന്തയും, മത്സ്യ ചന്തയും ആരംഭിക്കുന്നതിനുള്ള നിർദ്ദേ ശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

ഇന്ന് കടുത്തുരുത്തിയിൽ നിലവി ലുള്ളത് ദിവസ ചന്തയാണ്. സസ്യമാർക്കറ്റും മത്സ്യമാർക്കറ്റും ഇതോടനുബന്ധിച്ചുണ്ട്. ഇവയ്ക്ക് രണ്ടിനും ഒരു സഹകരണവിപ ണിയോ സൗകര്യമായ സ്ഥലമോ ഇല്ല എന്നുള്ള പരിമിതിയുണ്ട്. കൂടാതെ, ഈ മാർ ക്കറ്റിനോടനുബന്ധിച്ച് മാസത്തിൽ 2 പ്രാവശ്യം കാലിച്ചന്തകളും നടന്നുവരുന്നു. സമീപ പഞ്ചായത്തുകളിൽ നിന്നുപോലും കന്നുകാലികളെ ഈ മാർക്കറ്റിലേക്ക് കർഷകർ വൻതോതിൽ എത്തിക്കാറുണ്ട്. എന്നാൽ കാലിമാർക്കറ്റിന് പ്രത്യേകമായ സ്ഥ ലമില്ലായെന്നുള്ള പോരായ്മ ഇന്നും നിലനി ല്ക്കുന്നു.

കടുത്തുരുത്തിയിൽ ഒരു ആഴ്ച ചന്ത നടത്തുന്നതിനുള്ള സാദ്ധ്യതകളും നിലവി ലുണ്ട്. എന്നാൽ ഈ കുറവുമൂലം പെരുവ, കുറുപ്പന്തറ, തലയോലപ്പറമ്പ് എന്നീ ആഴ്ച ചന്തകളെ ആശ്രയിച്ചാണ് ഈ പഞ്ചാ യത്തിലെ കർഷകർ കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നത്.

പഞ്ചായത്തിലെ വിവിധ വാർഡുക ളിൽ അറവുശാലകൾ ആഴ്ചതോറും നടത്തി വരാറുണ്ടെങ്കിലും ഒന്നും തന്നെ നിയമവിധേ യമായി പ്രവർത്തിക്കുന്നതല്ല. നിലവിലുള്ള അറവുശാലയ്ക്ക് ലൈസൻസ് ഏർപ്പെ ടുത്തുകയും, അവർക്കുവേണ്ട ശുചീകരണപ്ര വർത്തനങ്ങൾ നടത്തുകയും ചെയ്താൽ സമീപഭാവിയിൽ പഞ്ചായത്തിന്റെ ഒരു വരുമാനമാർഗ്ഗമായി മാറ്റുവാൻ കഴിയും.

കടുത്തുരുത്തി പഞ്ചായത്തിൽ ശ്രീകൃഷ്ണ വിലാസം മാർക്കറ്റിലെ കഴിഞ്ഞ ആറു വർഷത്തെ വരുമാനം പട്ടിക രൂപത്തിൽ കൊടുക്കുന്നു.

പട്ടിക 4(9)

| വർഷം | വരുമാനം |
|---|---|
| 1990 - 91 | 27756.00 |
| 1992- 93 | 34575.00 |
| 1993 - 94 | 30854.00 |
| 1994- 95 | 31985.00 |
| 1995-96 | 36335.00 |

# ജലഗതാഗതം

കടുത്തുരുത്തി പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് അധിവസിക്കുന്ന ജന ങ്ങൾക്ക് പഞ്ചായത്തിലെ മറ്റു പ്രദേശങ്ങ ളുമായും, സമീപ പഞ്ചായത്തുകളുമായും ബന് ധപ്പെടുന്നതിന് ജലഗതാഗതം കൂടിയേ തീരൂ.

ജലഗതാഗതം അത്ര തന്നെ വിശാലമല്ലെങ്കിൽ പോലും ഈ പ്രദേശത്തുള്ള ജനങ്ങൾ വള്ളങ്ങളിൽ യാത്രചെയ്യുന്നു. നെല്ല്, വൈക്കോൽ, കൃഷിക്കാവശ്യമായ മറ്റു സാധനങ്ങളും വള്ളങ്ങളിലാണ് ഈ പ്രദേശത്തെത്തിക്കുന്നത്. കൂടാതെ, എഴുമാന്തുരുത്ത് വടയാർകടത്ത്, മുണ്ടാർ എഴുമാന്തുരുത്ത് കടത്ത്, കാന്താരി കടത്ത് എന്നിവയാണ് പ്രധാന കടത്തുകൾ. കടത്തിൽ നിന്നും യാതൊരുവിധ വരുമാനവും പഞ്ചായത്തിനില്ല. കടത്തുതകാരനെ മാസശമ്പളത്തിൽ പഞ്ചായത്ത് നിയമിക്കുന്നു.

ജലഗതാഗതമാർഗ്ഗത്തിൻെറ ഒരു സുർണ്ണ കാലഘട്ടം കടുത്തുരുത്തി പഞ്ചായത്തിൻെറ സമീപ ചരിത്രത്തിൽ ഉണ്ടായിരുന്നു. ഇതിൽ പ്രധാനപ്പെട്ട ജലഗതാഗതമാർഗ്ഗം ചുള്ളിത്തോടായിരുന്നു.

ചുള്ളിത്തോട് പദ്ധതി പല പ്രശ്നങ്ങളാലും ഇന്ന് തടസ്സപ്പെട്ടിരിക്കുന്നു.

ചുള്ളിത്തോട് പദ്ധതിയുടെ തടസം മാറ്റിയാൽ കടുത്തുരുത്തിയുടെ വികസനത്തിന് ആക്കം കൂടുമെന്നതിൽ സംശയമില്ല. ആഴ്ച ചന്തകളും, മത്സ്യ മാർക്കറ്റുകളും മറ്റു അനുബന്ധ വ്യാപാരങ്ങളും വികസിപ്പിക്കുന്നതിന് ഇതുമൂലം സാധിക്കും. ആയതിനാൽ പഞ്ചായത്തിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

# പൊതുജനാരോഗ്യം



## കുടിവെള്ളം



അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്താണ് കടുത്തുരത്തി. വർഷത്തിൽ 5 മാസവും കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന പ്രദേശങ്ങൾ ധാരാളമുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളിൽ എല്ലാ വാർഡുകളിൽ നിന്നും മുഖ്യമായ ചർച്ചകൾ നടന്നിട്ടുള്ളത് കുടിവെള്ളത്തെ സംബന്ധിച്ചാണ്.

കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്താൻ ഇതുവരെ പഞ്ചായത്തിനോ, വാട്ടർ അതോറിട്ടിയ്ക്കോ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം. ആധുനിക യുഗത്തിൽ ഒട്ടു മിക്ക മേഖലകളിലും പുതിയ പദ്ധതികളും, പരിപാടികളും നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നത് ഇന്നും ഒരു മരീചികയായി തുടരുകയാണ്.

പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. എന്നാൽ 40 ശതമാനം വീടുകളിലും കിണറുകൾസ്വന്തമായി ഇല്ലാ എന്നുള്ളതാണ് മറ്റൊരു സത്യം. ഇവർ കുടിവെള്ളത്തിനും, മറ്റാവശ്യത്തിനുമായി അയൽ വീടുകളിലെ കിണറുകളെയാണ് ആശ്രയിച്ചു വരുന്നത്.

പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് വിലയിരുത്തുമ്പോൾ ഭൂരിഭാഗം ജനങ്ങളും ഉയർന്ന പ്രദേശത്താണ് അധിവസിക്കുന്നത്. ഇവർക്ക് ജലലഭ്യതയെ ആശ്രയിക്കേണ്ടി വരുന്നത് കിണറുകളേയും കുളങ്ങളേയും മാത്രമാണ്. വേനൽക്കാലത്ത് പഞ്ചായത്തിലെ 80 ശതമാനം കിണറുകളും വറ്റിപോകുന്ന സ്ഥിതിയാണുള്ളത്. കുളങ്ങളാകട്ടെ മാലിന്യങ്ങൾ കലർന്ന് ഉപയോഗശൂന്യവുമായിരിക്കുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ താഴ്ന്ന ഭാഗങ്ങളിൽ ഒരു പരിധി വരെ ജലലഭ്യത ഉണ്ടെങ്കിലും ശുദ്ധമായ ജലം ലഭിക്കുന്നില്ല. മാലിന്യം കലർന്ന ജലം കുടിക്കുന്നതുമൂലം മഞ്ഞപ്പിത്തം, പനി, വയറിളക്കം, തുടങ്ങിയ സാംക്രമിക രോഗങ്ങൾ ഈ പ്രദേശത്തുണ്ടാകാറുണ്ട്. മാലിന്യം കലർന്ന ഈ ജലത്തെ ശുദ്ധീകരിക്കുന്നതിനാവശ്യമായ യാതൊരു വിധ സംവിധാനങ്ങളും നിലവിലില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി നാമമാത്രമായ കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവ മിക്കതും ഇന്ന് ഉപയോഗശൂന്യമായിരിക്കുകയാണ്. കുഴൽ കിണറിന് കേടുപാടുകൾ സംഭവിയ്ക്കുന്നതുമൂലവും, കുഴൽ കിണറുകളിലെ വെള്ളം വറ്റുന്നതുമൂലവുമാണ് ഈ സ്ഥിതിയ്ക്ക് കാരണം. അതുപോലെ തന്നെ, പ്ളാസ്റ്റിക്ക് പൈപ്പുകൾക്കു പകരം ഇരുമ്പ് പൈപ്പ് കുഴൽ കിണറുകളിൽ ഉപയോഗിക്കുന്നതുമൂലം ജലം മലിനപ്പെടുന്നതിനും കാരണമാകുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പഞ്ചായത്തു കിണറുകൾ നിലവിലുണ്ട്. എന്നാൽ ഇവയിലൊന്നിലും വേനൽക്കാലത്ത് വേണ്ടത്ര വെള്ളം ലഭിയ്ക്കാറില്ല. ഈ കിണറുകൾ യഥാസമയം ആഴം കൂട്ടുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കഴിയാറില്ല.

പാടശേഖരങ്ങളും, കുളങ്ങളും മറ്റു ജലാശയങ്ങളും നികത്തി അവിടെ കൂറ്റൻ കെട്ടിടങ്ങൾ പണിയുന്ന പ്രവണത ഇന്ന് പഞ്ചായത്തിൽ അധികമായി കണ്ടു വരുന്നു. ഇത് പരിസ്ഥിതി പ്രശ്നം ഉണ്ടാക്കും എന്നു മാത്രമല്ല, നമ്മുടെ ജല ലഭ്യതയ്ക്കും വൻ ഭീഷണിയായി മാറും.

വരൾച്ച സമയത്ത് വണ്ടികളിൽ കുടിവെള്ളം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിയ്ക്കുന്ന പ്രവർത്തനം നടത്താറുണ്ട്. എന്നാൽ ഇവ ഫലപ്രദമായി നടത്തുവാൻ പഞ്ചായത്ത് ശ്രമം നടത്തുന്നില്ലായെന്ന് മാത്രമല്ല, പലപ്പോഴും ഇതൊരു വഴിപാടായി മാറുകയും ചെയ്യുന്നു. പഞ്ചായത്തിലെ 12 വാർഡുകൾക്കുമായി ഒരു ലോറിയിൽ വെള്ളമെത്തിച്ചാൽ കുടിവെള്ള പ്രശ്നമെത്രമാത്രം പരിഹരിക്കപ്പെടുമെന്നുള്ളത് നമുക്ക് ഊഹിക്കുവാൻ കഴിയും. സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന നാമമാത്രമായ ഫണ്ടിനെമാത്രം ആശ്രയിച്ചുകൊണ്ട് ഇത്തരം പരിപാടികൾ നടത്തുവാൻ സാധിയ്ക്കുകയില്ല. ഇതിന് പഞ്ചായത്ത് തലത്തിൽ ഫണ്ട് കണ്ടെത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ജനങ്ങളുടെ സഹകരണം ആവശ്യമാണ്.

**പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് വിലയിരുത്തുമ്പോൾ ഭൂരിഭാഗം ജനങ്ങളും ഉയർന്ന പ്രദേശത്താണ് അധിവസിക്കുന്നതം. ഇവർക്ക് ജലലഭ്യതയെ ആശ്രയിക്കേണ്ടി വരുന്നത് കിണറുകളേയും കുളങ്ങളേയും മാത്രമാണ്. വേനൽക്കാലത്ത് പഞ്ചായത്തിലെ 80 ശതമാനം കിണറുകളും വറ്റിപോകുന്ന സ്ഥിതിയാണുള്ളത്**

പഞ്ചായത്തിലെകുടിവെള്ള ലഭ്യതയ്ക്കുള്ള മറ്റൊരു പ്രധാന ഉപാധിയാണ് പൈപ്പ്ലൈനുകളുടെ നിർമ്മാണം. പഞ്ചായത്തിലെ 12 വാർഡുകളുമായി 110 കി.മി. നീളത്തിൽ പൈപ്പു ലൈനുകൾ നിലവിലുണ്ട്. എന്നാൽ ഇവയിലൊന്നും ഒരു തുള്ളിവെള്ളം പോലും ഇല്ലായെന്ന ു ള്ള താണ് സത്യം.പല വാർഡുകളിലും ഇവ നോക്കുകു ത്തിക ളായി മാറുന്നു. ഇക്കാര്യത്തിൽ ഉത്തരവാദിത്തമുള്ള വാട്ടർ അതോ റിറ്റിയുടെ ഭാഗത്തുനിന്നും അനാസ്ഥയുണ്ടാകുന്നു. കടുത്തുരത്തി കേന്ദ്രമായി വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസും, സബ് ഡിവിഷൻ ഓഫീസും പ്രവർത്തിയ്ക്കുന്നുണ്ട്. നിലവിലുള്ള പൈപ്പു ലൈനിന്റെ 50 ശതമാനം പ്രദേശത്തുപോലും വെള്ളം എത്തിക്കാൻ കഴിയാതെ വരുന്നു. കക്കാട് പദ്ധതിയിൽ നിന്നും വൈക്കം പ്രദേശത്തേക്കു പോകുന്ന പൈപ്പിന്റെ ഒരു വാൽവിൽ നിന്നുംഎടുക്കുന്ന വെള്ളമാണ് ഇവിടെ വിതരണം ചെയ്യുന്നത്. ഈ ഓഫീസിന്റെ പ്രവർത്തന പരിധി 7 പഞ്ചായത്തുകൾ കൂടുന്നതാണ്. ആയതിനാൽ വിതരണത്തിന് ലഭ്യമായ വെള്ളം തീരെ അപര്യപ്തമാണ് എന്ന പ്രശ്നം നിനിൽക്കുന്നു. ജലദൗർലഭ്യം ഉണ്ടെങ്കിൽ കൂടിയും ഇന്ന് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. കേടായ പൈപ്പ്ലൈനുകൾ മാറ്റുന്നതിനോ ടാപ്പുകൾ യഥാസമയം നന്നാക്കുന്നതിനോ യാതൊരു വിധ നടപടിയും വാട്ടർ അതോറിറ്റി എടുക്കാറില്ല. പൈപ്പു ലൈൻ പൊട്ടി ദിവസങ്ങളോളം വെള്ളം നഷ്ടപ്പെട്ടാലും അധികാരികൾ ശ്രദ്ധിക്കാറില്ലായെന്നത് വസ്തുതയാണ്. വാട്ടർ ചാർജ്ജും മെയിൻറൻസിനുമായി നാളിതുവരെ 14 ലക്ഷം രൂപാ പഞ്ചായത്ത് അടക്കുമ്പോൾ ഇവയുടെ പത്ത് ശതമാനം പോലും ജനങ്ങളോട് നീതികാണിക്കാൻ കഴിയാതെ വരുന്നു.

ഗ്രാമീണർക്ക് ശുദ്ധജലം എത്തിക്കുക, എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗ്രാമ വികസന വകുപ്പു തയ്യാറാക്കുന്ന ARWSS പദ്ധതി ബ്ളോക്കിന്റെ കീഴിൽ കടുത്തുരത്തി പഞ്ചായത്തിന്റെ കപിക്കാട്, വെള്ളാശ്ശേരി എന്നീ വാർഡുകളിൽ നടപ്പാക്കി വരുന്നുണ്ട്. ഈ ഫണ്ട് അനുവദിക്കുന്നതു തന്നെ സംസ്ഥാനങ്ങളുടെ ദാരിദ്ര രേഖ ക ണ ക്കാക്കി യാണ്. പ ഞ്ചായ ത്തിലെ മറ്റ് പ്രദേശങ്ങളി ലേയ്ക്കും ഈ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞാൽ ഒരു പരിധി വരെ കുടിവെള്ളക്ഷാമം പരിഹ

രിക്കാൻ കഴിയും.

കടുത്തുരത്തി പഞ്ചായത്തിലെ നാളി തുവരെയുള്ള KWA യുടെ പൈപ്പു ലൈനുകളെ സംബന്ധിച്ച് വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| | |
|---|---|
| പൈപ്പുകളുടെ നീളം | 110 കി.മി. |
| ആകെ ടാപ്പ് | 255 |
| ആകെ കണക്ഷൻ | 450 |

## പ്രശ്ന മേഖലകളും പരിഹാരനിർദ്ദേശങ്ങളും

ഗ്രമ സഭകളിലെ വിവിധ വാർഡുകളിൽ നിന്ന് അനേകം പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഇവ താഴെ പറയുന്നു.

വാർഡ് 1

1. ചിത്താന്തി കുന്നിൻപുറം ഹരിജൻ സെറ്റിൽമെൻറ് കോളനി സ്ഥിതി ചെയ്യുന്ന ഗോവിന്ദപുരം ഭാഗം, കടുത്തുരത്തി സെൻറ് മൈക്കിൾസ് ഹൈസ്കൂൾ പരിസരം എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു.

2. ചിത്താന്തി കുന്നിൻപുറം, ഗോവിന്ദപുരം ഭാഗം എന്നിവിടങ്ങളിൽ വാട്ടർ ടാപ്പുകൾ ഉണ്ടെങ്കിലും വെള്ളം ഇല്ല. ഇതിനു പരിഹാരമായി ചിത്താന്തി കുന്നിൻപുറം ഭാഗത്തുള്ള ടാങ്കിൽ, യുക്തമായ സ്ഥലത്തുനിന്നും (കാപ്പും തല ഭാഗത്തുള്ള കുഴൽ കിണർ, കുളത്തിൽ നിന്നും) വെള്ളം പമ്പ് ചെയ്ത് ശേഖരിച്ച് വാർഡിൻെറ മുഴുവൻ പ്രദേശങ്ങളിലും എത്തിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

വാർഡ് - 2

1. ആലുംചുവട് കാഞ്ഞിരിക്കാം കുന്നിനും, പുതുശ്ശേരിക്കരയ്ക്കും ഇടയിൽ പാടത്തിൻെറ തീരത്ത് , പുഞ്ചപ്പാടം, മണ്ണുകുളം എന്നീ പ്രദേശങ്ങളിൽ കുളം നിർമ്മിച്ച് ടാങ്കുണ്ടാക്കി കുടിവെള്ളം എത്തിക്കുക.

2. വാലാച്ചിറക്കടവ്, കണ്ണംപുഞ്ചാഭാഗം, മഠത്തിക്കുന്നുഭാഗം, എന്നീ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക.

3. വണ്ണംകുളം വികസിപ്പിക്കുക.

വാർഡ് 3

1. തത്തപ്പള്ളി, കൊടികുത്തി, മുക്കിടിക്കാട്, വെള്ളാശ്ശേരി വടക്കേഅറ്റം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ കൊടികുത്തിയിൽ ഒരു ടാങ്ക് നിർമ്മിക്കുകയും താഴ്ന്ന മേഖലയിൽ വറ്റാത്ത കിണർ കുഴിച്ച് കൊടികുത്തി ടാങ്കിലേയ്ക്ക് വെള്ളം എത്തിച്ചത് കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിലേക്ക് വിതരണം നടത്തുക.

വാർഡ് 4

1. മാന്നാറിൻെറ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. മാന്നാർ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിന് വടക്കുവശം ചെറുപുഞ്ചിയിലുള്ള പഞ്ചായത്ത് വക കുളം താഴ്ത്തി മാന്താം കുന്നിലോ കൊരക്കലാ കുന്നിലോ, ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

2. പിറവത്തുനിന്നും കടുത്തുരുത്തിയിലേക്കുള്ള വാട്ടർ സപ്ളൈ ലൈനിൽ മാന്നാറിൽ ഒരു കിണർ കുഴിച്ച്, കൊരക്കാലായിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

3. കൊരക്കാല ഭാഗത്തു കുടിവെള്ളം എത്തിയ്ക്കുന്നതിന് പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുന്നതിന് വേണ്ടി ആധികാരികൾക്ക് കൊടുത്തിരിക്കുന്നപഞ്ചായത്ത് തീരുമാനം ഉടൻ നടപ്പിലാക്കുക.

വാർഡ് 5

കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായ പ്രദേശമാണ് ഒറ്റിയാംകുന്നും പരിസരപ്രദേശങ്ങളും. ഈ പ്രദേശത്ത് ഒരു 'ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി' നടപ്പിലാക്കിയാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം. ഒറ്റിയാം കുന്നിൽ ടാങ്ക് നിർമ്മിക്കുകയും താഴ്ന്ന പ്രദേശത്ത് കിണർ നിർമ്മിച്ച് ടാങ്കിലേക്ക് വെള്ളം ശേഖരിച്ച് ഈ പ്രദേശത്ത് വെള്ളം എത്തിക്കുക.

2. തൊണ്ണം കുഴി ഭാഗത്തുള്ള പുറമ്പോക്കു കുളം (അരയാണിക്കുളം) താഴ്ത്തി ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കണം.

3. മൂക്കം ചാത്തി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മനോഹരൻ ഗിരിജയുടെ പറമ്പിലുള്ള വലിയ കിണർ പുതുക്കി പണിയുക.

4. മാനാടി കുന്നിൻ പ്രദേശത്ത് കുടിവെള്ളം എത്തിക്കാൻ ഞീഴൂരിലെ പാഴുത്തുരുത്തിനടിത്തുള്ള മൂക്കംചാത്തിയേൽ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ഭൂഗർഭ ജല ടാങ്കിൽ നിന്നും പൈപ്പു ലൈൻ വഴി വെള്ളം എത്തിക്കുക.

5. കാപ്പിൽ, ആനക്കുഴി ഭാഗം, പാലകര, പാലക്കുഴി, പുലുക്കൂട്ടുമ്മേൽ, അലരി എന്നീ പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

### വാർഡ് 6

1. വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ, ഉദയഗിരി ഭാഗത്ത് വലിയ ടാങ്ക് നിർമ്മിച്ച് ബൂസ്റ്റർ പമ്പ് ഉപയോഗിച്ച് ടാങ്കിൽ കക്കാട് പദ്ധതിയിൽ നിന്നും ജലം ശേഖരിച്ച് സമീപ പ്രദേശങ്ങളിൽ വിതരണം നടത്തുക.

2. മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയാൽ 6,5,3 എന്നീ വാർഡുകൾക്കായി ഉപയോഗിക്കാം.

### വാർഡ് 7

1. വാർഡിൻെറ ഉയർന്ന ഭാഗങ്ങളിൽ പൈപ്പു ലൈൻ നിലവിലുണ്ട്. ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് വാർഡിൻെറ എല്ലാ പ്രദേശത്തും വെള്ളം എത്തിക്കുക.

2. കാപ്പുംതല സഹകരണ ആശുപത്രിയുടെ കുഴൽ കിണർ, പമ്പും, മോട്ടറും പ്രയോജനപ്പെടുത്തി ഉപയോഗയോഗ്യമാക്കിഉ തീർക്കുക.

### വാർഡ് 8

1. കാപ്പുംതല ജില്ലാ സഹകരണ ആശുപത്രിക്ക് സമീപമുള്ള കുളവും, കുഴൽ കിണറും, ചാത്തങ്കുന്നു പഞ്ചായത്തു വക കുളം, ഇവ കെട്ടി സുരക്ഷിതമായി പൈപ്പു വഴി കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ എത്തിക്കാൻ സംവിധാനം ഉണ്ടാക്കുക.

### വാർഡ് 9

നിലവിലുള്ള എല്ലാ കുളങ്ങളും നന്നാക്കി, ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ച് വാർഡിലെ കുടിവെള്ള ക്ഷാമമുള്ള എല്ലാ പ്രദേശങ്ങളിലും എത്തിക്കുന്ന പ്രവർത്തനം നടത്തുക.

### വാർഡ് 10

എഴുമാന്തുരത്തു കൊല്ലംകരി ഐ. എച്ച്.ഡി.പി. കോളനിയിലേക്ക് അനുവദിച്ചിരിക്കുന്ന പൈപ്പുലൈൻ പണി ഉടൻ ആരംഭിക്കുക.

2. പുലിത്തുരത്ത്, ഹരിജൻ കോളനി, മാത്താംങ്കരി, മുക്കം, മിച്ചഭൂമി, വെള്ളാശ്ശേരി സെറ്റിൽമെൻറ് കോളനി, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പൈപ്പുലൈൻ സ്ഥാപിക്കുകയും വെള്ളം എത്തിക്കുകയും ചെയ്യുക.

3. വാർഡിൻെറ പ്രധാന കേന്ദ്രങ്ങളിൽ രാജീവ് ഗാന്ധി വാട്ടർ ട്രിങ്കിംഗ് പദ്ധതി നടപ്പിലാക്കുക.

### വാർഡ് 11

1. താഴ്ന്ന പ്രദേശത്ത് കുളം നിർമ്മിച്ചുകൊണ്ട്, ഉയർന്ന പ്രദേശത്ത് വാട്ടർ ടാങ്ക് സ്ഥാപിച്ച് അതിൽ ജലം ശേഖരിച്ച് നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പിലേക്ക് യോജിപ്പിക്കുക.

2. വാർഡിലുള്ള മുഴുവൻ പഞ്ചായത്തു കിണറുകളും താഴ്ത്തി അറ്റകുറ്റപ്പണികൾ നടത്തുക.

3. വാർഡിൽ കുഴൽ കിണർ നിർമ്മിക്കുക.

4. വാർഡിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

### വാർഡ് 12

1. കല്ലുപുര വരെ എത്തിയിരിക്കുന്ന

പൈപ്പ് ലൈൻ പാലായ്ക്കത്തറ വഴി വിരുത്തി ക്കരയുടെ പടിഞ്ഞാറേ അറ്റം വരെ എത്തി ക്കുക.

2. കണ്ണൻ കുളത്തിൽ നിന്നും വെള്ളം മോട്ടറുപയോഗിച്ച് ശേഖരിച്ച് പൈപ്പു ലൈനുകൾ വഴി നീലിമല , ഊളംകുത്തി, ചിറഭാഗം എന്നിവിടങ്ങളിൽ എത്തിക്കുക.

3. വാർഡിൽ കുഴൽ കിണറുകളും, കിണറുകളും നിർമ്മിക്കുക.

## പൊതു നിർദ്ദേശങ്ങൾ

വിവിധ ഗ്രാമ സഭകളിലെ ചർച്ചകളിൽ നിന്നും, പൊതുവായ ചില നിർദ്ദേശങ്ങൾ ഉയർന്നു വന്നു. അവ താഴെ പറയുന്നു.

1. കടുത്തുരത്തി പഞ്ചായത്തിലെ കുടിവെ ള്ളക്ഷാമം പരിഹരിക്കുന്നതിന്, സ്ഥിരവും സ്ഥായിയുമായ ഒരു ബ്രഹത് പദ്ധതി പഞ്ചാ യത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കുക.

2. കേരളാ വാട്ടർ അതോറിറ്റിയുടെ. വാട്ടർ സപ്ളൈ സ്കീമിൻെറ മെയിൻറൻസ് ജോലി കൾ പഞ്ചായത്തിനെ ഏൽപ്പിക്കുക.

3. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

4. കേടായ പൈപ്പുലൈനുകൾ മാറ്റാനും, യഥാസമയം കാര്യക്ഷമമായി അറ്റകുറ്റ പണി കൾ നടത്താനും, വെള്ളം കിട്ടാത്ത മുഴുവൻ പൈപ്പു ലൈനുകളിലും അവ എത്തിക്കാ നുള്ളനടപടികൾ വാട്ടർ അതോറിറ്റി സ്വീക രിക്കുക.

5. കുഴൽ കിണർ നിർമ്മിക്കുമ്പോൾ പി.വി.സി. പൈപ്പുകൾ ഇടുകയും അറ്റകുററപ്പണികൾ നിശ്ചിത സമയത്ത് നടത്തുകയും ചെയ്യുക

6. ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുളങ്ങൾ താഴ്ത്തുകയും, സൈഡ് കെട്ടുകയും ചെയ്ത്, ഉപയോഗപ്രദമാക്കുക.

7. ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ കുടിവെ ള്ളത്തിനായി ദീർഘകാല പദ്ധതികൾ ആവി ഷ്ക്കരിക്കുക.

8. കിണർ കുഴിക്കുന്നതിനും വേനൽക്കാലത്ത് വറ്റി പോകുന്ന കിണറുകൾ താഴ്ത്തുന്നതി നും സാമ്പത്തിക സഹായം നൽകുക.

9. ജലാശയങ്ങൾ മൂടി കെട്ടിടം നിർമ്മിക്കുന്ന നടപടി തടയുക.

10. പഞ്ചായത്തു കിണറുകൾ യഥാകാലങ്ങ ളിൽ താഴ്ത്തുകയും അറ്റകുറ്റപ്പണികൾ നട ത്തുകയും ചെയ്യുക.

11. പഞ്ചായത്തു കമ്മിറ്റി ആവിഷ്ക്കരിച്ചിരി ക്കുന്ന കാപ്പുംതല- ചിത്താന്തി ശുദ്ധജല പദ്ധതി ഉടൻ നടപ്പിലാക്കാവാൻ വാട്ടർ അതോർറിറ്റി ശ്രദ്ധിക്കുക.

മേൽ വിവരിച്ചതിൽ നിന്നും കുടിവെള്ള പ്രശ്നം നമ്മുടെ പഞ്ചായത്തിനെ എത്രമാത്രം ഗ്രസിച്ചിരിക്കുകയാണെന്ന് വ്യക്തമാണല്ലോ. നാളിതുവരെ നമുക്ക് ദീർഘകാലാടിസ്ഥാ നത്തിലുള്ള ഒരു പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നമുക്കാവശ്യം ഇത്തരത്തി ലുള്ള ഒരു ബ്രഹത് പദ്ധതിയാണ്. ഗ്രാമ സഭകളിലെ വിവിധ വാർഡികളിൽ നിന്നും ചെറുതും വലുതുമായ അനവധി പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇവ യെല്ലാം ഉൾക്കൊണ്ടു കൊണ്ട് ഏവർക്കും ഉപയോഗപ്രദമായ പദ്ധതികൾ ജനപങ്കാ ളിത്തത്തോടെ നടപ്പാക്കാനുള്ള യജ്ഞത്തിൽ ഒത്തുചേരാം.

# ആരോഗ്യം

ആരോഗ്യമെന്നത് കേവലം രോഗ മില്ലാത്ത അവസ്ഥ മാത്രമല്ല മറിച്ച്, ശാരീ രികവും മാനസികവും സാമൂഹികവുമായ സുസ്ഥിരതയാണ് ആരോഗ്യം. വ്യക്തിയെ സംബന്ധിച്ചിടത്തോളവും സമൂഹത്തെ സംബന്ധിച്ചിടത്തോളവും ഏറ്റവും വിലപ്പെട്ട ധനം ആരോഗ്യമാണ്. ആരോഗ്യമാണ് സമ്പത്ത്. ''കുന്നോളം പൊന്നു കൊടു ത്താലും കുന്നിക്കിട ആരോഗ്യം കിട്ടാവതല്ലാ'' എന്ന വസ്തുത നാം എപ്പോഴും ഓർത്തിരി ക്കേണ്ടതാണ്. പലപ്പോഴും രോഗത്തിന് അടിപ്പെട്ടതിനുശേഷം മാത്രമാണ് നമ്മളിൽ പലരും ആരോഗ്യത്തിൻെറ മൂല്യത്തെക്കുറിച്ച് ചിന്തിക്കുന്നത്. ആരോഗ്യം വില കൊടുത്തു വാങ്ങാനാകുന്ന ഒരു ചരക്കല്ല. മറ്റുള്ളവരിൽ നിന്നു സ്വീകരിക്കാവുന്ന ഒരു സേവനവുമല്ല.

ശരിയായ ആരോഗ്യ ശീലങ്ങൾ ആചരിക്കുന്നതിനും അതുവഴിയായി തനിക്കും സമൂഹത്തിനും രോഗ വിമുക്തമായ ഒരു സമ്പൂർണ്ണ ജീവിതത്തിനു വഴിയൊരുക്കുവാനും നാമോരോരുത്തരും ബാദ്ധ്യതപ്പെട്ടവരാണ്. രോഗം വന്ന് ചികിത്സിച്ച് ഭേദമാക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുന്നതാണ് രോഗത്തിനെതിരായ പ്രതിരോധമാണ് മുഖ്യവും പ്രധാനവുമായ സംഗതിയെന്ന് നമ്മളിൽ പലരും സൗകര്യപൂർവ്വം മറക്കുന്നു.

> **ആരോഗ്യമാണ് സമ്പത്ത്. "കുന്നോളം പൊന്നു കൊടുത്താലും കുന്നിക്കിട ആരോഗ്യം കിട്ടാവതല്ലാ"എന്ന വസ്തുത നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്.**

എ.ഡി. 2000-ാം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം നേടുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ മുന്നിൽ കടമ്പകൾ ഏറെയാണ്.

ആധുനിക ചികിത്സാ സൗകര്യങ്ങൾ നമ്മുടെ പ്രദേശത്ത് ലഭ്യമാവുന്നതിന് മുമ്പു തന്നെ രോഗ ചികിത്സാ രംഗത്ത് സമ്പന്നമായ ഒരു പൈതൃകം നമ്മുടെ പഞ്ചായത്തിന് ഉണ്ട്. ഭാരതീയ വൈദ്യശാസ്ത്രമായ ആയുർവ്വേദത്തിന്റെ മേഖലയിൽ ജി.വി. ആയുർവ്വേദ നഴ്സിംഗ് ഹോം വർഷങ്ങളായി കടുത്തുരുത്തിയിൽ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ തിരുമ്മു ചികിത്സാ രംഗത്ത് കടുത്തുരുത്തിയിലേയും പാലകരയിലേയും സി.വി.എൻ. കളരികൾ പ്രവർത്തിക്കുന്നു.

ആയുർവ്വേദ ചികിത്സാ രംഗത്ത് രാമൻ വൈദ്യർ, കപിയ്ക്കാട്, നാരായണൻ വൈദ്യർ ആയാംകുടി തുടങ്ങിയവർ വർഷങ്ങളോളം സേവനം അനുഷ്ഠിച്ചവരാണ്.

ഹോമിയോ ചികിത്സാ രംഗത്ത് കടുത്തുരുത്തിയിലെ കളപ്പുരക്കൽ ഹോമിയോ ആശുപത്രി, ശ്രീ. പി.വി. യൂസഫ് ആയാംകുടി തുടങ്ങിയവർ നല്കിയ സേവനങ്ങൾ ഇവിടെ സ്മരണീയമാണ്.

പരമ്പരാഗത വിഷ ചികിത്സാരംഗത്ത് കടുത്തുരുത്തി മുണ്ടകപ്പറമ്പിലെ വൈദ്യൻമാരും, കപിക്കാട് തങ്കപ്പൻ കല്ലുമടയിലും പ്രവർത്തിച്ചു വരുന്നവരാണ്.

മൃഗ ചികിത്സാ രംഗത്ത് വാലാച്ചിറയിൽ വർഷങ്ങൾക്കു മുമ്പ് കാർലോസ് വൈദ്യൻ പ്രവർത്തിച്ചിരുന്നു.

ആദ്യകാലത്ത് കടുത്തുരുത്തിയിലും പിന്നീട് ഇപ്പോൾ മുട്ടുചിറയിലുമായി പ്രവർത്തിച്ചു വരുന്ന ഗവൺമെൻറ് ആയുർവ്വേദ ആശുപത്രി ഒട്ടേറെ സാധുക്കളായ രോഗികൾക്ക് ആശ്വാസം നൽകി വരുന്നു. ഇപ്പോഴും ഈ സ്ഥാപനം സ്വന്തമായി ഒരു കെട്ടിടം ഇല്ലാതെ പ്രതിസന്ധി നേരിടുന്നു.

1992 മുതൽ കടുത്തുരുത്തി പ്രാഥമികാരോഗ്യ കേന്ദ്രം മധുരവേലിയിൽ പ്രവർത്തിച്ചു വരുന്നു. എം.പി. ഫണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലഭിച്ച തുക ഉപയോഗപ്പെടുത്തി മധുരവേലിയിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓ.പി. ബ്ളോക്ക്. ഏതാനും നാളുകൾക്കുള്ളിൽ സ്വന്തം കെട്ടിടത്തിലേക്ക് മാറുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## രോഗങ്ങളും പൊതുജനാരോഗ്യ പ്രശ്നങ്ങളും

### 1. രോഗങ്ങൾ

ബോധവൽക്കരണത്തിലൂടെയും ചിട്ടയായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും നമ്മുടെ പ്രദേശത്ത് വസൂരി, കോളറ, മലമ്പനി, തുടങ്ങിയ രോഗങ്ങളടക്കം മാരക രോഗങ്ങളെ ഇല്ലായ്മ ചെയ്യുവാൻനമുക്ക് കഴിഞ്ഞിട്ടുണ്ട്. കൃത്യമായി പ്രതിരോധ കുത്തിവെയ്പുകൾ എടുക്കുവാനും ശരിയായ രീതിയിൽ ചികിത്സിക്കാനും വേണ്ടത്ര പ്രബുദ്ധരാണ് നമ്മുടെ ജനങ്ങൾ.

1963 ൽ നമ്മുടെ പഞ്ചായത്തിൽ കോളറ രോഗം മൂലം മരണങ്ങൾ ഉണ്ടായി

ട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നു മടങ്ങിയെത്തുന്നവരിൽ വർഷത്തിൽ ശരാശരി 4-5 മലമ്പനി (മലേറിയ) കേസുകൾ നമ്മുടെ പ്രദേശത്ത് ഉണ്ടാകുന്നുണ്ട്.

ദരിദ്രരും ഇടത്തരക്കാരും അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ചെങ്കണ്ണ് തുടങ്ങിയ പകർച്ച വ്യാധികൾ വ്യാപകമായി ചില കാലങ്ങളിൽ കണ്ടു വരുന്നു. ഇവ കൂടാതെ എലിപ്പനി, ജപ്പാൻ ജ്വരം, വയറിളക്ക രോഗങ്ങൾ, ആസ്മ മുതലായവയും ഉള്ളാതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

1995 ൽ എലിപ്പനി ബാധിതർ നമ്മുടെ പ്രദേശത്ത് ഉണ്ടായിരുന്നു. 1996 ൽ ആയാംകുടിയിൽ നിന്നും ജപ്പാൻ ജ്വരം (ജാപ്പനീസ് എൻസഫലൈറ്റിസ്) ബാധിച്ച ഒരു രോഗിയെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയുണ്ടായി. അതേ വർഷം തന്നെ മാർച്ച് മാസത്തിൽ നമ്മുടെ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി (കെ.എസ്. പുരം, വെള്ളാശ്ശേരി മാന്നാർ, മധുരവേലി, ആയാംകുടി) മഞ്ഞപ്പിത്തം പടർന്നു പിടിക്കുകയുണ്ടായി. ഏതാണ്ട് 40 ൽ ഏറെ കേസുകൾ റിപ്പോർ ട്ട് ചെയ്യപ്പെടുകയുണ്ടായി.

അതേപോലെ തന്നെ വേനൽക്കാലങ്ങളിലും മഴക്കാലത്തിൻെറ ആരംഭത്തിലുമായി വിവിധ പ്രദേശങ്ങളിലായി ചിക്കൻ പോക്സ് രോഗവും ഉണ്ടായിട്ടുണ്ട്. 1994 ൽ മാന്നാറിലും പരിസര പ്രദേശങ്ങളിലുമായി 25-ഓളം കുഞ്ഞുങ്ങൾക്ക് അഞ്ചാംപനി ബാധിക്കുകയുണ്ടായി.

ജലത്തിലൂടെ പകരുന്ന രോഗങ്ങളായ വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം മുതലായ രോഗങ്ങൾക്കു പുറമേ ചിക്കൻപോക്സ്, ക്ഷയരോഗം, തുടങ്ങിയ വായുജന്യ രോഗങ്ങളും നമ്മുടെ പ്രദേശത്ത് കൂടുതലായി കണ്ടു വരുന്നുണ്ട്.

ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗം ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പുകവലി, പൊണ്ണത്തടി, അമിത രക്ത സമ്മർദ്ദം, രക്തത്തിലെ ഉയർന്ന തോതിലുള്ള കൊളസ്ട്രോൾ തുടങ്ങിയവയാണ് ഹൃദ്രോഗബാധയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്.

വ്യഭിചാരം, കുടുംബ ഭദ്രതയില്ലായ്മ, വിജയപ്രദമല്ലാത്ത വിവാഹ ജീവിതം, നഗരവത്ക്കരണം എന്നിവയൊക്കെ മൂലം ലൈംഗിക രോഗങ്ങൾ പെരുകി വരുന്നു. മാനവരാശിക്ക് ഭീതി പരത്തുന്ന എയിഡ്സ് രോഗം എന്ന മഹാവിപത്തിൻെറ ഭീഷണിയിൽ നിന്നും നമ്മുടെ പഞ്ചായത്തും മുക്തമാണെന്ന് പറഞ്ഞുകൂടാ.

**2. വൃത്തിയുള്ള പരിസരം ആരോഗ്യത്തിന് ഉത്തമം**

ജീവൻെറ ആരോഗ്യകരമായ നിലനിൽപ്പിന് വ്യക്തി ശുചിത്വവും പരിസര ശുചിത്വവും അത്യന്താപേക്ഷിതമാണ്. മനുഷ്യൻെറ ഭൗതികമായ വളർച്ചയിലോ ആരോഗ്യത്തിലോ, നിലനിൽപ്പിനോ നാശകരമായ ഫലങ്ങൾ പ്രദാനം ചെയ്യുന്നതോ ചെയ്യുവാൻ സാദ്ധ്യതയുള്ളതോ ആയ പരിസരത്തിലെ എല്ലാ ഘടകങ്ങളേയും നിയന്ത്രിക്കുക എന്നതാണ് പരിസര ശുചീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങളിൽ 60% ഉം ജല മലിനീകരണം പോലെയുള്ള പ്രശ്നങ്ങൾ കൊണ്ട് ഉണ്ടാകുന്നതാണ്. ശുദ്ധജലക്ഷാമം വളരെ രൂക്ഷമായ ഒരു പഞ്ചായത്താണ് നമ്മുടേത്. അതുമൂലം ഒട്ടനവധി രോഗങ്ങളും (മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ) നമ്മുടെ ഇടയിൽ കണ്ടു വരുന്നു. പഞ്ചായത്തിലെ പകുതിയിലേറെ കുടുംബങ്ങൾക്ക് സ്വന്തമായി ശുചിത്വമുള്ള കക്കൂസുകൾ ഇല്ല. ഇതുമൂലം നിരവധി രോഗങ്ങൾ പകരാൻ ഇടയാകുന്നു.

മനുഷ്യ മൃഗാദികളുടെ വിസർജ്ജന വസ്തുക്കൾ, കുപ്പ, അഴുക്കു ജലം, ശുദ്ധജല ദൗർലഭ്യം, ആവശ്യാനുസരണം വായു സഞ്ചാരമില്ലാത്തതുമായ പാർപ്പിടങ്ങൾ, വ്യക്തി ശുചിത്വമില്ലായ്മ, എലികൾ, ചെറു പ്രാണികൾ, കൊതുക് എന്നിവയുടെ പെരുപ്പം, അന്തരീക്ഷ മലിനീകരണം, തുടങ്ങിയ ഒട്ടനവധി പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ട്. ഇതുകാരണം വിരശല്യം വയറുകടി, ടൈഫോയ്ഡ്, ക്ഷയം, തുടങ്ങിയ രോഗങ്ങൾക്ക് ജനങ്ങൾ വിധേയരാകുന്നു.

പൊതു സ്ഥലങ്ങളിൽ മല വിസർ

ജ്ജനം ചെയ്യുക, തുപ്പുക, ചപ്പു ചവറുകൾ വീടിൻെറ പരിസരത്തും പൊതുനിരത്തുകളിലും ഇടുക തുടങ്ങിയ ദുശ്ശീലങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. വ്യാവസായിക മാലിന്യങ്ങൾ മൂലം ജലം., വായു, മുതലായവ മലിനപ്പെടുന്ന സാഹചര്യവും നമ്മുടെ പഞ്ചായത്തിലുണ്ട്.

ഭാരതത്തിലെ ജനസംഖ്യയിൽ 37 ശതമാനത്തിൽ അധികം ദാരിദ്ര രേഖയ്ക്കു താഴെയാണ്. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും ഒട്ടും വിഭിന്നമല്ല. നിത്യ വൃത്തിയ്ക്കു പോലും വകയില്ലാതെ പട്ടിണിയും പരിവട്ടവുമായി കഴിയുന്നവർ ഒട്ടു വളരെയാണ്. തൻമൂലം പ്രത്യേകിച്ചും കുഞ്ഞുങ്ങളിലും വൃദ്ധജനങ്ങളിലും ന്യൂന പോഷണം മൂലമുള്ള വൈകല്യങ്ങൾ കണ്ടു വരുന്നു. അനാവശ്യമായി ടോണിക്കുകളും മറ്റും കഴിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## സ്ഥാപനങ്ങൾ സേവനങ്ങൾ

92 മുതൽ പ്രവർത്തിച്ചു വരുന്ന പ്രാഥമികോരാഗ്യ കേന്ദ്രം ദരിദ്രരും കർഷകത്തൊഴിലാളികളും അധിവസിക്കുന്ന പടിഞ്ഞാറൻ പ്രദേശങ്ങളായ എഴുമാന്തുരുത്ത്, ആയാംകുടി, വാലാച്ചിറ, മധുരവേലി, കപിക്കാട് തുടങ്ങിയ പ്രദേശങ്ങൾക്ക് ചികിത്സക്കുള്ള ഏക ആശ്രയ കേന്ദ്രമാണ്. സ്ഥിരമായി ഡോക്ടറില്ലാത്തതും കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലാത്തതും (ഐ. പി. ബ്ളോക്ക്) അപര്യാപ്തതയാണ്. ദിവസേന 200 നും 300 നും ഇടയ്ക്ക് രോഗികൾ ഉണ്ടാകാറുണ്ട്. ഇവിടെ 20 ജീവനക്കാരുണ്ട്. പി.എച്ച്.സി.യുടെ കീഴിലായി മധുരവേലി, എഴുമാന്തുരുത്ത്, വാലാച്ചിറ വെള്ളാശ്ശേരി മാന്നാർ കെ.എസ്. പുരം എന്നീ വാർഡുകളിൽ 6 കുടുംബ ക്ഷേമകേന്ദ്രങ്ങൾ(F.W.C.)ഉണ്ട്. ഇവയിൽ മധുരവേലി വെള്ളാശ്ശേരി എന്നീ സബ് സെൻററുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു. കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവെയ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവ മുഖേന നടത്തി വരുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ളിക്ക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയവരുടെ സേവനം പൊതുജനാരോഗ്യ രംഗത്ത് ലഭ്യമാണ്.

പ്രിയദർശിനി മഹിളാ സമാജം കപിക്കാട്, നിർമ്മലാ മഹിളാ സമാജം പാലകര, ഹോളി ഫാമിലി മഹിളാ സമാജം മുട്ടുചിറ എന്നിവയോടനുബന്ധിച്ച് മഹിളാ സ്വസ്ത് സംഘം (എം. എസ്.എസ്.) യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

മുട്ടുചിറയിൽ ഗവ: ആയുർവേദാശുപത്രിയുണ്ട്. ഗവ: ഹോമിയോ ആശുപത്രി നമ്മുടെ പഞ്ചായത്തിൽ ഇല്ല. സഹകരണ മേഖലയിൽ ഒരു സഹകരണ ആശുപത്രി കടുത്തുരുത്തിയിൽ (ഒന്നാം വാർഡ്) പ്രവർത്തിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ മുട്ടുചിറയിൽ ഹോളി ഹോസ്റ്റ് മിഷൻ ഹോസ്പിറ്റൽവർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. ഇവ കൂടാതെ 3 സ്വകാര്യ ക്ളിനിക്കുകൾ ഉണ്ട്. 5 ഹോമിയോ ഡിസ്പെൻസറികൾ ഉണ്ട്.

ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സകൾക്കും വിദഗ്ദ്ധ പരിശോധനകൾക്കുമായി കോട്ടയം മെഡിക്കൽ കോളേജ്, കാരിത്താസ് ആശുപത്രി, പി.എച്ച്. സി അറുനൂറ്റിമംഗലം മുതലായ ആശുപത്രികളെ ആശ്രയിക്കുന്നു.

എം.എസ്. എസ്. യൂണിയനുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വിദ്യാഭ്യാസ ക്ളാസുകൾ നടക്കുന്നു. സന്നദ്ധ സംഘടനകളുടെ മേഖലയിൽ വോളൻററി ഹെൽത്ത് ഓർഗനൈസേഷൻെറ യൂണിറ്റ് കടുത്തുരുത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. എയ്ഡ്സിനെതിരെ പ്രസ്തുത സംഘടനകൾ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ തലയോലപ്പറമ്പ് കേന്ദ്രമായി പ്രവർത്തിക്കുന്നSCOVA യുടെ പ്രവർത്തനവും വിവിധ ക്ളബുകളുടെ രക്ത നിർണ്ണയ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനവും നമ്മുടെ മേഖലയിൽ ലഭ്യമാണ്.

ആരോഗ്യ രംഗത്ത് ഏകീകൃതമായി ഒരു പബ്ളിക്ക് ഹെൽത്ത് ആക്ട് നിലവിൽ ഇല്ലാത്തതും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതുമായ ആരോഗ്യ പ്രവർത്തകർക്ക് ഉള്ള നിയമപരമായ അധികാരങ്ങൾ എടുത്തുകളഞ്ഞതു മൂലം പൊതുജനാരോഗ്യ രംഗത്ത് ഏറെ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നു.

ദുർബല ജനവിഭാഗങ്ങൾ ഇടതിങ്ങി പാർക്കുന്ന 10 ഓളം കോളനി പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആരോഗ്യ രംഗത്ത് കൂടുതൽ സേവനങ്ങൾ ഈ പ്രദേശങ്ങളിൽ ലഭ്യമാക്കാൻ കഴിയണം.

എഴുമാന്തുരുത്ത്, ആയാംകുടി, കയ്പക്കാട്, കെ.എസ്. പുരം, പറമ്പ്രം തുടങ്ങിയ ഉൾനാടുകളിൽ നിന്നും ചികിത്സാ സൗകര്യങ്ങൾക്കായി ജനങ്ങൾക്ക് വളരെയേറെ യാത്ര ചെയ്യേണ്ടി വരുന്നു.

സാധാരണക്കാരായ ജനങ്ങൾക്ക് ആശ്രയമാകുന്നതും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഉള്ളതുമായ ഒരു മികച്ച ആശുപത്രിപോലും നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

### ഗ്രാമ സഭയിൽ ഉന്നയിക്കപ്പെട്ട ചില നിർദ്ദേശങ്ങൾ

1. കടുത്തുരുത്തി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറെ ഉടൻ നിയമിക്കുക.

2. പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് 25 കിടക്കകളോടുകൂടിയ ഐ.പി. ബ്ളോ ക്കും ക്വാർട്ടേഴ്സുകളും പണിയുക.

3. മുട്ടുചിറയിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി സ്ഥല സൈകര്യവും കെട്ടിടവും നിർമ്മിക്കുക.

4. പകർച്ച വ്യാധികൾ തടയുന്നതിനായി കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

5. ചപ്പു ചവറുകളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനായി കടുത്തുരുത്തി മാർക്കറ്റിന് സമീപത്തായി ഒരു ഡമ്പിംഗ് പിറ്റ് മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വിധത്തിൽ നിർമ്മിയ്ക്കുക. മാർക്കറ്റിനോടനുബന്ധിച്ച് പബ്ളിക്ക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.

6. പഞ്ചായത്തിൽ ഉചിതമായ സ്ഥലം തെരെഞ്ഞെടുത്ത് ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

7. പ്രധാനപ്പെട്ട കവലകളിലും ജനാധിവാസ കേന്ദ്രങ്ങളിലും വെയിസ്റ്റ് ബിൻ ( പൊതു വീപ്പ) സ്ഥാപിക്കുക.

8. ആരോഗ്യ സംരക്ഷണത്തിനുതകുന്ന പ്രത്യേകിച്ച് ശുചിത്വം, പകർച്ച വ്യാധികൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിയ്ക്കുക.

9. കൊതുക് നശീകരണം, എലി നശീകരണം, എന്നിവയ്ക്ക് ശാസ്ത്രീയമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

10. പഞ്ചായത്തിനെ ലഹരി വിമുക്തമാക്കുക.

11. ഹോട്ടലുകളിലും ബേക്കറികളിലും കടകളിലും വില്ക്കുന്ന ഭക്ഷണ പാനീയങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് അധികൃതരും ഫുഡ് ഇൻസ്പെക്ടറുമായിച്ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

12. പാലകരയിലെ പി.എൽ.സി. ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ സമീപ പ്രദേശത്തും കടുത്തുരുത്തി വലിയ തോട്ടിലും കലർന്ന് ഗുരുതരമായ തോതിൽ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നു. പൊതു ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമല്ലാത്ത രീതിയിൽ മാലിന്യങ്ങൾ സംസ്കരിച്ച് വേണ്ടതുപോലെ അവ നീക്കം ചെയ്യുവാനുള്ള സംവിധാനങ്ങൾ ക്രമീകരിക്കണം.

13. പേ വിഷ ബാധയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഓരോ തുള്ളി വെള്ളവും
അമൂല്യമാണ്
അത് പാഴാക്കരുത്

# സാമൂഹ്യക്ഷേമം

## പാർപ്പിടം



വിദ്യാഭ്യസ രംഗത്തും, കലാ സാംസ്ക്കാരി രംഗത്തും, രാഷ്ട്രിയ പ്രബുദ്ധതയിലും ഏറെ മുന്നിലുള്ള പഞ്ചായത്ത് സാഹിതി ചരിത്രത്തിലും ഭാഗഭാക്കാണ്. ഈ പഞ്ചായത്ത് കടുത്തുരത്തി , മുട്ടുചിറ എന്നീ വില്ലേജുകൾ ചേർന്ന പന്ത്രണ്ടു വാർഡുകൾ ഉൾക്കൊള്ളുന്നതാണ്.

കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥയാണ് പഞ്ചായത്തിനിള്ളത്. ''വിദേശ പണത്തിന് പഞ്ചായത്തിൻെറ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ സാധിച്ചിട്ടില്ലെങ്കിൽ കൂടിയും ഭവന നിർമ്മാണ രംഗങ്ങളിൽ വിദേശ പണത്തിൻെറ സ്വാധീനം നിർണ്ണായകമാണ്.''

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിലധികവും. ഇതില ധികവും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിലെ ജനങ്ങൾ മത്സ്യ

**പട്ടിക 6-1 കെട്ടിടങ്ങളുടെ വിവരങ്ങൾ - അവലംബം - പഞ്ചായത്ത് കെട്ടിട നികുതി രജിസ്റ്റർ**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | | | മേൽപുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|---|
| | കെട്ടിടങ്ങളുടെഎണ്ണം | വീടുകൾ | ഒന്നിലധികം നിലകളുള്ളവ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 909 | 618 | 22 | 218 | 529 | 64 | 76 |
| 2 | 667 | 560 | 21 | 187 | 264 | 105 | 90 |
| 3 | 1065 | 838 | 38 | 195 | 736 | 75 | 21 |
| 4 | 740 | 636 | 8 | 182 | 383 | 114 | 53 |
| 5 | 681 | 648 | 3 | 124 | 446 | 95 | 13 |
| 6 | 508 | 486 | 9 | 130 | 382 | 30 | 7 |
| 7 | 596 | 458 | 15 | 160 | 365 | 32 | 24 |
| 8 | 616 | 567 | 18 | 174 | 326 | 36 | 62 |
| 9 | 726 | 613 | 1 | 99 | 468 | 135 | 23 |
| 10 | 496 | 440 | 5 | 18 | 253 | 90 | 130 |
| 11 | 666 | 632 | 3 | 109 | 429 | 79 | 46 |
| 12 | 558 | 501 | - | 31 | 356 | 108 | 63 |

ബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിയ്ക്കുന്നു. കുറവല്ലാത്ത വിധത്തിൽ നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്നവരും ഉണ്ട്.

ഫ്ളാറ്റു സമ്പ്രദായം തീരെയില്ലാത്ത ഈ പഞ്ചായത്തിൽ വീടുകൾ അധികവും അടുത്താണ് സ്ഥിതി ചെയ്യുന്നത്. പ്രത്യേകിച്ചും കാർഷിക മേഖലകളിൽ. ഈ പഞ്ചായത്തിൽ ആകെ 6997 വീടുകളാണുള്ളത്. പഴയ വീടുകൾ അധികവും ഓലമേഞ്ഞതും ഓടിട്ടതുമാണ്. ടെറസ്സ് സമ്പ്രദായത്തിലുള്ള പഴയ വീടുകൾ വിരളമാണ്.

പ്രാചീന ശില്പ സൗന്ദര്യം തുടിയ്ക്കുന്ന അപൂർവ്വം വീടുകളും പഞ്ചായത്തിൽ ഉണ്ട്. 80-കൾക്കുശേഷം പണി തീർത്തിരിയ്ക്കുന്ന വീടുകൾ ഭൂരിഭാഗവും ടെറസ്സ് സമ്പ്രദായത്തിൽ ഉള്ളവയാണ്. ക്വാർട്ടേഴ്സ് സമ്പ്രദായത്തിലുള്ള ഒരു ഭവന സമുച്ചയം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. വിദേശ പണത്തിന്റെ കടന്നുവരവ് ഭവനങ്ങളുടെ നിർമ്മാണ രംഗത്ത് ആർഭാടതയുടെ ആധിപത്യം ഉണ്ടാക്കിയിട്ടുണ്ട്. ഇങ്ങിനെയുള്ള വീടുകൾ കൂടുതലും ഇരുനിലകളാണ്. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിയ്ക്കുന്ന രീതികളോട് പഞ്ചായത്തിലെ ജനങ്ങൾക്ക് വിമുഖതയാണുള്ളത്.

ഈ പഞ്ചായത്തിലെ ഭവന രഹിതരുടെ എണ്ണം തീരെ കുറവല്ല. കൂട്ടുകുടുംബ സമ്പ്രദായം പഞ്ചായത്തിൽ ധാരാളമുണ്ട്. വാടകയ്ക്കു താമസിക്കുന്നവരിൽ അധികവും ജോലി സംബന്ധമായി താമസിക്കുന്നവരാണ്. എന്നാൽ ഭവന രഹിതരും കുറവല്ല. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിയ്ക്കുന്ന വീടുകൾ കൂടുതലും ഇരുനിലകളും ആർഭാടപൂർവ്വവുമാണ്.

**“വിദേശ പണത്തിന് പഞ്ചായത്തിന്റെ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ സാധിച്ചിട്ടില്ലെങ്കിൽ കൂടിയും ഭവന നിർമ്മാണ രംഗങ്ങളിൽ വിദേശ പണത്തിന്റെ സ്വാധീനം നിർണ്ണായകമാണ്.”**

വിദേശ പണത്തിന്റെ കടന്നുകയറ്റം സ്ഥലത്തിന്റെ വിലയിലും നിർമ്മാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെ വേതനത്തിലും വൻതോതിലുള്ള വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.

വയലുകൾ നികത്തി കെട്ടിടം പണിയുന്നത് പഞ്ചായത്തിലെ കാർഷിക മേഖലയെ വളരെ ദോഷകരമായി ബാധിയ്ക്കുന്ന തരത്തിലേയ്ക്ക് എത്തിച്ചേർന്നിരിയ്ക്കുന്നു. റോഡ് സൈഡിലെ വയലുകളാണ് കൂടുതലും നികത്തി പുരയിടങ്ങളാക്കുന്നത്.

പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിയ്ക്കുന്ന കടുത്തുരുത്തി ബ്ളോക്ക് ഹൗസിംഗ് സൊസൈറ്റി, കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ കടുത്തുരുത്തി ശാഖ, ഹൗസിംഗ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന വിവിധ പദ്ധതികൾഭവന നിർമ്മാണ രംഗത്ത് വായ്പകൾ നൽകി സഹായിക്കുന്നു. എന്നാൽ സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും അമിതമായ പലിശയും, ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഭവന വായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ വായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ 1014 കുടുംബങ്ങൾ സ്വന്തമായിവീടില്ലാത്തവരാണെങ്കിലും സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം ലഭിച്ചിരിക്കുന്ന വീടുകളുടെ എണ്ണം വളരെ കുറവാണ്. എന്നാൽ അനുവദിച്ചിട്ടും പൂർത്തിയാക്കാത്ത വീടുകളുടെ കാര്യത്തിലും സത്വര ശ്രദ്ധ കൊടുക്കേണ്ടതാണ്. പഞ്ചായത്തിലെ ഭവനങ്ങളിലെ അടിസ്ഥാന സൗകര്യത്തെക്കുറിച്ച് പറയുമ്പോൾ പൂർണ്ണമല്ല എന്നു തന്നെ പറയാം. 1328 കുടുംബങ്ങൾക്ക്

**പട്ടിക 6–3 കക്കൂസുകളുടേയും ഭവനങ്ങളുടേയും നിർമ്മാണത്തെ സംബന്ധിയ്ക്കുന്ന വിവരങ്ങൾ (IRDP സർവ്വേ – അവലംബം)**

| വാർഡ് | കക്കൂസുകളെ സംബന്ധിയ്ക്കുന്ന വിവരം | | | | ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം | | | | |
|---|---|---|---|---|---|---|---|---|---|
| | ഇല്ലാത്തവർ | അനുവദിച്ചവർ | പൂർത്തീകരിച്ചവ | ഇനിയും വേണ്ടവർ | വീട് ആവശ്യക്കാർ | അനുവദിച്ചവ | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാത്തവ | ഇനിയും വേണ്ടവർ |
| 1 | 65 | 3 | 3 | 62 | 48 | 2 | – | 2 | 46 |
| 2 | 118 | 13 | 8 | 105 | 72 | 10 | 5 | 5 | 62 |
| 3 | 143 | 7 | 7 | 136 | 57 | 21 | 15 | 6 | 36 |
| 4 | 236 | 5 | 5 | 231 | 251 | 10 | 5 | 5 | 241 |
| 5 | 203 | 4 | 4 | 199 | 147 | 5 | – | 5 | 142 |
| 6 | 112 | 2 | 1 | 110 | 80 | 2 | – | 2 | 78 |
| 7 | 89 | 1 | 1 | 88 | 67 | 1 | – | 1 | 66 |
| 8 | 59 | 9 | 4 | 50 | 15 | 4 | 3 | 1 | 11 |
| 9 | 82 | 51 | 19 | 31 | 62 | 46 | 26 | 20 | 16 |
| 10 | 152 | 25 | 6 | 127 | 68 | 22 | 10 | 12 | 46 |
| 11 | 110 | 19 | 5 | 91 | 76 | 10 | 8 | 2 | 66 |
| 12 | 96 | 15 | 1 | 81 | 71 | 12 | 1 | 11 | 59 |

സ്വന്തമായി കക്കൂസുകൾ ഇല്ലാത്തസ്ഥിയാണുള്ളത്. ഗവൺമെൻറ് പല പദ്ധതികൾ വഴി സൗജന്യമായി കക്കൂസുകൾ നൽകുന്നുണ്ടെങ്കിലും അനുവദിയ്ക്കുന്ന തുകയുടെ ആപര്യാപ്തതമൂലം കക്കൂസുകളുടെ പണി പൂർത്തികരിക്കാതെ വരികയോ, അനുവദിക്കുന്ന തുക പാഴായി പോകുന്ന സ്ഥിതിയോ ആണുള്ളത്.

പഞ്ചായത്തിലെ 6997 വീടുകളിൽ 3678 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ കുറച്ചു വീടുകൾ വൈദ്യുതീകരിക്കുന്നതിനു കാരണം കൺസെൻറിൻെറ അഭാവമാണ്. വീടുകളിലെ കുടിവെള്ള പ്രശ്നം പരിഹരിയ്ക്കുന്നതിന് വാട്ടർ കണക്ക്ഷനുകൾ ചില വീടുകളിൽ ഉണ്ടെങ്കിലും പൈപ്പുകളിൽ നിരന്തരമായി വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്.

പഞ്ചായത്തിലാകെ മുപ്പതോളം ഹരിജൻ കോളനികൾ ഉണ്ട്. ചില കോളനികളിൽ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും ഇനിയും വൈദ്യുതിയെത്തിച്ചേർന്നിട്ടില്ലാത്ത കോളനികളും ഉണ്ട്. അതേപോലെ തന്നെ കോളനികളിലെ വീടുകളുടെ നില വളരെ ശോചനീയമാണ്. അടിയന്തര ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു.

കോളനികളിലെ വീടുകളും, പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലകളിലെ (വിവിധ ബ്ളോക്കുകളോടു ചേർന്നുള്ള) വീടുകൾ വളരെ അടിത്തടുത്താണ് സ്ഥിതി ചെയ്യുന്നത്. ബ്ളോക്കുകളോടു ചേർന്നുള്ള വീടുകൾ വെള്ളപ്പൊക്കം മൂലമുള്ള കെടുതികൾക്ക് വിധേയമാകാറുണ്ട്. ഇതുമൂലം ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് കുംടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ട സ്ഥിയുണ്ടാവാറുണ്ട്. ഇങ്ങിനെയുള്ള കെടുതികളിൽ നിന്നും കരകയറുന്നതിനാവശ്യമായ സഹായമോ സഹകരണമോ സർക്കാരിൻെറ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്. വീടുകളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന ഉയർന്ന റോഡുകൾ ഭവനങ്ങൾക്കു ഭീഷണിയായി നിലനിൽ

ക്കുന്നു.

നിലവിൽ ധാരാളം ഭവന വായ്പാ പദ്ധതികളും, സൗജന്യ ഭവന നിർമ്മാണ പദ്ധതികളും നിലനിൽക്കുന്നുണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമാകുന്നില്ല എന്നാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. പുതിയതായി നിലവിൽ വന്നിരിയ്ക്കുന്ന മൈത്രീ ഭവന പദ്ധതി നമ്മുടെ പഞ്ചായത്തിലെ ഭവനങ്ങളുടെ നിലവിലുള്ള ദുരവസ്ഥ പരിഹരിയ്ക്കുന്നതിന് ഒരു പരിധി വരെ സഹായകമായിത്തീരും. അവയെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്ത് സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്. അതേപോലെ തന്നെ കാര്യമായി വായ്പാ തുക തിരിച്ചടയ്ക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളോ, ഇളവുകളോ അനുവദിച്ചാൽ അവ പ്രോത്സാഹ ജനകമായിരിക്കും. അതേപോലെ തന്നെ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയുടെ തുക വർദ്ധിപ്പിയ്ക്കുകയും ചെയ്യണം.

വിവിധ വാർഡുകളാലായി കിടക്കുന്ന പുറമ്പോക്കു ഭൂമികൾ പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് ഭൂമിയില്ലാത്തവർക്ക് നൽകുന്നതിനും ഭവനങ്ങൾ നിർമ്മിയ്ക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കണം.

## നിർദ്ദേശങ്ങൾ

1. സാധാരണക്കാരന് ഉപയോഗപ്രദമായ രീതിയിൽ വായ്പകളും മറ്റും ലഭിയ്ക്കത്തക്ക രീതിയിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

2. ഭവന നിർമ്മാണ സാമഗ്രികളുടെ ഉത്പാദന വിപണന കേന്ദ്രം (കോൺക്രീറ്റ് കട്ടിള, ജനൽ etc--) സഹകരണാടിസ്ഥാനത്തിൽ രൂപീകരിയ്ക്കണം. ഇതുമൂലം നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് സാധിയ്ക്കും.

3. ഭവന നിർമ്മാണ വായ്പകളോ / പദ്ധതികളോ അനുവദിയ്ക്കുമ്പോൾ അനുബന്ധമായി കക്കൂസുകൾ നിർമ്മിയ്ക്കുന്നതിനുള്ള തുക കൂടി അനുവദിയ്ക്കണം.

**പട്ടിക 6–4 ദാരിദ്ര രേഖയ്ക്കു താഴെയുള്ളവരുടെ വിവരം അവലംബം IRDP സർവ്വേ**

| വാർഡ് | ദാരിദ്രരേഖക്കു താഴെയുള്ള കുടുംബങ്ങൾ | ഇതിൽ എസ്സി എസ്റ്റി | സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ എസ്സി എസ്റ്റി | ദാരിദ്ര്യരേഖ ക്കുമുകളിൽ എത്തിയവർ | ദാരിദ്ര്യരേഖ ക്കുതാഴെ സഹായംലഭിച്ചവർ |
|---|---|---|---|---|---|---|
| 1 | 204 | 33 | 26 | 21 | 30 | 174 |
| 2 | 221 | 16 | 30 | 10 | 20 | 201 |
| 3 | 367 | 44 | 30 | 26 | 38 | 329 |
| 4 | 288 | 43 | 38 | 28 | 43 | 245 |
| 5 | 460 | 22 | 25 | 18 | 22 | 442 |
| 6 | 250 | 7 | 24 | 19 | 24 | 226 |
| 7 | 224 | 3 | 16 | 4 | 15 | 209 |
| 8 | 94 | 5 | 10 | 3 | 10 | 84 |
| 9 | 158 | 25 | 52 | 37 | 52 | 106 |
| 10 | 210 | 59 | 52 | 42 | 50 | 160 |
| 11 | 187 | 60 | 23 | 20 | 23 | 164 |
| 12 | 160 | 18 | 27 | 25 | 25 | 135 |

4. ഭവന നിർമ്മാണ സഹകരണ സംഘം മുഖാന്തിരം ചിലവു കിറഞ്ഞ രീതിയിലുള്ള വീടുകൾ നിർമ്മിയ്ക്കുന്നതിന് പ്രോത്സാഹനം നൽകുക.

5. വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖാന്തിരമുള്ള തുകകളിൽ വർദ്ധനവ് ഉണ്ടാക്കുക.

6. ഹരിജൻ കോളനികളിൽ താമസിക്കുന്ന ആളുകളുടെ വസ്തുവിൻെറ സർവ്വേ നമ്പർ കൃത്യമല്ലാത്തതിനാൽ സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന പല ആനുകൂല്യങ്ങളും ലഭിക്കാതെ പോകുന്നു. ഇതിന് പരിഹാരം കണ്ടെ ത്തണം.

7. ലക്ഷം വീടുകളിൽ താമസിക്കുന്നവരുടെ സ്ഥലത്തിൻെറ അതിര് നിജപ്പെടുത്തി കൊടുക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കണം.

8. വിവിധ പദ്ധതികളിൽ മുഖാന്തിരം നിർമ്മിച്ചിട്ടുള്ള വീടുകൾ അറ്റകുറ്റപണികൾ നടക്കാത്തതുമൂലം ശോച്യാവസ്ഥയിലാണ്. അടിയന്തിര പരിഹാരം കണ്ടെത്തണം.

## സാമൂഹ്യ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ 2823 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്കു താഴെ കഴിയുന്നവരാണ്. ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ടെങ്കിലും നാമമാത്രമായി മാത്രമാണ് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സാധിച്ചിട്ടുള്ളത്. പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിനാണ് ഈ സഹായം കൂടുതലും ലഭിച്ചിട്ടുള്ളത്.

സ്ത്രീകളുടെ ജീവിത നിലവാരത്തെ ഉയർത്തുന്നതിനുവേണ്ടിDWCRA പോലുള്ള സ്കീമുകളിൽക്കൂടി തൊഴിലധിഷ്ഠിത യൂണിറ്റുകൾ നിലവിൽ വന്നെങ്കിലും അവയുടെ പ്രവർത്തനം ഇല്ലാത്ത സ്ഥിതിയാണുള്ളത്.

കൂടാതെ ട്രൈസം പദ്ധതിയിലൂടെ വിവിധ ട്രേഡുകളിൽ പരിശീലനം നൽകുകയും അവരിൽ സ്വയം തൊഴിൽ കണ്ടെത്തിയവരും ഇതര തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്നവരും ഉണ്ട് പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ടൂർ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാമീണ കൈത്തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്ന ആളുകൾ നാമമാത്രമായി ഉണ്ടെങ്കിലും അവർക്കുള്ള സഹായ പദ്ധതികൾ വേണ്ട വിധത്തിൽനൽകുന്നതിനോ ലഭ്യമാക്കുന്നതിനോ നിലവിൽ സാഹചര്യം ഇല്ലാത്ത അവസ്ഥയാണ്. സഹായ ലഭ്യത സംബന്ധിച്ച് അറിവില്ലിയ്മ വരികയോ ഉദ്യോഗസ്ഥ അനാസ്ഥയോ ഇതിനു കാരണമായി ത്തീർന്നിരിയ്ക്കുന്നു. അതുകൊണ്ട് തന്നെ സഹായ ധനം ലഭിച്ചവരുടെ എണ്ണവും വളരെ ചുരുങ്ങിയതാണ്.

9. സാമൂഹ്യ ക്ഷേമ പദ്ധതികൾ കാര്യ

**പട്ടിക 6-5 DWCRA സഹായലഭ്യത കണക്ക്**

| വാർഡ് | വർഷം | അംഗങ്ങളുടെ എണ്ണം | തൊഴിൽസംരംഭത്തിൻെറ ഇനം | പ്രവർത്തനക്ഷമത സംബന്ധിച്ച് |
|---|---|---|---|---|
| 7 | 1993-94 | 10 | എംബ്രോയിഡറി&ഗാർമെൻറ്സ് മെക്കിംഗ് | പ്രവർത്തന നിരതം |
| 8 | 1993-94 | ഇല്ല | കോര ഗ്രാസ്സം മാറ്റ് വീവിഗ് | പ്രവർത്തനം ഇല്ല |
| 8 | 1995-96 | 10 | ബേക്കറി സാധനങ്ങളുടെ നിർമ്മാണം | പ്രവർത്തന നിരതം |
| 8 | 1995-96 | - | പ്രിൻറിംഗ് പ്രസ് യൂണിറ്റ് | പ്രവർത്തനം ഇല്ല |

ക്ഷമമായി നടപ്പിലാക്കുന്നില്ല. പ്രായ പൂർത്തിയായ മകനുണ്ട് എന്ന കാരണത്താൽ പെൻഷൻ നിഷേധിയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിയ്ക്കുക.

10. അനർഹരായവർ പല ആനുകൂല്യങ്ങളും നേടിയെടുക്കുന്നു. അർഹരായവർ പലരും പിൻതള്ളപ്പെടുന്നു. തൊഴിൽ രഹിത വേതനവും പെൻഷനുകളും പറ്റുന്നവരുടെ പേര് പ്രസിദ്ധീകരിയ്ക്കുക. അനർഹരെ ഒഴിവാക്കുക. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുവാൻ ജനകീയ കമ്മിറ്റി വരണം.

## പാർപ്പിടം

**നടപ്പ് പദ്ധതികൾ ചിലത്**

1. ദുർബല വിഭാഗങ്ങൾക്ക് വായ്പാ വരുമാനം 1250 രൂപ ലഭിയ്ക്കുന്ന സഹായം 26400 രൂപ. സബ്സിഡി 9000 രൂപ. 180 തുല്യ ഗഡുക്കളായി തുക അടയ്ക്കണം. 13.5% പലിശ. പിഴ പലിശ 16%

2 ഇടത്തരം വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി:- ഗുണഭോക്താവിന് നാല് സെൻറ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം. പ്രതിമാസ വരുമാനം 31801 നും 53400 നും ഇടയ്ക്ക് പരമാവധി സഹായം 175000 രൂപ. പലിശ 17.25% പിഴപ്പലിശ 19.25% 168 തവണകളായി തിരിച്ചടയ്ക്കണം.

3 ഉയർന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി ഗുണഭോക്താവിന് അഞ്ച് സെൻറ് സ്ഥലം ഉണ്ടായിരിക്കണം. 300000 രൂപ വരെ സഹായം ലഭിക്കും. പ്രതിമാസ വരുമാനം 53401 രൂപയ്ക്ക് മുകളിൽ. 17.25 % പലിശ 168 തവണകൾ. 19.25% പിഴപ്പലിശ

**പട്ടിക 6-7 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി**

| വാർഡ് | ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതപ്പെട്ടവർ |
|---|---|---|---|
| 1 | 4 | - | 4 |
| 2 | 2 | - | 2 |
| 3 | 15 | - | 15 |
| 4 | 4 | - | 4 |
| 5 | 4 | - | 4 |
| 6 | 1 | - | 1 |
| 7 | 1 | - | 1 |
| 8 | 4 | - | 4 |
| 9 | 3 | 1 | 2 |
| 10 | 7 | 2 | 5 |
| 11 | 2 | - | 2 |
| 12 | 8 | - | 8 |

4. വീട് പുതുക്കൽ വായ്പാ പദ്ധതി:- പരമാവധി സഹായം 50000രൂപ. 114 മാസത്തവണകൾ 18.75 % പലിശ

5 കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ:- ഗുണ ഭോക്താവ് കേന്ദ്ര ഗവ: ജീവനക്കാരായിരിക്കണം. അടിസ്ഥാന ശമ്പളം 2500 വരെയുള്ളവർക്ക് 112400 രൂപയും അടിസ്ഥാന ശമ്പളം 2500-4500 രൂപ വരെയുള്ളവർക്ക് 179350 രൂപയും അടിസ്ഥാന ശമ്പളം 4501 നു മേൽ ഉള്ളവർക്ക് 267570 രൂപയും വായ്പ ലഭിയ്ക്കും. 5 സെൻറ് ഭൂമി ഉണ്ടായിരിക്കണം. പലിശ 16% പിഴപ്പലിശ 18.5% 228 മാസത്തവണകൾ.

**മറ്റു പദ്ധതികൾ**

1. ഹൗസിംഗ് പദ്ധതികൾ (2)പൊതു ഭവന നിർമ്മാണ പദ്ധതി (3) പത്ര പ്രവർത്തകർക്ക് ഭവന പദ്ധതി (4) ഗസറ്റഡ് ഉദ്യോഗസ്ഥർക്കുള്ള ഭവന പദ്ധതി (5) സർക്കാർ ജീവനക്കാർക്കു വാടക വീടു പദ്ധതി (6) വീടുകളുടെ പുനരുദ്ധാരണ പദ്ധതി (7) പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി (8) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി (9) താഴ്ന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി (10) ഗ്രാമ പ്രദേശങ്ങളിലെ ഭൂ രഹിത തൊഴിലാളികൾക്ക് വീടു വെയ്ക്കുന്നതിനു സ്ഥലം നൽകുന്ന പദ്ധതി.

**പട്ടി 6-8 ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**
**1992-93 to 1995-96**

| വാർഡ് | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെഎണ്ണം | ഇതരതൊഴിലിൽഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1 | കമ്പോഡിംഗ്, പ്ളംബർ, ഇലക്ട്രീഷൻ, എംബ്രോയിഡറി | 4 | 1 | 2 |
| 2 | കംബോഡിംഗ് ഖാദിനെയ്ത്ത് എംബ്രോയിഡറി | 3 | 1 | 1 |
| 3 | ,, | 9 | 3 | 3 |
| 4 | ,, | 5 | 3 | 1 |
| 5 | ,, | 3 | 1 | - |
| 6 | ,, | 2 | - | - |
| 7 | ,, | 8 | 6 | 1 |
| 8 | ,, | 6 | 5 | 1 |
| 9 | ,, | 4 | - | 2 |
| 10 | ,, | 3 | - | 1 |
| 11 | ,, | 2 | - | 1 |
| 12 | ,, | 2 | - | - |

# വിവിധ പെൻഷനുകൾ

വിവിധങ്ങളായ വിധത്തിൽ അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതിനു വേണ്ടി വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ട്. അവശതയനുഭവിക്കുന്ന പല ആളുകൾക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നുണ്ടെങ്കിലും ഇനിയും അർഹരായ ധാരാളം ആളുകൾക്ക് ഇതിൻെറ പ്രയോജനം ലഭിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വിധവ പെൻഷൻ; കർഷകത്തൊഴിലാളി പെൻഷൻ, ക്യാൻസർ രോഗി പെൻഷൻ, വാർദ്ധക്യ പെൻഷൻ, വികലാംഗ പെൻഷൻ, അവശകലാകാര പെൻഷൻ, ക്ഷയരോഗി പെൻഷൻ തുടങ്ങിയ പദ്ധതികളിലൂടെ സഹായം ലഭിക്കുന്ന കൂടാതെ തൊഴിൽ രഹിതരായ കുറച്ചാളുകൾക്ക് തൊഴിലില്ലായ്മ വേതനവും ലഭിക്കുന്നുണ്ട്. ഇനിയും അർഹരായ ആളുകളെ കണ്ടെത്തി ഇതിൻെറ പ്രയോജനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വിവിധ ക്ഷേമ പദ്ധതികൾ

വിവിധരംഗങ്ങളിൽ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ ക്ഷേമത്തെ ഉദ്ദേശിച്ചാണ് വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ നിർമ്മാണ രംഗത്തു പ്രവർത്തിയ്ക്കുന്നവർക്കും, കർഷക തൊഴിലാളികൾക്കും ഉള്ള ക്ഷേമ നിധിയുടെ പ്രവർത്തനം വളരെ ഫലപ്രദമായ രീതിയിൽ നടപ്പിൽ വന്നിട്ടുണ്ടെങ്കിലും ഈ രംഗങ്ങളിൽ പ്രവർത്തിയ്ക്കുന്ന ധാരാളം ആളുകൾ ഇനിയും ഇതിൻെറ പ്രയോജനം ഉപയോഗപ്പെടുത്തിയിരിക്കുന്നു.

മറ്റു മേഖലകളിൽ പണിയെടുക്കുന്നവർ സംഘടിതമാണെങ്കിൽക്കൂടിയും ക്ഷേമ നിധി പ്രവർത്തനങ്ങളിൽ ഇനിയും ബഹുദൂരം മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

## അംഗൻവാടികൾ

പഞ്ചായത്തിൽ നിന്നും ഗ്രാൻറ് ലഭിയ്ക്കുന്ന നാല് അംഗൻവാടികൾ മാത്രമാണ് ഇപ്പോഴുള്ളത്. ഇതിനെ വളരെ ഗൗരവപൂർവ്വം ശ്രദ്ധിയ്ക്കേണ്ടിയിരിക്കുന്നു. ഒരു വാർഡിൽ ചുരുങ്ങിയത് രണ്ട് അംഗൻവാടികളെങ്കിലും ആരംഭിയ്ക്കേണ്ടിയിരിക്കുന്നു.

## അനാഥ മന്ദിരം

അനാഥരായ കുട്ടികളുടെ സംരക്ഷണം നടത്തുന്ന ഒരു അനാഥ മന്ദിരം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ഏകദേശം അറുപതോളം വരുന്ന കുട്ടികൾക്ക് ഇവിടെ സംരക്ഷണം ലഭിച്ചു വരുന്നു.

**നിർദ്ദേശങ്ങൾ, പ്രശ്നങ്ങൾ**

1 പഞ്ചായത്തിൽ വൃദ്ധരായ ആളുകളുടെ സംരക്ഷണത്തിനായി ഒരു വൃദ്ധ മന്ദിരം സ്ഥാപിയ്ക്കണം.

2. ക്ഷേമ നിധികളുടെ പ്രവർത്തങ്ങളെ സംബന്ധിച്ച് ആളുകളെ ബോധവാൻമാരാക്കുകയും അതിൻെറ പ്രയോജനം ലഭ്യമാക്കുകയും ചെയ്യുക.

3. നിർമ്മിയ്ക്കുന്ന വീടും സ്ഥലവും ഈടായി സ്വീകരിച്ച് വായ്പ നൽകുക.

4. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ ധന സഹായം നൽകുകയും അത്തരം വീടുകളെക്കുറിച്ചും അതിൻെറ പ്രത്യേകതകളെ കുറിച്ചും പഞ്ചായത്ത് തലത്തിൽ പ്രചരണം നടത്തുക.

5. നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം പഞ്ചായത്തു വഴി ബന്ധപ്പെടുത്തി നടത്തുക.

6. ഭവന നിർമ്മാണ വായ്പകൾ പഞ്ചായത്തു മുഖാന്തിരം കുറഞ്ഞ പലിശയ്ക്ക് നൽകുക.

7. ഭവന നിർമ്മാണ വായ്പയുടെ പലിശ കുറയ്ക്കുക, വായ്പയുടെ കാലാവധി ദീർഘിപ്പിയ്ക്കുക.

8. ലക്ഷങ്ങൾ ചിലവഴിച്ച് വീടുകൾ നിർമ്മിയ്ക്കുന്നത് തടയുക. അത്തരം വീടുകൾക്ക് നികുതി കർശനമായി ഈടാക്കുകയും പിരിയ്ക്കുകയും ചെയ്യുക.

പട്ടിക 6-2

## വിവിധ പെൻഷൻ പദ്ധതികളിലൂടെ സഹായം ലഭിക്കുന്നവർ

| വിധവ പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | വാർദ്ധക്യ പെൻഷൻ | വികലാംഗ പെൻഷൻ | കാൻസർ രോഗി പെൻഷൻ | ക്ഷയ രോഗി പെൻഷൻ | അവശ കലാകാര പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|
| 97 | 378 | 49 | 112 | 2 | 2 | 3 | 417 |

കടുത്തുരുത്തി പഞ്ചായത്ത് വികസന സെമിനാറിന് ആശംസകൾ

## ജോയീസ് സ്റ്റുഡിയോ

കടുത്തുരുത്തി, Phone: 048294-2523

*(Colour Photo, Black & White Photo, Video Coverage, Computer littiling, Special effect editing)*

## ജോയീസ് ട്രാവൽസ്

കടുത്തുരുത്തി, Phone 048294-2523

*(Luxury Video Coach, Mini Bs A/C Car)*

## പാലക്കുന്നേൽ ടൂറിസ്റ്റ് ഹോം

കടുത്തുരുത്തി

## അലക്സ് കളപ്പുരയിൽ

കടുത്തുരുത്തി, Ph. 43376

## A.D. പ്രസാദ് ആരിശ്ശേരിൽ

കടുത്തുരുത്തി

## കടുത്തുരുത്തി റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 4061 കടുത്തുരുത്തി

കെ. പി. ജോൺ
സെക്രട്ടറി

സി. എം. മോഹനൻ
പ്രസിഡണ്ട്

# ALANKAR

TAXI HOUSE & CATERINGS
ALANKAR BUILDING, KADUTHURUTHY.
PHONE: 04829-42227, 42206, RES. 42627
**Branches:**
Alankar Bldg., Kothanalloor, Phone: 43033. Alankar Bldg., Kuruppanthara, Ph: 42208, 43031
Alankar Bldg., Thalayolaparambu

# തടത്തിൽ ഹാർഡ്‌വേഴ്സ്

തലയോലപ്പറമ്പ്

**ഉത്തരവാദിത്വമുള്ള 22 ക്യാരറ്റ് സ്വർണ്ണാഭരണങ്ങൾക്ക്**

# വഞ്ചിപ്പുരയ്ക്കൽ ഫാഷൻ ജൂവലറി

## കടുത്തുരുത്തി

# കടപ്പൂരാൻ ടാക്സി ഹൗസ്

## കടുത്തുരുത്തി

# Kaduthurithy Karshika Service
## Co-operative Bank LTD. No. 1233

Mannar, Poozhikol P.O., Kottayam (Dist) KERALA

**K.T. Joseph**
Secretary

**Jose K. Joseph**
**Malackal**
President

ഫിലിപ്സ് റേഡിയോ, ടേപ്പ് റെക്കാർഡർ,
സ്റ്റീരിയോ, ക്ലോക്കുകൾ, ഫാനുകൾ
തുടങ്ങിയ വീട്ടുപകരണങ്ങൾക്ക്

**സ്വാമി റേഡിയോസ്**

ദേവസ്വം ബിൽഡിംഗ്, കടുത്തുരുത്തി

---

**ജയ്ഹിന്ദ് മെഡിക്കൽസ്,**

കടുത്തുരുത്തി, ഫോൺ. 42001

---

**മാനാടിയേൽ സ്റ്റോഴ്സ്,**

സെൻട്രൽ ജംഗ്ഷൻ, കടുത്തുരുത്തി

---

**സന്തോഷ് ബേക്കറി**

സെൻട്രൽ ജംഗ്ഷൻ, കടുത്തുരുത്തി

---

**ജോളി ജനറൽ സ്റ്റോഴ്സ്**

കടുത്തുരുത്തി

---

**ജനതാ ഹോട്ടൽ**

കടുത്തുരുത്തി

കടുത്തുരുത്തി പഞ്ചായത്ത് വികസന സെമിനാറിന് ആശംസകൾ

## ജ്യോതി ഓട്ടോ മൊബൈൽസ്
&
## എഞ്ചിനിയറിംഗ് വർക്സ്

കടുത്തുരുത്തി.

പ്രൊപ്രൈറ്റർ - രാജൻ & രാജു

## പ്രിൻസ് ജൂവലറി

കടുത്തുരുത്തി

പ്രൊപ്രൈറ്റർ – വിജയരാജ്

## തകടിയേൽ സാനിവെയേഴ്സ്

കടുത്തുരുത്തി

പ്രൊപ്രൈറ്റർ - റ്റി. സി. ജോർജ്ജ്



കടുത്തുരുത്തി പഞ്ചായത്ത് വികസന സെമിനാറിന് ആശംസകൾ

## നിളാ ഇലക്ട്രിക്കൽ ഏജൻസീസ്

പിറവം റോഡ്, കടുത്തുരുത്തി

## ഉള്ളാട്ടിൽ എൻറർപ്രൈസസ്

മാർക്കറ്റ് ജംഗ്ഷൻ, കടുത്തുരുത്തി

(ഡ്യൂറോഫ്ളെക്സ് മെത്തകൾ, വി.ഐ.പി.
മോൾഡഡ് കസേരകളുടെ അംഗീകൃത വിതരണക്കാർ)

# വിദ്യാഭ്യാസം



വർത്തമാനപ്പത്രങ്ങളുടേയും പ്രസിദ്ധികരണങ്ങളുടേയും ഈറ്റില്ലമെഎന്നു വിശേഷിപ്പിയ്ക്കുന്നതും കേരളത്തിലെ സമ്പൂർണ്ണ വർത്തമാനപ്പത്രങ്ങളുടേയും പ്രസിദ്ധീകരണങ്ങളുടേയും ഈറ്റില്ലമെന്നു വിശേഷിപ്പിയ്ക്കുന്നതും കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി പ്രഖ്യാപിച്ച കോട്ടയം ജില്ലയുടെ സാംസ്ക്കാരിക വിദ്യാഭ്യാസ ചരിത്രത്തിൽ ഏന്തു കൊണ്ടും എടുത്തു പറയാവുന്ന പ്രത്യേകതകളുള്ള ഒരു പഞ്ചായത്താണ് കടുത്തുരത്തി പഞ്ചായത്ത് എന്നു പറയുന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. ഈ പഞ്ചായത്തിന്റെ ചരിത്ര പരമായ സവിശേഷതകൾ മുഴുവൻ ഇവിടെ പ്രതിപാദിയ്ക്കുന്നത് പ്രസക്തമായിരിക്കുകയില്ല എന്നു കരുതുന്നതുകൊണ്ട് വിദ്യാഭ്യാസപരമായ കാര്യങ്ങൾ മാത്രമേ ഇവിടെ ഉൾക്കൊള്ളിയ്ക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

പുരാതന വടക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനം പ്രാചീന മണിപ്രവാള സന്ദേശകാവ്യമായ ഉണ്ണുനീലി സന്ദേശത്തിന്റെ ഉറവിടം ഖരമഹർഷിയാൽ പ്രതിഷ്ഠിക്കപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന പുരാതന തളിയിൽ ശിവക്ഷേത്രത്തിന്റെ ആസ്ഥാനം, 1500 വർഷത്തിലേറെ പഴക്കമുള്ള ക്നാനയക്കാരുടെ മാതൃദേവാലയമായ കടുത്തുരത്തി വലിയപള്ളി കേരളത്തിലെ പുരാതന ക്രൈസ്തവ വൈദികവിദ്യ, പീഠങ്ങളിൽ പ്രാമുഖ്യമർഹിച്ചിരുന്ന ഡൊമിനിക്കൻ സെമിനാരിയുടെ ആസ്ഥാനം എന്നീ നിലകളിലെല്ലാംപ്രശസ്തിയാർജ്ജിച്ചിരുന്നതുകൊണ്ടാവാം കടുത്തുരത്തിയ്ക്ക് ശദാബ്ദ ദീർഘമായ പൗരാണികത്വവും പാരമ്പര്യവും അവകാശപ്പെടാവുന്നത്.

തിരുവിതാംകൂറിൽ സൗജന്യ പ്രാഥമിക വിദ്യാഭ്യാസം സർക്കാർ തലത്തിൽ സമരാബ്ദമായ കാലയളവിനോടനുബന്ധിച്ചുതന്നെ കടുത്തുരത്തിയിലും ഒരു സർക്കാർ മലയാളം പള്ളിക്കൂടം ആരംഭിച്ചുവെന്നാണ് പാരമ്പര്യമായി പറഞ്ഞുപോകുന്നത്. ഇപ്പോൾ പഞ്ചായത്താഫീസ് പോലീസ്സ്റ്റേഷൻ എന്നിവ സ്ഥിതിചെയ്യുന്ന കൊട്ടാരപറമ്പ് എന്നറിയപ്പെട്ടിരുന്ന സർക്കാർ വക സ്ഥലത്താണ് ആദ്യത്തെ സ്കൂൾ തുടക്കം കുറിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. എന്നാൽ പ്രാദേശികമായ സമ്മർദ്ദഫലമായിട്ടോ എന്തോ ആ സ്കൂൾ പിൽക്കാലത്ത് പ്രവർത്തനം നിലച്ചുപോകുകയും താമസിയാതെ മുട്ടുചിറ പള്ളിക്കാര്യത്തിൽ നിന്നും മുൻകൈ എടുത്ത് മുട്ടുചിറയിലേയ്ക്ക് ആ സ്കൂൾ മാറ്റി സ്ഥാപിയ്ക്കപ്പെടുകയുമാണുണ്ടായത്. മുട്ടുചിറ സ്കൂൾ വളരെവേഗം അഭിവൃദ്ധിപ്പെട്ട്, പടിഞ്ഞാറ് തലയോലപ്പറമ്പ് കിഴക്ക് കുറവിലങ്ങാട് തെക്ക് ഏറ്റുമാനൂർ വടക്ക് മുളക്കുളം എന്നീ പ്രദേശങ്ങൾക്കുള്ളിലുള്ള കുട്ടികൾക്ക് ആശ്രയിക്കാവുന്ന ഏക പഠന കേന്ദ്രമായിത്തീർന്നു. ഷെവലിയർ വി.സി. ജോർജ്ജ് കവി ജോർജ്ജ് പള്ളിപ്പറമ്പിൽ, ആയാംകുടി പി.ആർ. ശങ്കരപിള്ള വാഴ്ത്തപ്പെട്ട സിസ്റ്റർ അൽഫോൻസാമ്മ എന്നിവർ ഈ സ്കൂളിൽ പഠിച്ച് ഈ സ്ഥാപനത്തിന്റെ പ്രശസ്തി വളർത്തിയ വീര സന്താനങ്ങളിൽപ്പെടുന്നു. പിൽക്കാലത്ത് ഈ സ്കൂളിന്റെ മാനേജ്മെന്റ് പള്ളിക്കാര്യത്തിൽ നിന്നും സർക്കാരിനു വിട്ടുകൊടുക്കുകയും 1949 - ൽU.P സ്കൂൾ ആയി ഉയർത്തപ്പെടുകയുംചെയ്തു.

മുട്ടുചിറ പ്രദേശം വിദ്യാഭ്യാസത്തിൽ പുരോഗതി പ്രാപിയ്ക്കുന്നത് കടുത്തുരത്തിയിലെ വിദ്യാഭ്യാസ തത്പരരെ ആ വഴിക്കു ചിന്തിയ്ക്കുവാൻ പ്രേരിപ്പിച്ചതിന്റെ ഫലമായി തിരുവിതാംകൂർ ശ്രീമൂലം പ്രജാ

സഭാ മെമ്പറായിരുന്ന തെക്കേടത്ത് ശ്രീനാരായണ പിള്ളയുടെ നേതൃത്വത്തിൽ ഒരു സ്കൂളിനു വേണ്ടിയുള്ള ശ്രമം ആരംഭിക്കുകയും ചുള്ളിത്തോടിനു വടക്കുവശം ഞാറവേലിൽ കുടുംബക്കാരുടെ സ്ഥലത്ത് ഒരു പ്രൈമറി സ്കൂൾ ഗവൺമെൻറു തലത്തിൽ ആരംഭിയ്ക്കുകയും ചെയ്തു. ആ സ്ഥാപനത്തിൽ കാലാനുക്രമേണ വികാസ പരിണാമം പ്രാപിച്ച് 1971-ൽ U.P.സ്കൂളായും 1980-ൽ കടുത്തുരത്തി ഗവൺമെൻറ് ഹൈസ്കൂളായും തീർന്നത്. കൊല്ലവർഷം 1088 -ൽ കുട്ടികളെ ചേർത്ത് അഡ്മിഷൻ രജിസ്റ്റർ ഇവിടെ സൂക്ഷിച്ചിരിക്കുന്നു.

പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിലും കടുത്തുരത്തി പഞ്ചായത്ത് മുൻനിരയിൽ തന്നെ നിൽക്കുന്നു. പാലകര സെൻറ് ആൻറണീസ് എൽ.പി. സ്കൂൾ, കടുത്തുരത്തി സെൻറ് മൈക്കിൾസ് മിഡിൽ സ്കൂൾ എന്നീ സ്ഥാപനങ്ങൾ ഏതാണ്ട് 1920 നോടടുത്ത കാലഘട്ടത്തിൽ ആരംഭിച്ചവയാണ്.

വൈക്കം ബാറിൽ അഭിഭാഷകനായിരുന്ന ഉദയംപേരൂർ സ്വദേശി ഔസേഫ് വക്കീൽ പാലകര മാവടി പ്രദേശം വിലക്കു വാങ്ങുകയും ആ പ്രദേശത്തിൻെറ അഭിവൃദ്ധിക്കായി കടുത്തുരത്തി കാപ്പുംതല റോഡ് നിർമ്മിയ്ക്കുകയും റോഡിനഭിമുഖമായി പാലകരയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. പീൽക്കാലത്ത് മാവടി പ്രദേശം മുട്ടുചിറ പള്ളിക്ക് കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ സ്വാഭാവികമായി സ്കൂൾ മാനേജുമെൻറും പള്ളി ഏറ്റെടുത്തു.

വാലാച്ചിറയിൽ പുതുക്കരി തൊമ്മച്ചൻെറ പുരയിടത്തിൽ ഗോവിന്ദൻ ആശാൻ ഒരു കുടിപ്പള്ളിക്കൂടം നടത്തിയിരുന്നു. 1920-ൽ തൊമ്മച്ചൻ മാനേജരായി ഇപ്പോഴത്തെ വാലാച്ചിറ സ്കൂൾ സ്ഥാപിതമാക്കുകയും ഗ്രാൻറു സ്കൂളായി അംഗീകാരം വാങ്ങുകയും ചെയ്തു. 1940 - ൽ ഈ സ്കൂൾ കടുത്തുരുത്തി താഴത്തുപള്ളി വികാരിയായിരുന്ന കമ്മാത്തുരുത്തേൽ ജോർജ് അച്ചൻെറ കാലത്ത് സ്കൂളിൻെറ മാനേജ്മെൻറ് പള്ളി ഏറ്റെടുക്കുകയും ചെയ്തു.

മാതൃഭാഷാ വിദ്യാഭ്യാസത്തിന് കടുത്തുരത്തി പ്രദേശത്ത് സാമാന്യം സൗകര്യങ്ങൾ ലഭ്യമായെങ്കിലും ലോക വിജ്ഞാനത്തിൻെറ കവാടം യുവജനങ്ങൾക്ക് തുറന്നു കൊടുക്കുന്ന ഇംഗ്ളീഷ് ഭാഷാദ്ധ്യാപനത്തിനുള്ള അവസരം ഒരുക്കി കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സ്ഥലത്തെ പൗരമുഖ്യർക്കും മതനേതാക്കൾക്കും അഭിപ്രായമുണ്ടായി. അതിൻ ഫലമായി കടുത്തുരത്തി വലിയ പള്ളിയുടെ മാനേജ്മെൻറിലും യശ്ശശരീരനായ ചാക്കോച്ചൻ പള്ളിക്കുന്നേൽ അവർകളുടെ മേൽനോട്ടത്തിലും സെൻറ് മൈക്കിൾസ് മിഡിൽ സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ളീഷ് സ്കൂൾ 1920 - ൽ ആരംഭിയ്ക്കുകയും നാട്ടുകാരുടെ നിർലോഭമായ സഹായ സഹകരണത്തോടെ ഫാദർ ലൂക്കോസ് മണലേൽ അവർകളുടെ കാലത്ത് 1947 -ൽ പ്രസ്തുത മിഡിൽ സ്കൂൾ ഇന്നത്തെ നിലയിൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു.കടുത്തുരത്തി പ്രദേശത്തുള്ള പെൺകുട്ടികളുടെ തനതായ വിദ്യാഭ്യാസത്തിനുപകരിക്കുന്ന ഒരു സ്ഥാപനം ഇല്ലെന്നുള്ള കുറവ് മുട്ടുചിറ സെൻറ് ആഗ്നസ് ഗേൾസ് എൽ.പി.സ്കൂൾ 1922-ൽ സ്ഥാപിതമായതോടുകൂടി പരിഹൃദയമായി ഈ സ്ഥാപനം വളർന്ന് 1949 -ൽ ഗേൾസ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ആദ്യമായി ഈ പഞ്ചായത്തിൽ കംപ്യൂട്ടർ പഠന സൗകര്യം ഏർപ്പെടുത്തിയ വിദ്യാലയവും ഇതുതന്നെയാണ്.

ഈ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിയ്ക്കുന്ന മറ്റൊരു പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനമാണ് ആയാംകുടി ഹൈസ്കൂൾ.

ഹൈസ്കൂൾ വീഭാഗത്തിൽ ആൺകുട്ടികൾക്കു മാത്രമായി 1976-ൽ മുട്ടുചിറ ഹോളിഗോസ്റ്റ് ബോയിസ് ഹൈസ്കൂളും മുട്ടുചിറ ഫൊറോനാ പള്ളിയുടെ മാനേജ്മെൻറിൽ സ്ഥാപിതമായ വസ്തുതയും പ്രസ്താവ്യമാണ്.

ഗവൺമെൻറു തലത്തിൽ മുട്ടുചിറ യു.പി. സ്കൂളിനു പുറമേ പഞ്ചായത്തിൻെറ പടിഞ്ഞാറേ അതിർത്തി വാർഡായ എഴുമാന്തുരുത്തിയിലും ഒരു യു.പി. സ്കൂൾ പ്രവർത്തിയ്ക്കുന്നു.

മുൻപു പരാമർശിച്ച എൽ.പി.

സ്കൂളുകൾക്കു പുറമേ കടുത്തുരത്തി സെൻറ് ജോർജ്ജ് എൽ.പി. സ്കൂൾ, മധുര വേലി ഇൻഫൻറ് ജീസസ് എൽ.പി. സ്കൂൾ എന്നിവ പ്രൈവറ്റ് മേഖലയിലും മാന്നാർ ഗവൺമെൻറ് എൽ.പി. സ്കൂൾ, കെ.എ സ്.പുരം ഗവ. എൽ.പി സ്കൂൾ ആയാംകുടി ഗവ. എൽ.പി സ്കൂൾ എന്നിവ സർക്കാർ തലത്തിലും പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിൻെറ 12-ാം വാർഡായ കപിക്കാട് ഒഴികെ മറ്റെല്ലാ വാർഡുകളിലും ഒന്നോ ഒന്നിലധികമോ വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടെന്നത് അഭിമാനമാണ്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും ഈ പഞ്ചായത്ത് പിന്നിലില്ല. പത്തോളം ബാലവാടികൾ പ്രവർത്തിയ്ക്കുന്നു. എങ്കിലും പ്രീ പ്രൈമെറി വിദ്യാലയങ്ങൾ പഞ്ചായത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രൈമറി സ്കൂളിലെത്താൻ ഒരു കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂളിൽ എത്തുന്നതിന് 2 കിലോമീറ്ററിൽ കൂടുതലും സഞ്ചരിക്കേണ്ടതില്ലെങ്കിലും മിക്ക സ്കൂളുകളിലും വേണ്ടത്ര ആധുനിക പഠനോപകരണങ്ങളും ഭൗതീക സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ചുറ്റു മതിലുകളും വേണ്ടത്ര കളിസ്ഥലങ്ങളും സ്കൂളുകൾക്ക് ഉണ്ടാകണമെന്നുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നു.

മൊത്തം ഈ പഞ്ചായത്തിൽ ഗവൺമെൻറു തലത്തിൽ നാലും പ്രൈവറ്റു മേഖലയിൽ അഞ്ചും ഉൾപ്പെടെ എട്ടു പ്രൈമറി സ്കൂളുകളും ഗവൺമെൻറു തലത്തിൽ രണ്ടു യു.പി. സ്കൂളുകളും ഗവൺമെൻറു തലത്തിൽ ഒന്നും സ്വകാര്യ മേഖലയിൽ നാലും ഉൾപ്പെടെ അഞ്ച് ഹൈസ്കൂളുകളും പ്രവർത്തിയ്ക്കുന്നു. പട്ടിക 5 കാണുക.

മൊത്തം പഞ്ചായത്ത് അതിർത്തിയിലുള്ള സ്കൂളുകളിൽഎൽ.പി. വിഭാഗത്തിൽ 1307 കുട്ടികളും യു.പി. സ്കൂളുകളിൽ 324 കുട്ടികളും ഹൈസ്കൂളുകളിൽ 2015 വിദ്യാർത്ഥികളും ഉൾപ്പെടെ 3646 പേർ അധ്യയനം നടത്തുന്നു. പട്ടിക 1 കാണുക.

ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവർ 370 പേരുണ്ട്. പട്ടിക 2 കാണുക.

തോറ്റു പഠിയ്ക്കുന്നവർ മൂന്നു വിഭാഗം സ്കൂളുകളിലുമായി 245 പേർ ഉള്ളതിൽ 58 പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്. പട്ടിക 3 കാണുക.

സ്കൂളുകളിൽ അനുവദിച്ച അദ്ധ്യാപകരുടെ പോസ്റ്റ് മുഴുവൻ നികത്തപ്പെട്ടിട്ടുണ്ട്. എങ്കി ലും നിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണമെന്നുള്ള നിർദ്ദേശം ഗ്രാമ സഭകളിൽ നിന്നുയർന്നു വന്നിട്ടുണ്ട്. പട്ടിക 4 കാണുക.

സ്കൂളുകളുടെ കാര്യത്തിൽ ഈ പഞ്ചായത്ത് സമ്പന്നമാണെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ കുറെ കുട്ടികളെങ്കിലും പഠനം പൂർത്തീകരിക്കാതെ ഇടയ്ക്കു നിർത്തുന്നത് ദു:ഖകരമാണ്. പഠനം നിർത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു. പട്ടിക 6 കാണുക.

S.S.L.C.പരീക്ഷയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ വിജയശതമാനത്തിൽ വർദ്ധനവും കാണിക്കുന്നുണ്ടെന്നുള്ള വസ്തുത നിലനിൽക്കെത്തന്നെ ഏതാണ്ട് 15 ശത മാനം കുട്ടികൾ തോല്ക്കുന്നതായി കണക്കുകൾ സൂചിപ്പിയ്ക്കുന്നു. പട്ടിക 7 നോക്കുക.

അക്കാഡമിക്ക് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കമല്ലെങ്കിൽ കൂടി ഈ രംഗത്ത് ഏറെ സൗകര്യങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്നും ഉള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടത് പഠന നിലവാരത്തിൻെറ ഉയർച്ചയ്ക്ക് അനുപേക്ഷണീയമാണെന്നും ഗ്രാമ സഭകളിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പട്ടിക കാണുക.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലുള്ള ഏക സ്ഥാപനം കോട്ടയം രൂപതാ മാനേജ്മെൻറിൻെറ കീഴിലുള്ള മേരിമാതാ ഐ.റ്റി.സി.യാണ്. 1976-ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇലക്ട്രീഷൻ, ഡ്രാഫ്റ്റ്സ്മാൻ, (സിവിൾ), മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രോണിക്ക് മെക്കാനിക്ക്, വെൽഡർ പ്ളംബ

ർഎന്നീ ട്രേഡുകളിലായി മൊത്തം 244 കുട്ടികൾ പഠിയ്ക്കുന്നു. ഇതിൽ 145 പേർ ഈ പഞ്ചായത്ത് അതിർത്തിയിലുള്ള വരാണ്. സാങ്കേതിക തൊഴിൽ പരിശീല നത്തിനുള്ള കൂടുതൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ആവശ്യം ഗ്രാമസഭയിലൂടെ ഉയർന്നു വന്നതാണ്.

മുട്ടുചിറ ഹോളിഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിനോട് അനുബന്ധിച്ച് പ്രവ ർത്തിയ്ക്കുന്ന നേഴ്സിംഗ് സ്കൂളാണ് മെഡി ക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ഏക സ്ഥാ പനം. ഈ സ്ഥാപനം1979-ൽ 10 കുട്ടി കൾക്ക് പ്രവേശനം നൽകി ആരംഭിയ്ക്കു കയും ഈ വർഷം മുതൽ 25 കുട്ടികൾക്ക് പ്രവേശനം നൽകി വികസിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യരായ ദളിത് ക്രൈസ് തവ വിഭാഗത്തിൽപ്പെട്ട ഒരു കുട്ടിയ്ക്ക് എല്ലാ വർഷവും ഈ സ്കൂളിൽ പ്രവേശനം നൽ കുന്നു. വിവരം പ്രത്യേകം പ്രസ്താവ്യമാണ്.

ഈ പഞ്ചായത്തിൽ കായിക വിദ്യാ ഭ്യാസ മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപ നമാണ് കടുത്തുരത്തി C.V.N.കളരി. ഈ സ്ഥാപനത്തിൽ നിന്നും ആയോധന കല യിലും യോഗാഭ്യാസത്തിലും പ്രാവീണ്യം നേടിയ ചെറുപ്പക്കാർ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്കു വെളി യിലും പരിശീലകരായി പ്രവർത്തിയ്ക്കു ന്നുണ്ട്. വിദേശികൾ ഈ സ്ഥാപനത്തിൽ വന്ന് പരിശീലനം നേടുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.

വിദ്യാഭ്യാസരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള പല മഹത് വ്യക്തികളേയും ഈ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ട്. ബിക്കാനീർ സംസ്ഥാനത്തെ വിദ്യാഭ്യാസ ഡയറക്ടറും I.A.S. പരീക്ഷകനുമായിരുന്ന പ്രഫസർ T.C. മാത്യു M.A(ഓക്സൺ) അദ്ധ്യാപകനും നോവലിസ്റ്റുമായിരുന്ന ജോർജ്ജ് സി. കരോട്ട് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറായിരുന്ന ശാസ്ത്ര സാഹിത്യകാ രനായ ശ്രീ. P.T.തോമസ് എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടിയിരിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ വി ദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉള്ള സൗകര്യം ഉന്നത വിദ്യാഭ്യാസ മേഖല യിൽ ഇല്ലെന്നുള്ള പോരായ്ക ഈ പഞ്ചാ യത്തിലെ വലിയ പോരായ്മയായി ചൂണ്ടി ക്കാണിക്കപ്പെടുന്നു. കലാശാലാ വിദ്യാഭ്യാ സത്തിനായി കുട്ടികൾ കുറവിലങ്ങാട്, ഉഴ വൂർ, തലയോലപ്പറമ്പ്, അമലഗിരി,മാന്നാനം, കോട്ടയം, പാലാ എന്നീ വിദൂര സ്ഥലങ്ങളി ലുള്ള കോളേജുകളെയാണ് ആശ്രയി ക്കുന്നത്. കടുത്തുരത്തി കേന്ദ്രമായി ഒരു ഉന്നത വിദ്യാപീഠം ഉണ്ടാകേണ്ട ആവശ്യകത ഇവിടെ പ്രസക്തമാണ്. S.S.L.C.പരീക്ഷയിൽ മാർക്കു കുറവായി വാങ്ങുന്ന കുട്ടികൾ വിദ്യാഭ്യാസം തുടരുന്നതിന് സാധിക്കാതെ വരുന്ന ദുരവസ്ഥ ഇതുമൂലം സംജാതമാ വുന്നു. തുടർ വിദ്യാഭ്യാസത്തിന് സൗകര്യം നൽകുന്ന ഏതാനും സ്വകാര്യ പാരലൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മാത്രമാണ് ഇങ്ങിനെയുള്ളവരുടെ ആശ്രയം. സർക്കാർ തലത്തിൽ കടുത്തുരത്തി കേന്ദ്രമായി ഒരു കോളേജ് സ്ഥാപിക്കണമെന്ന ആവശ്യവും ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

പ്രീഡിഗ്രി വിദ്യാഭ്യാസം കൊളേജുക ളിൽ നിന്ന് വേർപെടുത്തി കൂടുതൽ കാര്യക്ഷ മമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരി യ്ക്കുന്ന സാഹചര്യത്തിൽ കടുത്തുരത്തി പഞ്ചായത്തിൽ പ്ളസ് ടൂ പഠന സൗകര്യം ലഭിയ്ക്കുന്നതിന് ഇന്നു നിലവിലുള്ള അനു യോജ്യമായ ഹൈസ്കൂൾ തിരഞ്ഞെടുത്ത് തുടർ വിദ്യാഭ്യസത്തിനും തൊഴിലധിഷ്ഠിത പഠനത്തിനും ഉള്ള സൗകര്യം ഈ പഞ്ചാ യത്തു പ്രദേശത്ത് ലഭ്യമാക്കേണ്ടതാണ്.

സ്കൂൾ പഠനം കാര്യക്ഷമവും രസകര വും ഫലപ്രദവുമാക്കുന്നതിന് ആധുനിക ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ സഹായം അത്യന്താപേക്ഷിതമാണ്. എല്ലാ സ്കൂളുക ളിലും ഇതു ലഭ്യമാക്കുന്നതിനുള്ള സൗക ര്യവും സഹായവും നൽകേണ്ടിയിരിക്കുന്നു. ക്ളാസ് മുറികളിൽ വേണ്ടത്ര ഫർണ്ണീ ച്ചറുകളും പഠനോപകരണങ്ങളും ലഭ്യമാ ക്കണം. അപ്രകാരം തന്നെ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി അപകട ഭാഷണി ഒഴിവാക്കേണ്ടതുമാണ്. സർക്കാർ സ്കൂളുകളിൽ നിന്ന് ദീർഘമായി

അവധിയെടുക്കുന്ന അദ്ധ്യാപകർക്കു പകരം പുതിയ ആദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ക്രമീകരണവും ഗവൺമെൻറ് സത്വരം ചെയ്യേണ്ടത് ഇങ്ങനെയുള്ള സ്കൂളുകളുടെ നിലവാരത്തകർച്ച ഒഴിവാക്കാൻ ഏറെ സഹായകമാകും.

കടുത്തുരത്തി പഞ്ചായത്തിൽ 6-ാം വാർഡിലും ഒന്നാം വാർഡിലും ഓരോ അൺ എയ്ഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. പഞ്ചായത്തിനു വെളിയിൽ പ്രവർത്തിയ്ക്കുന്ന ഏതാനും ഇംഗ്ളീഷ് മീഡിയം സ്കൂളുകളിലേയ്ക്കും ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആകർഷിക്കപ്പെടുന്നുണ്ട്.

സ്കൂൾ വിദ്യാഭ്യസ മേഖല കുട്ടികളുടെ കുറവുമൂലം ഏറെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ലാഭകരമല്ലാത്ത ഏതാനും സ്കൂളുകൾ (uneconomic schools) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിയ്ക്കുന്നുണ്ട്. അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന ഇത്തരം സ്കൂളുകളുടെ ഉന്നമനത്തിനായി പരിഹാര മാർഗ്ഗങ്ങൾ നേടേണ്ടിയിരിക്കുന്നു. അക്കാഡമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ വർദ്ധിപ്പിച്ചും ഭൗതീക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയും ഇക്കാര്യത്തിൽ പരിഹാരം തേടാവുന്നതാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുന:പരിശോധിക്കേണ്ടിയിരിക്കുന്നു. ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ളL.P. സ്കൂളുകളിൽ കുട്ടികളെ അയ്ക്കുന്നതിന് രക്ഷകർത്താക്കൾ മടി കാണിക്കുക സ്വാഭാവികമാണ്. ആയതിനാൽ ഷിഫ്റ്റ് സമ്പ്രദായം എത്രയും വേഗം മാറ്റേണ്ടിയിരിക്കുന്നു. യഥാസമയം പാഠ്യ പുസ്തകങ്ങൾ എത്തിച്ചും ഉച്ചക്കഞ്ഞി വിതരണത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചും അദ്ധ്യാപക രക്ഷകർതൃ സംഘടനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയും അക്കാഡമിക്ക് വിഷയങ്ങളോടോപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും കൂടുതൽ ഊന്നൽ നൽകിയും ഒരളവോളം കുട്ടികളെ ഇത്തരം സ്കൂളുകളിലേയ്ക്ക് ആകർഷിക്കുവാൻ സാധിയ്ക്കും. വർദ്ധിച്ചുവരുന്ന സ്വകാര്യ ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ സാധാരണ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയ്ക്കുന്ന മുഖ്യ ഘടകമായി ഇന്ന് അനുഭവപ്പെടുന്നു. പ്രൈമറി തലത്തിലെങ്കിലും മാതൃഭാഷയിലുള്ള പഠനം പ്രോത്സാഹിപ്പിയ്ക്കുന്നതിന് ഉതകുന്ന നിയമനിർമ്മാണം ഉണ്ടാകേണ്ടിയിരിക്കുന്നു. കടുത്തുരത്തി പഞ്ചായത്തിലെ 12 വാർഡുകളിലായി നടന്ന വിശേഷാൽ ഗ്രാമസഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ദ്വിതീയ ഘട്ട സ്ഥിതി വിവര ശേഖരണത്തിലൂടെ ലഭിച്ച വസ്തുതകളും സ്കൂൾ അധികൃതരിൽ നിന്നും ലഭിച്ച സ്ഥിതി വിവര കണക്കുകൾക്കും പുറമേ വായ്മൊഴിയായി ലഭിച്ച വിവരങ്ങളും നാട്ടു വർത്തമാനവും ഈ പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചു തയ്യാറാക്കിയ ഈ വിഷയ ഗ്രൂപ്പിൽ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ ഈ പഞ്ചായത്തിനുണ്ടായിട്ടുള്ള കുതിപ്പും കിതപ്പും ,സാമാന്യേന ഇതിൽ പ്രതിപാദിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. പോരായ്മകൾ ഉണ്ടാവാമെങ്കിൽക്കൂടി പ്രസക്തമായ കാര്യങ്ങൾ പഞ്ചായത്തു വികസന സെമിനാറിൻെറ ചർച്ചയ്ക്കും പദ്ധതി തയ്യാറാക്കലിനും ഉപകരിക്കുമെന്ന് കരുതുന്നു.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് യാഥാർത്ഥ്യമാക്കുന്ന പഞ്ചായത്ത് രാജ് നിയമം നടപ്പിൽ വന്ന ഭാരത്തിൽ ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാവേണ്ടത് ഇന്നിൻെറ ആവശ്യമാണ്. ജന പങ്കാളിത്തത്തോടെ ഒൻപതാം പഞ്ചാവത്സര പദ്ധതിയ്ക്കു രൂപം നൽകുന്ന കേരളത്തിൽ വിദ്യാഭ്യാസ മേഖലയുടെ മൂല്യശോഷണത്തിനും പരിഹാരം കാണാൻ ജനപങ്കാളിത്തത്തോടുകൂടിയ പദ്ധതി രൂപീകരണം സഹായകരമാകട്ടെ.

Table 7(I)

**വിദ്യാർത്ഥികൾ**

| ആകെ വിദ്യാർത്ഥികൾ | L.P. | | | | U.P. | | | | H.S. | | | | Total. 3646 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 3646 | ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % | Female. 53.48% |
| പെൺ 58.48% | 1307 | 651 | 656 | 58.19 | 324 | 230 | 94 | 29.01% | 2015 | 815 | 1200 | 59.55% | SC/ST 10.14% |

Table 7(2)

**SC/ST വിഭാഗം വിദ്യാർത്ഥികൾ**

| | L.P. | | | | | U.P. | | | | | HS. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | SC/ST | M/F | Other | % | ആകെ | SC/ST | M/F | Other | % | ആകെ | SC/ST | M/F | Other | % |
| | 1307 | 188 | 106/82 | 1119 | 14.38 | 324 | 78 | 52/26 | 246 | 24.07 | 2015 | 104 | 50/54 | 1096 | 5.56 |

Table 7(3)

**തോറ്റു പഠിയ്ക്കുന്നവർ**

| L.P. | | | | | | U.P. | | | | | | HS | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | ആൺ | പെൺ | SC/ST | M/F | Total | ആകെ | ആൺ | പെൺ | SC/ST | M/F | Total | ആകെ | ആൺ | പെൺ | SC/ST | M/F | Total |
| 66 | 26 | 22 | 18 | 10/8 | 36/40 | 15 | 4 | 4 | 7 | 6/1 | 10/5 | 164 | 42 | 89 | 33 | 19/14 | 61/103 |
| % | | | | 5.04 | | % | | | | | 4.62 | % | | | | 8.13 | |

**Table 7(4)**

| L.P. | | | | | | | U.P. | | | | | | | HS | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | ആൺ | പെൺ | 1 | 2 | 3 | 4 | ആകെ | ആൺ | പെൺ | 1 | 2 | 3 | 4 | ആകെ | ആൺ | പെൺ | 1 | 2 | 3 | 4 |
| 47 | 4+1 | 43+1 | 47 | 0 | 47 | - | 16 | 5 | 11+3 | 16 | 0 | 16 | - 71 | 0+4 | 71+7 | 71 | - | | | |

1. അനുവദിച്ച പോസ്റ്റുകൾ 2. ഒഴിവുള്ളവ 3. നിലവിലുള്ളവരുടെ എണ്ണം.

**Table 7(5)**

ഉടമസ്തത

| | സർക്കാർ | | | | | | എയിഡഡ് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | L.P. | U.P. | HS | അദ്യാ | വിദ്യാ | അനു | L.P. | U.P. | HS | അഭ്യാ | വിദ്യാ | അനു | | | |
| എണ്ണം | 3+1 | 2+1 | 1 | 29+18 | 585+294 | - | 5 | - | 4 | 109 | 3061 | | | | |
| അദ്യാ | 3/10 | 5/11 | - | - | - | - | 1/33 | - | 21/54 | | | | | | |
| വിദ്യാ | 261 | 324 | - | - | - | - | 1046 | - | 2015 | | | | | | |

**Table 7(6)**

നിർത്തിയവർ

| | L.P. | | | | U.P. | | | | HS | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | ആൺ | പെൺ | SC/ST | ആകെ | ആൺ | പെൺ | SC/ST | ആകെ | ആൺ | പെൺ | SC/ST | |
| | 5 | 1 | 3+1 | 1/1 | 5 | 1+3+1 | 1 | 1/1+1 | 16 | 9+2 | 7 | 2/0 | |

S.S.L.C വിജയ ശതമാനം

**Table 7(7)**

| | S.S.L.C | | | | |
|---|---|---|---|---|---|
| വർഷം | 1992-1993 | 1993-1994 | 1994-1995 | 1995-1996 | |
| ശതമാനം | 83.4 | 84.3 | 85.25 | 86.57 | |

**Table VIII**

| L.P.SCHOOL | |
|---|---|
| വൈദ്യുതീകരിച്ചവ | 7 |
| വൈദ്യുതി ഇല്ലാത്തവ | 1 |
| മൂത്രപ്പുര ഉള്ളവ | 7 |
| മൂത്രപ്പുര ഇല്ലാത്തവ | 1 |
| കക്കൂസ് ഉള്ളവ | 7 |
| കക്കൂസ് ഇല്ലാത്തവ | 1 |
| കിണർ ഉള്ളവ | 3 |
| കിണർ ഇല്ലാത്തവ | 5 |
| പൈപ്പ് ഉള്ളവ | 3 |
| പൈപ്പ് ഇല്ലാത്തവ | 5 |
| പാചകമുറി ഉള്ളവ | 7 |
| പാചക മുറി ഇല്ലാത്തവ | 1 |
| അകെ മൂത്രപ്പുര എണ്ണം | 12 |
| ആകെ കക്കൂസ് എണ്ണം | 7 |
| ആകെ ബ്ളാക്ക് ബോർഡ് | 48 |

| U.P.SCHOOL | |
|---|---|
| വൈദ്യുതീകരിച്ചവ | 1 |
| വൈദ്യുതി ഇല്ലാത്തവ | 1 |
| മൂത്രപ്പുര ഉള്ളവ | 4 |
| മൂത്രപ്പുര ഇല്ലാത്തവ | 0 |
| കക്കൂസ് ഉള്ളവ | 2 |
| കക്കൂസ് ഇല്ലാത്തവ | 0 |
| കിണർ ഉള്ളവ | 1 |
| കിണർ ഇല്ലാത്തവ | 1 |
| പൈപ്പ് ഉള്ളവ | 0 |
| പൈപ്പ് ഇല്ലാത്തവ | 2 |
| പാചകമുറി ഉള്ളവ | 2 |
| പാചകമുറി ഇല്ലാത്തവ | 0 |
| ആകെ മൂത്രപ്പുര എണ്ണം | 4 |
| ആകെ കക്കൂസ് എണ്ണം | 2 |
| ആകെ ബ്ളാക്ക് ബോർഡ് | 12 |

| HIGH SCHOOL | |
|---|---|
| വൈദ്യുതീകരിച്ചവ | 3 |
| വൈദ്യുതി ഇല്ലാത്തവ | 0 |
| മൂത്രപ്പുര ഉള്ളവ | 3 |
| മൂത്രപ്പുര ഇല്ലാത്തവ | 0 |
| കക്കൂസ് ഉള്ളവ | 2 |
| കക്കൂസ് ഇല്ലാത്തവ | 1 |
| കിണർ ഉള്ളവ | 2 |
| കിണർ ഇല്ലാത്തവ | 1 |
| പൈപ്പ് ഉള്ളവ | 3 |
| പൈപ്പ് ഇല്ലാത്തവ | 0 |
| പാചകമുറി ഉള്ളവ | 2 |
| പാചകമുറി ഇല്ലാത്തവ | 1 |
| ആകെ മൂത്രപ്പുര എണ്ണം | 15 |
| ആകെ കക്കൂസ് എണ്ണം | 15 |
| ആകെ ബ്ളാക്ക് ബോർഡ് | 50 |

Table IX

| | LP School | UP School | High School |
|---|---|---|---|
| ലൈബ്രറി സൗകര്യം ഉള്ളവ | 7 | 2 | 5 |
| ലൈബ്രറി ഇല്ലാത്തവ | 1 | 0 | 0 |
| ലബോറട്ടറി ഉള്ളവ | 6 | 2 | 5 |
| ലബോറട്ടറി ഇല്ലാത്തവ | 2 | 0 | 0 |
| പഠനോപകരണങ്ങൾ ഉള്ളവ | 7 | 2 | 5 |
| ഇല്ലാത്തവ ഗ്ലോബ്, മാപ്പ് | 1 | 0 | 0 |
| റേഡിയോ, ടേപ്പ് ഉള്ളവ | 8 | 2 | 5 |
| റേഡിയോ, ടേപ്പ് ഇല്ലാത്തവ | 0 | 0 | 0 |
| റ്റി. വി. ഉള്ളവ | 1 | 0 | 1 |
| റ്റി. വി. ഇല്ലാത്ത | 7 | 2 | 2 |
| വി.സി.ആർ, വി.സി.പി. ഉള്ളവ | 0 | 0 | 1 |
| വി.സി.ആർ, വി.സി.പി. ഇല്ലാത്തവ | 8 | 2 | 4 |
| കമ്പ്യൂട്ടർ ഉള്ളവ | 0 | 0 | 1 |
| കമ്പ്യൂട്ടർ ഇല്ലാത്തവ | 8 | 2 | 4 |
| സിനിമ പ്രോജക്ടർ ഉള്ളവ | 1 | 0 | 0 |
| സിനിമ പ്രോജക്ടർ ഇല്ലാത്തവ | 7 | 2 | 5 |
| ചുറ്റുമതിൽ ഉള്ളവ | 2 | 1 | |
| ചുറ്റുമതിൽ ഇല്ലാത്തവ | 6 | | |

# സാംസ്ക്കാരികം



**ഒരു** ജനതയുടെ സംസ്കാരം അവർ ജീവിച്ച കാലഘട്ടത്തിൻെറ ചരിത്രമാണ്. അദ്ധ്വാനം പ്രകൃതിയെയും, പ്രകൃതി മനുഷ്യനെയും പരസ്പരം പൂർണ്ണമാക്കിക്കൊണ്ടിരുന്ന ചരിത്രത്തിൻെറ പ്രയാണത്തിൽ കലാരൂപങ്ങൾക്കും, ആസ്വാദനരീതികൾക്കും മാറ്റം സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക പുരോഗതിയും, സാംസ്കാരിക പുരോഗതിയു മാണ് ഓരോ വ്യക്തിയുടെയും ജീവിതത്തിന് അർത്ഥം നൽകുന്നത്. ആദ്യകാലം മുതലേ ഭാരതം അതിൻെറ ഹൃദയത്തിൽ സൂക്ഷിച്ചുപോന്ന സാംസ്ക്കാരിക വിശുദ്ധിയുടെ സ്പന്ദനങ്ങളുടെ ബഹിർസ്ഫുരണങ്ങൾ കടുത്തുരുത്തി പഞ്ചായത്തിൻെറ സാംസ്കാരിക രംഗത്തും പ്രതിഫലിച്ചിട്ടുണ്ട്.

മനുഷ്യ ഹൃദയത്തിൻെറ ദീർഘകാലമായ വളർച്ചയുടെ ഫലമായിട്ട്, ശാസ്ത്രസാങ്കേതിക രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുകയും, അതിലൂടെ നമ്മുടെ സാമൂഹിക ജീവിതത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളും, സാംസ്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. ഈ മാറ്റങ്ങൾ നമ്മുടെ ഗ്രാമീണജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനം അതിപ്രധാനമാണ്. ഇത്തരത്തിലുണ്ടായിട്ടുള്ള മാറ്റങ്ങളും അതിലൂടെയുണ്ടായിട്ടുള്ള സാംസ്ക്കാരിക നേട്ടങ്ങളും ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാരിക ജീവിതത്തിൽ അൽഭുതാവഹമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ജാതി- ജന്മി നാടുവാഴിത്ത വ്യവസ്ഥിതിയുടെ ഭാഗമായി നിലനിന്നിരുന്ന സാമൂഹ്യ അനാചാരങ്ങളെയും അടിച്ചമർത്തലുകളെയും അതിജീവിച്ച്, ദേശീയ പ്രസ്ഥാനങ്ങളുടെയും കേരളത്തിൻെറ നവോത്ഥാന മുന്നേറ്റങ്ങളുടെയും ഭാഗമായി നടന്ന സാമൂഹിക മാറ്റങ്ങളിലൂടെ ജീവിതത്തിൻെറ നാനാ തുറകളിലുള്ള സമസ്ത ജനവിഭാഗങ്ങളിലും സാംസ്ക്കാരിക രംഗത്ത് പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഇതോടൊപ്പം തന്നെ പുരോഗമനപ്രസ്ഥാനങ്ങളുടെയും ക്രിസ്ഥ്യൻ മിഷനറിമാരുടെയും നിരന്തരമായുള്ള പ്രവർത്തനങ്ങളും ഇടപെടലുകളും ഈ നേട്ടത്തിലേക്ക് നമ്മെ എത്തിക്കുവാൻ സഹായിച്ച സുപ്രധാന ഘടകങ്ങളാണ്. ഇന്ന് നാം എത്തിനിൽക്കുന്ന കാലഘട്ടത്തിൽനിന്ന്, തിരിഞ്ഞു നോക്കുമ്പോൾ ഈ ഗ്രാമ സംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ച ഒട്ടേറെ സ്ത്രോതസുകളെ നമുക്ക് കണ്ടെത്താനാകും. അവയിൽ സുപ്രധാനമായത് വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളാണ്.

സവർണ്ണ ജനവിഭാഗങ്ങളിലെ കുട്ടികൾക്കായി മാത്രം വിദ്യാഭ്യാസസമ്പ്രദായം നിലനിന്നിരുന്ന കാലഘട്ടത്തിൽനിന്നും, അന്നകറ്റി നിർത്തപ്പെട്ടിരുന്ന അവർണ്ണരടക്കം സമൂഹത്തിലെ നാനാജാതി മതസ്തർക്കും

അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ സ്വാതന്ത്ര്യമുള്ള വർത്തമാനകാലത്തിലേക്ക് മുന്നേറാൻ നമുക്ക് കഴിഞ്ഞു. ഇതിന് സഹായകരമായ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസരംഗത്ത് ക്രിസ്ത്യൻ മിഷനറിമാരും അതിന് പശ്ചാത്തലമൊരുക്കിയ സാമൂഹിക മാറ്റങ്ങൾ കൈവരിക്കുന്നതിനായി

**സാമ്പത്തിക പുരോഗതിയും, സാംസ്കാരിക പുരോഗതിയു മാണ് ഓരോ വ്യക്തിയു-ടെയും ജീവിതത്തിന് അർത്ഥം നൽകുന്നത്. ആദ്യകാലം മുതലേ ഭാരതം അതിൻെറ ഹൃദയത്തിൽ സൂക്ഷിച്ചുപോന്ന സാംസ്ക്കാരിക വിശുദ്ധിയുടെ സ്പന്ദനങ്ങളുടെ ബഹിർസ്ഫുരണങ്ങൾ കടുത്തുരുത്തി പഞ്ചായത്തിൻെറ സാംസ്കാരിക രംഗത്തും പ്രതിഫലിച്ചിട്ടുണ്ട്.**

പുരോഗമനപ്രസ്ഥാനങ്ങളും സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തിട്ടുണ്ട്.

കടുത്തുരുത്തി പഞ്ചായത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളെ അപേക്ഷിച്ച് സാംസ്കാരിക രംഗത്ത് പുരോഗതി ഉണ്ടായിട്ടുണ്ട്. എങ്കിലും അമൂല്യമെന്ന് അനുമാനിച്ചിരുന്ന നമ്മുടെ സാംസ്കാരിക പൈതൃകത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യച്യുതി നമ്മളേയും ബാധിച്ചിട്ടുണ്ട്. ഇവയെ കണ്ടറിയുകയും ജനങ്ങളെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇന്ന് നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന സാംസ്ക്കാരിക പുരോഗതിക്ക് മൂല്യസംരക്ഷണം ഊട്ടിയുറപ്പിക്കുന്നതിനുള്ള പ്രവർത്തനം നടക്കേണ്ടതായിട്ടുണ്ട്.

ജീവിതത്തിലെ വിവിധ മേഖലകളിൽ ഗുണപരമായ മാറ്റം അടുത്ത കാലഘട്ടങ്ങളിൽ വരുത്തുവാൻ സാംസ്കാരിക രംഗത്തെ ഉയർത്തെഴുന്നേൽപ്പ് കൊണ്ട് നമുക്ക് സാധിക്കും. ഓരോ വ്യക്തിയുടെയും സാംസ്കാരിക പുരോഗതിക്ക് വഴി തെളിക്കുന്നത് സാമ്പത്തിക പുരോഗതിയും, ജനങ്ങളുടെ കൂട്ടായ്മയും അതിലൂടെയുള്ള നാടിൻെറ വികസനവുമാണെന്നുള്ളതുകൊണ്ട് ജനകീയാസൂത്രണപ്രസ്ഥാനം നമുക്ക് ആവേശം പകരുന്നു.

സാംസ്കാരിക രംഗത്തുണ്ടായിട്ടുള്ള ഈ പുത്തൻ ഉണർവ്വ് കണ്ടറിഞ്ഞ് പ്രവർത്തിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നാമമാത്രമായ ഫണ്ടുകൾ മാത്രമേ ഈ രംഗത്ത് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളൂ.

| ഇനം | 1993/94 | 1994/95 | 1995/96 |
|---|---|---|---|
| ഗസറ്റ് പത്രം | 4.382.00 | 1822.40 | 1679.50 |
| ആശാൻ പ്രൈസ് | 1.600.00 | 1800.00 | 2625.00 |
| ലൈബ്രറി ബുക്ക്സ് | 11000.00 | 6973.00 | - |
| ലൈബ്രറി ഗ്രാൻറ് | 990.00 | 1375.75 | |
| സാക്ഷരത | 1180.00 | 1261.20 | - |
| പഞ്ചായത്ത് ദിനാഘോഷം | 1000.00 | - | 4959.00 |
| ലൈബ്രറി പുനരുദ്ധാരണം | - | - | 1960.00 |
| കേരളോത്സവം | - | - | 5000.00 |
| ആകെ | 19162.00 | 12847 | 7799.25 |

കഴിഞ്ഞ കാലങ്ങളിൽ സാംസ്ക്കാരികരംഗത്ത് പഞ്ചായത്ത് ചെലവഴിച്ച തുക താഴെ പട്ടികയിൽ ചേർക്കുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ സാംസ്കാരികരംഗത്ത് സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട അനേകം പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ഈ രംഗത്ത് അനവധി പൊതുനിർദ്ദേശങ്ങളും കടന്നുവരികയുണ്ടായി. ഈ പൊതു നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. വിവിധ സാംസ്ക്കാരിക സംഘടനകളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നതിന്, പഞ്ചായത്തു തലത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിലെ അവശ കലാകാരൻമാർക്ക് പെൻഷൻ അനുവദിക്കുക.

3. T.V. യുടെ അതിപ്രസരത്തിന് നിയന്ത്രണം ഏർപ്പെടുത്തുക.

4. സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കുക.

5. അശ്ലീലച്ചുവയുള്ള പോസ്റ്റർ പ്രദർശനങ്ങൾ കർശനമായി തടയുക

6. കടുത്തുരുത്തിയിലെ സാംസ്ക്കാരിക രംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന ക്ലബ്ബുകൾക്കു ധനസഹായവും അവർക്ക് വേണ്ട പ്രോത്സാഹനവും നൽകുക.

## പത്ര വായനിയിലെ ചില സത്യങ്ങൾ

പത്രവായനാരംഗത്ത് കടുത്തുരുത്തി പഞ്ചായത്തിലെ ജനങ്ങളിൽ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഏതാണ്ട് 40 ശതമാനം പേർ മാത്രമേ പത്രം വായിക്കുന്നവരുള്ളൂ. അതുപോലെതന്നെ 15 ശതമാനം വീടുകളിൽ മാത്രമേ പത്രം വരുത്തുന്നുള്ളുവെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. സമ്പൂർണ്ണ സാക്ഷരത നേടിയെന്നഭിമാനിക്കുന്ന നമ്മളെ സംബന്ധിച്ചിടത്തോളം ഇന്നു കണക്കുകൾ അശുഭകരമാണ്.

വായനാരംഗത്ത് കർഷകർ, മറ്റു ദരിദ്ര ജനവിഭാഗക്കാർ വളരെ പിന്നിലാണ്. ഇവരിൽ 8 ശതമാനത്തിൽ താഴെ പേർ മാത്രമേ പത്രം വായിക്കുന്നവരുള്ളൂ., അതും പുരോഗമനരാഷ്ട്രീയപ്രസ്ഥാനങ്ങളുമായി സഹകരിക്കുന്നവരും, ഉദ്യോഗസ്ഥരുമാണ്. സാമുദായികാടിസ്ഥാനത്തിൽ പത്രം വരുത്തുന്ന സ്വാഭാവം പഞ്ചായത്തിലുണ്ട്. രാഷ്ട്രീയാടിസ്ഥാനത്തിൽ പത്രം വരുത്തുന്ന പ്രവണതയും കാണപ്പെടുന്നു.

പഞ്ചായത്തിൽ വരുത്തുന്ന വിവിധ ദിനപ്പത്രങ്ങളുടെ കണക്ക് താഴെ പട്ടികാരൂപത്തിൽ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. പട്ടിക 8(3)

| ആഴ്ചപ്പതിപ്പുകൾ | എണ്ണം |
|---|---|
| മനോരമ | 500 |
| മംഗളം | 500 |
| വനിത | 220 |
| കേരളശബ്ദം | 50 |
| കലാകൗമുദി | 30 |
| മാതൃഭൂമി | 20 |
| ഗൃഹലക്ഷ്മി | 20 |
| ഇൻഡ്യാടുഡേ | 40 |
| കർഷകശ്രീ | 25 |
| കർഷകൻ | 10 |
| നാന | 40 |
| ഭാഷാപോഷിണി | 4 |
| വെള്ളിനക്ഷത്രം | 6 |
| സ്ത്രീധനം | 6 |
| സിനിമാ ടുഡേ | 10 |
| സ്ത്രീ | 10 |
| ചിത്രഭൂമി | 5 |
| മാതൃഭൂമി തൊഴിൽ വാർത്ത | 50 |
| കരിയർ ദീപിക | 30 |
| | 1576 |

| ബാലസാഹിത്യം | എണ്ണം |
|---|---|
| ബാലരമ | 220 |
| ബോബനും മോളിയും | 150 |
| പൂമ്പാറ്റ | 75 |
| ബാലമംഗളം | 75 |
| ബാലഭൂമി | 40 |
| മുത്തശ്ശി | 40 |
| കളിക്കുടുക്ക | 20 |
| ഉണ്ണികുട്ടൻ | 50 |
| ടോംസ് | 27 |
| കുട്ടികളുടെ ദീപിക | 5 |
| | 707 |

| പത്രങ്ങൾ | എണ്ണം |
|---|---|
| മലയാള മനോരമ | 408 |
| മാതൃഭൂമി | 300 |
| ദീപിക | 102 |
| ദേശാഭിമാനി | 97 |
| കേരളകൗമുദി | 71 |
| രാഷ്ട്രദീപിക | 75 |
| മംഗളം | 69 |
| ഇനക്ഷഡ്യൻ എക്സ്പ്രസ്സ് | 31 |
| ഇക്കണോമിക്സ് ടൈംസ് | 5 |
| | 1258 |

പത്രവായനാരംഗത്ത് സാധാരണജനങ്ങൾ പിന്നോട്ടു പോകുന്നതെന്തുകൊണ്ടെന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പ്രധാനകാരണങ്ങൾ, പത്രവായനയെക്കുറിച്ച് ജനങ്ങളിൽ മാനസികമായ താല്പര്യം കടന്നു വരാത്തതും, സാമ്പത്തികമായ പിന്നോക്കാവസ്ഥയും, അതിലുപരി അടിക്കടി പത്രങ്ങൾക്കുണ്ടാകുന്ന വിലക്കയറ്റവുമാണ്. ആകയാൽ, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ദരിദ്ര ജനവിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ പത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. കൂടാതെ, ഈ രംഗത്ത് ബോധവത്ക്കരണവും അത്യന്താപേക്ഷിതമാണ്.

## പ്രസിദ്ധീകരണങ്ങൾ

ആനുകാലികപ്രസിദ്ധീകരണങ്ങൾ കൂടുതലായി വിറ്റഴിയുന്ന പ്രദേശമാണ് കടുത്തുരുത്തി. സാധാരണജനങ്ങളിൽ ഭൂരിഭാഗവും ഇത്തരം പ്രസിദ്ധീകരണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. വിജ്ഞാനപ്രദങ്ങളായ പ്രസിദ്ധീകരണങ്ങൾക്കു പകരം, പൈങ്കിളി സാഹിത്യങ്ങൾ ഇളം മനസുകളിൽ ചെക്കേറിയിരിക്കുന്നു. ഇത്തരം പ്രസിദ്ധീകരണങ്ങൾ സാംസ്ക്കാരിക മൂല്യതകർച്ചയ്ക്ക് വഴി തെളിക്കുമെന്നതിൽ സംശയമില്ല. ആയതിനാൽ വിപുലമായ ബോധവത്ക്കരണം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

മുകളിൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമീണതലത്തിൽ വായനശാലകളും, സ്കൂൾ തലത്തിൽ ഗ്രന്ഥശാലകൾ അടങ്ങിയ റീഡിംഗ് റൂമും സ്ഥാപിച്ച് വിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുകയും, ബോധവത്ക്കരണഭാഗമായി ചർച്ചാക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ച് ഉന്നതമായ ഒരു സാംസ്ക്കാരത്തിലേക്ക് എത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## ദൃശ്യമാദ്ധ്യമങ്ങൾ

### സിനിമ

ദൃശ്യമാദ്ധ്യമങ്ങളിൽ ജനങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് സിനിമയാണല്ലോ. കടുത്തുരുത്തി കേന്ദ്രമായി ഒരു സിനിമാശാല ഉണ്ടായിരുന്നെങ്കിലും , ഇന്നത് ഇല്ലാതായിരിക്കയാണ്. ഒരു കാലത്ത് പഞ്ചായത്തിൻെറ ഒരു പ്രധാനവരുമാനമാർഗ്ഗമായിരുന്നു ഈ സിനിമാശാല. ഇപ്പോൾ ഭൂരിഭാഗം ജനങ്ങളും, പ്രത്യേകിച്ച് യുവാക്കൾ സിനിമാ കാണുന്നതിന് മറ്റു പ്രദേശങ്ങളെ ആശ്രയിക്കുന്നു.

ദൃശ്യശ്രാവ്യരംഗത്ത് മുന്നിട്ടു നില്ക്കുന്ന സിനിമ ഇന്ന് മൂല്യതകർച്ചയുടെ വക്കിലാണ്. വ്യാവസായികാടിസ്ഥാനത്തിലുള്ള സിനിമാനിർമ്മാണവും, ഈ രംഗത്ത് മത്സരിച്ചുകൊണ്ട് എങ്ങനെയും ഒരു സിനിമ ഉണ്ടാക്കുക എന്ന വ്യഗ്രതയും, നിർമ്മാതാക്കളിലും, സംവിധായകരിലും വളർന്നു വന്നതുകൊണ്ട്, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ ഒരു ഇതിവൃത്തം കണ്ടെത്താൻ ഇവർക്ക് കഴിയുന്നില്ല. കൂടാതെ അശ്ലീല പ്രദർശനങ്ങൾ കാണിച്ചും, യുവാക്കളിൽ അക്രമവാസന വളർത്താൻ സഹായിക്കുന്ന രംഗങ്ങൾ പ്രദർശിപ്പിച്ചും സമൂഹത്തെയാകെ സാംസ്കാരികമായി അധ:പതിപ്പിച്ചിരിക്കുകയാണ്. ഇത് സാമൂഹ്യരംഗത്ത് വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു. ഒരു നാടിൻെറ സർവ്വതോന്മുഖമായ പുരോഗതിക്കും വികസനത്തിനും അടിസ്ഥാനഘടകം യുവശക്തി ആണെന്നുള്ളതുകൊണ്ട് യുവാക്കളെ ഈ രംഗത്ത് ബോധവത്ക്കരിക്കേണ്ടതാവശ്യമാണ്.

**ടെലിവിഷൻ**

ലോകത്തുണ്ടായിട്ടുള്ള ശാസ്ത്രീയ നേട്ടങ്ങളുടെ ഭാഗമായി വ്യാവസായികാടിസ്ഥാനത്തിൽ, ഒരു ചതുരപ്പെട്ടിയുടെ രൂപത്തിൽ നമ്മുടെ മുന്നിലേക്ക് കടന്നുവന്ന ടി. വി. ദൃശ്യശ്രാവ്യരംഗത്ത് വളർന്നു വന്ന ഒരു വലിയ നേട്ടമാണ്. അടുത്ത കാലത്തായി, ടെലിവിഷനെ കൂടുതലും ആശ്രയിക്കുന്ന പ്രവണത പഞ്ചായത്തിൽ ഏറിയിട്ടുണ്ട്. പഞ്ചായത്തിലെ ചില വാർഡുകളിൽ കേബിൾ ടി. വി. പൂർണ്ണമായും പ്രവർത്തിക്കുന്നു. ദൂരദർശൻെറ ഒന്നാം ചാനൽ പൂർണ്ണമായും, രണ്ടും നാലും ചാനലിൻെറ മദ്ധ്യാഹ്ന സംപ്രേഷണവും ഈ വാർഡിൻെറ ചില ഭാഗങ്ങളിൽ ലഭിക്കുന്നുണ്ട്.

ലോകത്തു നടക്കുന്ന സംഭവവികാസങ്ങൾ അപ്പപ്പോൾ അറിയുവാൻ കഴിയുന്നു എന്നുള്ളത് വലിയ നേട്ടമാണ്. എന്നാൽ, ഈ മാധ്യമം വന്നതോടുകൂടി ഗാർഹിക ചുറ്റുപാടുകളിൽനിന്നും സ്ത്രീകളെയും, വിദ്യാഭ്യാസരംഗത്തുനിന്ന് കുട്ടികളെയും വഴി തിരിച്ചുവിടുന്ന പ്രവണത വളർന്നു വരുന്നത് നമ്മുടെ സംസ്കാരത്തിനും, കുടുംബപുരോഗതിക്കും, അതോടൊപ്പം നാടിൻെറ വികസനത്തിനും വിഘാതമായി വരുമോ എന്ന ആശങ്ക നിഴലിക്കുന്നുണ്ട്.

നമ്മുടെ സാംസ്കാരിക രംഗത്തെ മൂല്യതകർച്ചയെ സഹായിക്കുന്ന തരത്തിലുള്ള ചില പ്രദർശനങ്ങൾ, ഉപഭോക്തൃസംസ്കാരം നമ്മളിലേയ്ക്ക് കുത്തിവക്കുന്ന തരത്തിലുള്ള പരസ്യപ്രദർശനങ്ങൾ മുതലായവ നമ്മുടെ സ്വാശ്രയ ജീവിതത്തെ വഴിതിരിക്കുകയും ഒരു ഉപഭോക്തൃസംസ്ക്കാരപ്രവണത നമ്മളിൽ വളർത്തുകയും ചെയ്യുന്നു. കൂടാതെ, നമ്മുടെ കുടുംബചുറ്റുപാടുകളെ ദോഷകരമായി ബാധിക്കുന്ന ചില പ്രവർത്തനങ്ങൾ അറിഞ്ഞും അറിയാതെയും ഈ മാധ്യമം വന്നതോടുകൂടി ഉണ്ടായിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ കൂടുതലും ടി. വി. കാണുന്നതിന് അന്യവീടുകളെയാണ് ആശ്രയിക്കേണ്ടി വരുന്നത് എന്നതിനാലാണ് ഇതിനുള്ള സാഹചര്യം ഉണ്ടാകുന്നത്. ആയതുകൊണ്ട്, ഗ്രാമപ്രദേശങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിച്ച് ടി. വി. കാണുന്നതിനുള്ള സൗകര്യം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഈ നിർദേശം പഞ്ചായത്തിലെ എല്ലാ വാർഡുകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. അതുപോലെതന്നെ, പൊതുസ്ഥലങ്ങളിൽ റ്റി. വി സെറ്റുകൾ സ്ഥാപിക്കണമെന്നുള്ള നിർദേശവും മിക്ക ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

**ടി.വി. സെറ്റുകൾ വേണ്ട പൊതുസ്ഥലങ്ങൾ**

പട്ടിക 8(4)

| വാർഡ് | പൊതുസ്ഥലം |
|---|---|
| 2 | വാലാച്ചിറ റെയിൽവേസ്റ്റേഷൻ പരിസരം |
| 3 | കൊടികുത്തി സെറ്റിൽ ഇന്ത് കോളനി |
| 3. | തത്തപ്പള്ളി കോളനി |
| 3. | മുത്താംകുഴി സെറ്റിൽമെൻറ് കോളനി |
| 5 | പാലകര ലക്ഷം വീട് കോളനി |
| 5 | ഒറ്റിയാംകുന്ന് പ്രദേശം |
| 5 | നവജ്യോതി വായനശാലാ പരിസരം |
| 8 | മുട്ടുചിറ കവല |
| 8 | കുരിശുംമൂട് പ്രദേശം |
| 6 | മങ്ങാട്ടുനിരപ്പ് ഭാഗം |
| 10 | പുലിതുരുത്ത് |

**റേഡിയോ**

ആദ്യകാലങ്ങളിൽ റേഡിയോയാണ് ശ്രാവ്യരംഗത്ത് പ്രധാനമാധ്യമമായി കരുതിയിരുന്നത്. എന്നാൽ ടി. വി വന്നതോടുകൂടി ഈ പ്രവണതയ്ക്ക് മങ്ങലേറ്റിട്ടുണ്ട്. ഗ്രാമങ്ങളിലെ എല്ലാ വീടുകളിലും റേഡിയോ ഇന്ന് നിലവിലുണ്ട്. വിജ്ഞാനപ്രദങ്ങളായ വിവിധ വിഷയങ്ങൾ പ്രക്ഷേപണം ചെയ്യാൻ റേഡിയോ ശ്രദ്ധിക്കാറുണ്ട്. അടുത്ത കാലത്തായി പ്രേഷണരംഗത്ത് നമ്മുടെ സാംസ്കാരിക മൂല്യങ്ങളെ വളർത്താൻ സഹായിക്കുന്ന തരത്തിലുള്ള സംപ്രേഷണം നടത്താൻ കൂടുതൽ ശ്രദ്ധ റേഡിയോ കൊടുക്കാറുണ്ട്.

## കായികരംഗം

ഗ്രാമീണതലത്തിലുള്ള ക്ലബ്ബുകളുടെ വളർച്ച അടിസ്ഥാനപ്പെടുത്തിയാണ് കായികരംഗം നിലനിൽക്കുന്നത്. ~~പഞ്ചായത്തുതല~~ കായിക മേള വന്നതോടുകൂടി ഗ്രാമീണ

ക്ലബ്ബുകൾ വളരാനും, കായികതാരങ്ങൾക്ക് ഒരു പരിധിവരെ ഉണർവ്വ് കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽമുമ്പ് യുവജനങ്ങൾ ആവേശകരമായി പങ്കെടുത്തിരുന്ന നാടൻ പന്തുകളി, വോളീബോൾ, ഫുട്ബോൾ എന്നിവ അടുത്തകാലത്തായി അന്യമായികൊണ്ടിരിക്കുകയും, ആ സ്ഥാനത്ത് ക്രിക്കറ്റ് കടന്നു വരുകയും ചെയ്യുന്ന പ്രവണത ഈ പഞ്ചായത്തിലുണ്ട്. യുവാക്കൾ ഇന്നധികവും ക്രിക്കറ്റിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. വർഷംതോറും, കലാകായിക മത്സരങ്ങൾ ആവേശപൂർവ്വം ക്ലബ്ബുകൾ നടത്തിപ്പോന്നിരുന്നു. ഇതിന് സഹായകരമായി ഒരു കാലത്ത് കടന്നുവന്ന പഞ്ചായത്തുമേളകൾ ഇന്നൊരു വഴിപാടായി നടത്തുവാനുള്ള പ്രവണതയാണ് പഞ്ചായത്തു നടത്തുന്നത്. ആയതുകൊണ്ട്, ഇത്തരം മത്സരങ്ങൾക്ക് ഗ്രാമീണതലത്തിലും മങ്ങലേറ്റിട്ടുണ്ട്. പഞ്ചായത്തുപ്രദേശത്തുള്ള മുഴുവൻ ക്ലബ്ബുകളെയും, മറ്റു സന്നദ്ധസംഘടനകളെയും പഞ്ചായത്തു മേളകൾ നടക്കുന്ന വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യാത്തതാണ് ഇവ പരാജയപ്പെടുത്തുന്നതിനുള്ള പ്രധാനകാരണം. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പഞ്ചായത്തു കാണിക്കേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള സ്കൂളുകളിലെ കലാകായിക പ്രതിഭകളെ ഉയർത്തികൊണ്ടുവരുവാനും, ഗ്രാമീണതലത്തിലുള്ള കലാകാരൻമാരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുവാനും വേണ്ട പ്രവർത്തനവും പഞ്ചായത്തു നടത്തേണ്ടതാണ്.

### കളരിപ്പയറ്റ്

കടുത്തുരുത്തി, പാലകര, എന്നിവിടങ്ങളിലുള്ള കളരികളിൽ കളരിപയറ്റ് അഭ്യസിപ്പിക്കുന്നുണ്ട്. കളരിപ്പയറ്റ്, യോഗാസനം തുടങ്ങിയവയാണ് ഇവിടുത്തെ പ്രധാന അദ്ധ്യയനവിഷയങ്ങൾ. കടുത്തുരുത്തിയുടെ സാംസ്കാരികരംഗത്തെ വളർച്ചയിലേയ്ക്ക് നിർണ്ണായകമായ സംഭാവനകൾ നൽകിയ ഒരു സ്ഥാപനമാണ് സി. വി. എൻ. കളരി.

ആധുനീകമായ നിരവധി ആയോധനമുറകളുടെ അതിപ്രസരങ്ങൾക്കിടയിലും, പരമ്പരാഗത ശൈലിയിലുള്ള ആയോധനമുറകളുടെ തനിമ നിലനിർത്താൻ കളരിപ്പയറ്റിന് കഴിഞ്ഞിട്ടുണ്ട്. കഥകളിപോലെതന്നെ പ്രധാനമായ ഈ കലയുടെ മുഖ്യസവിശേഷതകൾ ഇത് ശാരീരിക വ്യായാമത്തിനും, ആത്മരക്ഷയ്ക്കും ആയി അഭ്യസിക്കുന്നുവെന്നതും ഒരു യുദ്ധ കല ആണെന്നുള്ളതുമാണ്. യോഗാസനത്തിൻെറ അനന്തമായ സാദ്ധ്യതകളും തിരുമ്മു ചികിത്സയുടെ ഗുണഫലങ്ങളും ഇന്നത്തെ സമൂഹത്തിൽ ജനതതിയുടെ ആരോഗ്യപരിപാലനത്തിൽ പ്രധാനപങ്കു വഹിക്കുന്നു.

### കലാരംഗം

ഒരു കാലത്ത് അമച്വർ നാടകവേദികളും, ബാലെട്രൂപ്പുകളും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ അരങ്ങേറിയിരുന്നു. എന്നാൽ ഇവയെല്ലാം ഇന്ന് ഓർമ്മകളിൽ മാത്രമായിരിക്കുകയാണ്. ഈ രംഗത്ത് കാര്യശേഷിയുള്ള ഒരു വേദിയും പഞ്ചായത്തിലില്ല. ഇന്ന്, പ്രൊഫഷണൽ നാടകത്തോടും, ഗാനമേളയോടുമുള്ള താല്പര്യം ജനങ്ങളിൽ വർദ്ധിച്ചു വരികയാണ്. പഴയ വാദ്യമേളങ്ങൾക്കും സ്വരങ്ങൾക്കും ഇന്ന് ഇമ്പം കുറഞ്ഞിരിക്കുന്നു.

വില്ലടിച്ചാംപാട്ട്, ഉടുക്കുകൊട്ട് തുടങ്ങിയ കലാരൂപങ്ങൾ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. കഥകളി രംഗത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് അവ പഠിക്കുന്നതിനും, കാണുന്നതിനുമുള്ള താല്പര്യം ഇല്ലാതെയായിരിക്കുന്നു. കഥാപ്രസംഗരംഗത്ത് കടുത്തുരുത്തിക്ക് പണ്ടുണ്ടായിരുന്ന പ്രതാപം നഷ്ടപ്പെട്ടു. വിവിധ വാദ്യോപകരണങ്ങൾ വായിക്കുന്ന കലാകാരന്മാർ ഈ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഉണ്ട്. ഇവർക്കൊക്കെ വളർന്നുവരുന്നതിനുള്ള അവസരം ഇല്ലാ എന്നുള്ളതാണ് പരമാർത്ഥം.

### ക്ലാസിക് കലകൾ

സംഘകാലം മുതലേ കലകളുടെ കേളീഗൃഹം ക്ഷേത്രാങ്കണങ്ങളും രാജസദസുകളുമായിരുന്നുവല്ലോ. വർത്തമാനകാലയുഗത്തിലും കലയുടെ കേദാരഭൂമി ക്ഷേത്രങ്ങൾ തന്നെയാണ്. ക്ഷേത്ര കലകളിൽ ഏറ്റവും പ്രധാനം കഥകളിയാണ്. ആംഗികവും, വാചികവുമായ അഭിനയങ്ങളിലൂടെ മുഴുവൻ ഭാവങ്ങളുടെയും, രസങ്ങളുടെയും സാക്ഷാത്ക്കാ

രമാണ് കഥകളിയുടെ സവിശേഷത. കഥകളിയിൽ പ്രധാനമായും പച്ച, കത്തി, താടി, മിനുക്ക് തുടങ്ങിയവയാണ് വ്യത്യസ്ത വേഷങ്ങൾ. ഇതിൽതന്നെ പച്ചയും മിനുക്കും സാത്വിക കഥാപാത്രങ്ങളെയും, കത്തിയും, താടിയും, അസുരകഥാപാത്രങ്ങളെയും പ്രതിനിധീകരിക്കുന്നു. ഓട്ടൻ തുള്ളൽ ഗരുഡൻ തൂക്കം, കൊമ്പ്, ശംഖ്, മദ്ദളം, ഇടയ്ക്ക, തിമില എന്നീ വാദ്യങ്ങളുടെ ലയനമാല പഞ്ചവാദ്യം, സംഗീതസനദസ്സ്, നാടകം, ബാലെ, കഥാപ്രസംഗം തുടങ്ങിയ നാനാതരം കലാരൂപങ്ങൾ ക്ഷേത്രങ്ങളിൽ അരങ്ങേറി വരുന്നു.

നൃത്തകലകളിലെ പ്രധാനപ്പെട്ട ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, നാടോടിനൃത്തം, എന്നിവയ്ക്ക് സമൂഹത്തിൽ വമ്പിച്ച പ്രചാരമുണ്ട്. മലയാളത്തനിമയുടെ പ്രതീകമായ നൃത്തം, മോഹിനിയാട്ടവും, അഭിനയത്തിൻെറ മാറ്റുരയ്ക്കുന്ന നൃത്തമായ തമിഴിൻെറ സംഭാവനയായ ഭരതനാട്യവും, ഉത്സവങ്ങളിൽ കലാപരിപാടികളുടെ നിരയിലേയ്ക്ക് കടന്നു വന്നിട്ടുണ്ട്. ആന്ധ്രയുടെ സംഭാവനയായ കുച്ചുപ്പുടിക്ക് ഇവയുടെ അത്ര പ്രാധാന്യമില്ലെങ്കിലും സദസ്സുകളിൽ പ്രധാനപ്പെട്ട ഇനങ്ങളുടെ പട്ടികയിൽ ഗണനീയമായ സ്ഥാനം നേടിയിട്ടുണ്ട്. ചെറുപ്പകാലം മുതലേ കലാരംഗങ്ങലിലേയ്ക്ക് പുതിയ തലമുറയെ ഒരു പരിധിവരെ ആനയിക്കുന്നുണ്ടെങ്കിലും കലാരംഗത്ത് പ്രതിഭകളാകുന്നവർ ചുരുക്കമാണ്. അതിനുള്ള അവസരവും, സാഹചര്യവും പൊതുവേ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എങ്കിൽപ്പോലും, കടുത്തുരുത്തി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വിശ്വദീപ്തി കലാഭവൻ എന്ന സ്ഥാപനമാണ് ഈ കുറവ് പരിഹരിക്കുന്നതിനുള്ള ഏക ആശ്രയം.

1960-ൽ കടുത്തുരുത്തി ആസ്ഥാനമായി രൂപീകൃതമായ ഈ സ്ഥാപനം നൂറ് കണക്കിന് യുവകലാ പ്രതിഭകളെ സൃഷ്ടിച്ചതാണെങ്കിൽ കൂടിയും ഇന്നും ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലായെന്നുള്ളതാണ് ദുഃഖസത്യം. ഒരു കാലത്ത് കഥാപ്രസംഗരംഗത്ത് കേരളത്തിൽ അറിയപ്പെട്ടിരുന്ന കലാകാരനായ ശ്രീ. രാജഗോപാലൻ ഭാഗവതരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കുലശേഖരപുരം അലരിയിൽ ഒരു വാടക കെട്ടിടത്തിൽ നടത്തിവരുന്നു. ശാസ്ത്രീയസംഗീതം, മൃദംഗം, വയലിൻ, തബല, ഭരതനാട്യം, കുച്ചിപ്പുടി എന്നീ ശാസ്ത്രീയ കലകൾ ഇവിടെ അഭ്യിസിപ്പിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ കലാരംഗത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനമായ വിശ്വദീപ്തി കലാഭവനെ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി വളർത്തിക്കൊണ്ടു വരുവാൻ ആവശ്യമായിട്ടുള്ള എല്ലാ സഹായങ്ങളും പ്രോത്സാഹനങ്ങളും പഞ്ചായത്ത് മുൻകൈ എടുത്ത് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## വായനശാലകൾ

ഗ്രാമീണതലത്തിൽ വായനശാലകൾക്ക് ഗണ്യമായ സ്വാധീനമുണ്ട്.

**പട്ടിക-8-5**

| വാർഡ് | സ്ഥാപനത്തിൻെറപേര് | സ്ഥാപനന വർഷം | പുസ്തകങ്ങൾ | അംഗങ്ങൾ | പത്രം | മാസിക | റ്റി. വി |
|---|---|---|---|---|---|---|---|
| 1. | പബ്ലിക് ലൈബ്രറി-കുടുത്തുരുത്തി | 1955 | 3196 | 687 | 3 | 14 | ഇല്ല |
| 6. | നെഹ്രുജി മെമ്മോറിയൽ പബ്ലിക് ലൈബ്രറി- മുട്ടുചിറ | 1965 | 4047 | 741 | 3 | 8 | ഉണ്ട് |
| 9 | മഹാത്മഗ്രാമീണ വായനശാല ആയാംകുടി | 1948 | 12000 | 1500 | 6 | 8 | ഇല്ല |
| 5. | നവജ്യോതി വായനശാല. കെ. എസ്. പുരം | 1976 | 1800 | 400 | 1 | 5 | ഇല്ല |
| 11 | പബ്ലിക് ലൈബ്രറി- മധുരവേലി | - | - | - | - | - | ഇല്ല |
| 10 | നേതാജി വായനശാല എഴുമാന്തുരുത്ത് | 1976 | - | - | - | - | ഇല്ല |

നാടിൻെറ സാംസ്കാരിക പുരോഗതിക്കും, ജനങ്ങളുടെ വായനശീലം വർദ്ധിപ്പിക്കുന്നതിനും, പൊതുവായ അറിവ് വർദ്ധിപ്പിക്കുന്നതിനും വായനശാലകൾ വഹിക്കുന്ന പങ്ക് അതിപ്രധാനമാണ്.

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള വായനശാലകളുടെ വിശദവിവരങ്ങൾ പട്ടിക 8(5) ൽകൊടുക്കുന്നു.

1948-ൽ ആയാംകുടിയിൽ രൂപീകൃതമായ മഹാത്മാഗ്രാമീണ വായനശാലയാണ് പഞ്ചായത്തിലെ ആദ്യ വായനശാല. വളർച്ചയിലും, പുസ്തകങ്ങളുടെ എണ്ണത്തിലും ഉയർന്നു നില്ക്കുന്ന ഈ വായനശാല ജില്ലയിലെ ഒന്നാംഗ്രേഡ് വായനശാലയിൽപ്പെടുന്നു.

കടുത്തുരുത്തി പഞ്ചായത്തിൽതന്നെ സ്ഥിതിചെയ്യുന്ന കടുത്തുരുത്തി പബ്ലിക് ലൈബ്രറി പുസ്തകങ്ങളുടെ കാര്യത്തിലും, കാലപ്പഴക്കത്തിലും രണ്ടാംസ്ഥാനത്ത് നിൽക്കുന്നു. പഞ്ചായത്ത് സിരാകേന്ദ്രമായ ഈ ലൈബ്രറിക്ക് വേണ്ടത്ര പ്രധാന്യവും അടിസ്ഥാനസൗകര്യങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല. ഈ വായനശാലയെ ഒരു മുഴുവൻ സമയപ്രവർത്തന വായനശാലയായി ഉയർത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

സ്വന്തമായി സ്ഥലമുണ്ടെങ്കിലും, പണി തീരാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.നവജ്യോതി വായനശാലയ്ക്ക് പ്രശ്നങ്ങൾ നിരവധിയാണ്. കെട്ടിടം പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം വായനശാലയുടെ പ്രവർത്തനങ്ങളെ മന്ദീഭവിച്ചിട്ടുണ്ട്. ആവശ്യമായ ഫർണിച്ചറുകളും, അടിസ്ഥാനസൗകര്യങ്ങളും ഇല്ലാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. നെഹ്റുജി മെമ്മോറിയൽ ലൈബ്രറി പഞ്ചായത്തുവക കെട്ടിടത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. മധുരവേലി പബ്ലിക്ക് ലൈബ്രറിക്ക് സ്വന്തമായ സ്ഷഥലമോ കെട്ടിടമോ ഇല്ലാത്ത അവസ്ഥയാണ്. നേതാജി വായനശാലയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ.

നിലവിലുള്ള വായനശാലകളെ സവിസ്ഥരം വിശകലനം ചെയ്യുമ്പോൾ ഒരു പിടി പ്രശ്നങ്ങളും, വെല്ലുവിളികളും നേരിടുന്നതായി മനസിലാക്കാം. ഈ പ്രശ്നങ്ങളെ കണ്ടറിഞ്ഞ് അവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും**

1. 2,3,4,6,7,12, എന്നീ വാർഡുകളിൽ വായനശാലകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

2. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത നിലവിലുള്ള വായനശാലകൾക്ക് അവ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം ചെയ്യുക.

3. കെട്ടിടം പണി പൂർത്തീകരിക്കാത്ത നിലവിലുള്ള വായനശാലകൾക്ക് പണി പൂർത്തിയാക്കുന്നതിന് ധനസഹായം ചെയ്യുക.

4 പുസ്തകം വാങ്ങുന്നതിന് കൂടുതൽ ധനസഹായം ചെയ്യുക

5. ഫർണിച്ചറുകൾ വാങ്ങുന്നതിന് ധനസഹായം ചെയ്യുക.

6. നിലവിലുള്ള വായനശാലകൾക്ക് ടി. വി. സെറ്റുകൾ അനുവദിക്കുക.

7. വൈദ്യുതിചാർജ്ജ് ഈടാക്കുന്നതിൽ നിന്നും വായനശാലകളെ ഒഴിവാക്കുക.

8. കടുത്തുരുത്തി വായനശാലയെ ഒരു മുഴുവൻ സമയപ്രവർത്തന വായനശാലയായി ഉയർത്തുക.

മേൽപറഞ്ഞ പരിഹാരനിർദ്ദേശങ്ങൾ നടപ്പാക്കുക വഴി നമ്മുടെ പഞ്ചായത്തിലെ വായനശാലകളുടെ വളർച്ചയെ കൂടുതൽ കടുത്തുറ്റതാക്കിത്തീർക്കും എന്നുള്ളതിൽ സംശയമില്ല.

## പഠനം നൽകുന്ന സത്യങ്ങൾ

പഞ്ചായത്തിലെ ആറ് വാർഡുകളിൽ ഇനിയും വായനശാലകൾ ഉണ്ടായിട്ടില്ല. എന്നുള്ളത് ശ്രദ്ധേയമാണ്. പുസ്തകങ്ങളുടെയും അംഗത്വത്തിൻെറയും കാര്യത്തിൽ നിലവിലുള്ള മൂന്ന് വായനശാലകൾ മെച്ചമാണെങ്കിലും മറ്റുള്ളവയുടെ സ്ഥിതി മോശമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുമായി വായനശാലകളിലെ ആകെ മെമ്പർഷിപ്പിനെ തട്ടിച്ചുനോക്കിയാൽ വായനാശീലത്തിലുള്ള അന്തരം വ്യക്തമാകും.

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലൽ ലൈബ്രറി സംവിധാനം കുറ്റമറ്റതല്ലെ

ങ്കിൽ കൂടിയും നിലവിലുണ്ട്. എന്നാൽ ഇത്തരം ലൈബ്രറികളെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുവാൻ കുട്ടികൾ താല്പര്യം കാണിക്കാറില്ല. ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ അദ്ധ്യാപകരും രക്ഷിതാക്കളും, കുട്ടികളും വളറെയധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## ക്ലബ്ബുകൾ

പഞ്ചായത്തിൽ ആകെ 35 ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 16 ക്ലബ്ബുകളുടെ പ്രവർത്തനം ഭാഗികമാണ്. പല ക്ലബ്ബുകളുടെയും ഉത്ഘാടനവും സമാപനവും ഒന്നിച്ചു നടക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നു കൂടുതലായും കാണുന്നത്. ക്ലബ്ബുകളുടെ ഈ പരാജയത്തിനുള്ള കാരണങ്ങൾ നിരവധിയാണ്.

## പരാജയകാരണങ്ങൾ

1. സ്വന്തമായി പ്രവർത്തിക്കുവാനുള്ള സ്ഥലവും, കെട്ടിടവും ഇല്ലാത്ത അവസ്ഥ.

2. കളിസ്ഥലം, സ്പോർട്ട്സ് ഉപകരണങ്ങൾ എന്നിവയില്ലാത്ത അവസ്ഥ.

3. കലാ-കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യം ഇല്ലാത്ത അവസ്ഥ.

4. ജനപങ്കാളിത്തത്തിൻെറ അഭാവം

സ്വന്തമായി സ്ഥലവും, കെട്ടിടവുമുള്ള ക്ലബ്ബുകൾ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നടത്തുന്നതായി കാണപ്പെടുന്നു. സാമൂഹിക സാംസ്ക്കാരിക രംഗത്ത് വളരെ ചലനാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ മിക്കക്ലബ്ബുകളും ശ്രമിക്കാറുണ്ട്. വിശേഷപ്പെട്ട ദിനങ്ങളുടെ മധുരസ്മരണകൾ ഗ്രാമാന്തരങ്ങളിൽ പുതുക്കുവാൻ ക്ലബ്ബുകൾ ശ്രദ്ധിക്കാറുണ്ട്. ജാതിക്കും, മതത്തിനും, രാഷ്ട്രീയത്തിനും അധീതമായി ഏകോദര സോദരെപ്പോലെ ഒത്തൊരുമിച്ച് കൂടുവാനും, നാടിൻെറ വിവിധങ്ങളായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ക്ലബ്ബുകൾ സമയം കണ്ടെത്താറുണ്ട്. ഗ്രാമങ്ങളുടെ സർവതോന്മുഖമായ പുരോഗതിക്ക് ഭാഗഭാക്കാകുവാനും, നാടിൻെറ പ്രതിബന്ധതയായി മാറുവാനും ക്ലബ്ബുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിശേഷ ദിനങ്ങളിൽ കലാകായിക മത്സരങ്ങൾ നടത്തിയും, സാംസ്ക്കാരിക സമ്മേളനങ്ങൾ സംഘടിപ്പിച്ചും നാടിൻെറ പൊൻവെളിച്ചമായി ക്ലബ്ബുകൾ മാറാറുണ്ട്.

ക്ലബ്ബുകൾ ഇന്നു നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്കുള്ള പരിഹാരനിർദ്ദേശങ്ങളും ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

☞ പരിഹാര നിർദ്ദേശങ്ങൾ

1. ക്ലബ്ബുകളെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക

2. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത ക്ലബ്ബുകൾക്ക് അവ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.

3. വാർഡുതലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.

4. പഞ്ചായത്തിൻെറ കടുത്തുരുത്തിയിലുള്ള പൊതുകളി സ്ഥലം തുറന്നുകൊടുക്കുക.

5. നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബുകൾക്ക് ടെലിവിഷൻ അനുവദിക്കുക.

6. പ്രവർത്തനത്തെ അടിസ്ഥാനമാക്കി ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക

## മറ്റു കലാസമിതികൾ

നാടിൻെറ തനതായ സാംസ്ക്കാരിക പാരമ്പര്യത്തോട് ഇണങ്ങിച്ചേരുന്ന 24കലാസമിതികൾ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഉണ്ട്. ഇത്തരം കലാസമിതികളിൽ കേരളത്തിൻെറ വിവിധങ്ങളായ കലാരൂപങ്ങൾ പണ്ടത്തെ പ്രതാപമില്ലെങ്കിലും നിലനിൽക്കുന്നുണ്ട്. ഡാൻസ്, നാടകസംഘങ്ങൾ, വിൽകലാമേള, എന്നിവ കലാസമിതികളിൽനിന്നും അകന്നു പോയിരിക്കുന്നു. എന്നാൽ ഗരുഡൻതൂക്കം ഓട്ടൻ തുള്ളൽ തുടങ്ങിയവ കലാസമിതികളിൽ നിലനിൽക്കുന്നുണ്ട്.

കുട്ടികളുടെ കലാ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് പറ്റിയ രാജാ ബാലവേദി & റേഡിയോ ക്ലബ്ബ് എന്ന ഒരേയൊരു സമിതി എഴുമാന്തുരുത്ത് പ്രവർത്തിക്കുന്നത് സ്വാഗതാർഹമാണ്.

## ഉത്സവങ്ങളും തിരുനാളുകളും

മതപരമായ ആചാരാനുഷ്ഠാനങ്ങളും അതോടനുബന്ധിച്ചുള്ള ദൈവിക ചടങ്ങുകളുമാണ് ഉത്സവങ്ങളിലും, തിരുനാളുകളിലും

ഉള്ള പ്രധാന ഇനങ്ങൾ. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലും പള്ളികളിലെ തിരുനാളുകളിലും, കലാപരിപാടികൾ പരക്കെ കാണാറുണ്ട്. നാനാജാതിമതങ്ങളിൽപ്പെട്ട ആബാലവൃദ്ധം ജനങ്ങളും ഇവയിലെല്ലാം സംബന്ധിക്കുന്നുണ്ട്. ഭക്തജനങ്ങളുടെ നേർച്ചകളും വഴിപാടുകളും ഈ ചടങ്ങുകളിലെല്ലാം പതിവായി കണ്ടു വരുന്നുണ്ട്. ചെണ്ടമേളം, ബാൻറുമേളം എന്നിവയും വിശേഷദിവസങ്ങളിൽ ദേവാലയങ്ങളിൽ നടത്തിവരാറുണ്ട്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ നടത്തിപ്പുകാർ ഉത്സവക്കമ്മറ്റിയും, പള്ളികളിലെ തിരുനാളുകളുടെ സംഘാടകർ പള്ളി ഭാരവാഹികളുമാണ്. ഇരുവിഭാഗവും യോജിച്ചു സംഘടിപ്പിക്കുന്ന രീതി എങ്ങും നിലവിലില്ല. താലപ്പൊലിയും പ്രദക്ഷിണവും സർവ്വമതസംഗമത്തിൻെറ വേദികളാവുമ്പോൾ നമ്മുടെ നാട്ടിലെ മതസൗഹാർദ്ദത്തിൻെറ പാരമ്പര്യം ഉയർത്തിപ്പിടിക്കുവാനും ഐക്യവും, സംഘബോധവും വളർത്തുവാനും ഈ ചടങ്ങുകൾ സഹായകമാകുന്നു.

## സാംസ്കാരികം – ഒരവലോകനം

സാമൂഹിക ജീവിതത്തിൽ മനുഷ്യൻ കൈവരിച്ചിട്ടുള്ളനേട്ടങ്ങൾ സാംസ്ക്കാരിക രംഗത്ത് വളരെയധികം മാറ്റങ്ങൾക്ക് നാന്ദി കുറിച്ചിട്ടുണ്ട്. എന്നാൽ സമൂഹത്തിൽ വർദ്ധിച്ചുകൊണ്ടിരുക്കുന്ന മൂല്യച്യുതി വൻ വിപത്തായി മാറുകയാണ്. ഇതിനെതിരേ ജാഗരൂപരാകുകയും, പ്രതിരോധനിര പടുത്തുയർത്തി പ്രതിലോമശക്തികളെ ചെറുത്തു തോല്പിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ സാമൂഹ്യപരമായ കടമ ഒപ്പം ഈ കാലഘട്ടത്തിൻേറയും.



# വനിതാ ക്ഷേമം



നമ്മുടെ സമൂഹത്തിൽ വനിതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും നിരവധിയാണ്. ഇതിനെതിരെ വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ അവർ അനുഭവിച്ചു വരുന്ന ഇരട്ട ചൂഷണം അറിയാതെ വീടുകളിൽ ഒതുങ്ങിക്കൂടുന്ന പ്രവണതയാണ് ഇന്ന് ദൃശ്യമാണ്. ജനസംഖ്യയുടെ പകുതിയിലധികവും വരുന്ന ഈ വിഭാഗത്തിൻെറ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടല്ലാതെ യാ തൊരു സാമൂഹ്യ മാറ്റവും കൈ വരിക്കാൻ ക ഴിയില്ല.

സാമൂഹി ക, സാസ്ക്കാരി കരംഗങ്ങളിലും, രാഷ്ട്രീയ രംഗങ്ങളിലും സ്ത്രീ പങ്കാളിത്തവും നേതൃത്വവും നാമമാത്രമെന്നു പറയാം. ആഘോഷങ്ങളിലും സ്ത്രീ പങ്കാളിത്തം കുറവാണ്. കുടിപ്പള്ളിക്കൂടങ്ങളിലായിരുന്നു പെൺകുട്ടികളുടെ ആദ്യകാല വിദ്യാഭ്യാസം. എന്നാൽ അധ:സ്ഥിത വിഭാഗങ്ങൾക്ക് ഇത് അപ്രാപ്യമായിരുന്നു. വിദ്യാഭ്യാസം നേടേണ്ടതിൻെറആവശ്യകതയെക്കുറിച്ച് സമൂഹം അജ്ഞമായിരുന്നു.

പഞ്ചായത്തിൽ 15209 പുരുഷൻമാരും 15511 സ്ത്രീകളുമാണുള്ളത്. ഇത് പുരുഷ ജനസംഖ്യയേക്കാൾ 302 കൂടുതലാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ വിദ്യാഭ്യാസത്തിന് പരിമിതമായ സൗകര്യങ്ങളാണ് ലഭിച്ചിരുന്നത് എങ്കിൽ ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു വിധ സൗകര്യങ്ങളും ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ജോലി അടുക്കള ജോലിയിൽ ഒതുങ്ങി. എന്നാൽ പ്രാ ഥമിക വിദ്യാഭ്യാസത്തിലൂടെ തൊഴിൽ മേഖലയിൽ നാമമാത്രമായ പങ്കാളിത്തം നേടിയെടുക്കുന്നതിന് അക്കാലത്തും സ്ത്രീകൾക്കു കഴിഞ്ഞു.

കടുത്തുരത്തി പഞ്ചായത്തിൻെറ ഇപ്പോഴുള്ള സ്ഥിതി പരിശോധിച്ചാൽ ഭൂരിഭാഗവും വീട്ടമ്മമാരാണ്. എന്നാൽ നാമമാത്രമായി ഉദ്യോഗസ്ഥരായ വീട്ടമ്മാരുണ്ട്. അതുപോലെതന്നെ മറ്റൊരു പ്രത്യേകത കടുത്തുരത്തി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രധാന അദ്ധ്യപകരുടെ ചുമതല വഹിയ്ക്കുന്നത് കൂടുതലും സ്ത്രീകളാണ്. എന്നാൽ തൊഴിൽ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം പു രുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. അതേപോലെ തൊഴിൽ രംഗത്ത് പുരുഷൻമാരെ അപേ ക്ഷിച്ച് വളരെ കുറവാണ്. അ തേപോലെ തൊഴിൽ രംഗത്ത് പുരുഷൻമാരുടെ ഒപ്പം വേതനം. സ്ത്രീകൾക്കു ലഭിയ്ക്കുന്നില്ല.

ആരോഗ്യം മഹിളാ സമാജങ്ങൾ വളരെ സജീവമായിത്തന്നെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്ത്രീകളുടെ വിവിധ രാഷ്ട്രീയ, മത സംഘടനകളും പ്രവർത്തിച്ചുവരുന്നു. ഇതിൻെറ ഒക്കെ നേതൃത്വത്തിൽ സ്ത്രീകളാണം സജീവമായിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിലെ മെമ്പർമാരിൽ 4 പേർ വനിതകളാണ്. പ്രസിഡൻറും വനിതയാണ്.

വനിതകളുടെ മാത്രമായി പഞ്ചായത്തിൽ നാമമാത്രമായിതൊഴിൽ സംരഭങ്ങൾ ഉണ്ടെങ്കിലും അവയുടെ എണ്ണം ഇനിയും വർദ്ധിപ്പിയ് ക്കേണ്ടിയിരിക്കുന്നു. DWRCA യുടെ യൂണിറ്റുകളും പ്രവർത്തിയ്ക്കുന്നുണ്ട്. 400-ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികൾ തന്നെയാണ് മുന്നിൽ. എന്നാൽ ഉന്നത വിദ്യാഭ്യസ രംഗങ്ങളിൽ പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികൾ മുൻപിലാണ് സാക്ഷരതാ യജ്ഞത്തിലൂടെ സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുവാൻ ഒരു പരിധി വരെ കഴിഞ്ഞിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടികൾ

നടപ്പിലാക്കാതിരുന്നതിനാൽ സ്ത്രീകൾ വീണ്ടും നിരക്ഷരതയുടെ പിടിയിൽ അകപ്പെട്ടിരിയ്ക്കുകയാണ്. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ തൊഴിലില്ലായ്മസ്ത്രീകൾക്കിടയിലെ ഒരു പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിലെ കൂലി നിരക്കിലുള്ള വിവേചനം ഇന്നും നിലനിൽക്കുന്നു. കൂലി നിരക്കിലുള്ള സ്ത്രീ പുരുഷ വ്യത്യാസം താഴെ കാണുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം. സാമൂഹ്യ ജീവിതത്തിലും തൊഴിൽ മേഖലയിലും

പട്ടിക 9-1

| തൊഴിൽ മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| നിർമ്മാണ തൊഴിൽ | 60-75 | 100-125 |
| കൃഷിപ്പണി | 50-60 | 80-100 |
| തയ്യൽ | 30-50 | 50-80 |

പിന്നിലായിരിക്കുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലേ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ കഴിയുകയുള്ളൂ. ജീവിതത്തിൽ ഏതു മേഖലയിൽ ആയാലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിയ്ക്കാനുള്ള തന്റേടം സ്ത്രീകൾ ഇനിയും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു.

> **സാമൂഹിക, സാസ്ക്കാരിക രംഗങ്ങളിലും, രാഷ്ട്രീയ രംഗങ്ങളിലും സ്ത്രീ പങ്കാളിത്തവും നേതൃത്വവും നാമമാത്രമെന്നു പറയാം. ആഘോഷങ്ങളിലും സ്ത്രീ പങ്കാളിത്തം കുറവാണ്. കുടിപ്പള്ളിക്കുടങ്ങളിലായിരുന്നു പെൺകുട്ടികളുടെ ആദ്യകാല വിദ്യാഭ്യാസം. എന്നാൽ അധ:സ്ഥിത വിഭാഗങ്ങൾക്ക് ഇത് അപ്രാപ്യമായിരുന്നു. വിദ്യാഭ്യാസം നേടേണ്ടതിന്റെആവശ്യകതയെക്കുറിച്ച് സമൂഹം അജ്ഞമായിരുന്നു.**

സാദ്ധ്യതകൾ

1. വനിതാ പങ്കാളിത്തം എല്ലാ രംഗത്തും വർദ്ധിപ്പിക്കുവാൻ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിയ്ക്കുക.

2. ആയൽക്കൂട്ടങ്ങളിലും മാതൃ സംഗമങ്ങളിലും സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുക.

3. സ്ത്രീകളുടെയിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ വ്യാവസായിക യൂണിറ്റുകൾ സ്ഥാപിയ്ക്കുക.

4. പുരയിടങ്ങളിലുള്ള പച്ചക്കറി തോട്ടങ്ങൾ, അടുക്കള തോട്ടങ്ങൾ ഇവ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുക.

5. പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിലെ സ്ത്രീകളുടെ തൊഴിലായ മത്സ്യ ബന്ധനത്തെ പ്രോത്സാഹിപ്പിയ്ക്കുന്നതിന് മത്സ്യ കൃഷി വ്യാപകമാക്കുക.

6. കടുത്തുരത്തി ആസ്ഥാനമാക്കി പ്രവർത്തിയ്ക്കുന്ന 'സ്കൂൾ ഓഫ് ക്രാഫ്റ്റ്' എന്ന അർദ്ധ സർക്കാർ സ്ഥാപനത്തിൽ നിന്നും ട്രയിനിംഗ് പാസ്സായി ഇറങ്ങുന്ന കുട്ടികൾക്കായി സ്കൂളുകളിൽ സ്പെഷ്യൽ ടീച്ചേഴ്സിന്റെ നിയമനം പ്രാബല്യത്തിൽ വരുത്തിയാൽ വർഷം തോറും 25 പെൺകുട്ടികൾക്ക് ജോലി ലഭിക്കും.

7. പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി പ്രവർത്തിയ്ക്കുന്ന വനിതകളുടെ സ്വയം തൊഴിൽ സഹകരണ സ്ഥാപനങ്ങൾക്ക് യഥാസമയങ്ങളിൽ വേണ്ടുന്ന സാമ്പത്തിക സഹായം ചെയ്യുക വഴി കൂടുതൽ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാം.

പ്രശ്നങ്ങൾ

1. കാർഷിക രംഗത്തുള്ള തകർച്ചയും, കൂലി നിരക്കിലുള്ള വിവേചനവും സ്ത്രീകളെ തൊഴിൽ മേഖലയിൽ നിലനിർത്തുന്നതിന് ബുദ്ധിമുട്ടുള്ളതാക്കി തീർത്തിരിക്കുന്നു.

2. സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകൾ സ്ഥാപിയ്ക്കുന്നതിനോട് സ്ത്രീകൾ കാട്ടുന്ന വിമുഖത.

3. തൊഴിൽ രംഗത്ത് നിലനിൽക്കുന്നതിനാവശ്യമായ വിദ്യാഭ്യാസം പലപ്പോഴും സ്ത്രീകൾക്ക് ലഭിയ്ക്കുന്നില്ല. തൊഴിൽ നിയമങ്ങളെക്കുറിച്ച് സ്ത്രികൾ അജ്ഞരാണ്. പരിശീലനത്തിന് സൗകര്യങ്ങൾ ഇല്ല.

4. സർക്കാരും വിവിധ ഏജൻസികളും നടത്തുന്ന ക്ഷേമ പദ്ധതികളെ കുറിച്ച് വ്യക്തമായ അറിവില്ലായ്മ

5. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് വേണ്ടത്ര ഭൗതിക സൗകര്യങ്ങൾ ഇല്ല.

6. മാധ്യമങ്ങളിലൂടെയുള്ള കടന്നാക്രമണം സ്ത്രീകളെ കൂടുതൽ കൂടുതൽ അപകർഷതാ ബോധമുള്ളവരാക്കി തീർക്കുന്നു.

☞ **നിർദ്ദേശങ്ങൾ**

1. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിയ്ക്കുകയും പരിഹാരം നേടുകയും ചെയ്യുക. അങ്ങനെ തൊഴിൽ ഉറപ്പു വരുത്തുക.

2. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3. തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുക.

4. സ്ത്രീകൾക്കായി ജോലി സംവരണം ഏർപ്പെടുത്തുക.

5. സാക്ഷരതാ തുടർ പരിപാടികൾ നടപ്പിലാക്കുക.

6. എല്ലാ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിയ്ക്കുക.

7. മാധ്യമങ്ങളിലൂടെയും, പോസ്റ്ററുകളിലൂടെയും സ്ത്രീകളെ അവഹേളിക്കുന്ന പരസ്യങ്ങളും മറ്റും നിരോധിയ്ക്കുക.

8. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.

9. തുല്യമായ ജോലിക്ക് തുല്യ വേതനം ഉറപ്പു വരുത്തുക.

10. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിയ്ക്കുക.

11. ധന സഹായത്തുകകൾ , പെൻഷൻ തുകകൾ ഇവ കാലോചിതമായി വർദ്ധിപ്പിയ്ക്കുക.

12. സ്ത്രീകൾക്കായി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

13. പഞ്ചായത്തിൽ ഒരു കുടുംബക്ഷേമ കേന്ദ്രം സ്ഥാപിയ്ക്കുക.

14. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പ് നിർമ്മിയ്ക്കുക.

15. പഞ്ചായത്തിലെ DWRCA യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിപ്പിയ്ക്കുക.

16. തൊഴിലധിഷ്ഠിത കോഴ്സുകൾ പരിശീലിപ്പിയ്ക്കുന്നതിനുള്ള സ്ഥാപനങ്ങൾ സ്ഥാപിയ്ക്കുക.



# ടൗൺ വികസനം

കടുത്തുരുത്തി പഞ്ചായത്തിന്റെ ആസ്ഥാനമാണ് കടുത്തുരുത്തി ടൗൺ. കൂടാതെ കടുത്തുരുത്തി അസംബ്ളി നിയോജക മണ്ഡലം, കടുത്തുരുത്തി വികസന ബ്ളോക്ക് എന്നിവയുടെ കേന്ദ്രം കൂടിയാണ്. എന്നാൽ ഇതിന് ടൗണിന്റെ വികസനം നടന്നിട്ടില്ല.ഒട്ടേറെ പരിമിതികളും പരാധീനതകളും കടുത്തുരുത്തി ടൗണിന്റെ വികസനത്തിന് വെല്ലുവിളികളായി നിലനിൽക്കുന്നു. ഒരു നഗരത്തിന്റെ പ്രൗഢിയും പ്രതാപവും ഇന്ന് ടൗണിനില്ല. പൗരാണികകാലത്ത് വടക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനമെന്ന നിലയിലും, ഒരു പ്രമുഖ കച്ചവടകേന്ദ്രമെന്ന നിലയിലും, കുരുമുളകു പോലുള്ള സുഗന്ധ വ്യഞ്ജനങ്ങൾ വൻതോതിൽ ഉത്പാദനമുള്ള കാർഷിക മേഖല എന്ന നിലയ്ക്കും സർവ്വോപരി ഒരു തുറമുഖ നഗരമെന്ന നിലക്കും വളരെയേറെ പ്രാധാന്യവും പ്രസിദ്ധിയും കടുത്തുരുത്തി ടൗണിനുണ്ടായിരുന്നു. ഇത് മാത്രമല്ല ചിര പുരാതനങ്ങളായ ദേവാലയങ്ങളുള്ള തീർത്ഥാടന കേന്ദ്രം കൂടിയാണ് കടുത്തുരുത്തി.

എന്നാൽ, വടക്കുംകൂർ തിരുവിതാംകൂറിൽ ലയിച്ചതോടെ കടുത്തുരുത്തി ടൗണിന്റെ രൂപത്തിലും ഭാവത്തിലും വളരെയേറെ മാറ്റങ്ങൾ വന്നു. കടുത്തുരുത്തിയുടെ വാണിജ്യ പ്രാധാന്യം കുറയുകയും, ജനങ്ങൾ കൂട്ടമായി കൃഷിയിലേക്ക് തിരിയുകയും ചെയ്തതോടെ കടുത്തുരുത്തിയുടെ മുഖം മറ്റൊന്നാവുകയായിരുന്നു. ഭൂമിശാസ്ത്രപരമായി ഉണ്ടായ പരിണാമങ്ങൾ ഇതിന് ആക്കം കൂട്ടി.

കടുത്തുരുത്തി ഒന്നാം വാർഡിന്റേയും മൂന്നാം വാർഡിന്റേയും പ്രദേശങ്ങളാണ് കടുത്തിരുത്തി ടൗണിന്റെ പരിധിയിൽ വരുന്നത്. ഇന്ന് ടൗൺ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പല പ്രധാനപ്പെട്ട സർക്കാർ ആഫീസുകളും നിയോജക മണ്ഡലം ആസ്ഥാനമെന്ന നിലയിൽ ഇവിടെ വരേണ്ടതുണ്ട്. നിലവിൽ ഇവിടെയുള്ള പല സർക്കാർ ആഫീസുകൾക്കും ആവശ്യമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങളില്ല. വളരെ ജനസാന്ദ്രത ഉള്ളതിനാൽ ധാരാളം ജനങ്ങൾ പല ആവശ്യങ്ങൾക്കായി ദിനം പ്രതി ടൗണുമായി ബന്ധപ്പെടുന്നുണ്ട്. എന്നാൽ, ആവശ്യമായ ഗതാഗത നിയന്ത്രണങ്ങൾ ഇല്ലാത്തതിനാൽ ടൗണിൽ ഗതാഗതക്കുരുക്ക് അനുദിനം രൂക്ഷമാകുകയാണ്. ഇതിനാൽ കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ടുകളും ടൗണിൽ അപകടങ്ങളും സൃഷ്ടിക്കുന്നു. കൂടാതെ ഇടു ങ്ങിയതും, പൊട്ടിപ്പൊളിഞ്ഞതുമായ റോഡുകളും, ട്രാഫിക് അപകടങ്ങൾക്ക് പ്രധാന കാരണങ്ങളാണ്. മറ്റൊരു പ്രധാന പ്രശ്നം ടൗണിലെ ശുദ്ധജല വിതരണം കാര്യക്ഷമമായി നടക്കുന്നില്ലായെന്നുള്ളതാണ്. അതുപോലെ ടൗണിലും പരിസര പ്രദേശങ്ങളിലെ വാർഡുകളിലും അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമമുണ്ട്. ടൗണിലെ വൈദ്യുതി വിതരണം പലപ്പോഴും തകരാറിലാകുന്നു. ടൗണിലാകെ മാറ്റങ്ങൾക്കനുസൃതമായി വൈദ്യുതീകരണം വിപുലമാക്കേണ്ടത് അത്യാവശ്യമാണ്. ടൗണിൽ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ആശുപത്രികൾ ഒന്നുമില്ല. ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന സർക്കാർ ഹൈസ്കൂളിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പലതും ഉടനടി പരിഹരിക്കേണ്ടതാണ്. വളരെയേറെ ഗതാഗത തിരക്കുള്ള കടുത്തുരുത്തി വലിയപാലത്തിലൂടെയുള്ള കാൽനടയാത്ര ദുഷ്ക്കരമാണ്. ടൗണിൽ നിന്നും പരിസരപ്രദേശങ്ങളിൽ നിന്നും ദിനംപ്രതി നിരവധി ആളുകൾ ട്രെയിൻ ഗതാഗതത്തെ ആശ്രിയിക്കുന്നുണ്ടെങ്കിലും കടുത്തുരുത്തി റെയിൽവെ സ്റ്റേഷനിൽ വളരെക്കാലങ്ങളായി അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ല. ടൗണിൽ പുതുതായി പണിയുന്ന കെട്ടിടങ്ങൾ റോഡിൽ നിന്നും വിട്ടു പണിയുന്നതിനുള്ള നിയമപരമായ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടൗണിന്റെ വികസനത്തിന് തടസ്സമാകുന്നു.

ടൗണും മാർക്കറ്റും യഥാസമയം ശുചീകരിച്ച് വെടിപ്പുള്ളതാക്കണം. ചപ്പുചവറുകളും മറ്റ് മലിന വസ്തുക്കളും ടൗണിലിടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ നിക്ഷേപിയ്ക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ട

താണ്. ടൗണിൽ കാർ, ജീപ്പ്, ഓട്ടോറിക്ഷാ, ടെമ്പോ, എന്നിവയ്ക്ക് പ്രത്യേകമായി ടാക്സി സ്റ്റാൻഡില്ല. പഞ്ചായത്ത് ആസ്ഥാനമായ ടൗണിൽ യുവജനങ്ങൾക്കായി ഒരു കളിസ്ഥലം നിലവിലില്ല. ഒരു താത്ക്കാലിക സംവിധാനമെന്ന നിലക്ക് ഉണ്ടായിരുന്ന പഞ്ചായത്തു വക കളി സ്ഥലത്ത് ടെമ്പോകൾ പാർക്ക് ചെയ്തിരിക്കുകയാണ്.

### ☞ പൊതുവായ ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. പൊതുജന സൗകര്യാർത്ഥം കടുത്തുരുത്തി കേന്ദ്രമായി പുതിയ താലൂക്ക് അനുവദിക്കുക.

വിസ്തൃതിയിലും, ജനസംഖ്യയിലും മുമ്പിൽ നിൽക്കുന്ന വൈക്കം മീനച്ചിൽ താലൂക്കുകളിലെ വിദൂര പഞ്ചായത്തുകളായ കടുത്തുരുത്തി, കല്ലറ, മാഞ്ഞൂർ, ഞീഴൂർ, മുളക്കുളം, കുറവിലങ്ങാട്, കാണക്കാരി, വെള്ളൂർ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് ടി പഞ്ചായത്തുകളുടെ മധ്യാഭാഗമായ കടുത്തുരുത്തി കേന്ദ്രമായി കടുത്തുരുത്തി താലൂക്ക് രൂപീകരിക്കുന്നത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായിരിക്കും. മേൽ സൂചിപ്പിച്ച 8 പഞ്ചായത്തുകളിലായുള്ള രണ്ടു ലക്ഷത്തിൽപ്പരം വരുന്ന ജനങ്ങൾക്കാകെ ബന്ധപ്പെടുന്നതിനും, ഈ താലൂക്കു രൂപീകരണം സഹായകരമാകുന്നതും, കടുത്തുരുത്തി നിയോജക മണ്ഡലം ആസ്ഥാനവും, കടുത്തുരുത്തി വികസന ബ്ളോക്ക് ആസ്ഥാനവുമായ ടൗണിന് വികസന സാദ്ധ്യത ഉളവാക്കുന്നതുമാണ് ടി നിർദ്ദേശം.

2. കടുത്തുരുത്തിയുടെ നഗര വികസനത്തിനായി മെയിൻ റോഡിനോട് ചേർന്ന് ബൈപ്പാസ് റോഡുകൾ നിർമ്മിക്കണം.

## നിർദ്ദേശങ്ങൾ

ഞീഴൂർ, പിറവം റോഡുകളെ ബന്ധിപ്പിച്ച് വലിയ പാലത്തിന് കിഴക്കുവശത്തു കൂടി ബൈപ്പാസ് റോഡുകൾ ഉണ്ടാക്കുകയും, ടീ റോഡുകൾക്കും, ഇപ്പോഴത്തെ മെയിൻ റോഡിനും ഇടയ്ക്കുള്ള സ്ഥലത്ത് ചുള്ളിത്തോട് പദ്ധതിക്ക് വേണ്ടി നീക്കിയിട്ടിരിക്കുന്ന സ്ഥലത്ത് പദ്ധതിക്കാവശ്യമായ സ്ഥലം കഴിച്ച് ബാക്കിയുള്ളിടത്ത് ടാക്സി സ്റ്റാൻഡ് ഉണ്ടാക്കുക.

ബൈപ്പാസ് റോഡിൽ ചുള്ളിത്തോട് പദ്ധതി പ്രദേശത്തു നിന്നും വൈക്കം കോട്ടയം റോഡുമായി ലിങ്ക് റോഡ് ഉണ്ടാക്കുക.

ടൗൺ വികസനത്തിന്റെ ഭാഗമായി ബ്ലോക്ക് ജംഗ്ഷനിൽ നിന്നും കൊടികുത്തി കൈലാസപുരം വഴി വലിയ തോടിനു കുറുകെ പാലാ റോഡിലേക്ക് ബൈപ്പാസ് റോഡ് നിർമ്മിക്കുക.

3. കടുത്തുരുത്തി പഞ്ചായത്തിലെയും പരിസര പ്രദേശങ്ങളിലെയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കടുത്തുരുത്തി കേന്ദ്രീകരിച്ച് സബ്-സ്റ്റേഷൻ അനുവദിക്കുക.

4. നിലവിലുള്ള കടുത്തുരുത്തിയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസായി ഉയർത്തുക.

5. കടുത്തുരുത്തി ടൗണിൽ ഗതാഗതം നിയന്ത്രിക്കുന്നതിനായി സീബ്രാ ലൈൻ സ്ഥാപിക്കുക.

6. നിർദ്ദിഷ്ട ബൈപ്പാസ് റോഡുകൾക്കും, മെയിൻ റോഡിനും ഇടയ്ക്കുള്ള സ്ഥലത്ത് പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ളക്സും ലോഡ്ജും നിർമ്മിക്കുക.

> ഒട്ടേറെ പരിമിതികളും പരാധീനതകളും പ്രൗഢിയും പ്രതാപവും ഇന്ന് ടൗണിനില്ല. പൗരാണികകാലത്ത് വടക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനമെന്ന നിലയിലും, ഒരു പ്രമുഖ കച്ചവടകേന്ദ്രമെന്ന നിലയിലും, കുരുമുളകു പോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ വൻതോതിൽ ഉത്പാദനമുള്ള കാർഷിക മേഖല എന്ന നിലയ്ക്കും സർവ്വോപരി ഒരു തുറമുഖ നഗരമെന്ന നിലക്കും വളരെയേറെ പ്രാധാന്യവും പ്രസിദ്ധിയും കടുത്തുരുത്തി ടൗണിനുണ്ടായിരുന്നു.

7. കടുത്തുരുത്തി വലിയ പാലത്തിലെ കാൽന ടയാത്രക്കാരുടെ സൗകര്യാർത്ഥം പാലത്തിന് ഇരുവശവും ഫുഡ്പ്പാത്ത് നിർമ്മിക്കുക.

8. കടുത്തുരുത്തി ടൗണിനോടനുബന്ധിച്ച് ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

9. ടൗണിനോടനുബന്ധിച്ച് സെൻട്രൽ ജംഗ്ഷ നിൽ KSRTC ബസ് സ്റ്റാൻഡും, മാർക്കറ്റ് ജംഗ്ഷനിൽ പ്രൈവറ്റ് ബസ്സ്റ്റാൻഡും ആരംഭിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

10. കടുത്തുരുത്തി കേന്ദ്രമായി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുക.

11. കടുത്തുരുത്തി കേന്ദ്രമായി ടെലിഫോൺ എക്സേഞ്ചും, ഫയർ സ്റ്റേഷനും സ്ഥാ പിക്കുക.

12. കടുത്തുരുത്തി ടൗൺ കേന്ദ്രമാക്കി ഒരു പാചക വാതക വിതരണ കേന്ദ്രം ആരംഭി ക്കുക.

13. കടുത്തുരുത്തിയിൽ സർക്കാർ ഉടമസ്ഥ തയിൽ ഒരു ഹോമിയോപ്പൊതി ആശുപത്രി ആരംഭിക്കുക.

14. മുട്ടുചിറയിൽ പ്രവർത്തിക്കുന്ന നിലവി ലുള്ള ആയുർവേദ ഡിസ്പെൻസറി വിപു ലമായ സൗകര്യങ്ങളോടെ ആശുപത്രിയാക്കി ഉയർത്തുക.

15. കടുത്തുരിത്തി സെൻറ് ജോർജ് എൽ. പി. സ്കൂളിന് സമീപമുള്ള കുളത്തിന് മുകൾ ഭാഗത്തുള്ള റോഡിൻെറ വശം കെട്ടി സുരക്ഷി തമാക്കുക.

16. കടുത്തുരുത്തി റെയിൽവേ സ്റ്റേഷന് സമീ പമുള്ള ലെവൽക്രോസിൽ ഗതാഗത തടസം ഒഴിവാക്കുന്നതിനായി ഓവർബ്രിഡ്ജ് നിർമ്മിക്കുക.

17. എസ്. കെ. വി. മാർക്കറ്റ് ശുചിയാക്കി ആഴ്ചചന്തകൾ ആരംഭിക്കുക.

18. കടുത്തുരുത്തിയുടെ കാർഷിക വിപണന മേഖലയിൽ സമഗ്രവികസനം സാധ്യമാക്കുന്ന തിന് ചുള്ളിത്തോട് പദ്ധതി അടിയന്തിരമായി നടപ്പാക്കുക.

19. സെൻറ് മൈക്കിൾസ് ഹൈസ്കൂളിന് മുൻ വശത്തു കൂടിയുള്ള പഴയ പി. ഡബ്ള്യൂ. ഡി. റോഡ് സഞ്ചാരയോഗ്യമാക്കിത്തീർക്കുക.

20. പഞ്ചായത്തുവക പൊതു സ്മശാനം സ്ഥാ പിക്കുക.

21. ടൗണിലെ ഓടകളിൽ സ്ളാബ് ഇട്ട് മൂടുവാൻ പി. ഡബ്ള്യൂ. ഡി. അധികൃതർ ശ്രദ്ധിക്കുക.

22. ടൗണിലെ ഹോട്ടലുകളിലെ മാലിന്യങ്ങൾ ഒഴുക്കികളയുന്നതിനുള്ള നടപടി സ്വീകരി ക്കുക.

23. പഞ്ചായത്തു കമ്മ്യൂണിറ്റി ഹാളിൻെറ സൗകര്യങ്ങൾ വിപുലമാക്കുകയും ആവ ശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

24. ടൗണിൽ വലിയപാലത്തിനു സമീപം പൊതു കുളിക്കടവ് നിർമ്മിക്കുക.

25. ടൗണിലെ കുടിവെള്ള ക്ഷാമം പരിഹരി ക്കുന്നതിനും ശുദ്ധജല വിതരണം കാര്യക്ഷ മമാക്കുന്നതിനും നടപടി സ്വീകരിക്കുക. ഇതിനായി ചിറക്കുളം, പഞ്ചായത്ത് ഏറ്റെ ടുക്കുകയും കാപ്പുംതല ചിത്താന്തി ശുദ്ധജല പദ്ധതി നടപ്പാക്കുകയും ചെയ്യുക.

26. റോഡ്, തോട്, പുറമ്പോക്കു ഭൂമി അളന്നു തിട്ടപ്പെടുത്തി, അനധികൃത കെട്ടിടങ്ങൾ പൊളിച്ചു മാറ്റുകയും, കൈയ്യേറ്റങ്ങൾ തട യുകയും ചെയ്യുക.

27. കടുത്തുരുത്തി ടൗണിൽ റോഡുകളുടെ വീതികൂട്ടി ടാർ ചെയ്യുകയും. ഐ. റ്റി. സി. ജംഗ്ഷൻ മുതൽ ബ്ളോക്കു ജംഗ്ഷൻ വരെ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കു കയും ചെയ്യുക.

28. കൈലാസപുരം ഭാഗത്തു നിന്നും പിറവം റോഡിൽ മാർക്കറ്റ് ജംഗ്ഷനിലേക്കും, പാലാ റോഡിൽ പാലകര ഭാഗത്തു നിന്നും സെ ൻട്രൽ ജംഗ്ഷനിലേക്കും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

29. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുക.

30. ബസുകളുടെ സമയവിവരപ്പട്ടികയും, ടാക്സികളുടെ ചാർജും രേഖപ്പെടുത്തുന്ന ബോർഡുകൾ മാർക്കറ്റ് ജംഗ്ഷനിലും, സെൻട്രൽ ജംഗ്ഷനിലും സ്ഥാപിക്കുക.

31. പൊതുജന സൗകര്യാർത്ഥം 4061 സഹകരണബാങ്കിൻെറ എതിർവശത്ത് പി. ഡബ്ള്യു. ഡി. പുറമ്പോക്ക് സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

32. ടൗൺ ശുചിയാക്കി തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുക.

33. വിപുലമായ സൗകര്യങ്ങളോടു കൂടി നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

34. മാർക്കറ്റിലെ ശുചീകരണത്തിന് സ്ഥിരം ആളെ നിർത്തുകയും, മത്സ്യ-മാംസ വ്യാപാരങ്ങളും, പച്ചക്കറി വ്യാപാരങ്ങളും വിപുലമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കുകയും ചെയ്യുക. ഇപ്പോൾ മാംസ വില്പനശാല നടത്തുന്നതിന് മുൻവശം മത്സ്യവ്യാപാരവും നടത്താൻ പറ്റുന്ന രീതിയിൽ, ഇപ്പോൾ മാംസ മാർക്കറ്റായി ഉപയോഗിക്കുന്ന സ്ഥലത്ത് കൂടുതൽ വിസ്തീർണ്ണത്തിൽ സ്ഥലസൗകര്യം ഉണ്ടാക്കുക.

ഇപ്പോൾ മത്സ്യവ്യാപാരം നടത്തുന്ന സ്ഥലത്തേയ്ക്ക് പഴം-പച്ചക്കറി സ്റ്റാളുകൾ നിർമ്മിച്ച് പച്ചക്കറി വ്യാപാരം വിപുലപ്പെടുത്തുക.

35. നിലവിൽ മാർക്കറ്റ് റോഡിൽ നടക്കുന്ന കാലിച്ചന്ത മത്സ്യമാർക്കറ്റിന് മുകളിലുള്ള ഗ്രൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക.

36. ടൗണിലെ ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിക്കണം.

മാർക്കറ്റ് റോഡിന് ഇരുവശത്തുമായി കിടക്കുന്ന ഓടകളിൽ കൂടി ഒഴുകുന്ന മലിനജലം, മാർക്കറ്റിന് മുൻവശത്ത് ഓടകൾ യോജിപ്പിച്ച് മെയിൻ റോഡിന് കുറുകെ ചുള്ളിത്തോട്ടിലേക്ക് ഒഴുകുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

വെള്ളപ്പൊക്കകാലത്ത് പോലീസ് സ്റ്റേഷന് മുൻവശത്തുള്ള പാലാ റോഡിൻെറ ഭാഗത്ത് ഗതാഗതം തടസ്സപ്പെടുത്തുന്ന രീതിയിൽ ഓടകൾ കവിഞ്ഞ് വെള്ളം ഒഴുകാറുണ്ട്. ഇതിന് പരിഹാരമായി സി. വി. എൻ. കളരിക്ക് താഴെയുള്ള പാലയ്ക്കാ കുഴിയിൽ നിന്നും പാലാ റോഡിലേക്ക് ഒഴുകിവരുന്ന വെള്ളം വലിയ ഓടകൾ നിർമ്മിച്ച് പാലാ റോഡിന് കുറുകെ കൂടി വലിയ തോട്ടിലേക്ക് ഒഴുക്കിവിടുന്നതിനുള്ള നടപടി സ്വീകരിക്കുക.

വെള്ളാശേരി-കൊടികുത്തി റോഡ് തുടങ്ങുന്ന ഗവ: ഹൈസ്കൂൾ റോഡിനോട് ചേർന്നുള്ള ഭാഗത്ത് ഓട നിർമ്മിച്ച് മെയിൻ റോഡിലെ ഓടയുമായി ബന്ധിപ്പിക്കുക.

37. ടൗൺ വികസനത്തിൻെറ ഭാഗമായി, ടൗണുമായി ഏറ്റവും ബന്ധപ്പെട്ടു കിടക്കുന്ന ആയാംകുടി-ആപ്പുഴ തീരദേശ റോഡ്, കൈലാസപുരം-കൊടികുത്തി റോഡ്, ഓലിത്തടം-ഐ.റ്റി.സി. ജംഗ്ഷൻ റോഡ്, വെള്ളാശേരി-മൂത്താം കുഴി റോഡ് എന്നിവ ടാർ ചെയ്യുക.

38. കടുത്തുരുത്തിയുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കായി കടുത്തുരുത്തി കേന്ദ്രീകരിച്ച് ഒരു ആർട്ട്സ്& സയൻസ് കോളേജും, പോളിടെക്നിക്കും ആരംഭിക്കുക.

39. പാണകുഴികുന്ന് (കട്ടിംങ്ങ്)-പള്ളി റോഡ് സഞ്ചാരയോഗ്യമാക്കുക.

40. സെൻട്രൽ ജംഗ്ഷൻ-കുരിശുംമൂട് റോഡ് ടാർ ചെയ്യുക.

◆ ◆ ◆

# പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം

ഇൻഡോ - ആര്യൻ സമൂഹകാലത്ത് സ്ഥാപിതമായ ചാതുർവർണ്യസിദ്ധാത്തിൻെറ വ്യവസ്ഥയിൽ, അടിമകളാക്കപ്പെട്ട ഭരണാധികാരികളും ഭൂഉടമകളും ആണ് ഇന്ന് ''പട്ടിക ജാതി - പട്ടിക വർഗ്ഗങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത് . വർണ്ണവ്യവസ്ഥയ്ക്ക് മതപരമായ അംഗീകാരമുമുണ്ടായിരുന്നതു കൊണ്ട് ഹിന്ദു സമുദായത്തിൻെറ പൂർണ്ണമായ സാമൂഹ്യാംഗീകാരമുണ്ടായിരുന്നു. വർണ്ണവ്യവസ്ഥയ്ക്ക് നിയമപരമായ നിരോധനം ഉണ്ടായിട്ടുണ്ടെങ്കിൽ കൂടി, അതിനെ സമ്പൂർണ്ണമായ പുഷ്പിതാവസ്ഥയിൽ നിലനിർത്താൻ ഇന്നും ചിലർ ആഗ്രഹിക്കുന്നുവെന്നുള്ളതാണ് ഈ വിഭാഗത്തിൻെറ സാമൂഹ്യവളർച്ചയ്ക്ക് വിഘാതമായി നില്ക്കുന്ന പ്രധാന ഘടകം.

ദീർഘകാല പരിഗണനകളേക്കാൾ കൂടുതൽ, ഹ്രസ്വകാല വീക്ഷണങ്ങളാൽ ഭരിക്കപ്പെടുന്ന രാഷ്ട്രീയക്കാരൻ, പട്ടികജാതി - പട്ടിക വർഗ്ഗകാരൻെറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന പാളിച്ചകൾ ഈ വിഭാഗത്തിൻെറ ആരോഗ്യപരമായ നിലനില്പിനും വളർച്ചയ്ക്കും തടസ്സമാകുന്നു.

മഹാനായ ഡോ. ബീ. ആർ അംബേദ്കറുടെ ആജീവനാനന്തരശ്രമഫലമായി, ഭാരതത്തിൻെറ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള പരിരക്ഷകൾ പോലും അട്ടിമറിക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്നു. ശ്രീ അയ്യങ്കാളിയും, ശ്രീനാരായണഗുരുവും കേരളീയ സമൂഹത്തിലുണ്ടാക്കിയ പുത്തൻ ഉണർവ്വ് പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു സാമൂഹ്യമായ പുരോഗതി നേടിക്കൊടുത്തു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഓരോ വർഷവും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ തീരുനമാനമെടുക്കുന്നവരുടെയും അതു നടപ്പിലാക്കുന്നവരുടേയും ആത്മാർത്ഥയില്ലായ്മയും ആസൂത്രണപരിപാടികളിലുള്ള ദീർഘവീക്ഷണമില്ലായ്മയും അത്തരം കർമ്മപദ്ധതികളെ , യഥാർത്ഥ ഗുണഭോക്താവിന് ഗുണം ചെയ്യാത്ത വിധത്തിൽ നിഷ്ഫലമാക്കുന്നു.

ഭരണഘടനാദത്തമായ സംവരണവ്യവസ്ഥയിലൂടെ സർക്കാരുദ്യോഗങ്ങൾ ലഭിച്ചിട്ടുള്ള ഒരു ചെറുന്യുനപക്ഷമൊഴിച്ചാൽ ബാക്കി മുഴുവൻ പട്ടിജാതി പട്ടിക വർഗ്ഗവിഭാഗങ്ങളും കൃഷിപ്പണിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട കാർഷീകഭൂപരിഷ്കരണ നിയമത്തിലൂടെ ഈവിഭാഗത്തിൽപെട്ട ഏതാനും പേർ ഏതാനും തുണ്ടുഭൂമികൾക്ക് അവകാശികൾ ആയി എങ്കിലും കാർഷിക മേഖലകളിൽ അവർക്കുണ്ടായിരുന്ന തൊഴിലവസരങ്ങൾ നഷ്ടമായി നാലുസെൻററു കോളനികളിലും ഇതരസർക്കാർ കോളനികളിലുമായി ഇവരിൽ ബഹുഭൂരിപക്ഷവും തിങ്ങിപാർക്കുന്നു. നാലു സെൻറിൽ നിർമ്മിച്ചിട്ടുള്ള കൊച്ചുകൂരകളിൽ ഒന്നിലധികം കുടുംബങ്ങൾ ഞെങ്ങി ഞെരുങ്ങി കഴിയുന്നു. അതുകൊണ്ട് സമഗ്രമായ ഭൂപരിഷ്കരണം ഈ വിഭാഗങ്ങളുടെ പുരോഗതിക്ക് അനിവാര്യമായിത്തീർന്നിരിക്കുന്നു.

സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സർക്കാരുകൾ ആവിഷ്കരിക്കുന്ന പദ്ധതികളുടെ സങ്കീർണ്ണമായ നിബന്ധനകളും വ്യവസ്ഥകളും ചിട്ടയോടെ പാലിക്കാനാവാത്തതിനാലും , പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുടെ നിസ്സഹകരണത്താലും പലപ്പോഴും അത്തരം പദ്ധതികൾ ഇവർക്ക് പ്രയോജനകരമായി ഭവിക്കുന്നില്ല. അങ്ങനെ ഓരോ വർഷവും കോടിക്കണക്കിന് രൂപ ലാപ്സായി പോകുന്നു. ഇതിനുപുറമെയാണ് പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതുക വകുപ്പുമാറി ചിലവഴിക്കുന്നത്. ഇത് ഈ വിഭാഗങ്ങളെ ദ്രോഹിക്കുന്ന മറ്റൊരു നടപടിയാണ്.

സാമൂഹ്യ ചടങ്ങുകളിൽ നിന്ന് പട്ടിക ജാതി - പട്ടി വർഗ്ഗക്കാരെ ഒഴിവാക്കി

നിർത്തുന്ന പ്രവണത സർവ്വസാധാരണമാണ്. വിവാഹ മുൾപ്പെടെയുള്ള ചടങ്ങുകളിൽ ഇതര വിഭാഗക്കാർ സഹകരിക്കാതിരിക്കുകയോ, സഹകരിച്ചാൽ തന്നെ ഭക്ഷണം കഴിക്കാതിരിക്കുയോ ചെയ്യുന്ന അവസ്ഥയും ഈ പ്രദേശത്ത് ധാരാളമാണ്. പിച്ച വെച്ചു നടക്കുന്ന കുഞ്ഞുങ്ങൾ പോലും, വയോവൃദ്ധരായ പട്ടിക ജാതി- പട്ടിക വർഗ്ഗക്കാരെ പേരും ജാതിയും ചേർത്ത് സംബോധന ചെയ്യുന്നതും വളരെ ദുഃഖകരമായ അനുഭവമാണ്.

## വിദ്യാഭ്യാസം

ഇതര ജനവിഭാഗങ്ങളേക്കാൾ വിദ്യാഭ്യാസ രംഗത്ത് ഈ ജനവിഭാഗം ഒട്ടേറെ പിന്നിലാണ്. ഇതിനുള്ള മുഖ്യകാരണം, മാതാപിതാക്കളുടെ അറിവുകുറവും സാമ്പത്തിക പരാധീനതയും ദാരിദ്ര്യവും, പോഷക ആഹാരക്കുറവുമാണ്.

സാമ്പത്തിക പാരാധീനത മൂലം നിലവാരമുള്ള സ്ക്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് കഴിയുന്നില്ല. 90% ശതമാനം കുട്ടികളും ഗവൺമെൻറു സ്ക്കൂളുകളിലാണ് പഠിക്കുന്നത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിളുമായി തുലനം ചെയ്യുമ്പോൾ സർക്കാർ സ്ക്കൂളുകളിലെ പഠന നിലവാരം പൊതുവെ മോശമാണ്. അതോടൊപ്പം തന്നെ രാഷ്ട്രീയസമരങ്ങൾ മൂലം അദ്ധ്യയനം മുടങ്ങുന്നതിലും സർക്കാർ സ്കൂളുകൾ മുന്നിലാണ്. ഇങ്ങനെ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ പഠിക്കേണ്ടതായ പാഠഭാഗങ്ങൾ പഠിക്കുന്നതിനും മറ്റുമായി സ്വകാര്യട്യൂഷനുള്ള കഴിവില്ലാത്തതിനാൽ കുട്ടികൾ തോല്വി ഏറ്റുവാങ്ങുന്നു. ഇത്തരം കാരണങ്ങളാൽ ചില കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാതെ ഇടയ്ക്കു വച്ച് പഠനം നിർത്തേണ്ടിവരുന്നു. പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സംവരണം, സഹകരണമേഖലയിലും സ്വകാര്യ വിദ്യാഭ്യാസ മേഖലയിലും നിർബന്ധമായി നടപ്പിലാക്കിയാൽ കുറെ മാറ്റങ്ങൾ ഉണ്ടാകും. കൂടാതെ പഠന കാര്യങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി സർക്കാർ ചിലവിൽ പ്രത്യേക പഠന സൗകര്യം ഉണ്ടാക്കേണ്ടതാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും മുഴുവൻ ഉദ്യോഗാർത്ഥികൾക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ നല്കു കയും , ദാരിദ്ര്യവും സാമ്പത്തിക ബുദ്ധിമുട്ടുകളും പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്താൽ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായകമാകും.

## തൊഴിൽ

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഭൂരിപക്ഷവും കാർഷിക മേഖലയിലെ കൂലിപ്പണിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. കാർഷിക മേഖലയിലെ തകർച്ചയും, സ്വന്തമായി കൃഷി ഭൂമി ഇല്ലാത്തതും, യന്ത്രവത്കരണവും മൂലം ഇവർക്ക് തൊഴിലവസരങ്ങൾ കുറയുന്നു. സീസനുകളിൽ മാത്രം ലഭിക്കുന്ന നാമമാത്രമായ കൂലിപ്പണി ദൈനംദിന ജീവിതത്തിന് തികയാതെ വരുന്നു. അതുകൊണ്ടു തന്നെ അർദ്ധപട്ടിണിയിൽ ദിവസങ്ങൾ തള്ളി നീക്കുന്നു.

പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ചെറിയ വിഭാഗവും കടുത്ത തൊഴിലില്ലായ്മ നേരിടുന്നു. അസംസ്കൃത വസ്തുക്കളുടെ വിലക്കൂടുതലും ലഭ്യതക്കുറവും, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തുവാനുള്ള ബുദ്ധിമുട്ടും പ്രസ്തുത മേഖലയിലെ വൻകിട വ്യവസായങ്ങളുടെ കടന്നു കയറ്റവും ആണ് ഈ വിഭാഗത്തിൻെറ തൊഴിലില്ലായ്മക്ക് മുഖ്യ കാരണം.

കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക തൊഴിലവസരങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനും സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതിനും ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ആരംഭിക്കുകയും ചെയ്യുന്നതോടൊപ്പം തന്നെ, ഒരു വീട്ടിൽ നിന്നും ഒരാൾക്കെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ ജോലികൊടുക്കുകയും ചെയ്താൽ തൊഴിലില്ലായ്മയ്ക്കും, തൊഴിൽ പ്രശ്നത്തിനും അല്പമെങ്കിലും പരിഹാരം കണ്ടെത്തുവാൻ കഴിയും.

## പാർപ്പിടം

ഈ പഞ്ചായത്തിൽ അംഗീകാരമുള്ള 23 കോളനികളിലായി 38 കോൺക്രീറ്റു വീടുകളും 404 ഓടുമേഞ്ഞ വീടുകളും 161 ഓലമേഞ്ഞ വീടുകളും ഉണ്ട്. ഇതിൽ 361 വീടുകൾക്ക് കക്കൂസുകളില്ല. വൈദ്യുതീക രിക്കാത്ത 337 വീടുകൾ ഉണ്ട് (അനുബന്ധം 1 പട്ടിക കാണുക)

വെള്ളാശ്ശേരി ലക്ഷം വീടു കോളനിയിൽ ചില വീടുകൾ പണിയുവാനുള്ള അടിത്തറ തീർത്തുവെങ്കിലും തുടർന്നു പണിയുന്നതിന് സാധിക്കാത്തതിനാൽ, ചാക്കു പടുത കൊണ്ടുള്ള മേൽകൂരയുള്ള ഷെഡുകൾ ഇതിനു മുകളിൽ നിർമ്മിച്ച് കഴിഞ്ഞു വരുന്നു.

വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖേന പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ശ്രമിക്കുന്നണ്ടെങ്കിലും ഗുണഭോക്താക്കളുടെ എണ്ണകൂടുതലും അനുവദിക്കപ്പെടുന്ന തുകയുടെ പരിമിതിയും അസംസ്കൃതസാധനങ്ങളുടെ വില കൂടുതലും ഉദ്യോഗസ്ഥന്മാരുടേയും ഗുണഭോക്താക്കളുടെയും അനാസ്ഥയും മൂലം പദ്ധതികൾ വേണ്ടവിധം നടപ്പിലാക്കുവാൻ കഴിയുന്നില്ല. സർക്കാരിൻെറ കണക്കനുസരിച്ചുള്ള വീടുകൾ നിർമ്മിക്കുമ്പോൾ വർദ്ധിച്ചു വരുന്ന സാധന വിലയും, കൂലിചെലവും, കണക്കാക്കി ആവശ്യമായ തുക നല്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ പദ്ധതികൾ പൂർത്തികരിക്കുവാൻ കഴിയുകയുള്ളു.

ആയാംകുടി ലക്ഷം വീടുകോളനിയിലെ, ഒരു കൂരയ്ക്കു കീഴിലുള്ള രണ്ടു കുടുംബങ്ങൾ താമസിക്കുന്ന ഇരട്ട വീടുകളും , പഞ്ചായത്തിലെ ഇതര വാർഡുകളിലെ പഴക്കം ചെന്ന മറ്റു വീടുകളും ജീർണ്ണിച്ച് വാസയോഗ്യമല്ലാത്തതായിത്തീർന്നിരിക്കുന്നു. പുതിയ വീടുകൾ സർക്കാർ നേരിട്ടു പണിയിച്ചു കൊടുക്കുന്ന പദ്ധതി പ്രകാരം പ്രസ്തുത വീടുകൾ വാസയോഗ്യമാക്കിതീർക്കുന്നത് ഫലപ്രദമായിരിക്കും. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്ഥലം വാങ്ങി വീട്, കക്കൂസ് ശുദ്ധജലം, വൈദ്യുതി തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം എത്രയും വേഗം അനുവദിക്കേണ്ടതാണ്. കോളനിയിൽ നിന്നും ഒറ്റപ്പെട്ടു കിടക്കുന്ന വീട്ടുകാർക്ക് അടിയന്തിര സഹായം എത്തിച്ചു കൊടുക്കണം.

## ജനസംഖ്യ

• കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ 1991 - ലെ കണക്കനുസരിച്ച് ആകെ ജനസംഖ്യയുടെ 12.33 ശതമാനം പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുണ്ട്. ഇതിൽ 2857 പേർ കോളനികളിലും ബാക്കിയുള്ളവർ വാർഡിലെ വിവിധ ഭാഗങ്ങളിലും താമസിക്കുന്നു.

പട്ടിക 11(4)

| | |
|---|---|
| ആകെ | 3782 |
| പുരുഷന്മാർ | 1915 |
| സ്ത്രീകൾ | 1867 |

(അനുബന്ധം 2 കാണുക)

അനുബന്ധം 1

കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന പട്ടിക ജാതി പട്ടി വർഗ്ഗ കുട്ടികളുടെ വിവരം

പട്ടിക 11(2)

| സ്കൂൾ | ആകെ കുട്ടികൾ | പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾ | ശതമാനം |
|---|---|---|---|
| L.P.S | 1307 | 188 | 14.38 |
| U.P.S | 324 | 78 | 24.07 |
| H.S | 2015 | 104 | 5.56 |

പട്ടികജാതിയിൽ നിന്നു മതപരിവർത്തനം നടത്തിയവരും, അതുപോലെ അവകാശങ്ങൾ അർഹിക്കുന്ന മറ്റു ജനവിഭാഗങ്ങൾ ഉണ്ടെങ്കിൽ അവരെയും ചേർത്ത് ഒരു പ്രത്യേക ലിസ്റ്റുണ്ടാക്കി, പ്രസ്തുത ലിസ്റ്റിൽപ്പെടുന്നവർക്ക് അർഹിക്കുന്ന സംവരണാനുകൂല്യ കൊടുക്കേണ്ടതാണ്. ഈ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിനും സംവിധാനം ഉണ്ടാക്കേണ്ടതാണ് .

പട്ടിക ജാതി / വർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങൾ

1. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ.

2. സ്വന്തമായി കൃഷി ഭൂമി ഇല്ലാത്തതിൻെറ പരാധീനത.

3. താഴ്ന്ന വിദ്യാഭ്യാസ നിലാവരം

4. ഭവന രഹിതരുടെ വർദ്ധിച്ചു വരുന്ന അംഗസംഖ്യ.

5. വീടുവയ്ക്കാൻ ഭൂമിയില്ലാത്തവരുടെ അംഗസംഖ്യാവർദ്ധനവ്

6. അപര്യാപ്തമായ ധനസഹായം മൂലം ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക ദുർവ്യയം ചെയ്യൽ

7. ധനസഹായ പദ്ധതികൾക്ക് ഏർപ്പെടുത്തപ്പെടുന്ന സാങ്കേതികത്വം മൂലമുണ്ടാകുന്ന അപര്യാപ്തത

8. പോഷകാഹാരം ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ സംവിധാനത്തിൻെറ അപര്യാപ്തത

9. സാമൂഹ്യ - സാമ്പത്തിക -അധികാര രംഗങ്ങളിലെ പങ്കാളിത്തമില്ലായ്മ.

10. വിവിധ കൈ തൊഴിൽ ചെയ്യുന്നതിനുള്ള സാങ്കേതിക പരിശീലനം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. വീടില്ലാത്ത പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വീട് , കക്കൂസ്, കുളിമുറി, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുക

2. ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് ഒരു കുടുംബത്തിന് ഒരു ഏക്കർ ഭൂമി വീതം പതിച്ചു നൽകുക, മിച്ച ഭൂമി പതിച്ചു നൽകുക.

3. കൊരക്കാല 3 സെൻറ് ഹരിജൻ കോളനിയിൽ സ്ഥലം അനുവദിച്ച പട്ടിക ജാതി / വർഗ്ഗക്കാർക്ക് വേണ്ടി ഗവൺമെൻറിൽ നിന്നും വീട് 'കക്കൂസ്' മറ്റ് ആവശ്യങ്ങൾ എന്നിവ അടിയന്തിരമായി നടപ്പിലാക്കുന്നതിനായി ഭവന നിർമ്മാണപദ്ധതി ഏർപ്പെടുത്തുക.

4. മാന്താംകുന്ന് 'ഹരിജൻ സെറ്റിൽമെൻറ്' കോളനിയിൽ നിലവിലുള്ള ശിശു പരിപാലന കേന്ദ്രത്തിനായി വാങ്ങിയ 2 സെൻറ് സ്ഥലത്തിൻെറ കൂടെ 8 സെൻറ് സ്ഥലം വാങ്ങി മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുക.

5. പത്തു വരെ ക്ലാസിലെ കുട്ടികൾക്ക് പുസ്തകം, വസ്ത്രം ഭക്ഷണം എന്നിവ സൗജന്യമായി നൽകുക 10- ാം ക്ലാസ്സിനു മുകളിലുള്ളവർക്ക് ഒരു മേശയും ഒരു കസേരയും അനുവദിച്ചു നൽകുക. വീട് സൗജന്യമായി അനുവദിച്ചു നൽകുക.

6. എല്ലാപട്ടിക ജാതി / വർഗ്ഗ കുടുംബങ്ങൾക്കും സൗജന്യ ഇൻഷ്വറസ് ഏർപ്പെടുത്തുക.

7. പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിലേയ്ക്കുമുള്ള റോഡുകൾ അടിയന്തിരമായി ടാർചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8. ഏഴുമാന്തുരുത്ത് ഐ. എച്ച്. ഡി. പി. കോളനിയിലേക്ക്. അനുവദിച്ചിരിക്കുന്ന രണ്ട് റോഡുകളുടെ പണികൾ ഉടൻ ആരംഭിക്കുക.

9. പട്ടികജാതി / പട്ടിക വർഗ്ഗ കലാകാരന്മാർക്കും കായിക താരങ്ങൾക്കും സാഹിത്യകാരന്മാർക്കും പഞ്ചായത്തു തലത്തിൽ ധനസഹായം ഏർപ്പെടുത്തുക.

10. 42 പട്ടിക ജാതി കുടുംബങ്ങളുള്ള ഗോവിന്ദപുരം ഐ. എച്ച്. ഡി. പി. കോളനിയായി ഉയർത്തുന്നതിനുള്ള പഞ്ചായത്തു തീരുമാനം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുള്ളതാണ് ഇതു എത്രയും വേഗം നടപ്പിലാക്കുക.

11. കൊടുകാപ്പള്ളി മിച്ചഭൂമി ലഭിച്ച 213 പട്ടിക ജാതിക്കാരുടെ കൃഷി സ്ഥലത്തിൻെറ വികസനത്തിന് വേണ്ടി പുറംബണ്ട് കെട്ടി ചിറപിടിച്ച് തെങ്ങുകൃഷി ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

12. ലക്ഷം വീട് കോളനിയിലുള്ള ജീർണ്ണിച്ച ഇരട്ടവീടുകൾ പൊളിച്ചു കളഞ്ഞ് പുതിയ വീടുകൾ സ്ഥാപിക്കുക.

13. ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടകവർഗ്ഗ കോളനികളിലും ക്രഷ് അംഗനവാടി സ്ഥാപിക്കുക. പുതിയ നിയമം അനുസരിച്ച് നിലവിലുള്ള ക്രഷുകളിലെ അദ്ധ്യാപകരെ എടുത്തതിനുശേഷം മാത്രം പുതിയവരെ നിയമിക്കാവൂ.

14. കൊരക്കാല 3 സെൻറ് കോളനി, ആയാംകുടി ലക്ഷം വീട് കോളനി, ചിത്തിര നാലു സെൻറ് കോളനി തുടങ്ങിയ കോളനികൾക്ക് ചുറ്റുമതിൽ കെട്ടുക.

15. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സബ് സെൻറർ ഇല്ലാത്ത വാർഡുകളിൽ അത് സ്ഥാപിക്കുക.

16. ഇടംമ്പാടം പാലം, ഗതാഗതയോഗ്യമാക്കുക.

17. തൊഴിലില്ലായ്മ പരിഹിരിക്കുന്നതിനു സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായവും കുടിൽ വ്യവസായവും ആരംഭിക്കുക.

18. 250 പേർക്കെങ്കിലും തൊഴിൽ ലഭിക്കത്തക്കവിധത്തിൽ റബ്ബറധിഷ്ഠിത വ്യവസായവും റബ്ബറുമായി ബന്ധപ്പെട്ട വ്യവസായ പരിശീലനവും ആരംഭിക്കുക. (ഉദ:PLC)

19. ഏരുമത്തുരുത്തിൽ പല്ലൂർ ഈരേക്കടവ് റോഡും പഞ്ചായത്ത് പാലവും ഉടൻ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

20 ഏഴുമാന്തുരുത്ത് IHDP കോളനിയിലേക്ക് അനുവദിച്ചിരിക്കുന്ന പൈപ്പ് ലൈനിൻെറ നിർമ്മാണം ആരംഭിക്കുക.

21. സ്മശാനം ഇല്ലാത്ത വാർഡുകളിൽ സ്മശാനം അനുവദിക്കുകയും നിലവിലുള്ള സ്മശാനങ്ങൾക്ക് ചുറ്റും മതിൽ തീർക്കുകയും അവയുടെ ശോച്യാവസ്ഥ പരിഹരിക്കുകയും ചെയ്യുക.

22. പഞ്ചായത്തിലെ നിലവിലുള്ള സ്വകാര്യമാനേജ്മെൻറ് സ്കൂളുകളിൽ നിശ്ചിതശതമാനംSC/STവിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുക.

23. തഴപായ്, കൊട്ട, മുറം എന്നിവ വിപുലമായ രീതിയിൽ നിർമ്മിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

24. പട്ടിക ജാതി/ പട്ടിക വർഗ്ഗ വനിതകൾക്കായി, തയ്യൽ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാറു നിർമ്മാണം, കറിപൗഡർ നിർമ്മാണം, എണ്ണപലഹാര നിർമ്മാണം, റബ്ബർ ബാൻഡ് നിർമ്മാണം. പ്ലാസ്റ്റിക് സാധനങ്ങളുടെ നിർമ്മാണം, ബുക്ക് ബയിൻഡിംഗ്, പച്ചക്കറി കൃഷി തുടങ്ങിയ തൊഴിലുകൾക്ക് പരിശീലനം കൊടുക്കുകയും ഉല്പദിപ്പിക്കുന്ന ഉല്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

25. കടുത്തുരുത്തി പഞ്ചായത്തിലെ മുഴുവൻ പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെയും ആവശ്യത്തിന് വേണ്ടി 10 സെൻറ് സ്ഥലം വാങ്ങി അതിൽ ഒരു കമ്മ്യൂണിറ്റി സെൻറർ, ഒരു കമ്പോസിംഗ് പരിശീലന കേന്ദ്രം ഒരു ലേഡീസ് സെൻറർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

26. കെ. എസ്. പുരം ഹരിജൻ സെറ്റിൽമെൻറ് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

26. പനച്ചിത്തുരുത്തു പാറേൽIHDP കോളനിലേയ്ക്ക് റോഡ് നിർമ്മിക്കുക.

27. വെള്ളാശ്ശേരി തെക്കുംഭാഗം ഹരിജൻ കോളനിIHDP കോളനിയായി ഉയർത്തുക.

28. പഞ്ചായത്തിൽ നിന്നും സൗജന്യമായി വയറിംഗ് ചെയ്തു കൊടുത്തിട്ടുള്ള എല്ലാ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി നല്കുക.

29. മധുര വേലി കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കുക.

31 ആയാംകുടി 4 സെൻറ് കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

32. വിദ്യാസമ്പന്നരായിട്ടുള്ള പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഗവ: ഡിപ്പാർട്ട്മെൻറിൽ ജോലി കൊടുക്കുന്നതി

നുള്ള നടപടികൾ ആരംഭിക്കുക.

33. സ്പെഷ്യൽ റിക്രൂട്ട്മെൻറ വഴിയുള്ള നിയമനം ഊർജ്ജിതപ്പെടുത്തുക.

34. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് കപിക്കാട്. അവിടെ ചെറുകിട വ്യവസായിക യൂണിറ്റ് തുടങ്ങേണ്ടതാണ്. പള്ളിക്കൂടം ഇല്ലാത്ത ഒരു വാർഡാണ് ഈ പ്രദേശത്ത് ഒരു പോസ്റ്റാഫീസ് വളരെ ആവശ്യമാണ്.

35. കൊരക്കാല ഹരിജൻ സെറ്റിൽമെൻറ് കോളനി IHDP കോളനിയായി ഉയർത്തുക.

36. കടുത്തുരുത്തി പഞ്ചായത്തിലെ ആയാംകുടി പരവയ്ക്കാട് കോളനി IHDP കോളനിയായി ഉയർത്തുക.

37. കടുത്തുരുത്തി പഞ്ചായത്തിലെ എഴുമോത്തുരുത്ത് IHDP കോളനിയേയും തലയോലപ്പറമ്പ് പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പണി നടത്തുക.

38. വാലിച്ചിറ - പുതുശ്ശേരിക്കര കോളനി IHDP കോളനിയായി ഉയർത്തുക.

39. മാന്നാർ മിച്ചഭൂമി ഹരിജൻ കോളനിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുക.

40. മാന്നാർ (മൂലേക്കുന്ന്) മിച്ച ഭൂമി വഴി എഴുമാന്തുരുത്ത് വരെയുള്ള ബണ്ട് റോഡ് വീതി കൂട്ടുക.

### പട്ടികജാതി വികസന വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ

1 ആഫീസിൻെറ പേര് താലൂക്ക് പട്ടിക ജാതി വികസന വകുപ്പ് ആഫീസ് വൈയ്ക്കം

2 ആഫീസിൻെറ ഘടന:- താലൂക്ക് പട്ടിക ജാതി വികസന ഓഫീസ്

ആഫീസ്- 1

യു. ഡി. ക്ലാർക്ക് 1

ക്ളാസ്സ്IV-1

പാർട്ട് ടൈം ജീവനക്കാർ- 1

സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ ഓഫീസിൻെറ പ്രസക്തി.

പട്ടിക ജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ വികസന രംഗങ്ങളിലും മറ്റ് അർഹ സമൂദായങ്ങളിലും മറ്റ് അർഹ സമുദായങ്ങളുടെ ഘടകപദ്ധതിയനുസരിച്ച് മറ്റു വകുപ്പുകൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ പഠിക്കുന്നതിനും ഈ ആഫീസിൻെറ സേവനം ഉപയോഗപ്പെടുന്നു. വകുപ്പുനടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനം വിദ്യാഭ്യാസാനുല്യങ്ങളുടെ വിതരണമാണ്. പട്ടിക ജാതി വിഭാഗത്തിന് പുറമേ മറ്റർഹ സമുദായത്തിലും ഒ. ബി. സി, മറ്റു സമുദായങ്ങൾ എന്നീ വിഭാഗങ്ങളിലും കോളേജു വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളും ഈ വകുപ്പു മുഖേന നടപ്പിലാക്കുന്നു.

3. നടപ്പിലാക്കുന്ന പദ്ധതികൾ

താലൂക്ക് തലത്തിൽ ഈ ആഫീസു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പേർക്കുന്നു. ഇവയിൽ പഞ്ചായത്തു തലത്തിലും ബ്ലോക്ക് തലത്തിലും ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കുന്നതിനുള്ള പദ്ധതികൾ പ്രത്യേകം`p'എന്നും B എന്നും ബ്രായ്ക്കറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്തു തലത്തിലും ബ്ലോക്ക് പഞ്ചായത്തു തലത്തിലും നൽകിയിട്ടുള്ള പദ്ധതികളുടെ തിരഞ്ഞെടുപ്പു സഹായധനവിതണവും ഒഴികെയുള്ള ജോലികൾ ഈ ഓഫീസ് മുഖേന നിർവ്വഹിച്ചു വരുന്നു.

വകുപ്പ് നേരിട്ടു നടപ്പിലാക്കുന്ന പദ്ധതികൾ മൂന്നു ഭാഗമായി തിരിച്ചാണ് ചേർത്തിരിക്കുന്നത്.

## I വിദ്യാഭ്യാസ പദ്ധതികൾ

1. പ്രീപ്രൈമറി വിദ്യാഭ്യാസം ഈ താലൂക്കിൽ ഒരു നേഴ്സറി സ്ക്കൂളും ഒരു ബാലവാടിയും പ്രവർത്തിക്കുന്നു. പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഒരാൾക്ക് പ്രതിദിനം 5 രൂപ എന്ന ക്രമത്തിൽ ചെലവാക്കുന്നു. ദിവസേന ഓരോ ഗ്ലാസ്സ് പാൽ, ഉച്ചയ്ക്ക് ചോറും കറികളും വൈകുന്നേരം പഴം അല്ലെങ്കിൽ ബിസ്

ക്കറ്റ് എന്നീ ക്രമത്തിൽ നൽകുന്നു. ഒരു ടീച്ചറും ഒരു ആയയും ജീവനക്കാരായുള്ള ഇവിടെ 3 വയസിനും 5 വയസ്സിനും ഇടയിലുള്ള 30 വിദ്യാർത്ഥികളെ പ്രവേശിപ്പക്കുന്നു. 10% സീറ്റ് പട്ടിക ജാതി വിഭാഗത്തിൽപ്പെടാത്തവർക്ക് നൽകാവുന്നതാണ്. കൂടാതെ സർക്കാർ നഴ്സറി സ്കൂളിലഃ പഠിക്കുന്ന കുട്ടികൾക്ക് 35 രൂപ വാർഷിക ലംസംഗ്രാൻറ് നൽകുന്നു.

II സ്കൂൾതലത്തിലുള്ള ലംസംഗ്രാൻറ്

ഒന്നു മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് 50, 55, 80, 90, 125 എന്നീ നിരക്കുകളിൽ വാർഷിക ലംസംഗ്രാൻറ് നൽകുന്നു. ഈ ആനുകൂല്യം പട്ടികജാതികാർക്കും . മറ്റർഹ സമുദായക്കാർക്കും ലഭ്യമാണ്.

പട്ടിക 11-3

| വർഷം | പട്ടിക ജാതി കുട്ടികൾ | | ഒ.ബി.സി. | |
|---|---|---|---|---|
| | കുട്ടികൾ | തുക | കുട്ടികൾ | തുക. |
| 95- 96 | 1921 | 477126 | 5129 | 413402 |
| 96- 97 | 5764 | 466963 | 5056 | 402789 |

III പാരൽകോളേജ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം.

കോളേജുകളിൽ പ്രവേശനം ലഭിക്കാതെ, നല്ലനിലയിൽ പ്രവർത്തിക്കുന്ന പാരൽ കോളേജുകളിൽ പഠനം നടത്തുന്ന കുട്ടികൾ ( പട്ടിക ജാതി/OEC)ക്ക് കോളേജിൽ നൽകുന്ന നിരക്കിൽ തന്നെ ആനുകൂല്യങ്ങൾ നൽകുന്ന പാരലൽകോളേജുകളിൽ ചേർന്ന് ഒരു മാസത്തിനകം നിശ്ചിത ഫാറത്തിൽ ജില്ലാ പട്ടിക ജാതി വികസന ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. അർഹമായ തുക ഈ ആഫീസ് മുഖേന വിതരണം ചെയ്യുന്നു. (ലംസംഗ്രാൻറ് 270+സ്റ്റൈഫൻഡ് 180/155+ഫീസ്)

| വർഷം | അനുവാദംലഭിച്ചവർ | നൽകിയതുക |
|---|---|---|
| 95-96 | 16 | 39313 |
| 96 - 97 | 9 | ഫണ്ട് ലഭിച്ചിട്ടില്ല. തുക നൽകിയിട്ടില്ല. |

IV എസ്. എസ്. എൽ. സി/ പി. ഡി. സി. തോറ്റവർക്കുള്ള ധനസഹായം

ഓരോ വർഷവും എസ്. എസ്. എൽ. സി, പി. ഡി.സി, ഡി.സി., എന്നിവയിൽ തോല്ക്കുന്നവർക്ക് വീണ്ടും പരീക്ഷ എഴുതി പാസാകുന്നതിന് നൽകി വരുന്ന ധനസഹായം കുറഞ്ഞത് 25% മാർക്കെങ്കിലും വാങ്ങിയവർ മാത്രമേ അപേക്ഷിക്കുവാൻ അർഹരാകൂ. പി. ഡി. സി. ഡിഗ്രി എന്നിവയിൽ ഓരോ പാർട്ടിനും 25 % മാർക്ക് നിർബന്ധമാണ്. S.S.L.Cതോറ്റവർക്ക് സെപ്റ്റംബറിൽ പരീക്ഷയെഴുതിയാൽ സഹായധനത്തിൻെറ 50 തുകയും മാർച്ചിൽ പരീക്ഷയെഴുതിയാൽ മുഴുവൻ ധനസഹായവും ലഭിക്കും. എന്നാൽ ഡിഗ്രി വിദ്യാർത്ഥികൾക്ക് മാർച്ചിൽ പരീക്ഷ മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ. ധനസഹായവും ലഭിക്കുന്ന ആനുകൂല്യം.

ഓരോ വിഭാഗത്തിലും ലഭിക്കുന്ന ആനുകൂല്യം

S.S.L.C മുഴുവൻ വിഷയങ്ങൾ 800രൂ.

,, ഒരു പാർട്ട് 550/-

| പ്രീഡിഗ്രി | Iഗ്രൂപ്പ് | IIndഗ്രൂപ്പ് | III & IVഗ്രൂപ്പ് |
|---|---|---|---|
| തീയറി | 800 | 800 | 800 |
| പ്രാക്ടിക്കൽ | 300 | 450 | യാത്രാപ്പടി 400 |
| | 1100 | 1250 | 800 |
| പ്രീഡിഗ്രി(പാർട്ട്) | 600 | 600 | 600 |
| രണ്ടാം ഭാഷ | 300 | 300 | 300 |
| മെയിൻ (a)തീയറി | 600 | 600 | 600 |
| | | | യാത്രാപ്പടി 100 |
| (b)പ്രാക്ടിക്കൽ | | 300 | 450 |

| വർഷം | അപേക്ഷിച്ചവർ | | ആനുകൂല്യം ലഭിച്ചവർ | | പാസായവർ | |
|---|---|---|---|---|---|---|
| | SSLC | PDC | SSLC | PDC | SSLC | PDC |
| 95-96 | 52 | 4 | 27 | 3 | 20 | 2 |
| 96-97 | 49 | 5 | 21 | - | - | - |

ബഡ്ജറ്റ് വിഹിതത്തിൻെറ അടിസ്ഥാ

## അംഗീകരിക്കുവാനുള്ള കോളനികൾ
### അനുബന്ധം 11-5

| വാർഡ് | കോളനിയുടെ പേര് | SC/ST ആകെ വീടുകൾ | SC/ST വീടുകൾ | സ്ത്രീകൾ | പുരുഷന്മാർ | പഠിക്കുന്ന കുട്ടികൾ | ആകെ ജനസംഖ്യ | SC/ST അല്ലാത്ത വീടുകൾ |
|---|---|---|---|---|---|---|---|---|
| I | ഗോവിന്ദപുരം ഹരിജൻ സെറ്റിൽമെൻറ് കോളനി | 42 | 42 | 65 | 72 | 29 166 | - | |
| II | കാഞ്ഞിരയ്ക്കാംകുന്ന് ഹരിജൻ സെറ്റിൽമെൻറ് കോളനി | 16 | 16 | 28 | 29 22 | 79 | - | |
| | പുതുശ്ശേരിക്കര സെറ്റിൽമെൻറ് കോളനി | 27 | 27 | 62 | 76 | 30 | 168 | - |
| III | വെള്ളാശ്ശേരി ലക്ഷം വീട് കോളനി | 39 | 34 | 63 | 57 | 40 | 160 | 5 |
| | മുത്താംകുഴി സെറ്റിൽമെൻറ് കോളനി | 55 | 42 | 79 | 27 | 44 | 150 | 13 - |
| | കോനക്കുപ്പക്കാട് ഹരിജൻ സെറ്റിൽമെൻറ് കോളനി | 45 | 39 | 52 | 43 | 30 | 125 19 | |
| | കൊടിക്കുത്തി ഹരിജൻ സെറ്റിൽമെൻറ് | 25 | 25 | 45 | 49 | 36 | 130 | - |
| IV | മാന്താങ്കുന്ന് ഹരിജൻ സെറ്റിൽമെൻറ് | 44 | 40 | 82 | 70 | 44 | 196 | 4 |
| | കൊരക്കാല ഹരിജൻ സെറ്റിൽമെൻറ് | 43 | 28 | 55 | 47 | 32 | 134 | 14 |
| V | ലക്ഷം വീട് കോളനി പാലകര. | 16 | 5 | 26 | 29 | 20 | 75 | 11 |
| IV | ഹരിജൻ സെറ്റിൽമെൻറ് കോളനി കുലശേഖരപുരം | 25 | 15 | 28 | 27 | 16 | 71 | 10 |
| IX | ചിത്തിര നാലുസെൻറ് കോളനി | 56 | 46 | 70 | 64 | 64 | 198 | 10 |
| | എരുമത്തുരുത്ത് സെറ്റിൽമെൻറ് | 25 | 25 | 42 | 45 | 28 | 115 | - |
| | ലക്ഷം വീട് കോളനി. | 34 | 34 | 65 | 61 | 33 | 159 | - |
| | പരവക്കാട് സെറ്റിൽമെൻറ് കോളനി | 27 | 25 | 58 | 61 | 37 | 156 | - |
| X | പനിച്ചിത്തുരുത്ത് - പാറേകോളനി(IHDP) | 19 | 19 | 32 | 26 | 15 | 73 | - |
| | തെക്കും ഭാഗം ഹരിജൻ സെറ്റിൽമെൻറ് | 19 | 16 | 36 | 42 | 18 | 96 | 1 |
| | പുതുകാട് സെറ്റിൽമെൻറ് | 12 | 12 | 25 | 21 | 16 | 62 | - |
| | കൊല്ലങ്കരിIHDPകോളനി | 22 | 22 | 50 | 40 | 12 | 102 | - |
| IX | മധുരവേലി ഹരിജൻ കോളനി | 46 | 42 | 86 | 82 | 36 | 204 | 4 |
| | ലക്ഷംവീട് കോളനി. | 20 | 18 | 34 | 25 | 26 | 85 | 2 |
| | പട്ടികപ്പാടംസെറ്റിൽമെൻറ് | 19 | 19 | 36 | 42 | 13 | 91 | - |
| | മനയ്ക്കത്താനം സെറ്റിൽമെൻറ് കോളനി | 18 | 15 | 21 | 18 | 25 | 64 | 3 |
| | ആകെ | 694 | 606 | 1140 | 1113 | 89 | 2857 | 96 |

| | | വീടുകളുടെ എണ്ണം |
|---|---|---|
| 1 | പട്ടികപ്പാടം സെറ്റിൽമെൻറ് കോളനി | 12 |
| 2 | അംബേദ്ക്കർ മെമ്മോറിയൽ സെറ്റിൽമെൻറ് കോളനി | 14 |
| 3 | മാന്നാർ മിച്ച ഭൂമി സെറ്റിൽമെൻറ് കോളനി | 13 |
| 4 | കൊരക്കാല 3 സെൻറ് ഹരിജൻ കോളനി | 35 |

നത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വരെയാണ് തെരഞ്ഞെടുക്കുന്നത്.

**V സ്വകാര്യ ഐ.റ്റി. സി കളിലും തയ്യൽ സ്കൂളിലും പഠിക്കുന്നവർക്കുള്ള ധന സഹായം**

താലൂക്കിലെ രണ്ട് സ്വകാര്യ ഐ.റ്റി.സി കളിലും ഒരു തയ്യൽ സ്ഥാപനത്തിലും പഠിക്കുന്ന പട്ടിക ജാതി / ഒ. ബി. സി. കുട്ടികൾക്ക് 175/ 150 രൂപ ലംപ്സം ഗ്രാൻറും 125 സ്റ്റൈഫൻഡും നൽകുന്നു. കൂടാതെ അദ്ധ്യായന ഫീസും നൽകുന്നു. സ്റ്റൈഫൻഡറി സീറ്റുകൾക്ക് സർക്കാരിൻെറ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്കു മാത്രമാണ്. ഈ ആനുകൂല്യം കുട്ടികളെ തെരഞ്ഞെടുക്കുന്നത്.

അതായത് ലോക്കൽ ബോഡിയിലെ ഒരു പ്രതിനിധിയും വകുപ്പിൻെറ ജില്ലയിലും താലൂക്കിലുമുള്ള ഉദ്യോഗസ്ഥരും ചേർന്ന് ഇൻറർവ്യൂ നടത്തിയാണ്.

| വർഷം | ആനുകൂല്യം ലഭിച്ചവർ | | ചെലവായ തുക | |
|---|---|---|---|---|
| SC | OEC | SC | SC | OEC |
| 1995-96 | 45 | 7 | 82727 | 12733 |
| 1996-97 | 38 | 7 | സർക്കാരിൽ നിന്നും തുടർച്ചാനുമതി ലഭിക്കാത്തതിനാൽ ആനുകൂല്യം നൽകിയിട്ടില്ല. | |

പ്രീമെട്രിക് ഹോസ്റ്റൽ

5 മുതൽ പത്തുവരെയുള്ള ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് താമസ സൗകര്യവും ഭക്ഷണവും നൽകുന്ന ഈ സ്ഥാപനത്തിൽ 30 കുട്ടികളെ പ്രവേശിപ്പിക്കുന്നു.

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് താമസ സൗകര്യവും ഭക്ഷണവും നൽകുന്ന ഈ സ്ഥാപനത്തിൽ 10% മറ്റു സമുദായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. ഓരോ വർഷവും ഒഴിവു വരുന്ന സീറ്റുകളിൽ അപേക്ഷ ക്ഷണിച്ചു ഉയർന്ന മാർക്കിൻെറ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു. ഓരോ കുട്ടികൾക്കും ഹാജരിൻെറ അടിസ്ഥാനത്തിൽ പരമാവധി 300 രൂപ വരെ ചെലവു ചെയ്യുന്നു. കൂടാതെ 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ഇംഗ്ലീഷ്, ഹിന്ദി,കണക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് പ്രത്യേക ട്യൂഷനും നൽകുന്നു.

| വർഷം | ഹോസ്റ്റലിൽ ഉണ്ടായിരുന്ന വർഷം | |
|---|---|---|
| | SC | others |
| 95-96 | 27 | 3 |
| 96-97 | 27 | 1 |

എല്ലാ വിദ്യാർത്ഥിനികൾക്കും യൂണിഫോറം നൽകുനതിന് 125 രൂ അനുവദിക്കുന്നു ഈ തുകയ്ക്ക് 2 ജോഡി വസ്ത്രം വാങ്ങി തയ്ച്ചു നൽകുന്നു.

## സാമ്പത്തിക ഉന്നമന പരിപാടി B)

1. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്തവരും വാടക വീട്ടിലോ കൂട്ടുകുടുംബമായോ പതിച്ചു കിട്ടാൻ ഇടയില്ലാത്ത പുറം പോക്കുകളിൽ താമസിക്കുന്നവരും 8000 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള വരുമായ 55 വയസ്സിനു താഴെയുള്ള വരുമായ അപേക്ഷകരിൽ നിന്ന് നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നു. 4 സെൻറ് സ്ഥലം വാങ്ങുന്നതിന് 10000 രൂപയ്ക്ക് (സ്റ്റാമ്പു ഡ്യൂട്ടി ഒഴിവാണ്) വീടു വയ്ക്കുന്നതിന് 15000 രൂപയും നൽകുന്നു.

പട്ടിക 11-7

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95- 96 | 54 | 4 |
| 96-97 | 22 | 5 |

II) ഭവനനിർമ്മാണ ധനസഹായം

സ്വന്തമായി ഭൂമിയുള്ള പ്രതിവർഷ വരുമാനം 8000 രൂപയിൽ കുറവുള്ള അപേക്ഷകരിൽ നിന്നും നറുക്കെടുപ്പിലൂടെ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് 15000 രൂപ ഭവനനിർമ്മാണ ധന സഹായമായി നൽകുന്നു.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ മുൻസിപ്പൽ | അതിർത്തി |
|---|---|---|---|
| 95- 96 | 69 | 22 | 8 |
| 96-97 | 22 | 11 | 1 |

### III)വീട് ഓടുമേയൽ ധനസഹായം (P)

സ്വന്തമായി നിർമ്മിച്ച വീടുള്ളവർക്ക് വീടിൻെറ മേൽക്കൂര ബലപ്പെടുത്തി ഓടുമേയുന്നതിന് പരമാവധി 3000 രൂപ നൽകുന്നു. 8000 രൂപയാണ് വാർഷിക വരുമാന പരിധി നറുക്കെടുപ്പിലൂടെ ഗുണഭോക്താവിനെ കണ്ടെത്തുന്നു.

പട്ടിക 11-8

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95-96 | 1 | 1 |
| 96-97 | 1 | 1 |

### IV വീട് ഓല മേയൽ ധനസഹായം

പ്രതിവർഷ വരുമാനം 4000 രൂപയിൽ കുറഞ്ഞ ഓലപ്പുരയിതൽ താമസിക്കുന്നവർക്ക് 500 രൂപ ധനസഹായമായി നൽകുന്നു.

പട്ടിക 11-10

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർ |
|---|---|---|
| 95-96 | 19 | 17 |
| 96-97 | 44 | 15 |

മേൽപറഞ്ഞ നാലു പദ്ധതികളുടെയും ഭൗതികലക്ഷ്യം നിശ്ചയിക്കുന്നത് ബഡ്ജറ്റ് വിഹിതത്തിൻെറയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ്.

### ചികിത്സാ ധനസഹായം(P)

T.B., കുഷ്ടം, ക്യാൻസർ തുടങ്ങിയവയ്ക്ക് മാരകരോഗങ്ങൾക്കും ഗുരുതരമായി പരിക്ക് പറ്റി ചികിത്സ വേണ്ടിവരുന്നവർക്കും 8000 രൂപ വാർഷിക വരുമാനം പരിധിക്കു വിധേയമായി ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ 1000 രൂപ അനുവദിക്കുന്നു. കൂടുതൽ ധനസഹായം നൽകേണ്ട കേസുകളിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്.

| വർഷം | അപേക്ഷിച്ചവർ | അനുവദിച്ചവർഷം |
|---|---|---|
| 95-96 | 10 | 10 |
| 96-97 | 3 | 3 |

### വിവാഹധനസഹായം(P)

8000 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരുടെ പെൺമക്കളുടെ വിവാഹത്തിന്നൽകുന്ന ധനസഹായം 2000 രൂപയാണ്. വിവാഹ തീയതിക്ക് മുൻപ് അപേക്ഷ നൽകിയിരിക്കണം. മുൻഗണനാ ഗ്രൂപ്പുകളായി തിരിച്ചാണ് ആനുകൂല്യം അനുവദിക്കുന്നത്.A- മുതൽ E വരെയുള്ള എല്ലാ ഗ്രൂപ്പുകൾക്കും ആനുകൂല്യം അനുവദിച്ചശേഷം ഓരോ വർഷവും മാർച്ചിൽ മാത്രമാണ് ഫണ്ട് അലോട്ട്മെൻറിൻെറ ലഭ്യതയനുസരിച്ച് നറുക്കെടുപ്പിലൂടെയാണ് O ഗ്രൂപ്പുകാർക്ക് ആനുകൂല്യം അനുവദിക്കുന്നത്.

ഗ്രൂപ്പുകൾ. A മാതാപിതാക്കൾ ഇല്ലാത്തവർ

B പിതാവില്ലാത്തവർ

C മാതാവില്ലാത്തവർ

D വികലാംഗരുടെ മക്കൾ

E മാതാപിതാക്കൾ ഉള്ളവർ

പട്ടിക 11-11

| വർഷം | അപേക്ഷിച്ചവർ | | അനുവദിച്ചവർ | |
|---|---|---|---|---|
| 95-96 | 32 | 2 | 32 | 2 |
| 96-97 | 40 | 1 | - | - |

### VII ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാപ്പടി(P)

PSC ഇൻറർവ്യൂവിനുപോകുന്ന ഉദ്യോഗാർത്ഥികൾക്ക് 2-ാം ക്ലാസ് ട്രെയിൻ ചാർജ്ജ് യഥാർത്ഥ ബസ് നിരക്കോ നൽകുന്നു.

3/96 വരെ അപേക്ഷിച്ചവർ (95-96ൽ)

ആനുകൂല്യം അനുവദിച്ചവർ- 407

ഇനിയും ശേഷിക്കുന്ന അപേക്ഷകൾ- 427

## സാമൂഹ്യ ഉന്നമന പദ്ധതികൾ

### 1. മിശ്രവിവാഹ ധനസഹായം

8000 രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ദമ്പതികളിൽ ഒരാൾ പട്ടികജാ

തിക്കാരായവർക്ക് 2000 രൂപ ധനസഹായം നൽകുന്നു. രേഖാമൂലം വിവാഹിതരായി ഒരു വർഷത്തിനുശേഷം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ.

95-96 ൽ അനുമതി ലഭിച്ചവർ :-6

96-97 ൽ :-6

2. തീവ്ര സാങ്കേതിക വികസനപരിപാടി

തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാത ആവാസ കേന്ദ്രങ്ങളിൽ എല്ലാ വികസന വകുപ്പുകളുടെയും ഏകോപിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്നു. 95-96ൽ താലൂക്കിലെ അഞ്ചു കോളനികളികളിൽ ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. (വൈക്കം നഗരസഭാതിർത്തിയിലുള്ള ചാലപ്പറമ്പ് കോളനിയിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.)

3. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടിക ജാതിക്കാർക്കായുള്ള പദ്ധതി

പട്ടികജാതിക്കാരിൽതന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മാവിലൻ, കരിമ്പാലൻ, നായാടി, വേടൻ എന്നീ സമുദായങ്ങളുടെ ഉന്നമനത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു ഇവരിൽ ഭൂരഹിതരായവരെ പുനരധിവസിപ്പിയ്ക്കുന്ന പദ്ധതിയനുസരിച്ചു 95-96ൽ ഒരാൾക്ക്. ഭൂമി വാങ്ങി വീടു വയ്ക്കുന്നതിന് 30,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

4. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്കുള്ള ധനസഹായം

അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് പുനരധിവാസപദ്ധതികളും സാമ്പത്തിക സഹായങ്ങളും നൽകുന്ന 1989 ലെ അതിക്രമങ്ങൾ തടയുന്ന നിയമത്തിൻെറ കീഴിൽ 95-96ൽ 3 പേർക്ക് നഷ്ടപരിഹാരമായി 3750 രൂപ നതൽകി. 96-97ൽ ഒരാൾക്ക് 2500രൂ. അനുവദിച്ചിട്ടുണ്ട്.

5. സ്വകാര്യ നഴ്സറി സ്കൂളുകളിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

സർക്കാരിൽ നിബന്ധനകൾക്ക് വിധേയമായി , നല്ല നിലയിതൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളിൽ പ്രതിവർഷ വരുമാനനനം 2400/- രൂപയിൽ കുറവായ മാതാപിതാക്കളുടെ കുട്ടികളെ തെരെഞ്ഞെടുത്ത് പഠനസൗകര്യങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് പരമാവധി വർഷം തോറും 2200 രൂപ ധനസഹായം ലഭിക്കുന്നു. ഓരോ സ്ഥാപനത്തിലും പരമാവധി 5 കുട്ടികളെ ഓരേ വരഃഷവും പ്രവേശിപ്പിക്കുന്ന ഈ പദ്ധതി 95-96 ൽ ആണ് ആരംഭിച്ചത്.

95-96-ൽ പ്രവേശനം പ്രവേശനം നൽകിയവർ 5

96-97 ൽ പ്രവേശനം നൽകിയവർ 2

6. വൃത്തിഹീനതൊളിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രത്യേക ധനസഹായം

സ്കാവഞ്ചിംഗ്, തുകൽപ്പണി തുടങ്ങിയ വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിൽ അനുവദിയ്ക്കുന്ന ധന സഹായമാണ്. ഓരോ വിദ്യാർത്ഥിയ്ക്കും ബ്ലോക്ക് ഗ്രാൻറായി 500 രൂപയും പ്രതിമാസം 25 രൂപ (ക്ലാസ് 1-5) 40 രൂപ (6-8) 50 രൂപ(9-10) എന്നീ ക്രമത്തിൽ സ്റ്റൈഫൻഡും അനുവദിയ്ക്കുന്നു.

94-95ൽ അനുവദിച്ചവർ5 B) 6(G) 11ആകെ 11

95-96ൽ അനുവദിച്ചവർ 9(B)5(G)14 ആകെ 14

5. തടസ്സങ്ങൾ

സാമ്പത്തിക ഉന്നമന പരിപാടികൾ പലതും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട് നിലവിലുള്ള ധനസഹായങ്ങൾ പരിമിതമായതിനാൽ അവയുടെ പൂർത്തീകരണം ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ളതാകുന്നവയാണ്.

6. ഓരോ ധനസഹായത്തിനും കാലാനുസൃതമായും പ്രദേശത്തിൻെറ പ്രത്യേകത കണക്കിലെടുത്തു ആനുകൂല്യത്തിൻെറ പരിധി ഉയർത്തേണ്ടതാണ് ആനുകൂല്യത്തിനു തെരഞ്ഞെടുക്കപ്പെടുന്നവർ പദ്ധതി പൂർത്തീകരിക്കുന്നതിന് കഴിയും വിധം ബോധവൽക്കരണം ആവശ്യമാണ് പട്ടിക ജാതി വികസനത്തിനായി സർക്കാരിൻെറ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പല പദ്ധതികളുടെയും ഗുണഫലം ആത്യന്തികമായി അവരിലേക്കെത്തുന്നില്ല. പട്ടികജാതി വികസന വകുപ്പും നടപ്പിലാക്കുന്ന പദ്ധതികൾ ഭൂരിഭാഗവും വിദ്യാഭ്യാസ മേഖലയിലാണ്. പട്ടിക ജാതി ക്ഷേമത്തിനു ചെലവാക്കുന്ന തുകയുടെ വിനിയോഗക്രമവും നടപ്പാക്കലും ഒറ്റ ഏജൻസിയുടെ കീഴിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ് അഭികാമ്യം

## അനുബന്ധം 11-13

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെപേര് | വീടിൻെറ സ്വഭാവം | | | ആവശ്യമുള്ള റോഡുകൾ | | | | | വൈദ്യുതി | | | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | വീടിൻെറ എണ്ണം | കക്കൂസിൻെറ എണ്ണം | ടാർ ചെയ്ത റോഡുകൾ | ടാർ ചെയ്യാത്ത റോഡുകൾ | ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ | ഇല്ലാത്ത വീടുകൾ | വയറിംഗ് ചെയ്ത വീടുകൾ | ഉള്ളവീടുകൾ | കിണർ | ടാപ്പ് | പൊതു കിണർ |
| 1 | I | ഗോവിന്ദപുരം ഹരിജൻ സെറ്റിൽ മെൻറ് | 2 | 18 | 6 | 7 | 6 | | | | 33 | - | 9 | - | 2 | 1 |
| 2 | II | പുതുശേരിക്കര ഹരിജൻ സെറ്റിൽമെൻറ് | 1 | 22 | 4 | 4 | 12 | 1 | - | - | 12 | - | 13 | - | 1 | |
| 3 | | കാഞ്ഞിരക്കാംക്കുന്ന് ഹരിജൻ സെറ്റിൽമെൻറ് | 1 | 6 | 10 | 10 | 8 | 1 | - | 1 | 9 | - | 7 | 5 | 1 | 1 |
| 4 | III | ലക്ഷം വീട് കോളനി | 2 | 24 | 13 | 13 | 20 | - | 1 | - | 17 | - | 8 | - | - | 1 |
| 5 | | മുത്താംക്കുഴി സെറ്റിൽമെൻറ് | 3 | 33 | 19 | 19 | 23 | - | 1 | - | 19 | - | 35 | - | - | - |
| 6 | | കോനക്കുപ്പക്കാട് സെറ്റിൽമെൻറ് | 6 | 32 | 1 | 1 | 15 | 1 | - | - | 23 | - | 18 | - | - | - |
| 7 | | കൊടിക്കുത്തി ഹരിജൻ സെറ്റിൽ മെൻറ് | 3 | 15 | 7 | 7 | 12 | - | 1 | - | 13 | - | 12 | - | - | 1 |
| 8 | IV | മാന്താംക്കുന്ന് ഹരിജൻ സെറ്റിൽമെൻറ് | 4 | 28 | 12 | 12 | 20 | - | 1 | - | 19 | 2 | 23 | - | - | - |
| 9 | | കൊരക്കാലാ ഹരിജൻ സെറ്റിൽമെൻറ് കോളനി | 2 | 20 | 7 | 4 | 20 | 1 | - | - | 16 | 4 | 23 | - | - | - |
| 10 | V | ലക്ഷം വീട് കോളനി പാലകര | - | 16 | - | - | 5 | - | - | 1 | 2 | 2 | 12 | - | - | 1 |
| 11 | VI | കുലശേഖരപുരം ഹരിജൻ സെറ്റിൽമെൻറ് കോളനി | 2 | 13 | 3 | 3 | 16 | 1 | - | - | 6 | - | 12 | - | - | 1 |
| 12 | | ചിത്തിര 4സെൻറ് കോളനി | 6 | 27 | 5 | 27 | 36 | - | 1 | - | 39 | - | 6 | - | - | 2 |
| 13 | | എരുമത്തുരുത്ത് സെറ്റിൽമെൻറ് | - | 15 | 10 | 10 | - | 1 | - | 3 | - | - | 1 | - | - | - |
| 14 | | ലക്ഷംവീട് കോളനി | - | 2 | 4 | 20 | 22 | - | - | 1 | 14 | - | 7 | - | - | 1 |
| 15 | | പരവക്കാട് സെറ്റിൽമെൻറ് | - | 19 | 9 | 9 | 19 | - | 3 | - | 19 | 3 | 5 | - | 3 | - |
| 16 | | പനിച്ചിത്തുരുത്ത് പാറേകോളനിIHDP | - | 8 | 9 | 9 | 10 | - | - | - | 11 | - | 6 | - | - | - |
| 17 | | വെള്ളാച്ചേരി തെക്കുംഭാഗം ഹരിജൻ സെറ്റിൽമെൻറ് | 2 | 13 | 3 | 4 | 17 | - | - | - | 6 | - | 12 | - | - | 1 |
| 18 | | പുതുക്കാട്സെറ്റിൽമെൻറ് | - | 10 | 2 | 2 | 9 | - | - | 1 | 3 | - | 9 | - | - | - |
| 19 | | കൊല്ലങ്കരിIHDPകോളനി | - | 11 | 11 | 11 | 9 | - | - | 1 | 13 | - | - | - | - | - |
| 20 | | മനയ്ക്കത്താഴം സെറ്റിൽമെൻറ് കോളനി | 1 | 7 | 10 | 10 | 15 | - | - | - | 10 | 30 | 5 | - | - | - |
| 21 | | മധുരവേലി ഹരിജൻ കോളനിIHDP | - | 39 | 5 | 5 | 34 | - | - | 1 | 30 | 1 | 12 | 3 | 2 | 4 |
| 22 | | മധുരവേലി ലക്ഷം വീട് | 2 | 14 | 5 | 5 | 15 | - | - | - | 12 | 4 | 5 | - | - | 1 |
| 23 | | പടിയ്ക്കപാടം സെറ്റിൽമെൻറ് | 1 | 12 | 6 | 6 | 18 | - | - | - | 11 | - | 8 | - | - | - |
| | | | 38 | 404 | 161 | 198 | 361 | 6 | 8 | 9 | 337 | 19 | 248 | 8 | 9 | 16 |

# സഹകരണ മേഖല

സഹകരണ മേഖലയ്ക്കു നല്ല ശക്തമായ അടിത്തറയുള്ള പഞ്ചായത്താണിത്. വിവിധ മേഖലകളിലായി സാമാന്യം നന്നായി പ്രവർത്തിയ്ക്കുന്ന സഹകരണ സംഘങ്ങൾ ഈ നാടിൻെറ പുരോഗതിയ്ക്കു നല്ല സംഭാവനകളാണു ചെയ്യുന്നത്. എഴുപതിലേറെ കാലമായി സഹകരണ പ്രസ്ഥാനം ഇന്നാട്ടിൽ ഉടലെടുത്തിട്ട്. ആദ്യം രജിസ്റ്റർ ചെയ്യപ്പെട്ട സംഘമാണ് ഇപ്പോഴത്തെ 1233-ാം നമ്പർ കടുത്തുരത്തി കാർഷിക സർവ്വീസ് ബാങ്ക്. ഏതാണ്ട് ഇതേ കാലയളവിൽ തന്നെ കടുത്തുരത്തി റബ്ബർ സഹകരണ സംഘവും രൂപീകരക്കപ്പെട്ടു.

## വായ്പാ സഹകരണ സംഘങ്ങൾ

**കടുത്തുരത്തി കാർഷിക സർവ്വീസ് സഹകരണ ബാങ്കം ക്ളിപ്തം നമ്പർ 1233**

**2151-449841**

പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സഹകരണ സ്ഥാപനം. ആദ്യ കാലത്തു തന്നെ സംഘം വകയായി ഒരു L.P. സ്കൂൾ ആരംഭിക്കുകയും സർക്കാരില്യ്ക്കു വിട്ടുകൊടുക്കുന്നതു വരെ സംഘത്തിൽ നിന്നു അദ്ധ്യാപകർക്കു ശമ്പളം കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെയാണ് മാന്നാറിലെL.P. സ്കൂൾ ഉണ്ടായത്. പിന്നീട് ഈ സംഘം കേരളത്തിലെ ആദ്യത്തെ ജോയിൻറ് ഫാമിംഗ് സഹകരണ സംഘമായിത്തീർന്നു. കൂട്ടുകൃഷി ബ്ളോക്കുകൾ ഉണ്ടാക്കി നെൽ കർഷകരുടെ അദ്ധ്വാന ഭാരം കുറയ്ക്കുകയും കൃഷി ആദായകരമാക്കുകയും ചെയ്തു. ഹ്രസ്വമായി പ്രവർത്തന പരിധി ഇപ്പോൾ ഇതിൻെറ വികസനത്തിനു തടസ്സമായി നിൽക്കുന്നു.

**കടുത്തുരത്തു റീജയണൽ സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ 4061**

**16817 - 2532000**

1957-ൽ ഈ ബാങ്ക് ആരംഭിച്ചതു മുതലാണ് സഹകരണ പ്രസ്ഥാനത്തിന് ഈ പഞ്ചായത്തിൽ വളർച്ചയുണ്ടായത്. കാർഷിക വായ്പകളും കാർഷികേതര വായ്പകളും സ്കീം ലോണുകളും എല്ലാം ഇവിടെ നിന്നു ലഭിക്കുന്നു. കർഷകർക്കും കർഷക തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾ, ബിസിനസ്സുകാർക്ക് ഈ ബാങ്ക് ഇന്ന് ഒരു ആശാകേന്ദ്രമാണ്.

**കടുത്തുരത്തി അർബൻ സഹകരണ ബാങ്ക് ക്ളിപ്തം**

പഞ്ചായത്തിലെ വായ്പാമേഖലയിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനമാണിത്. ബാങ്കിംഗ് വ്യവസായ രംഗത്ത് ഉറച്ച കാൽവെയ്പു നടത്തുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. ഇവിടെ നിന്നു ലഭിക്കുന്ന ബാങ്കിംഗ് സേവനം ഒരുവിധം മികച്ച തരത്തിലുള്ളതാണ്.

**കാപ്പുന്തല സർവ്വീസ് സഹകരണ ബാങ്ക് ക്ളിപംതം നമ്പർK.142**

അംഗങ്ങൾക്കു കൂടുതൽ കൂടുതൽ സേവനം ചെയ്തു കൊണ്ട് നാടിൻെറ പുരോഗതിയെ സഹായിക്കുന്നു. ചുരുങ്ങിയ പ്രവർത്തന പരിധിയും വിപുലമായ സേവന തുറകളും കൂടുതലായി സമാഹരിക്കുന്ന നിക്ഷേപവും ബാങ്കിൻെറ നഷ്ടത്തെ വർദ്ധിപ്പിയ്ക്കുന്നു.

**വൈക്കം താലൂക്ക് മിച്ച ഭൂമി കാർഷിക കൂട്ടുകൃഷി സഹകരണ സംഘം ക്ളിപ്തം നമ്പർK.672**

താലൂക്ക് മുഴുവൻ പ്രവർത്താന പരിധിയുള്ളതാണെങ്കിലും ഇപ്പോൾ ഈ പഞ്ചായത്തിൽ മാത്രമാണു പ്രവർത്തനം നടത്തുന്നത്. 1979 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ സംഘത്തിനു ഫണ്ടുകളുടെ അപര്യാപ്തതമൂലം ശരിയായ രീതിയിൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ**

**കടുത്തുരത്തി റബ്ബർ മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘം ക്ളിപംതം നമ്പർ 1397**

70 വർഷത്തിനുമേൽ പഴക്കമുള്ള സംഘമാണ്. വൈക്കം താലൂക്കിലെ റബ്ബർ

കർഷകരുടെ ആശാ കേന്ദ്രവും ആശ്രയ കേന്ദ്രവുമാണ് ഈ സ്ഥാപനം. അവരുടെ ഉൽപ്പന്നങ്ങൾക്കു നല്ല വില ലഭികുന്നതിനും ഈ സംഘത്തിൻെറ പ്രവർത്തനം സഹായിയ്ക്കുന്നു. കൂടാതെ കർഷകർക്കാവശ്യമായ മറ്റു സേവനങ്ങളും ഇവിടെ നിന്നും ലഭിയ്ക്കുന്നു. സംഘത്തിലും സംഘത്തിൻെറ പ്രോസസിംഗ് യൂണിറ്റിലുമായി 73 പേർക്കു തൊഴിൽ കൊടുക്കുവാൻ സാധിയ്ക്കുന്നുണ്ട്.

**കടുത്തുരത്തി ബ്ളോക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ളിപ്തം നമ്പർ K.889**

1993 ൽ ആരംഭിച്ചു. പ്രവർത്തനം വിപുലീകരിക്കാനോ ലാഭകരമാക്കനോ ഇതുവരെയും സാധിച്ചിട്ടില്ല. ഇപ്പോൾ യാതൊരു വ്യാപാരവും നടക്കുന്നില്ല.

**പഴം പച്ചക്കറി മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘം ക്ളിപ്തം**

കേരള ഗവൺമെൻറ് സ്ഥാപനമായ ഹോൾട്ടി കൾച്ചറൽ ഡവലപ്മെൻറ് കോർപ്പേറേഷന് ആവശ്യമായ പഴം പച്ചക്കറി ഇനങ്ങൾ കടുത്തുരുത്തി പഞ്ചായത്തിലെ കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച് തിരുവനന്തപുരത്ത് എത്തിച്ചുകൊടുക്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾക്ക് നല്ല വില നല്കുന്നു. അംഗങ്ങൾ 200 ഓഹരി മൂലധനം 60,000 രൂപ.

**ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ**

ഒൻപതു ക്ഷിരോല്പാദക സഹകരമ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ഇതിൽ എല്ലാം കൂടി 2522 അംഗങ്ങളും 28111 രൂപ ഓഹരി രൂപ മൂലധനവുമുണ്ട്. പ്രതി വർഷം 489922 ലിറ്റർ പാൽ ശേഖരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ നഷ്ടം കൂടാതെ തൊഴിൽ നടത്തിക്കൊണ്ടു പോകുവാൻ സാധിക്കാത്തതുകൊണ്ടു പലരും ഈ രംഗത്തു നിന്ന് പിൻമാറിക്കൊണ്ടിരിക്കുകയാണ്. സംഘങ്ങളിൽ 4 എണ്ണം ലാഭത്തിലും 5 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. പാലിൻെറ സംഭരണവില കൂട്ടുകയോ കാലിത്തീറ്റ സബ്സിഡി നിരക്കിൽ കൊടുക്കുകയോ ചെയ്തില്ലെങ്കിൽ ഇനിയും കൂടുതൽ അംഗങ്ങൾ ക്ഷീരോല്പാദന രംഗത്തുനിന്നു മാറുവാൻ സാദ്ധ്യതയുണ്ട്.

**ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ**

കടുത്തുരത്തിN.E.S ബ്ളോക്ക് വനിതാ ഗ്രാമ വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർC. IND (K) 4

ഈ രംഗത്തു നന്നായി പ്രവർതിക്കുന്ന ഒരു സംഘമാണിത്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക വനിതാ സഹകരണ സംഘവും ഇതു മാത്രമാണ്. ഖാദി നൂൽപ്പ്, നെയ്ത്ത് എന്നിവയാണ് പ്രധാന ജോലികൾ. 26 തൊഴിലാളികളും 3 ജീവനക്കാരുമടക്കം 29 പേർക്കു തൊഴിൽ കൊടുക്കുവാൻ സാധിയ്ക്കുന്നുണ്ട്. സംഘം ലാഭകരമായാണു പ്രവർത്തിയ്ക്കുന്നത്.

**കടുത്തുരത്തി കാർപ്പെൻററി ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ളിപ്തം നമ്പർ K.V IND (K) 22**

ജോബു വർക്കുകൾ മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. അംഗങ്ങൾക്കു തൊഴിൽ ഇല്ല.

മറ്റു അഞ്ചു സംഘങ്ങൾ പ്രവർത്തന രഹിതങ്ങളാണ്.

**വ്യവസായ സഹകരണ സംഘങ്ങൾ**

കോട്ടയം ജില്ലാ ഹരിജൻ എക്സ്ട്രയിനീസ്

വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർS.IND (K) 183)

നാമമാത്രമായിട്ടേ പ്രവർത്തനം നടക്കുന്നുള്ളു.

കടുത്തുരത്തി ജില്ലാ ഹരിജൻ വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർ S. IND (K) 224

കറൻറ് കണക്ഷൻ കിട്ടാത്തതിനാൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

കടുത്തുരത്തി യോഗക്ഷേമ കൈത്തറി വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർ 3463

കൈത്തറി വ്യവസായത്തിന് ഇവിടെ സാദ്ധ്യതയില്ലാതായി. ഈ രംഗത്ത് പണി ചെയ്തിരുന്നവർ എല്ലാം അതിൽ നിന്നു പിൻവാങ്ങിയതിനാൽ ഒരു കാലത്തു നല്ല രീതീയിൽ പ്രവർത്തിച്ചിരുന്ന ഈ സംഘം ഇന്നു പ്രവർത്തന രഹിതമാണ്.

**സ്കൂൾ സഹകരണ സംഘങ്ങൾ**

പഞ്ചായത്തു പ്രദേശത്തെ നാലു ഹൈസ്കൂളുകളിൽ സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇതിൽ മൂന്നെണ്ണം ലാഭകരമായും ഒരെണ്ണം നഷ്ടത്തിലുമാണ്

നീങ്ങുന്നത്. കഴിഞ്ഞ വർഷം നാലു സംഘങ്ങളിലും കൂടി മൊത്തം 186522 രൂപ യുടെ വില്പന നടന്നിട്ടുണ്ട്.

ഇതര സഹകരണ സംഘങ്ങൾ

കടുത്തുരത്തി ബ്ളോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ളിപ്തം നമ്പർ 366

ഭവന നിർമ്മാണ രംഗത്ത് സാധാരണ ജനങ്ങൾക്ക് ആശാ കേന്ദ്രമായി പ്രവർത്തിയ്ക്കുന്നു. പുതിയ വീടിനും റിപ്പയറിംഗിനും, മെയിൻറനൻസിനും, വായ്പ നൽകുന്നുണ്ട്. കടുത്തുരത്തി പഞ്ചായത്ത് പ്രദേശത്ത് 201 പേർക്കം 7082000 രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

വൈക്കം ആട്ടോ റിക്ഷാ & ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ളിപ്തം നമ്പർ

അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്കു സ്വയം തൊഴിൽ കണ്ടെത്തുവാൻ ഓട്ടോ റിക്ഷകൾ, ഇരുചക്ര വാഹനങ്ങൾ, കാറ്, ജീപ്പ്, ടെമ്പോ എന്നിവ വായ്പയായി നല്കുന്നു. ടാക്സി സർവ്വീസ് നടത്തിയും ഇരു ചക്ര വാഹനങ്ങൾ വായ്പയായെടുത്ത് പത്ര വിതരണം , പാൽ വിതരണം മത്സ്യ വ്യാപാരം മുതലായവ നടത്തിയും ധാരാളം ചെറുപ്പക്കാർ സ്വയം തൊഴിൽ കണ്ടെത്തുന്നു.

**കോട്ടയം ജില്ലാ സഹകരണ ആശുപത്രി ക്ളിപ്തം നമ്പർK.764**

നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഈ സ്ഥാപനം ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജിനു സമീപം ഒരു സ്കാനിംഗ് സെൻറർ നടത്തുന്നു. കൂടുതൽ പ്രവർത്തനങ്ങൾക്കായി ഈ പഞ്ചായത്തിൽ കാപ്പുംതലയിൽ സ്ഥലം വിലയ്ക്കെടുത്തിട്ടുണ്ട്.

**കടുത്തുരത്തി സഹകരണാശുപത്രി ക്ളിപ്തം നമ്പർK.379**

കോട്ടയം റവന്യൂ ജില്ല മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനം ഇപ്പോൾ കടുത്തുരുത്തിയിൽ ഒരു ആശുപത്രി നല്ല രീതിയിൽ നടത്തിവരുന്നു. പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

കൺസ്യൂമർ സഹകരണ സംഘവും ലേബർ കോൺട്രാക്റ്റ് സഹകരണ സംഘവും പ്രവർത്തന മൂലധനമില്ലാത്തതിനാൽ പ്രവർത്തിയ്ക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1 വായ്പാ സഹകരണ സംഘങ്ങൾ കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.

2 ഓവർ ഡ്രാഫ്റ്റ് സൗകര്യം കർഷകർക്കും ഏർപ്പെടുത്തണം

3 ചിരിങ്ങിയ പരിധിയ്ക്കുള്ളിൽ പ്രവർത്തിയ്ക്കുന്നതുമൂലം തഞ്ചെലവും സിൽബന്ധിച്ചിലവും താങ്ങാനാവാതെ നഷ്ടത്തിൽ പ്രവർത്തിയ്ക്കുന്ന സംഘങ്ങളെ വളർച്ചയുള്ള സംഘങ്ങളുമായി കൂട്ടി യോജിപ്പിച്ച് കൂടുതൽ നഷ്ടം ഒഴിവാക്കുകയും ഓഹരിക്കാരുടേയും നിക്ഷേപകരുടേയും താല്പര്യം പരിരക്ഷിയ്ക്കുകയും ചെയ്യുക.

4 പ്രവർത്തന രഹിതമായിരിക്കുന്ന കൺസ്യൂമർ സഹകരണ സംഘത്തിൻെറ പ്രവർത്തനം പുനരാരംഭിയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

5 ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കി പ്രവർത്തനം പുനരാരംഭിക്കുക.

6 ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം റബ്ബറിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ മറ്റു കാർഷികവിളകളുടെ മാർക്കറ്റിംഗിൽ ശ്രദ്ധിയ്ക്കുകയും സംഘത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധിതമാക്കുകയും ചെയ്യുക.

7 സഹകരണ സംഘാംഗങ്ങളായ ക്ഷീരോൽപാദകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.

8 ക്ഷീരോല്പാദക രംഗത്ത് പല ഡിപ്പാർട്ടുമെൻറുകൾ ചെയ്യുന്ന പ്രവർത്തനം ഏകീകരിക്കുക.

9 ഈ പഞ്ചായത്തിലെ 7 ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങളിൽ 6 എണ്ണവും പ്രവർത്തന രഹിതമാണ്. അതിനുള്ള കാരണങ്ങൾ

10 നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്നതിനു സാദ്ധ്യതയുള്ള കോട്ടയം ജില്ലാ ഹരിജൻ എക്സ് ട്രയിനീസ് വ്യവസായ സഹകരണ സംഘം പ്രൊഫഷണൽ മാനേജ്മെൻറിൻെറ അഭാവം മൂലം ഇന്നു പ്രവർത്തനം മുരടിച്ചിരിക്കുകയാണ്. ഈ കുറവു പരിഹരിച്ചു സംഘം നന്നായി പ്രവർത്തിയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിയ്ക്കുക.

| ക്രമനമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | നിക്ഷേപം | നല്കിയ വായ്പ | | പ്രവർത്തന ഫലം | | വാർഷിക ടേണോവർ | ജീവനക്കാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | എസ്റ്റാബ്ലീഷ്മെൻറ് ചാർജ്ജസ് | കണ്ടിജൻറ് ചാർജ്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | അറ്റലാഭം | അറ്റനഷ്ടം | | | | | |
| 1. | കടുത്തുരത്തി കാർഷിക സർവ്വീസ് സഹകരണ സംഘം ക്ളിപ്തം നമ്പർ 1233 | 1926 | 1926 മാന്നാർ കരയും വെള്ളാശ്ശേരിയുടെ ഏതാനും ഭാഗങ്ങളും | 2151 | 449841 | 3506567 | 1444418 | 1544009 | | 442301 | - | 4 | - | 151833 | 67251 |
| 2. | കടുത്തുരത്തി റീജയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ 4061 | 1957 | കടുത്തുരത്തി മുട്ടുചി റവില്ലേജുകളും ഞീഴൂർ വില്ലേജിലെപാഴുത്തുരത്തും | 16817 | 2532000 | 781780000 | 30000000 | 23900000 | 40156 | - | 3615315 | 28 | 11 | 1500000 | 890000 |
| 3 | കാപ്പുംതല സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ K. 142 | 1960 | കടുത്തുരത്തി പഞ്ചായത്തിലെ 6,7 വാർഡുകളും ഞീഴൂർ പഞ്ചായത്തിലെ 5,6 വാർഡുകളും | 5459 | 1118210 | 10286634 | 3445926 | 5959000 | - | 866454 | 1622355 | 12 | - | 745868 | 210468 |
| 4. | കടുത്തുരത്തി അർബൻ സഹകരണ ബാങ്ക് ക്ളിപ്തം | 1973 | കടുത്തുരത്തി, കല്ലറ, ഞീഴൂർ, മാഞ്ഞൂർ, മുളക്കുളം വെള്ളൂർ പഞ്ചായത്തുകൾ | 14741 | 4558215 | 86289483 | - | 79938068 | 550106 | - | - | 32 | - | 1535865 | 984349 |
| 5. | വൈക്കം താലൂക്ക് മിച്ചഭൂമി കാർഷിക കൂട്ടുകൃഷി സഹകരണ സംഘം ക്ളിപ്തം നമ്പർ K.672 മാന്നാർ പുഴിക്കോൽ P.O. | 1979 | വൈക്കം താലൂക്ക് മുഴുവനും | 322 | 39435 | - | 400000 | - | 5978 | - | - | 1 | - | 12000 | 61136 |

## പട്ടിക 6

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | നിക്ഷേപം | | | | | വാർഷിക ടേണോവർ | ജീവനക്കാരുടെ എണ്ണം | ഞ്ജില്ലികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികേതരം | കാർഷികേതരം | അറ്റ ലാഭം | അറ്റ നഷ്ടം | | | |
| 1 | കടുത്തുരുത്തി സെൻറ് മൈക്കിൾസ്ഹൈസ്കൂൾ C.S.Ltd.No.K.96 | 1959 | | 6142 | 16603 | | | | 216.60 | | 37316 | - | - |
| 2 | കടുത്തുരുത്തിസെൻറ് മൈക്കിൾസ് ഹൈസ്കൂൾ C.S.Ltd.No.K.574 | 1976 | | 1725 | 11877 | | | | | 18621.20 | 26422 | | |
| 3 | ആയാംകുടി ഹൈസ്കൂൾ സഹകരണസംഘം ക്ലിപ്തം.K.574മുട്ടുചിറ | 1976 | | 3377 | 15280 | | | | 801.90 | | 43387 | | |
| 4 | സെൻറ് ആൻറ് ഗേൾസ് ഹൈസ്കൂൾ ക്ലിപ്തം. C.S. Ltd K.574മുട്ടുചിറ | 1976 | | | 2677 | 13477 | | | 6331.85 | | 79397 | | |

## പട്ടിക5

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | പ്രവർത്തനഫലം | | വാർഷിക ടേണോവർ |
|---|---|---|---|---|---|---|---|---|
| | | | | | | അറ്റലാഭം | അറ്റനഷ്ടം | |
| 1 | കോട്ടയം ജില്ലാ ഹരിജൻ എക്സ്ട്രയിനീസ് വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർS. IND | 1982 | കോട്ടയം ജില്ല | 77 | 148020 | 7500.00 | | 32226 |
| 2 | (K) 183 കടുത്തുരത്തി ശില്പാ ഹരിജൻ വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർ S.IND (K) 224 പ്രവർത്തനം തുടങ്ങിയിട്ടില്ല. | | പ്രവർത്തനം തുടങ്ങിയിട്ടില്ല | | | | | |
| 3 | കടുത്തുരത്തി യോഗക്ഷേമ കൈത്തറി വ്യവസായ സഹകരണ സംഘം ക്ളിപ്തം നമ്പർ 3463 ( | | പ്രവർത്തനം ഇല്ല. | | | | | |

# പട്ടിക 3

| നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | പ്രവർത്തനഫലം: അറ്റലാഭം | പ്രവർത്തനഫലം: അറ്റനഷ്ടം | ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്ന പാൽ | പുറത്തേയ്ക്കയയ്ക്കുന്ന പാൽ | വാർഷിക ടേണോവർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കടുത്തുരത്തി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം No.K.98a(D) | 1985 | കടുത്തുരത്തി പഞ്ചായത്ത 3-ാം വാഡിലും 2,4,5,6,7 വാർഡുകളുടെ ഭാഗങ്ങളും | | | | | | | | | |
| 2 | വാലാച്ചിറ K.U.C.S. Ltd. No.K.94 (D) | 1985 | 2.ാം വാർഡിന്റേയും 11-ാം വാർഡിന്റേയും ഭാഗങ്ങൾ | 285 | 3640 | - | 4530 | 54000 | 44000 | 10000 | 513000 | 3 |
| 3 | K.S.പുരം K.U.C.S. Ltd. No.K.99(D) | 1986 | പഞ്ചായത്ത് 5,6 വാർഡുകളും മുളക്കുളം പഞ്ചായത്ത് 6-ാം വാർഡ് | 186 | 1860 | -11550 | | 25316 | 25316 | - | 227846 | 1 |
| 4 | മാന്നാർ K.U.C.S. Ltd. No. K.97 (D) | 1984 | മാന്നാർ കര | 345 | 3450 | 32851 | - | 85256 | 30656 | 54600 | 2000000 | 3 |
| 5 | കാപ്പുംതല K.U.C.S. Ltd. No.K.10(D) | 1986 | കടുത്തുരുത്തിയിൽ ഞീഴൂർ പഞ്ചായത്തുകളിൽ 7-ാം വാർഡുകളിൽ | 299 | 2990 | 6033 | - | 66840 | 35867 | 30973 | 609794 | 2 |
| 6 | മുട്ടുചിറ K.U.C.S. Ltd No. K.15 (D) | | 7,8 വാർഡുകളുടെ ഭാഗങ്ങൾ | 221 | 3190 | 35262 | 53280 | 17325 | 35955 | | 649240 | |
| 7 | ആയാംകുടി K.U.C.S. Ltd. No. K. 92 (D) | 1985 | 9-ാം വാർഡു മുഴുവനായും 2,10 വാർഡുകളുടെ ഭാഗങ്ങളും | | 2580 | 6841 | 18659 | 88105 | 88105 | - | 890846 | 3 |
| 8 | എഴുമാന്തുരുത്ത് K.U.C.S. ക്ലിപ്തം നമ്പർ K.90 (D) | 1984 | എഴുമാന്തുരുത്തും പുലിത്തുരുത്തും | 187 | 1940 | -763 | 89298 | 31249 | | 52049 | 2265172 | 3 |
| 9 | കപിക്കാട K.U.C.S. Ltd. No. K.93 (D) | 1985 | പഞ്ചായത്ത് 11, 12 വാർഡുകളും | 230 | 2300 | - | 19768 | 3346 | 3346 | 1046 | 2300 | 2 |

## പട്ടിക7

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | നല്കിയ വായ്പ | | പ്രവർത്തനഫലം | | വാർഷിക ഡേണോ വർ | ജീവനക്കാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | എണ്ണം | തുക | അറ്റലാഭം | അറ്റനഷ്ടം | | | |
| | 1 കടുത്തുരത്തി ബ്ളോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ളിപ്തം നമ്പർ കെ. 366 | 1972 | കടുത്തുരുത്തി ബ്ളോക്ക് ഏരിയാ | 2373 | 1718835 | 201 | 7082000 | 195906.02 | - | - | 4 | - |
| | 2 വൈക്കം ആട്ടോറിക്ഷാ & ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവേഴ്സ്C.S. Ltd. No. K. 408 | 1974 | വൈക്കം താലൂക്ക് | 881 | 499140 | - | 1635911 | - | 50358 | - | 3 | - |
| | 3 കടുത്തുരത്തി സഹകരണ ആശുപത്രി ക്ളിപ്തം നമ്പർ കെ.379 | 1972 | കോട്ടയം ജില്ല | 776 | 608285 | - | - | 156142.27 | - | - | 13 | - |
| | 4 കോട്ടയം ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് സഹകരണ സംഘം ക്ളിപ്തം നമ്പർ കെ. 764 1987 | 1987 | കോട്ടയം ജില്ല | 2811 | 1400000 | - | - | - | 61000 | - | 12 | 3 |
| | 5 കടുത്തുരുത്തി പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ളിപ്തം നമ്പർ കെ. 379 | | | പ്രവർത്തനം ഇല്ല. | | | | | | | | |
| | 6 കടുത്തിരത്തി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ളിപ്തം നമ്പർ 416 | | | പ്രവർത്തനം ഇല്ല. | | | | | | | | |

## പട്ടിക 2

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | നല്കിയ വായ്പ | | പ്രവർത്തനഫലം | | വാർഷിക ടേണോവർ | ജീവനക്കാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | എണ്ണം | തുക | അറ്റലാഭം | അറ്റനഷ്ടം | | | |
| | 1 കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് പ്രോസസ്സിംഗ് സഹകരണസംഘം ക്ലിപ്തം നമ്പർ 1397 കടുത്തുരുത്തി | 1926 | വൈക്കം താലൂക്ക് | 1880 | 5090320 | 7897206 | 2283814 | | | | | |
| | 2 കടുത്തുരുത്തി ബ്ലോക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം. ക്ലിപ്തം നമ്പർ കെ. 889 | 1993 | വൈക്കം താലൂക്ക് | 479 | 188800 | | | | | | | |
| | 3 പഴം പച്ചക്കറി മാർക്കറ്റിംഗ് പ്രോസസ്സിംഗ് സഹകരണസംഘം | | പ്രവർത്തനം ഇല്ല | | | | | | | | | |

# വിഭവസമാഹരണം

''ഗ്രാമസ്വരാജ്'' - സ്വയം സമ്പൂർണ്ണമായ ഗ്രാമം- എന്നത് നമ്മുടെ രാഷ്ട്ര പിതാവിൻെറ സ്വപ്നമായിരുന്നു. സ്വാതന്ത്ര്യാനന്തരം 48 വർഷങ്ങൾക്ക്ശേഷം 1995 ഒക്ടോബർ 2-ാം തീയതി രാഷ്ട്ര പിതാവിൻെറ ജന്മദിനത്തിൽ ഗ്രാമപഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്ന ത്രിതലപഞ്ചായത്ത് രാജ് ഭരണ സംവിധാനത്തിന് തുടക്കമിട്ടു. എന്നാൽ 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ലഅനുശാസിക്കുന്ന 54 ചട്ടങ്ങളിൽ ബഹുഭൂരിപക്ഷവും നിർമ്മിക്കാതിരുന്നതുകൊണ്ടും അധികാരങ്ങളും ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാതിരുന്നതുകൊണ്ടും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാതിരുന്നത് കൊണ്ടും പുത്തരിയിൽ കല്ലുകടിക്കുന്ന അനുഭവമാണ് ഉണ്ടായത്. ഇപ്പോൾ സ്ഥിതി ആകെ മാറിയിരിക്കുന്നു. കൃഷി, വ്യവസായം, വിദ്യാഭ്യാസം പട്ടികജാതി പട്ടികവർഗ്ഗവികസനം, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, ആരോഗ്യം, ക്ഷീരവികസനം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പല അധികാരങ്ങളും ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്നു. 1995-1996 സാമ്പത്തിക വർഷാവസാനം വിവിധ വകുപ്പുകളിൽനിന്നായി 4, 99,638 രൂപ നമ്മുടെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. താഴെ ചേർത്തിരിക്കുന്ന പട്ടിക 12-1- കാണുക.

ഇനിയും കൂടുതൽ അധികാരങ്ങളുടെയും ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്നത് സംബന്ധിച്ച് പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട സെൻറ് കമ്മീഷൻസ് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ അത് പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിലാണ് 9-ാം പഞ്ചവത്സര പദ്ധതിയുടെ 35- 40 % പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു നല്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. മാത്രമല്ല ജനകീയാസൂത്രണത്തിലൂടെ 9-ാം പദ്ധതിയ്ക്ക് രൂപം നൽകുന്നതിനും സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇൻഡ്യയിൽ എന്നല്ല ലോകത്തിലെ തന്നെ ആദ്യത്തെ സംരംഭമാണ് ജനകീയാസൂത്രണം. ഇതിൻെറ ഒന്നാം ഘട്ടത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വാർഡുകളിൽ കൂടിയ വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് കോടിക്കണക്കിനു രൂപ മതിപ്പ് ചെലവ് വരുന്ന വികസന നിർദ്ദേശങ്ങൾ ഉയർന്നു വന്നിരിക്കുന്നു. അവയ്ക്കു പരിമിതികളില്ലെന്നു പറയാം. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന നമുക്ക് ഒട്ടേറെ പരിമിതികളുണ്ടുതാനും.

ചുരുക്കത്തിൽ 9-ാം പദ്ധതിയുടെ വികസനരേഖയിൽ സ്ഥാനം പിടിക്കുന്ന ജനകീയ വികസന നിർദ്ദേശങ്ങളും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിരിക്കുന്നതും ലഭിക്കാൻ ഇടയുള്ളതുമായ അനിവാര്യചുമതലകളും കടമകളും ഫലപ്രദമായി നടപ്പാക്കുന്നതിന് അധികവിഭവ സമാഹരണം അനിവാര്യമായിത്തീർന്നിരിക്കുന്നു.

ഇന്നത്തെ സാമ്പത്തികമായ പ്രതികൂല സാഹചര്യത്തിൽ അധിക വിഭവ സമാഹരണം കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളിലൂടെ മാത്രം നടക്കുകയില്ലെന്ന് നമുക്ക് അറിയാം. അതുകൊണ്ട് ത്രിതല പഞ്ചായത്ത് രാജ് ഭരണസമ്പ്രദായവും ജനകീയാസൂത്രണത്തിലൂടെ സംസ്ഥാനത്തിൻെറ 9-ാം പഞ്ചവത്സര പദ്ധതി മേഖലയിൽ സ്ഥാനം പിടിക്കുന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ വികസനനിർദ്ദേശങ്ങളും നടപ്പാക്കണമെങ്കിൽ പ്രാദേശിക ഗ്രാമപഞ്ചായത്ത്- തലത്തിലുള്ള അധിക വിഭവസമാഹരണം അനുപേക്ഷണിയമാണ്. അതിന് സാധിച്ചില്ലെങ്കിൽ ത്രിതല പഞ്ചായത്ത് രാജ് സംവിധാനവും 9-ാം പദ്ധതി രേഖയിൽപെടുത്തുന്ന നമ്മുടെ ജനകീയ വികസനനിർദ്ദേശങ്ങളും പരാജയപ്പെടും. ഫലം ബ്യൂറോ ക്രസിക്ക് മുൻതൂക്കമുള്ള പഴയവ്യവസ്ഥിതിയിലേക്ക് തിരിച്ചു പോകലായിരിക്കും. അങ്ങനെ സംഭവിച്ചാൽ അത് നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സവിശേ

ഷതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് കൊണ്ട് പ്രായോഗികമായ വിഭവ സമാഹരണ മാർഗ്ഗങ്ങളാണ് നമ്മൾ അവലംബിക്കേണ്ടത്. ഈ കാഴ്ചപ്പാടിൽ ഊന്നി നിന്നുകൊണ്ട് ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ ക്രോഡീകരണമാണ് താഴെ ചേർത്തിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയാണെന്ന് കാണാം.

പട്ടിക 12-2- പരിശോധിക്കുക

പഞ്ചായത്തിൽ ഉണ്ടായിരുന്ന സിനിമാശാല 1993-1994 അവസാനം നിർത്തിയതുകൊണ്ട് വിനോദനികുതിയിനത്തിലുള്ള വരുമാനം 1994-1995 മുതൽ നിലച്ചിരിക്കുന്നു. 1986-87ൽ 110496 രൂപ കെട്ടിടനികുതി ഉണ്ടായിരുന്നത് പത്തു വർഷങ്ങൾകൊണ്ട് വെറും 383695 രൂപ മാത്രമായാണ് വർദ്ധിച്ചിരിയ്ക്കുന്നത്. കഴിഞ്ഞ 10 വർഷത്തെ ശരാശരി കെട്ടിടനികുതി വെറും 242548 രൂപ മാത്രമാണ്. നികുതി വരുമാനത്തിന്റെ കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിനെ സ്പെഷ്യൽ ഗ്രേഡായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഒരു രണ്ടാം ഗ്രേഡ് പഞ്ചായത്തിന് ഉള്ള അത്രയും കെട്ടിടനികുതി നമ്മുടെ ഗ്രാമപഞ്ചായത്തിന് ഇല്ല. കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് ധാരാളം ഇരുനില കെട്ടിടങ്ങളും നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. മാത്രമല്ല ധാരാളം പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണച്ചെലവ് 1986-87നെക്കാൾ 6-7 ഇരട്ടി വർദ്ധിച്ചിരിക്കുന്നു. എന്നാൽ 1986-87ൽ ഉണ്ടായിരുന്ന പഴയ താരിഫ് അനുസരിച്ചാണ് ഇപ്പോഴും കെട്ടിടനികുതി നിർണ്ണയിക്കുന്നത്. ഇത് ഏഴു ശതമാനമാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും കൂടിയ വീട്ടുകരം (വീടിന്) 22721 രൂപയാണ്. ഇതിൽനിന്ന് കെട്ടിടനികുതിയിനത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കാം. സർക്കാർ ആഫീസുകളിലെയും സ്കൂളുകളിലെയും തൊഴിൽ നികുതി നൂറുശതമാനവും അസസ്സു ചെയ്ത് പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് നലകിയിട്ടില്ല. അതുകൊണ്ട് അവരുടെ തൊഴിൽ നികുതിയും ലൈസൻസ്ഫീസും പഞ്ചായത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. 1987-88ൽ ലൈസൻസ് ഫീസ് 3070 രൂപയാണ് പിരിച്ചിരിക്കുന്നത്. 88-89ൽ 14101 രൂപയും, 89-90ൽ 39 65 രൂപയും. ഇതിൽനിന്ന് നമ്മുടെ പഞ്ചായത്തിലെ ലൈസൻസ് ഫീസ് നിയമാനുസരണം അസ്സസ്സ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ലെന്ന് മനസ്സിലാക്കാം. 1986-87നേക്കാൾ എത്രയോ കൂടുതൽ വ്യാപാരസ്ഥാപനങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിരിക്കുന്നു. എന്നാൽ 95-96-ൽ ലൈസൻസ് ഫീസിനത്തിൽ പിരിച്ചെടുത്തിരിക്കുന്നത് വെറും 16532 രൂപ മാത്രമാണ്. ഇപ്പോൾ ആയിരത്തിൽ കൂടുതൽ വ്യാപാരസ്ഥാപ

**1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിക്കുന്ന 54 ചട്ടങ്ങളിൽ ബഹുഭൂരിപക്ഷവും നിർമ്മിക്കാതിരുന്നതുകൊണ്ടും അധികാരങ്ങളും ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാതിരുന്നതുകൊണ്ടും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാതിരുന്നത് കൊണ്ടും പുത്തരിയിൽ കല്ലുകടിക്കുന്ന അനുഭവമാണ് ഉണ്ടായത്. ഇപ്പോൾ സ്ഥിതി ആകെ മാറിയിരിക്കുന്നു. കൃഷി, വ്യവസായം, വിദ്യാഭ്യാസം പട്ടികജാതി പട്ടികവർഗ്ഗവികസനം, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, ആരോഗ്യം, ക്ഷീരവികസനം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പല അധികാരങ്ങളും ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്നു.**

നങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. അതുകൊണ്ട് കഴിഞ്ഞ 10 വർഷത്തിനിടയിൽ ലൈസൻസ് ഫീസിനത്തിൽ വമ്പിച്ച നികുതി വെട്ടിപ്പ് നടന്നിട്ടുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെയും കമ്മ്യൂണിറ്റി ഹാളിൻെറയും വാടക കാലോചിതമായി പരിഷ്കരിക്കണം. പഞ്ചായത്തിലുള്ള അന്തിച്ചന്ത യഥാസമയം വേണ്ടത്ര പരസ്യം നൽകി ലേലം ചെയ്താൽ ലേലത്തുക വർദ്ധിക്കും.

1987-88, 93-94,94-95, 95-96 എന്നീ വർഷങ്ങളിൽ ഇന്ദിരാ വികാസ്പത്രയിലൂടെ പഞ്ചായത്ത് അതിർത്തിയിൽനിന്ന് സമാഹരിച്ച ദെശീയസമ്പാദ്യപദ്ധതിത്തുകയുടെ 25% പഞ്ചായത്തിന് ലഭിച്ചതുകൊണ്ടാണ് പ്രസ്തുത വർഷങ്ങളിൽ നികുതിയേതര വരുമാനം കൂടിയിരിക്കുന്നത്.

നമ്മുടെ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞ 10 വർഷക്കാലത്ത് ലഭിച്ച ഗ്രാൻറുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടിക 12-3-ൽ ചേർത്തിരിക്കുന്നു. സ്റ്റാറ്റ്യൂട്ടറി ഗ്രാൻറുകൾ യാഥാസമയം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. അതുകൊണ്ട് പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടിട്ടുണ്ട്. JRY പ്രത്യേക ഫലമുണ്ടായതുകൊണ്ട് ഗ്രാൻറിൻെറ പട്ടികയിൽ ചേർത്തിട്ടില്ല.

ഗ്രാൻറുകൾ ഉൾപ്പെടെയുള്ള പഞ്ചായത്തിൻെറ മൊത്തം വരുമാനം പട്ടിക 12-4-ലും വിവിധയിനങ്ങളിലുള്ള ചെലവ് 12-5-ലും ചേർത്തിരിക്കുന്നത് പരിശോധിക്കുക. 86-87ൽ പഞ്ചായത്തിൻെറ തനത് വരുമാനം 283098 രൂപയാണ്. അതെ സമയം പ്രസ്തുത വർഷം ഭരണച്ചെലവിനും തെരുവുവിളക്കുകളുടെ കറൻറു ചാർജ്ജിനും മാത്രം 279461 രൂപ ചെലവായിട്ടുണ്ട്. പഞ്ചായത്തിൻെറ തനത് ഫണ്ടിൽ നിന്ന് വികസന വേലകൾക്ക് ലഭിച്ചിരിക്കുന്നത് വെറും 3637 രൂപ മാത്രം! 95-96 ലെ തനത് വരുമാനം 1038091 രൂപയും ഭരണച്ചെലവും കറൻറ് ചാർജ്ജ് ഇനത്തിലുള്ള ചെലവ് 765338 രൂപയുമാണ്. വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന പഞ്ചായത്ത് ഫണ്ട് 272753 രൂപ മാത്രം. അതായത് അര കിലോമീറ്റർ റോഡ് ടാർ ചെയ്യുന്നതിനു പോലുമുള്ള സാമ്പത്തിക സമാഹരണം നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. ചെലവിലുള്ള വർദ്ധനയല്ല ഈ ദു:സ്ഥിതിക്ക് കാരണം പഞ്ചായത്തിൻെറ പ്രധാനപ്പെട്ട വരുമാനങ്ങളായ കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിയമാനുസരണം അസസ്സു ചെയ്യുകയും പിരിച്ചെടുക്കുകയും ചെയ്യാത്തതാണ്.

JRY പദ്ധതി പ്രകാരം കഴിഞ്ഞ വർഷങ്ങളിലായി മൊത്തം 2461921 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന തുക വിനിയോഗിച്ച് അസെറ്റു വർക്കുകൾ ചെയ്യണമെന്നാണ്JRY മാനുവൽ അനുശാസിക്കുന്നത്. എന്നാൽ പേരെടുത്തു പറയാവുന്ന ഒരുസെറ്റു വർക്കുകളും ഈ കാലഘട്ടത്തിൽ JRYഫണ്ട് ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിൽ ചെയ്തിട്ടില്ല. കാരണം കിട്ടുന്ന ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി വീതിച്ച് ചെറിയ ചെറിയ വേലകൾ നടപ്പാക്കുന്ന സങ്കുചിതവും വികലവുമായ വികസനനയമാണ് പഞ്ചായത്ത് സ്വീകരിച്ചു വരുന്നു എന്നുള്ളതാണ്.

പഞ്ചായത്ത് പ്രദേശത്തുള്ള സാമ്പത്തിക സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. SBTമെയിൻ ബ്രാഞ്ച്
2. SBTകാർഷിക ബ്രാഞ്ച്
3. കടുത്തുരുത്തി റീജിനൽ സഹകരണബാങ്ക്
4. കടുത്തുരുത്തി അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്
5. സിൻഡിക്കേറ്റ് ബാങ്ക്
6. കാത്തലിക് സിറിയൻ ബാങ്ക്
7. സൗത്ത് ഇൻജ്യൻ ബാങ്ക്
8. ഫെഡറൽ ബാങ്ക്
9. കാപ്പും തല സർവ്വീസ് സഹകരണബാങ്ക്.
10. കടുത്തുരുത്തി കാർഷിക സർവ്വീസ് സഹകരണബാങ്ക്

11. ജില്ലാ ബാങ്ക് ബ്രാഞ്ച്, കടുത്തുരുത്തി

12. കേരള ഫൈനാൻഷ്യൽ എൻറർപ്രൈസസ്

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ ധനാഗമനമാർഗ്ഗങ്ങൾ നിയമാനുസരണം അസസ്സ് ചെയ്യപ്പെടുകയും പിരിച്ചെടുക്കപ്പെടുകയും ചെയ്യുന്നില്ല.

2. വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ലഭ്യമല്ല. പ്രത്യേകാവശ്യങ്ങൾക്കുവേണ്ടി നൽകുന്ന സ്റ്റാറ്റ്യൂട്ടറി ഗ്രാൻറുകൾ പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരുന്നു.

3. സ്റ്റാറ്റ്യൂട്ടറി ഗ്രാൻറുകൾ യഥാസമയം ലഭിക്കുന്നില്ല.

4. വികസനപ്രവർത്തനങ്ങൾ ചുവപ്പുനാടയിൽ കുരുങ്ങികാലതാമസം ഉണ്ടാകുന്നതുകൊണ്ട് പഞ്ചായത്തിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്നു.

5. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

6. കാർഷികവ്യാവസായിക മേഖലകളിലെ മുരടിപ്പ് തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയും പഞ്ചായത്തിൻെറ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാക്കുകയും ചെയ്യുന്നു.

7. സമ്പന്നർ പ്രത്യേകിച്ച് ഗൾഫ് മലയാളികൾ കാർഷിക വ്യാവസായിക മേഖലകളിൽ മുതൽ മുടക്കാതെ ആഡംപരപൂർണ്ണമായ ചെലവേറിയ ഭവനങ്ങൾ നിർമ്മിക്കുന്നതിൽ മാത്രം താല്പര്യം കാണിക്കുന്നു.

## വിഭവ സമാഹരണനിർദ്ദേശങ്ങൾ

### നികുതിനിർദ്ദേശങ്ങൾ

1. കെട്ടിടനികുതിയിലെ ഭീമമായ വെട്ടിപ്പ് തടയുന്നതിന് നികുതി നിർണ്ണയം ശാസ്ത്രീയമാക്കുക. കെട്ടിടങ്ങൾ നിർമ്മാണസ്വഭാവമനുസരിച്ച് തരംതിരിച്ച് തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിന് നിയമം ഭേദഗതി ചെയ്യുക. ശരിയായി നികുതി നിർണ്ണയം ഉറപ്പുവരുത്തുന്നതിന് പരിശോധന ഏർപ്പെടുത്തുക.

2. 93-94ന് ശേഷം പുതുക്കിപ്പണിത കെട്ടിടങ്ങളുടെ പുനർനിർണ്ണയം ചെയ്യുക.

3. കെട്ടിടനികുതിയിന്മേൽ സർചാർജ്ജും സർവ്വീസ്ടാക്സും ഏർപ്പെടുത്തുക.

4. അധിക വരുമാനം കാർഷിക വ്യാവസായിക മേഖലകളിൽ മുടക്കാതെ ആർഭാടപൂർണ്ണമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് തടയുന്നതിന് 10 ലക്ഷം രൂപയിൽ അധികം ചെലവു വരുന്ന വാസ ഗൃഹങ്ങൾക്ക് 60% അധിക നികുതി ഏർപ്പെടുത്തുക.

5. കെട്ടിട നിർമ്മാണ നിയമം പൂർണ്ണമായി പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുക.

6. ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ വ്യാപാരസ്ഥാനങ്ങൾക്കും വ്യവസായയൂണിറ്റുകൾക്കും വിറ്റുവരവിൻെറ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഏർപ്പെടുത്തുക.

7. സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ കോളേജുകൾ, കേബിൾ ടി. വി, ബാർ ഹോട്ടലുകൾ, മദ്യഷാപ്പുകൾ, സ്വകാര്യധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിറ്റുവരവിൻെറ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.

8. ഒരു ഹെക്ടറിൽ കൂടുതൽ കൃഷിയുള്ള കർഷകരിൽ നിന്ന് കാർഷിക തൊഴിൽ നികുതി പിരിക്കാൻ നടപടികൾ സ്വീകരിക്കുക.

9. പരസ്യനികുതി ഏർപ്പെടുത്തുക.

10. വസ്തു കൈമാറ്റ നികുതി ഗ്രാൻറ് വർദ്ധിപ്പിക്കുന്നതിന് ആധാരം ചെയ്യുമ്പോൾ കാണിക്കേണ്ട ഭൂമിയുടെ കുറഞ്ഞവില വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചത് ഭൂമിയുടെ അമിതമായ വില വർദ്ധന കണക്കിലെടുത്ത് പുതുക്കി നിശ്ചയിക്കുക.

11 അടിസ്ഥാന ഭൂനികുതിയിന്മേൽ ഉപനികുതി ഏർപ്പെടുത്തുകയോ അടിസ്ഥാനഭൂനികുതി ഏക്കറിന് 40 രൂപയായി വർദ്ധിപ്പിക്കുകയോ ചെയ്യുക.

12. വിനോദ നികുതി പുനസ്ഥാപിക്കുന്നതിന് മുടങ്ങിക്കിടക്കുന്ന സിനിമാശാലാ

നിർമ്മാണത്തിന് പ്രേരണയും പ്രോത്സാഹനവും നൽകുക.

**നിർമ്മാണ പ്രവർത്തനങ്ങളിലൂടെയുള്ള വിഭവസമാഹരണം**

1. ഒരു കാർട്ട് സ്റ്റാൻഡ് നിർമ്മിച്ച് വാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തുക.

2. പഞ്ചായത്ത് ആഫീസിൻെറ തെക്കുവശത്ത് ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് രണ്ട് നിലയുള്ള ഒരു ഷോപ്പിംഗ് കോപ്ളക്സ് നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക.

3. ആധുനിക രീതിയിലുള്ള കശാപ്പുശാല നിർമ്മിച്ച് ലേലം ചെയ്ത് കൊടുക്കുക.

**നികുതിയേതര വിഭവ സമാഹരണ നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും ദേശീയ സമ്പാദ്യപദ്ധതിയിൽ അംഗങ്ങളാക്കുക.

2. വിദേശത്തു ജോലി ചെയ്യുന്ന മലയാളികളുടെ നിക്ഷേപം ബാങ്കിൽ നിക്ഷേപിക്കാത്ത പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി സമാഹരിക്കാൻ സാധിക്കുന്ന വിധത്തിൽ ഒരു ക്രെഡിറ്റ് പദ്ധതിയ്ക്ക് രൂപം നൽകുക.

3. സമ്പന്നരിൽ നിന്നും ഉദാരമതികളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് സംഭാവനയിലൂടെ വിഭവസമാഹരണം നടത്തുന്നതിന് കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുക.

4. പഞ്ചായത്തു പുറം പോക്കിലുള്ള ജൈവസമ്പത്തുകൾ നഷ്ടപ്പെടാൻ ഇടയാകാതെ (ഉദാ:- മണ്ണ്, വൃക്ഷങ്ങൾ മുതലായവ) അവ നേരിട്ട് പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. സ്റ്റാറ്റ്യൂട്ടറി ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കുക.

**മാനവശേഷി വികസന സമാഹരണം**

വികസന പ്രവർത്തനങ്ങൾക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരവശ്യഘടകമാണ് മാനവശേഷി. മാനവശേഷിയുടെ കാര്യത്തിൽ നമ്മുടെ രാജ്യം ലോകത്തിൽ 2-ാം സ്ഥാനത്ത് നിൽക്കുന്നു. പക്ഷേ വികസന പ്രവർത്തനങ്ങളിൽ മാനവശേഷിയെ അവഗണിച്ചുകൊണ്ടുള്ള വികലമായ വികസന നയമാണ് നമ്മൾ സ്വീകരിച്ചുപോരുന്നത്. അതുകൊണ്ടാണ് നമ്മുടെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താതെ മുരടിച്ചു പോകുന്നത്. ഈ വികലമായ വികസന നയം മാറ്റേണ്ട സമയം വൈകിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ധാരാളം തൊഴിലില്ലാത്ത യുവാക്കൾ ഉണ്ട്. അവരുടെ സേവനം വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഒരു വികസന സന്നദ്ധസേന പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. താൽപര്യമുള്ള എല്ലാ യുവാക്കളെയും സന്നദ്ധസേനയിൽ അംഗങ്ങളാക്കണം. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ പരിപൂർണ്ണമായും കരാറിൽ നിന്ന് ഒഴിവാക്കി ഈ സന്നദ്ധസംഘടയെ എൽപ്പിക്കണം. പാഴായിപ്പോകുന്ന മാനവശേഷി നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസനരംഗത്തേക്ക് തിരിച്ചുവിടുന്നതിന് കക്ഷിരാഷ്ട്രീയത്തിൽ അതീതമായി നമ്മുടെ ഗ്രാമത്തിൻെറ വികസനം മാത്രം ലക്ഷ്യമാക്കി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു പുതിയ വികസന നയത്തിന് നമുക്ക് രൂപം കൊടുക്കാം. വികസനത്തിന് ഫണ്ടില്ലാതെ വിഷമിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസനരംഗത്ത് നല്ലഫലം വിളയിക്കുന്നതിന് മാനവശേഷിക്ക് കഴിയും എന്ന കാര്യത്തിൽ പക്ഷാന്തരത്തിനവകാശമില്ല.

നമ്മുടെ ഗ്രാമത്തിൻെറ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള പ്രായോഗിക വിഭവ സമാഹരണ നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ പ്രാദേശിക നിർദ്ദേശങ്ങൾക്ക് രൂപം നൽകാൻ വികസന സെമിനാറിന് കഴിയട്ടെ എന്ന് പ്രത്യാശിക്കാം.

### പട്ടിക 12(1)
### കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്
### പഞ്ചായത്ത്രാജ് നിയമപ്രകാരം 1995-96-ൽ ലഭിച്ച ഗ്രാൻറുകൾ (പ്രത്യേക അക്കൗണ്ട്)

| ക്രമനമ്പർ | വകുപ്പ് | തുക | റിമാർക്സ് |
|---|---|---|---|
| 1 | പട്ടികജാതി വികസന വകുപ്പ് | രൂ. 3,802 | |
| 2 | ക്ഷീരവകുപ്പ് | 39,001 | |
| 3 | മൃഗസംരക്ഷണ വകുപ്പ് | 3,144 | |
| 4 | കൃഷിവകുപ്പ് | 2,38,455 | |
| 5 | ആയുർവേദ ഡിപ്പാർട്ട്മെൻറ് | 7,112 | |
| 6 | മൈനർ ഇറിഗേഷൻ വകുപ്പ് | 9,965 | |
| 7 | (ആരോഗ്യം) പ്രൈമറിഹെൽത്ത് സെൻറർ) | 75,092 | |
| 8 | വിദ്യാഭ്യാസ വകുപ്പ് | 34,277 | |
| 9 | (റവന്യൂ) വിധവാ പെൻഷൻ | 50,400 | |
| 10 | (റവന്യൂ) കുടിവെള്ളം& സാനിട്ടേഷൻ | 22,000 | |
| 11 | (റവന്യൂ) വാർദ്ധക്യപെൻഷൻ | 16,390 | |
| | ആകെ | 4,99,638 | |

### പട്ടിക 12-(2)
### പഞ്ചായത്തിൻെറ തനത്വരുമാനം

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി | ലൈസൻസ് ഫീസ് | മാർക്കറ്റ് വരവ് | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക | നികുതിയിതര വരുമാനം (ഗ്രാൻറ്ഒഴികെ) | ആകെ |
|---|---|---|---|---|---|---|---|---|
| 1986-87 | 1,10,495 | 82,688.00 | 10,100.00 | 2536.00 | 19311.00 | 30,619.00 | 2,73,48.54 | 2,83,098.44 |
| 1987-88 | 111616.59 | 89,914.00 | 9880.32 | 3070.00 | 14200.00 | 27023.90 | 2441374.86 | 497079.67 |
| 1988-89 | 208519.00 | 105240.00 | 5839.94 | 4101.00 | 27660.00 | 31573.00 | 47460.55 | 440393.49 |
| 1989-90 | 165586.85 | 101607.00 | 11227.83 | 3965.00 | 27865.15 | 29334.00 | 55232.03 | 394817.86 |
| 1990-91 | 234202.85 | 108348.00 | 4586.97 | 12248.00 | 30312.25 | 62063.50 | 39029.66 | 490791.23 |
| 1991-92 | 273924.25 | 154819.00 | 6246.91 | 14380.00 | 26504.00 | 51539.00 | 28138.99 | 555552.15 |
| 1992-93 | 250043.50 | 151390.00 | 5220.75 | 13898.00 | 28279.20 | 45060.00 | 232860.20 | 726751.65 |
| 1993-94 | 247500.00 | 151402.00 | 4665.00 | 11304.00 | 21743.75 | 54205.00 | 100049.25 | 590869.00 |
| 1994-95 | 449902.100 | 252728.00 | - | 19364.00 | 38036.00 | 59731.00 | 216635.20 | 1036396.30 |
| 1995-96 | 383695.25 | 263189.00 | - | 16532.00 | 31049.25 | 58278.50 | 285347.65 | 1038091.65 |

## പട്ടിക 12(3)

### ഗ്രാൻറുകൾ 1986-87 മുതൽ 95-96 വരെ

### അടിസ്ഥാനനികുതി

| വർഷം | V.R.M. ഗ്രാൻറ് | V.T.C. ഗ്രാൻറ് | M1 ഗ്രാൻറ് | 25% | 75% | S.P.I. ഗ്രാൻറ് | JRY ഫണ്ട് | അൺടൈഡ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 1986-87 | | | | | 159352.40 | 68628.65 | | | 227981.05 |
| 1987-88 | 24353 | | 20085 | | 23302 | 33000.00 | | | 100740.00 |
| 1988-89 | | | | | 161607 | 159654 | | | 321261.00 |
| 1989-90 | 16000 | 6801 | 24158 | | 46604 | | | | 93563 |
| 1990-91 | 27327 | 85248 | 17010 | | 219268 | 50270 | | 150000 | 549125 |
| 1991-92 | 29609 | 46061 | 17010 | 40000 | 189008 | | | 161190 | 482878 |
| 1992-93 | 29032 | 91138 | 17014 | | | | | 168000 | 305184 |
| 1993-94 | | 200000 | | | 252790 | | | 192004 | 644794 |
| 1994-95 | 28409 | | 17014 | 100056 | 64058 | | | 249050 | 458587 |
| 1995-96 | 28288 | 152558 | 17014 | | | | | 259030 | 456890 |

## പട്ടിക 12(4)

### 1986-87 മുതൽ 95-96 വരെ ഗ്രാൻറുകൾ ഉൾപ്പെടെ പഞ്ചായത്തിൻെറ ആകെമൊത്ത വരുമാനം

| വർഷം | പഞ്ചായത്തിൻെറതനതുവരുമാനം | | ഗവൺമെൻറ്ഗ്രാൻറുകൾ | | ഡിപ്പോസിറ്റ് | | ആകെമൊത്തവരുമാനം |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | | | | |
| 1986-87 | 283098 | 44 | 227981 | 05 | 11898 | 00 | 522977 49 |
| 1987-88 | 497079 | 67 | 100740 | 00 | 20318 | 00 | 618137 67 |
| 1988-89 | 440393 | 49 | 3221261 | 00 | 9230 | 00 | 770884 49 |
| 1989-90 | 394817 | 86 | 93563 | 00 | 365005 | 00 | 574885 86 |
| 1990-91 | 490791 | 23 | 549123 | 00 | 10940 | 00 | 1050854 23 |
| 1991-92 | 555552 | 15 | 482878 | 00 | 18931 | 00 | 1057361 15 |
| 1992-93 | 726751 | 65 | 305184 | 00 | 26000 | 00 | 1057935 65 |
| 1993-94 | 590869 | 00 | 644794 | 00 | 9253 | 00 | 1244916 00 |
| 1994-95 | 1036396 | 30 | 458587 | 00 | 16513 | 00 | 1511496 30 |
| 1995-96 | 1038091 | 65 | 456890 | 00 | 18555 | 00 | 1513536 65 |

## പട്ടിക 12(5)

## 1986-87 മുതൽ 1995-96 വരെ പഞ്ചായത്തിന്റെ ചെലവുകൾ

| വർഷം | ഭരണം | പൊതു മരാമത്ത് | വിദ്യാഭ്യാസം | സ്ട്രീറ്റ് ലൈറ്റ് | ജല വിതരണം | പൊതുജന ആരോഗ്യം | സാമൂഹ്യ ക്ഷേമം | കൃഷി | സാംസ്കാരികം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1986-87 | 202646 | 81117 | 5824 | 76815 | 11991 | 17206 | 4958 | | | 51036.95 | 451593.95 |
| 1987-88 | 213094 | 23181 | 3391 | 76775.45 | 4112.50 | 25191.75 | 1380 | 10000 | | 77158.95 | 434284.65 |
| 1988-89 | 230353 | 116763 | 1928 | 128604.05 | 43598 | | 12748 | | 49210.65 | 85237.25 | 624843.95 |
| 1989-90 | 319105 | 366249 | | 97450 | | 11454.30 | 52905 | 17786 | 911.00 | 87982.65 | 623842.95 |
| 1990-91 | 332142 | 213811 | | 101938 | | 12646 | 98100 | | 11691 | 286441.90 | 1056769.90 |
| 1991-92 | 370556 | 102241 | 9581 | 101091.25 | | | 24870 | | | 171912.65 | 780251.90 |
| 1992-93 | 369576 | 221527 | 5565 | 265083.30 | | | | | 29158 | 222378.30 | 1156885.60 |
| 1993-94 | 437444 | 244935 | 12600 | 191102 | | 4349 | 17962 | 26250 | | 212843.85 | 1147485.85 |
| 1994-95 | 462157 | 612904.55 | 13363.40 | 158632 | | | 18631 | 30558 | 6900 | 278736.05 | 1581882.00 |
| 1995-96 | 500772 | 507423 | 9677.50 | 264566 | | 10215 | 11013 | 16501 | 50320 | 309470.60 | 1679958.10 |

# ഉപസംഹാരം

*നമ്മുടെ നാട് ഇന്ന് വികസനത്തിൻെറ പ്രതിസന്ധികളെ നേരിടുകയാണ്. ഞങ്ങളുടെ അറിവിലും അന്വേഷണത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളിടത്തോളമുള്ള പ്രശ്നങ്ങളാണ് ഈ വികസന രേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിൽ നിന്നു വ്യത്യസ്തമായി 9-ാം പഞ്ച വത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുവാനുള്ള ഒരുക്കങ്ങൾ കടുത്തുരുത്തി പഞ്ചായത്തിൽ ചിട്ടയോടെ നടത്തേണ്ടതുണ്ട്. പദ്ധതി അടങ്കൽ തുകയുടെ 35-40% ത്തോളം ഗ്രാമ പഞ്ചായത്തുകൾക്ക് നേരിട്ട് കൈമാറുമെങ്കിലും നമ്മുടെ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുമ്പോൾ ഈ തുക അപര്യാപ്തമാണ്. എങ്കിൽ തന്നെയും നാളിതുവരെ ലഭിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ തുകയാണിത്. ഈ തുകയോട് നമ്മുടെ പഞ്ചായത്തിൽ നിന്ന് ശേഖരിക്കുവാൻ കഴിയുന്ന മുഴുവൻ വിഭവങ്ങളും കൂട്ടിച്ചേർത്ത് അടുത്ത അഞ്ചുവർഷക്കാലത്തെ നാനാതരം വികസന പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാൻ നമുക്ക് കൂട്ടായി ശ്രമിക്കാം. ഈ മഹാസംരഭത്തെ പൂർണ്ണതയിലെത്തിക്കുവാൻ കക്ഷി രാഷ്ട്രീയത്തിന് അതീതമായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി അണിചേരേണ്ടതുണ്ട്.*

*ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒട്ടേറെ വ്യക്തികൾ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പഴയകാല സാമൂഹ്യ- രാഷ്ട്രീയ - സാംസ്ക്കാരിക പ്രവർത്തകർ ജന പ്രതിനിധികൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. അവരുടെ ഓരോരുത്തരുടേയും പേരുകൾ ഇവിടെ എടുത്തു പറയുവാൻ മുതിരുന്നില്ല. അവരോടെല്ലാമുള്ള നിസീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിൻെറ ഈ വികസന രേഖ സവിനയം സമർപ്പിക്കുന്നു.*

**ഗ്രേസി ജിമ്മി**
പ്രസിഡൻറ്
കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

ആശംസകൾ

## E K എഞ്ചിനീയറിംഗ് & ലേത്ത് വർക്സ്

കടുത്തുരുത്തി പ്രൊപ്രൈറ്റർ- ബേബി ജോസഫ്

## ശ്രീജ ആട്ടോ ഇലക്ട്രിക്കൽസ്

കടുത്തുരുത്തി പ്രൊപ്രൈറ്റർ - സോമൻ

## ആഗ്രോ കെമിക്കൽസ്

കടുത്തുരുത്തി

(വളം കീടനാശിനികൾ) പ്രൊപ്രൊറ്റർ- പി. കെ. എബ്രഹാം.

## ഇടക്കരയിൽ സ്റ്റേഷനറീസ്

പിറവം റോഡ്, കടുത്തുരുത്തി

## സെൻറ് മേരീസ് മെഡിക്കൽസ്

മാർക്കറ്റ്ജംഗ്ഷൻ, കടുത്തുരുത്തി

പ്രൊപ്രൈറ്റർ - കുര്യൻ തോമസ്

## ജോസ് വാൻസ് സ്റ്റുഡിയോ

(നടുപ്പറമ്പിൽ കോംപ്ലക്സ്) കടുത്തുരുത്തി

**കണിയാംപറമ്പിൽ ഫിനാൻസ് കമ്പനി & ഹാർഡ്‌വേഴ്സ്**

കടുത്തുരുത്തി

**കുഴിവേലി ഹാർഡ്‌വേയേഴ്സ് കടുത്തുരുത്തി**

സിമൻറ്, സാനിട്ടറി ഉപകരണങ്ങൾ പെയിൻറ് പി.വി.സി. പൈപ്പുകൾ

**ഗോൾഡൻ ബേക്കറി & കേറ്ററിംഗ്സ് സർവ്വീസ**

കടുത്തുരുത്തി

Ph. No. Res. 42751, Shop Ph.No. 42044, 42965

**ജോസ് ഇലട്രോണിക്സ്**

കടുത്തുരുത്തി

**K.V.M ഇലക്ട്രിക്കൽസ്**

സെൻട്രൽ ജംഗ്ഷൻ, കടുത്തുരുത്തി.

**മൂകാംബിക റെസ്റ്റോറൻറ്**

കടുത്തുരുത്തി

# ഓജസ് ഡെൻറൽ ക്ലിനിക്

നടുപ്പറമ്പിൽ കോംപ്ലക്സ്, കടുത്തുരുത്തി

പ്രൊപ്രൈറ്റർ - ഓ. ജോസഫ് ഒറവങ്കര

# ബാലരാമപുരം കൈത്തറി

നടുപ്പറമ്പിൽ കോംപ്ലക്സ്, കടുത്തുരുത്തി

# മക്കൂസ് ഫൈനാൻസിയേഴ്സ്

കടുത്തുരുത്തി

# ശാന്തി ഹോസ്പിറ്റൽ

കടുത്തുരുത്തി

പ്രൊപ്രൈറ്റർ - ഡോ; എൻ.ജെ. ദേവസ്യാ

# പാലച്ചുവട്ടിൽ ജൂവലറി

കടുത്തുരുത്തി

# എഴുമാക്കാലായിൽ സിമൻറ് വർക്സ്

ആയാംകുടി

# പുതുമ ടെക്സ്റ്റെയിൽസ്

മാർക്കറ്റ് ജംഗ്ഷൻ, കടുത്തുരുത്തി

പ്രൊപ്രൈറ്റർ – പി. എ. മുബാറക്

# പഴുക്കാത്തറ സോമിൽ

കടുത്തുരുത്തി

പ്രൊപ്രൈറ്റർ – തോമസ് ജോസഫ്

# ലിസ്സ് മരിയാ സർവ്വീസ് സെൻറർ

മാർക്കറ്റ് ജംഗ്ഷൻ, കടുത്തുരുത്തി

പ്രൊപ്രൈറ്റർ – എം.ജെ. ജോസഫ്

(എല്ലാവിധ വാഹനങ്ങളും ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു.)

# സെൻറ് തോമസ് ഹാർഡ് വെയേഴ്സ്

കടുത്തുരുത്തി

# ഫാഷൻ ഫേബ്രിക്സ് & റെഡിമെയിഡ് സെൻറർ

കടുത്തുരുത്തി

# ശ്രീകുമാർ ടെക്സ്റ്റയിൽസ്

കടുത്തുരുത്തി

**Gust Land Family Restarant**

**Kaduthuruthy**

**കോച്ചേരിൽ റെഡിമെയ്ഡ്സ്**

കടുത്തുരുത്തി

**എൽമാ റേഡിയോസ്**

കടുത്തുരുത്തി

**മാച്ചേഴ്സ് റെഡിമെയ്ഡ്സ്**

കടുത്തുരുത്തി

**കാദംബരി റെസ്റ്റോറൻറ്**

**കടുത്തുരുത്തി**

പ്രൊപ്രൈറ്റ‍‍ർ - ജോർജ്ജ് ജി. മുരിക്കൻ

**ടോം സേവ്യേഴ്സ് ടെക്സ്റ്റൈൽസ്**

**കടുത്തുരുത്തി**

അധികാരം ജനങ്ങളിലേക്ക്